# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃശ്ശൂര് ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680003

ഇ-മെയിൽ: dptsrksad2021@gmail.com

ഫോൺ : 0487-23312

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.ഡിപി2-40/23

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ
ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680003
തീയ്യതി: 31/03/2023
ഇ-മെയിൽ: dptsrksad2021@gmail.com
ഫോൺ: 0487-23312

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃശ്ശൂര് ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.ഡിപി2-40/23 തീയ്യതി: 31/03/2023

## തൃശ്ശൂർ ജില്ലയിലെ തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-11-2021 മുതൽ 31-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ച്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.മേരി ഹണി ജോസഫ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-08-2022 | 15-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-08-2022 | 15-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.വിജയശ്രീ.പി, ഓഡിറ്റ് ഓഫീസർ

ശ്രീ.സിനിലാൽ.എം.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.രാജേശ്വരി.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ഡേവിസ് മാസ്റ്റർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.കെ.ജി.തിലകൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജോജി പോൾ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 01-04-2021 | 31-03-2022 |
| ശ്രീമതി.ആൻസി ജോസ് | അസി. എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 01-04-2021 | 31-03-2022 |
| ശ്രീമതി.ഗീത.എൻ | പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 01-04-2021 | 31-05-2021 |
| ശ്രീ.പ്രശാന്ത് ലാൽ എം.ബി | പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 01-06-2021 | 12-07-2021 |
| ശ്രീ.ടി.വി.മദനമോഹനൻ | പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 13-07-2021 | 31-03-2022 |
| ശ്രീമതി.ലിസ.ജെ.മങ്ങാട്ട് | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജിഷ.കെ.എ | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 01-04-2021 | 31-03-2022 |
| ശ്രീമതി.ടീസ ജോസ് | പ്രോജക്ട് ഡയറക്ടർ ദാരിദ്ര്യ ലഘൂകരണ വിഭാഗം | 01-04-2021 | 30-05-2021 |
| ശ്രീമതി.സറീന എ റഹ്മാൻ | പ്രോജക്ട് ഡയറക്ടർ ദാരിദ്ര്യ ലഘൂകരണ വിഭാഗം | 31-05-2021 | 31-03-2022 |
| ശ്രീ.കെ.പി.അബു | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസർ | 01-04-2021 | 17-04-2021 |
| ശ്രീമതി.ലൈല.പി.എം (ഇൻ ചാർജ്ജ്) | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസർ | 18-04-2021 | 02-05-2021 |
| ശ്രീ.എസ്.സജീവ് | ജില്ലാ ഖാദി ഗ്രാമ | 03-05-2021 | 31-03-2022 |

| | | | |
|---|---|---|---|
| | വ്യവസായ പ്രോജക്റ്റ് ഓഫീസർ | | |
| ശ്രീമതി.സുലക്ഷണ.എസ് | ജില്ലാ വനിതാ ശിശു വികസന ഓഫീസർ | 01-04-2021 | 02-07-2021 |
| ശ്രീമതി.ചിത്രലേഖ.കെ.കെ (ഇൻ ചാർജ്ജ്) | ജില്ലാ വനിതാ ശിശു വികസന ഓഫീസർ | 03-07-2021 | 10-09-2021 |
| ശ്രീമതി.മഞ്ജു.പി.ജി (ഇൻ ചാർജ്ജ്) | ജില്ലാ വനിതാ ശിശു വികസന ഓഫീസർ | 11-09-2021 | 27-09-2021 |
| ശ്രീമതി.മീര.പി | ജില്ലാ വനിതാ ശിശു വികസന ഓഫീസർ | 28-09-2021 | 31-03-2022 |
| ശ്രീ.കെ.വി.ജ്യോതിഷ് കുമാർ | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ | 01-04-2021 | 31-03-2022 |
| ശ്രീ.അസ്ഗർ ഷാ.പി.എച്ച് | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 01-04-2021 | 23-10-2021 |
| | | 10-01-2022 | 31-03-2022 |
| ശ്രീമതി.രാഗപ്രിയ കെ.ജി | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 24-10-2021 | 09-01-2022 |
| ശ്രീമതി.സിന്ധു.പി.ഡി | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശ്രീരേഖ.കെ.എൽ | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, മണ്ണുത്തി | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രീത.കെ.ആർ | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, നടവരമ്പ് , ഇരിങ്ങാലക്കുട | 01-04-2021 | 31-03-2022 |
| ശ്രീമതി.റാണി.ടി.ജി | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പാണഞ്ചേരി | 01-04-2021 | 31-03-2022 |
| ശ്രീമതി.അനിത.എം.കെ | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പഴയന്നൂർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.സഞ്ജു സൂസൻ മാത്യു | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, എടത്തിരുത്തി | 01-04-2021 | 31-03-2022 |
| ശ്രീ.സതീശൻ.കെ.കെ | സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, ചേലക്കര | 01-04-2021 | 31-03-2022 |
| ശ്രീമതി.ഉഷ മേരി ഡാനിയേൽ | സീനിയർ കൃഷി ഓഫീസർ, തെങ്ങിൻതൈ നഴ്സറി, ഇരിഞ്ഞാലക്കുട | 01-04-2021 | 30-09-2021 |
| ശ്രീമതി.സോഫിയ.എ.ജോൺ | സീനിയർ കൃഷി ഓഫീസർ, തെങ്ങിൻതൈ നഴ്സറി, ഇരിഞ്ഞാലക്കുട | 01-10-2021<br>18-12-2021<br>01-02-2022 | 05-12-2021<br>01-01-2022<br>31-03-2022 |
| ശ്രീമതി.പ്രീത.കെ.ആർ | സീനിയർ കൃഷി ഓഫീസർ, തെങ്ങിൻതൈ നഴ്സറി, ഇരിഞ്ഞാലക്കുട | 06-12-2021<br>02-01-2022 | 17-12-2021<br>31-01-2022 |
| ശ്രീമതി.സന്ധ്യ.വി | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM) | 01-04-2021 | 29-03-2022 |
| ശ്രീമതി.നീന.കെ.മേനോൻ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM) | 30-03-2022 | 31-03-2022 |
| ശ്രീമതി.ജെഷി.പി | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (YP) | 01-04-2021 | 31-03-2022 |
| ഡോ.പി.എം.ജെയ്കോ | സീനിയർ വെറ്ററിനറി സർജ്ജൻ, പിഗ് ബ്രീഡിംഗ് യൂണിറ്റ്, കുന്നംകുളം | 01-04-2021 | 31-03-2022 |
| ഡോ.എം.ജി.ശ്യാമള | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021<br>21-10-2021<br>27-12-2021<br>09-02-2022 | 30-09-2021<br>12-12-2021<br>02-02-2022<br>31-03-2022 |
| ഡോ.രവീന്ദ്രൻ.ടി.വി (ഇൻ ചാർജ്ജ്) | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-10-2021<br>13-12-2021<br>03-02-2022 | 20-10-2021<br>26-12-2021<br>08-02-2022 |
| ഡോ.ബിന്ദു തോമസ്.കെ | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, (അലോപ്പതി) | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ.സലജകുമാരി.പി.ആർ | ജില്ലാ മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 06-09-2021 |
| | | 15-09-2021 | 31-03-2022 |
| ഡോ.കെ.വി.രമ | ജില്ലാ മെഡിക്കൽ ഓഫീസർ, ആയുർവേദം | 07-09-2021 | 14-09-2021 |
| ഡോ.സുലേഖ.ഡി | ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-10-2021 |
| | | 16-01-2022 | 31-03-2022 |
| ഡോ.ബിന്ദു.കെ.കെ | ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-11-2021 | 15-01-2022 |
| ഡോ.എൻ.കെ.കുട്ടപ്പൻ | ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യം | 01-04-2021 | 31-05-2021 |
| ഡോ.കെ.ടി.പ്രേമകുമാർ (ഇൻ ചാർജ്ജ്) | ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യം | 01-06-2021 | 31-08-2021 |
| ഡോ.ടി.പി.ശ്രീദേവി | ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യം | 01-09-2021 | 31-03-2022 |
| ശ്രീ.സൂരജ് കണ്ണൻ.പി.വി | അസി.എക്സി.എഞ്ചിനീയർ, കൃഷി | 01-04-2021 | 31-03-2022 |
| ശ്രീമതി.മാജ ജോസ്.പി | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീ.റാഫി പോൾ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസന വകുപ്പ് | 01-04-2021 | 02-11-2021 |
| ശ്രീമതി.ബീന.പി.എ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസന വകുപ്പ് | 03-11-2021 | 16-03-2022 |
| ശ്രീമതി.സിനില ഉണ്ണികൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസന വകുപ്പ് | 17-03-2022 | 31-03-2022 |
| ശ്രീമതി.മിനി.എസ് | ജില്ലാ വനിതാ വികസന ഓഫീസർ (വെൽഫെയർ) | 01-04-2021 | 31-03-2022 |
| ഡോ.ഒ.ജി.സുരജ | ഡെപ്യൂട്ടി ഡയറക്ടർ (മൃഗ സംരക്ഷണം) | 01-04-2021 | 23-06-2021 |
| ഡോ.എൻ.ഉഷാറാണി (ഇൻ ചാർജ്ജ്) | ഡെപ്യൂട്ടി ഡയറക്ടർ (മൃഗ സംരക്ഷണം) | 24-06-2021 | 25-07-2021 |
| ഡോ.രഞ്ജി ജോൺ.ഇ | ഡെപ്യൂട്ടി ഡയറക്ടർ (മൃഗ സംരക്ഷണം) | 26-07-2021 | 31-03-2022 |
| ഡോ.സബിരാജ്.എസ് | സൂപ്രണ്ട്/ചീഫ് | 01-04-2021 | 27-04-2021 |

| | | | |
|---|---|---|---|
| | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | | |
| ഡോ.ബിന്ദു.കെ.കെ | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 28-04-2021 | 05-05-2021 |
| | | 14-08-2021 | 31-03-2022 |
| ഡോ.ജയലത.എം.ജെ | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 06-05-2021 | 13-08-2021 |
| ശ്രീമതി.ബിന്ദു സാറ എബ്രഹാം | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, കോടശ്ശേരി | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയിന്റെ വിവരം | 1-7 |
| 8 | വാർഷിക കണക്കിലെ അപാകതകൾ | 1-8 |
| 9 | ജില്ലാപഞ്ചായത്തിന് ലഭിക്കേണ്ടതായ 68,14,396/-രൂപ ട്രഷറി തനത് ഫണ്ട് അക്കൗണ്ടിൽ വരവുവന്നിട്ടില്ല,ട്രഷറി തനത് ഫണ്ട് അക്കൌണ്ടിന്റെ ബാങ്ക് ബുക്ക് നീക്കിയിരിപ്പിൽ രൂപ 62,07,984 രൂപ കുറവ് | 1-8-1 |
| 10 | മറ്റ് അപാകതകൾ | 1-8-2 |
| 11 | ക്യാഷ് പരിശോധന | 1-9 |
| 12 | പതിമൂന്നാംപഞ്ചവത്സരപദ്ധതിപ്രവർത്തനങ്ങളുടെ അവലോകനം | 1-10 |
| 13 | തൃശ്ശൂർ-സമ്പൂർണ്ണ പാർപ്പിട ജില്ല- ലക്ഷ്യം കൈവരിക്കാൻ നടപടി സ്വീകരിക്കണം. പതിമൂന്നാം പദ്ധതിക്കാലത്തെ ജില്ലാപഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതികളുടെ അവലോകനം. | 1-11 |
| 14 | എടത്തിരുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രം - സാമ്പത്തിക ക്രമക്കേട് | 1-12 |
| 15 | എടത്തിരുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രം പിരിച്ചെടുത്ത തുകകൾ ബാങ്കിൽ അടവാക്കുന്നതിൽ ഗുരുതരമായ ക്രമക്കേട് | 1-12-1 |
| 16 | എടത്തിരുത്തി സംസ്ഥാനവിത്തുല്പാദന കേന്ദ്രത്തിന്റെ ദൈനംദിന ചെലവുകൾക്കായി നടപ്പാക്കിയ പദ്ധതിയിൽ വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല, കൃത്യമായ രേഖകളില്ല | 1-12-2 |
| 17 | എടത്തിരുത്തി വിത്തുൽപ്പാദന കേന്ദ്രം-ഓഡിറ്റ് നിരീക്ഷണങ്ങൾ ശുപാർശകൾ | 1-12-3 |
| 18 | പഴയന്നൂർ സംസ്ഥാന വിത്തുല്പാദന കേന്ദ്രം - ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-13 |
| 19 | ക്രെഡിറ്റ് സെയിൽ പ്രകാരം ലഭിക്കാനുള്ള തുകകളുടെ കൃത്യമായ വിവരം ലഭ്യമല്ല | 1-13-1 |
| 20 | കാഷ് ബുക്ക് കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-13-2 |
| 21 | ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-13-3 |
| 22 | ചെലവു രേഖകൾ ഹാജരാക്കിയില്ല – 20794 രൂപ ഓഡിറ്റിൽ | 1-13-4 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 23 | ചേലക്കര ജില്ലാ കൃഷിത്തോട്ടം - സെയിൽ ചെയ്തവയുടെ തുകകൾ ഈടാക്കേണ്ടതാണ് | 1-14 |
| 24 | ചേലക്കര ജില്ലാ കൃഷിത്തോട്ടം-ജലസേചനത്തിനായി ഉപയോഗിക്കുന്ന മോട്ടോറിന്റെ കുടിശ്ശിക വൈദ്യുതി ബില്ല്-ഒഴിവാക്കാമായിരുന്ന അധികച്ചെലവ് | 1-15 |
| 25 | വാടക കുടിശ്ശിക ഈടാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നില്ല | 1-16 |
| 26 | ലേല വരവ് - ജില്ലാ പഞ്ചായത്ത് തീരുമാനങ്ങളിൽ തുടർ നിരീക്ഷണമില്ല | 1-17 |
| 27 | ലേല വരവ് 3579098 രൂപയുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല | 1-17-1 |
| 28 | ലേല നടപടികളുമായി ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങളുടെ തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-17-2 |
| 29 | മരാമത്ത്പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച മണ്ണ് ലേലം ചെയ്തിട്ടില്ല | 1-17-3 |
| 30 | ജില്ലാ പഞ്ചായത്ത് ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. യാഥാർത്ഥ്യബോധത്തോടെ പദ്ധതികൾ ആവിഷ്കരിക്കണം. പദ്ധതി നിർവ്വഹണത്തിൽ സമയബന്ധിതമായ ഇടപെടലും തുടർ നിരീക്ഷണവും ആവശ്യമാണ്. വിനിയോഗ രേഖകൾ ഹാജരാക്കാത്ത 21,93,47,633/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 31 | കുടിവെള്ള പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ലഭ്യമല്ല. ചെലവു തുക 38,21,859 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-19 |
| 32 | കൈപറമ്പ് ഗ്രാപ. പെരിങ്ങന്നൂർ ഹരിജൻ കോളനി കുടിവെള്ള പദ്ധതി. 9,52,987 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം ലാപ്സായി. | 1-20 |
| 33 | ജില്ലാ പഞ്ചായത്ത് അംഗീകരിച്ച 10 കുടിവെള്ള പദ്ധതികൾ 2021-22ൽ നടപ്പാക്കിയില്ല.തുടർ നടപടി സ്വീകരിക്കണം. | 1-21 |
| 34 | വാട്ടർ അതോറിറ്റിയിൽ നിക്ഷേപ പ്രവൃത്തി-കരാറിൽ പൂർത്തീകരണ തിയതി രേഖപെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക 25 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു. | 1-22 |
| 35 | കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ മഹാത്മാ കുടിവെള്ള പദ്ധതി-വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമല്ല. ചെലവ് തുക 72 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 36 | വേളൂക്കര ഗ്രാമപഞ്ചായത്തിലെ പറക്കാട്ട് കുന്ന് എസ്.സി കോളനി കുടിവെള്ള പദ്ധതി-ചെലവു തുക 17 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു. | 1-24 |
| 37 | പടിയൂർ ഗ്രാമപഞ്ചായത്ത് മാരാംകുളം കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല. മോണിറ്ററിംഗ് കാര്യക്ഷമമല്ല. ചെലവ് തുക 22 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |

| | | |
|---|---|---|
| 38 | വേലൂർ ഗ്രാമപഞ്ചായത്ത് പഴയങ്ങാടി കുളം നവീകരണം-ഗ്രാമപഞ്ചായത്തിന് കൈമാറിയ തുക ലാപ്സായി. | 1-26 |
| 39 | കൊടകര ബ്ലോക്കിൽ ഷീ വർക്ക് സ്പേസ് നിർമ്മാണം-ഫണ്ടിന്റെ ലഭ്യത, പദ്ധതിയുടെ പ്രായോഗികത(feasibility) എന്നിവ സംബന്ധിച്ച് അവ്യക്തത. ഭീമമായ തുകയുടെ സംയുക്ത പദ്ധതി -ജില്ലാ പഞ്ചായത്തിന് ബാധ്യത. | 1-27 |
| 40 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- സംസ്ഥാന ബാലാവകാശ കമ്മീഷൻ ഉത്തരവ് നടപ്പാക്കുന്നതിൽ അവ്യക്തത. സ്പഷ്ടീകരണം ലഭ്യമാക്കണം. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക 2,81,16,545 രൂപതടസ്സപെടുത്തുന്നു. | 1-28 |
| 41 | പട്ടിക വർഗ്ഗ കോളനികളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകൽ-നിർവ്വഹണത്തിലെ കാലതാമസം, മോണിറ്ററിഗ് രേഖകൾ ഇല്ല. | 1-29 |
| 42 | അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മുക്കംപുഴ, ആനക്കയം, വാച്ച്മരം, തവളക്കുഴിപാറ പട്ടികവർഗ്ഗ കോളനികളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകൽ-മൂല്യ നിർണയം വിശ്വസനീയമല്ല. | 1-30 |
| 43 | താമര വെള്ളച്ചാൽ കോളനിയിൽ സ്ഥാപിച്ച ഇന്റർ നെറ്റ് കണക്ഷന് ബി.എസ്.എൻ.എൽ രണ്ടു തവണ വാർഷിക വാടക ഈടാക്കി.അധികം നൽകിയ തുക 15,811 രൂപ നിരാകരിക്കുന്നു. | 1-31 |
| 44 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ-തുടർ നടപടി വിവരം ലഭ്യമല്ല. ചെലവ് തുക 68,08,306രൂപ തടസ്സപ്പെടുത്തുന്നു. | 1-32 |
| 45 | വടക്കാഞ്ചേരി ആശുപത്രി ട്രസ്സ് നിർമ്മാണം-മത്സരാധിഷ്ഠിത ബിഡ്ഡിംഗ് കൂടാതെ നേരിട്ട് പ്രവൃത്തി ഏൽപ്പിച്ചു-ആശുപത്രി സുരക്ഷയ്ക്കായി ദുരന്ത നിവാരണ കമ്മിറ്റി ശുപാർശ ചെയ്ത പ്രവൃത്തികൾ നടപ്പാക്കിയില്ല. | 1-33 |
| 46 | പദ്ധതി നിർവ്വഹണത്തിലെ ഏകോപനമില്ലായ്മ- കൊണ്ടാഴി ബഡ്സ് പുനരധിവാസകേന്ദ്രത്തിന് വാഹനം വാങ്ങുന്നതിന് ജില്ലാപഞ്ചായത്ത് നൽകിയ 18 ലക്ഷം രൂപ ലാപ്സായി. | 1-34 |
| 47 | അളഗപ്പ നഗർ APHS കെട്ടിട നിർമ്മാണം - മുൻകൂർ നൽകിയ 83780 രൂപ ക്രമീകരിച്ച് അറിയിക്കേണ്ടതാണ് | 1-35 |
| 48 | റീടെൻഷൻ തുക നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-36 |
| 49 | സ്കൂളുകളിലേക്ക് ബെഞ്ച്, ഡെസ്ക്, അലമാര, ക്ലാസ്സ് റൂം ടേബിൾ & ബ്ലാക്ക് ബോർഡ് എന്നിവ വാങ്ങൽ-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-37 |
| 50 | സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക നിരക്ക് നൽകി സ്കൂളുകൾക്ക് അലമാരകൾ കാഡ്കോയിൽ നിന്നും വാങ്ങി നൽകി. ജില്ലാ പഞ്ചായത്തിന് നഷ്ടം 3,61,578/-രൂപ | 1-38 |
| 51 | ഓഫീസ് ടേബിളുകൾ വാങ്ങിയതിന് അധിക നിരക്ക് നൽകിയതു മൂലം ജില്ലാ പഞ്ചായത്തിന് നഷ്ടം 3,87,335/-രൂപ. | 1-39 |

| | | |
|---|---|---|
| 52 | പ്ലാൻ ഫണ്ട് ചെലവഴിക്കാൻ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തത് കുടുംബശ്രീ മിഷന്റെ തനതു പദ്ധതി-കുടുംബശ്രീ പരിശീലനകേന്ദ്രം & ഷീലോഡ്ജ് നിർമ്മാണം -നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. അകർഡിറ്റഡ് ഏജൻസി വഴി നടത്തിയ നിർമ്മാണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-40 |
| 53 | ജില്ലാ പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റുകൾക്ക് ജില്ലാ പഞ്ചായത്തിന്റെ അംഗീകാരം ലഭ്യമാക്കണം. | 1-41 |
| 54 | പഠന മുറി നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. | 1-42 |
| 55 | ജില്ലാ പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതികളിൽ തുടർ നിരീക്ഷണം ഉറപ്പാക്കണം. | 1-43 |
| 56 | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ - ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-44 |
| 57 | ഡയാലിസിസ് യൂണിറ്റ് ചെലവുകൾ - മുഴുവൻ മരുന്നുകളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-45 |
| 58 | സാന്ത്വന പരിചരണം - ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും | 1-46 |
| 59 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - 745143 രൂപയുടെ ധനവിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-47 |
| 60 | കസ്റ്റം ഹയറിംഗ് സെന്റർ നടത്തിപ്പ് - ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-48 |
| 61 | കാർഷിക പദ്ധതികളുടെ ഫലപ്രാപ്തി അവലോകനം ചെയ്തിട്ടില്ല, 61.2 ലക്ഷം രൂപയുടെ വിനിയോഗവിവരമില്ല | 1-49 |
| 62 | എസ് സി വനിതാ കർഷകർക്കുള്ള കാർഷികയന്ത്രം വാങ്ങൽ (ആമ്പല്ലൂർ ഡിവിഷൻ) -8.56 ലക്ഷം രൂപയുടെ ഉപകരണങ്ങൾ ഗുണഭോക്തൃസംഘം കൈപ്പറ്റിയിട്ടില്ല,മറ്റ് അപാകതകൾ | 1-50 |
| 63 | ജില്ലാ പഞ്ചായത്ത് എറ്റെടുക്കേണ്ടാത്ത പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി | 1-51 |
| 64 | പഴയന്നൂർ സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തിനു ചുറ്റും കമ്പിവേലി നിർമ്മാണം- അധികം തുക അനുവദിച്ചു | 1-52 |
| 65 | മതിൽ പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച മണ്ണ് വിനിയോഗിച്ചതിൽ അപാകത | 1-53 |
| 66 | ഗേറ്റ് പണിക്ക് വ്യത്യസ്ത നിരക്കുകൾ അനുവദിച്ചത്-വിശദീകരണം ആവശ്യപ്പെടുന്നു | 1-54 |
| 67 | ടൈൽ ഇടുന്ന പ്രവൃത്തിക്ക് അധികം തുക അനുവദിച്ചു, എച്ച് എസ് വിഭാഗത്തിന് അനുവദിച്ച RMSA ഫണ്ട് ഹയർ സെക്കണ്ടറി കെട്ടിടനിർമ്മാണത്തിന് ഉപയോഗിച്ചു | 1-55 |
| 68 | ഫീസിബിളിറ്റി ഇല്ലാത്തതും ഉപയോഗിക്കാത്തതുമായ കെട്ടിടത്തിനോട് ചേർന്ന് ടോയ്ലെറ്റ് നിർമ്മിച്ചു | 1-56 |
| 69 | കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി 2018-19 ൽആരംഭിച്ച പദ്ധതി പൂർത്തീകരിക്കാനായിട്ടില്ല | 1-57 |
| 70 | കരാർ വയ്ക്കുന്നതിന് കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല, | 1-58 |

| | | |
|---|---|---|
| | പദ്ധതി പൂർത്തീകരിച്ചിട്ടില്ല | |
| 71 | വെണ്ണൂർത്തുറ നീർത്തടത്തിന്റെ സംരക്ഷണം നടത്തുന്ന പദ്ധതിയുടെ ഡിപിആർ തയ്യാറാക്കുന്നതിന് ചെലവ് 24.19ലക്ഷം രൂപ, കരാർ കാലാവധി കഴിഞ്ഞിട്ടും ഗവ.എഞ്ചിനീയറിംഗ്കോളേജിൽ നിന്നും ഡിപിആർ തയ്യാറാക്കി ലഭിച്ചിട്ടില്ല | 1-59 |
| 72 | ജില്ലാ പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങളുടെ തുടർ നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല | 1-60 |
| 73 | സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ സർക്കാർ നിർദ്ദേശപ്രകാരമുള്ള അക്കൗണ്ടിൽ വരവു വച്ചില്ല, 21ലക്ഷം രൂപ ചെലവഴിക്കാതെ മറ്റ് അക്കൗണ്ടുകളിൽ നിലനിൽക്കുന്നു | 1-61 |
| ഭാഗം **2** | | |
| 1 | എടത്തിരുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രം -പിരിച്ചെടുത്ത തുകകൾ ബാങ്കിൽ അടവാക്കുന്നതിൽ ഗുരുതരമായ ക്രമക്കേട് | 2-1 |
| ഭാഗം **3** | | |
| 1 | സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക നിരക്ക് നൽകി സ്കൂളുകൾക്ക് അലമാരകൾ കാഡ്കോയിൽ നിന്നും വാങ്ങി നൽകി. ജില്ലാ പഞ്ചായത്തിന് നഷ്ടം 3,61,578/-രൂപ | 3-1 |
| 2 | ഓഫീസ് ടേബിളുകൾ വാങ്ങിയതിന് അധിക നിരക്ക് നൽകിയതു മൂലം ജില്ലാ പഞ്ചായത്തിന് നഷ്ടം 3,87,335/-രൂപ. | 3-2 |
| 3 | ടൈൽ ഇടുന്ന പണിക്ക് കരാറുകാരന് അധികം തുക അനുവദിച്ചു | 3-3 |
| 4 | പഴയന്നൂർ സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തിനു ചുറ്റും കമ്പിവേലി നിർമ്മാണം- അധികം തുക അനുവദിച്ചു | 3-4 |
| 5 | താമര വെള്ളച്ചാൽ കോളനിയിൽ സ്ഥാപിച്ച ഇന്റർ നെറ്റ് കണക്ഷന് ബി.എസ്.എൻ.എൽ രണ്ടു തവണ വാർഷിക വാടക ഈടാക്കി. 15,811 രൂപ നിരാകരിക്കുന്നു. | 3-5 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

15.2.2021-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 22,32,92,511 |
| പ്രതീക്ഷിത വരവ് | 124,76,04,000 |
| ആകെ വരവ് | 147,08,96,511 |
| പ്രതീക്ഷിത ചെലവ് | 145,84,51,000 |
| നീക്കിയിരിപ്പ് | 1,24,45,511 |

23.3.2022ലെ തീരുമാനം നം(1) പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

പരിഷ്കരിച്ച ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 16,81,01,134 |
| വരവ് | 115,11,98,000 |
| ആകെ വരവ് | 131,92,99,134 |
| ചെലവ് | 120,52,86,000 |
| നീക്കിയിരിപ്പ് | 11,40,13,134 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 നകം | 08-07-2022 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 27214358 |
| വരവ് | 1192656266 |
| ആകെ | 1219870624 |
| ചെലവ് | 1086446906 |
| നീക്കിയിരിപ്പ് | 133423718 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് ACR പ്രകാരം | ബാലൻസ് ഫണ്ട് ACR പ്രകാരം | ചെലവ് AFS പ്രകാരം |
|---|---|---|---|---|---|---|

| | | | | | | Income And Exprnditure I-6 | Receipt And Payment |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 0 | 373009725 | 373009725 | 331203466 | 41806259 | 328229929 | 328229929 |
| വികസനഫണ്ട് -എസ് സി പി | 0 | 242438536 | 242438536 | 172419560 | 70018976 | 167307526 | 167307526 |
| വികസന ഫണ്ട് – ടി എസ് പി | 0 | 5401700 | 5401700 | 4315250 | 1086450 | 4315250 | 4315250 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 206182900 | 206182900 | 130143827 | 76039073 | 114764332 | 114764332 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 161528112 | 161528112 | 78596357 | 82931755 | 72187379 | 72187379 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 79627085 | 79627085 | 64371517 | 15255568 | 53465742 | 10805775 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 143217945 | 143217945 | 32457502 | 110760443 | 30453606<br>10910498 | 19647831 |

വികസന ഫണ്ട് - ജനറൽ,എസ് സി പി,മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്, റോഡ്,സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നീ ഫണ്ടുകളുടെ സാംഖ്യ എ.സി.ആർ പ്രകാരമുള്ള ചെലവുതുകകളും വാർഷികകണക്കുകൾ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പ്രോജക്ടുകളുടെ ചെലവു ശതമാനം |
|---|---|---|---|---|---|---|
| 897 | 1438460925 | 511 | 807560798 | -- | 386 | 56.14 |

## 1-6 ആഭ്യന്തര നിയന്ത്രണം

### 1) ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetory Control)

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ഷീന പറയങ്ങാട്ടിൽ അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തെ കരട് ബജറ്റ് പഞ്ചായത്ത് ഭരണസമിതി 15.2.2021 ലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പാസ്സാക്കി.

ജില്ലാപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വായിച്ച് ചർച്ച ചെയ്ത് അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനുട്സിൽ) മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

പഞ്ചായത്ത് ഭരണസമിതി 23.03.22 ൽ ചേർന്ന യോഗത്തിലെ തീരുമാനം നംപർ (1) അനുസരിച്ച് 2021-22 ലെ പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്.

### 2) അക്കൗണ്ടിംഗ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215-ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവയിൽ അനുശാസിക്കുന്ന പ്രകാരം കണക്കുകൾ തയ്യാറാക്കുന്നതിനും, പരിപാലിക്കുന്നതിനും, പ്രസിദ്ധപ്പെടുത്തുന്നതിനുമുള്ള നിയമപരമായബാധ്യത ജില്ലാ പഞ്ചായത്തിനുണ്ട്. ഇപ്രകാരമുള്ള നിയമവ്യവസ്ഥകൾ പാലിച്ച് ജില്ലാ പഞ്ചായത്ത് അതിന്റെ അക്കൗണ്ടിംഗ് ബാധ്യതകൾ എത്രമാത്രം നിർവ്വഹിച്ച എന്നത് സംബന്ധിച്ച് വാർഷിക ധനകാര്യപത്രികയും അനുബന്ധരേഖകളും പരിശോധിച്ച് പ്രത്യേക പരാമർശമായി ഈ റിപ്പോർട്ടിൽ ഖണ്ഡിക 1-8 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 3) ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 5-ാം പട്ടികയിൽ വിശദമാക്കിയിട്ടുള്ള ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാനസർക്കാർ കാലാകാലങ്ങളിൽ ഏല്പിച്ച നൽകുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിനുവേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമാണ് നിയമപ്രകാരം ജില്ലാപഞ്ചായത്തുകളെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

2021-22 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികൾ തയ്യാറാക്കേണ്ടത് 29.01.18 തീയതിയിലെ സ.ഉ(കൈ)നം.11/18/തസ്വഭവ, 14.02.2018 തീയതിയിലെ സ.ഉ(കൈ)നം.22/18/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്ന വിശദമായ മാർഗ്ഗരേഖ അനുസരിച്ചും 11.1.2021ലെ സ.ഉ.(കൈ) നം.4/2021/ത.സ.ഭ.വ ഉത്തരവ് പ്രകാരമുള്ള തുടർമാർഗനിർദ്ദേശങ്ങൾ അനുസരിച്ചുമാണ്. ഈ ഉത്തരവുകളിലെ നിർദ്ദേശപ്രകാരം ജില്ലാപഞ്ചായത്തിൽ ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്നിവയുൾപ്പെടെ 16 മേഖലകളുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിരുന്നു. 29.01.18 തീയതിയിലെ സ.ഉ (കൈ)നം.11/18/തസ്വഭവ മാർഗ്ഗരേഖ ഖണ്ഡിക3.12(ബി) പ്രകാരം അതത് വികസനമേഖലയുമായി ബന്ധപ്പെട്ട അവസ്ഥാരേഖ (Status Report) തയ്യാറാക്കി പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകേണ്ടതും, മോണിട്ടറിംഗ് കമ്മറ്റികളായി പ്രവർത്തിച്ച് പ്രൊജക്റ്റുകൾ ഫലപ്രദമായി മോണിട്ടറിംഗ് ചെയ്യേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ മേഖലയിലും

തയ്യാറാക്കിയ അവസ്ഥാരേഖ (Status Report) ഓഡിറ്റ് പരിശോധനയ്ക്ക് നൽകുകയുണ്ടായില്ല. പരിശോധനക്കായി ലഭിച്ച വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പ്രകാരം 16 വർക്കിംഗ് ഗ്രൂപ്പുകളും ഫെബ്രുവരി/2021, ജനുവരി/2022, മാർച്ച്/2022 മാസങ്ങളിൽ യോഗം ചേർന്നിട്ടുണ്ട്. ഫെബ്രുവരി/2021 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികളുടെ രൂപീകരണം സംബന്ധിച്ച ചർച്ച ചെയ്തിട്ടുണ്ട്. ഭൂരിഭാഗവും പ്രൊജക്റ്റുകളായി രൂപാന്തരപ്പെട്ടിട്ടില്ല എങ്കിലും നിരവധി പദ്ധതി നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളിലെ ചർച്ചകളിൽ ഉടലെടുത്തതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മിനിട്സ് ബുക്കുകൾ ചിലതിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. ഉദാഹരണത്തിന് 15.3.2022 ലെ കുടിവെള്ളം, ശുചിത്വം, ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകളിൽ നിർദ്ദേശങ്ങൾ,തീരുമാനങ്ങൾ ഇല്ല. ഫെബ്രുവരി/2021 നു ശേഷം 2021-22 സാമ്പത്തിക വർഷാവസാനം ചേർന്ന രണ്ട് വർക്കിംഗ് ഗ്രൂപ്പുകളിലും തൻവർഷത്തെ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തിയതായി മിനിട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് ഗ്രൂപ്പുകളായി പ്രവർത്തിക്കുന്നില്ല. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും പ്രസ്തുത മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ് എന്നും മേൽ പരാമർശിച്ച 29.01.18 ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 13.1 ൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഏതാനും പ്രൊജക്ടുകളിൽമാത്രമേ ഫലപ്രദമായ മോണിട്ടറിംഗ് നടത്തിക്കാണുന്നുള്ളു. എല്ലാ പ്രൊജക്ടുകളുടേയും മോണിറ്ററിംഗ് പ്രവർത്തനം നടത്തിയതിന് രേഖകൾ സൂക്ഷിക്കുകയോ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

ജില്ലാസഭ 2021-22വാർഷിക പദ്ധതിരൂപീകരണത്തോടനുബന്ധിച്ച് 7.2.2021ന് യോഗം ചേർന്നിട്ടുണ്ട്. പിന്നീട് 13.1.22 തിയതിയിൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും യോഗതീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പരിശോധനക്ക് ലഭ്യമാക്കിയ മിനുട്സ് പ്രകാരം ജില്ലാസഭ 2021-22വർഷത്തെ വാർഷികപദ്ധതിപുരോഗതി വിലയിരുത്തിയിട്ടില്ല.

ധനകാര്യ,ക്ഷേമകാര്യ,ആരോഗ്യ-വിദ്യാഭ്യാസ, വികസന സ്റ്റാന്റിംഗ് കമ്മറ്റികൾ എല്ലാ മാസവും യോഗംചേരുന്നുണ്ടെങ്കിലും, ആയതിൽ ഓരോ മേഖലയിലെയും പദ്ധതിപ്രവർത്തന പുരോഗതികൾ കൃത്യമായി വിലയിരുത്തിയതായി രേഖപ്പെടുത്തലുകളില്ല.

2021-22 ൽ സ്പിൽ ഓവർ പ്രൊജക്റ്റുകളുൾപ്പെടെ 897 പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിച്ചിരുന്നത്, ഇതിനായി വകയിരുത്തിയ 143.84 കോടി രൂപയിൽ തൻവർഷം ചെലവഴിച്ചത് 80.75 കോടി രൂപ മാത്രമാണ്.

ജില്ലാ പഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ വഴി നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും സംബന്ധിച്ച സുലേഖ ചെലവ് പത്രിക പ്രകാരമുള്ള കണക്കുകളുടെ സംഗ്രഹം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി | | | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | ആവിഷ്കരിച്ചത് | നടപ്പാക്കിയത് | വകയിരുത്തിയത് | ചെലവഴിച്ചത് | |
| 1 | സെക്രട്ടറി | 239 | 154 | 352182600 | 255848416 | 72.6 |
| 2 | ജില്ലാസോയിൽ കൺസർവേഷൻ ഓഫീസർ | 9 | 4 | 4534400 | 942542 | 20.78 |
| 3 | ഡെപ്യൂട്ടി ഡയറക്ടർ-കൃഷി | 5 | 4 | 22332481 | 21816739 | 97.69 |
| 4 | ഡെപ്യൂട്ടി ഡയറക്ടർ-മൃഗ സംരക്ഷണം | 3 | 2 | 2995000 | 987449 | 32.97 |

| | | | | | | |
|---|---|---|---|---|---|---|
| 5 | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ (അഗ്രികൾച്ചർ) | 24 | 14 | 21586889 | 7641872 | 35.40 |
| 6 | ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം | 8 | 4 | 39040000 | 31687593 | 81.17 |
| 7 | ജില്ലാമിഷൻ കോർഡി നേറ്റർ കുടുംബശ്രീ | 3 | 1 | 33684746 | 7897597 | 23.45 |
| 8 | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 5 | 5 | 17082394 | 14819925 | 86.76 |
| 9 | ജില്ലാഖാദി ഗ്രാമവ്യവസായ പ്രോജക്ട് ഓഫീസർ | 1 | 1 | 906204 | 515810 | 56.92 |
| 10 | ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് | 5 | 4 | 6840735 | 3156921 | 46.15 |
| 11 | ഡെപ്യൂട്ടി ഡയറക്ടർ ഡയറീസ് | 1 | 1 | 15000000 | 15000000 | 100 |
| 12 | ജില്ലാസാമൂഹ്യ ക്ഷേമ ഓഫീസർ | 1 | 0 | 7000000 | 0 | 0 |
| 13 | ജില്ലാ മെഡിക്കൽ ഓഫീസർ- അലോപ്പതി | 6 | 4 | 84810721 | 13437002 | 15.84 |
| 14 | ജില്ലാമെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 1000000 | 999997 | 100 |
| 15 | ജില്ലാമെഡിക്കൽ ഓഫീസർ, ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ | 1 | 1 | 2000000 | 2000000 | 100 |
| 16 | ഡെവലപ്മെന്റ് ഓഫീസർ ട്രൈബൽ | 1 | 1 | 1200000 | 1080000 | 100 |
| 17 | മാനേജർജില്ലാ വ്യവസായ കേന്ദ്രം | 2 | 1 | 1171210 | 371210 | 31.69 |
| 18 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, തസ്വ.ഭ.വ | 5 | 2 | 1591197 | 582716 | 36.62 |
| 19 | പ്രോജക്ട് ഡയറക്ടർ- ദാരിദ്ര്യ ലഘൂകരണ വിഭാഗം | 7 | 7 | 179598192 | 172639902 | 96.13 |
| 20 | ഫാംസൂപ്രണ്ട്- ജില്ലാ കൃഷിത്തോട്ടം ചേലക്കര | 1 | 1 | 500000 | 500000 | 100 |
| 21 | സീനിയർ കൃഷി ഓഫീസർ- സംസ്ഥാന | 6 | 6 | 4745956 | 4745956 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | വിത്തുൽപാദന കേന്ദ്രം- | | | | | |
| 22 | സൂപ്രണ്ട്ചീഫ് മെഡിക്കൽ ഓഫീസർ ജില്ലാ ആശുപത്രി (അലോപ്പതി) | 12 | 11 | 13660000 | 11478882 | 84.03 |
| 23 | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം | 4 | 3 | 6050000 | 5746572 | 94.98 |
| 24 | ചീഫ് മെഡിക്കൽ ഓഫീസർ ഹോമിയോ | 4 | 4 | 3500000 | 3497663 | 99.93 |
| 25 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ- തെങ്ങിൻതൈ ഉൽപാദന കേന്ദ്രം ഇരിങ്ങാലക്കട | 1 | 1 | 200000 | 154773 | 77.39 |
| 27 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ത.സ്വ.ഭ.വ | 539 | 273 | 615108200 | 230011261 | 37.39 |
| 28 | ജില്ലാഓഫീസർ, വനിതാശിശു വികസനം | 2 | 0 | 140000 | 0 | 0 |
| ആകെ | | 897 | 511 | 143,84,60,925 | 80,75,60,798 | 56.14 |

ജില്ലാസാമൂഹ്യക്ഷേമഓഫീസർ, ജില്ലാഓഫീസർ- വനിതാ ശിശു വികസനം എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഓഡിറ്റ് വർഷം പ്രൊജക്റ്റുകളുണ്ടെങ്കിലും ചെലവില്ല. ജില്ലാ മെഡിക്കൽ ഓഫീസർ- അലോപ്പതി, ജില്ലാസോയിൽ കൺസർവേഷൻ ഓഫീസർ, ജില്ലാമിഷൻകോർഡിനേറ്റർ കുടുംബശ്രീ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിച്ചെലവ് 25% ൽ കുറവാണ്.

എടത്തിരുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ ഫാമുല്പന്നങ്ങളുടെ വില്പന നടത്തി പിരിച്ചെടുത്ത തുകകൾ ബാങ്കിൽ അടവാക്കുന്നതിൽ ഗുരുതരമായ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്, ഫാമിന്റെ ദൈനംദിന ചെലവുകൾക്കായി നടപ്പാക്കിയ പദ്ധതിയിൽ വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുക്കുകയോ കൃത്യമായ രേഖകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ജില്ലാ പഞ്ചായത്തിന്റെ തനതുവരുമാനമായ 3579098 രൂപയുടെ ലേല വരവിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല. ജില്ലാ പഞ്ചായത്തിന്റെ പല പദ്ധതികളും യാഥാർത്ഥ്യബോധത്തോടെ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കുന്നില്ല. പദ്ധതി നിർവ്വഹണത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ സമയബന്ധിതമായ ഇടപെടലും തുടർ നിരീക്ഷണവും ആവശ്യമാണ്. കൊടകര ബ്ലോക്കിൽ നടപ്പാക്കുന്ന ഷീ വർക്ക് സ്പേസ് നിർമ്മാണം എന്ന ഭീമമായ തുകയുടെ സംയുക്ത പദ്ധതിയുടെ ഫണ്ടിന്റെ ലഭ്യത, പദ്ധതിയുടെ പ്രായോഗികത(feasibility) എന്നിവ സംബന്ധിച്ച് അവ്യക്തതയുണ്ട്. പട്ടിക വർഗ്ഗ കോളനികളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകൽ പദ്ധതിയുടെ നിർവ്വഹണത്തിൽ കാലതാമസം കാണുന്നു, മോണിറ്ററിഗ് രേഖകൾ ഇല്ല. സ്കൂളുകളിലേക്ക് ഫർണീച്ചറുകൾ വാങ്ങിയ പദ്ധതിയിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. കുടുംബശ്രീ മിഷന്റെ തനതു പദ്ധതിയായ കുടുംബശ്രീ പരിശീലനകേന്ദ്രം & ഷീലോഡ്ജ് നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതിയിൽ 745143 രൂപയുടെ ധനവിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. എസ് സി വനിതാ കർഷകർക്കുള്ള കാർഷികയന്ത്രം വാങ്ങൽ (ആമ്പല്ലൂർ ഡിവിഷൻ) പദ്ധതിപ്രകാരം വാങ്ങിയ 8.56 ലക്ഷം രൂപയുടെ ഉപകരണങ്ങൾ ഗുണഭോക്തൃസംഘം കൈപ്പറ്റിയിട്ടില്ല. കാർഷിക പദ്ധതികളുടെ ഫലപ്രാപ്തി അവലോകനം ചെയ്തിട്ടില്ല, നെല്ല്,പച്ചക്കറികൃഷികൾക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ 61.2 ലക്ഷം രൂപയുടെ

വിനിയോഗവിവരമില്ല. സ്കൂളിലെ ടൈൽ പ്രവൃത്തിക്ക് അധികം തുക അനുവദിച്ചിട്ടുണ്ട്. എച്ച് എസ് വിഭാഗത്തിന് അനുവദിച്ച RMSA ഫണ്ട് ഹയർ സെക്കണ്ടറി കെട്ടിടനിർമ്മാണത്തിന് ഉപയോഗിച്ചു. സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ പൂർണ്ണമായും സർക്കാർ നിർദ്ദേശപ്രകാരമുള്ള അക്കൗണ്ടിൽ വരവു വക്കാത്തതിനാൽ 21ലക്ഷം രൂപ ചെലവഴിക്കാതെ മറ്റ് അക്കൗണ്ടുകളിൽ നിലനിർത്തിയത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ 1-10 മുതലുള്ള ഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-11-2021മുതൽ 29-06-2022വരെ | 2019-20 2020-21 | 22-02-2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25/02/2020മുതൽ 20/03/2020വരെ | 2018-19 | 28-05-2020 |

## 1-8 വാർഷിക കണക്കിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയും അനുബന്ധ രേഖകളും ഓഡിറ്റ് എൻക്വയറി 1/1.8.2022 ന് ജില്ലാപഞ്ചായത്ത് നൽകിയ മറുപടിയും പരിശോധിച്ച് കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ഉപഖണ്ഡികകളായി ചേർക്കുന്നു.

### 1-8-1 ജില്ലാപഞ്ചായത്തിന് ലഭിക്കേണ്ടതായ 68,14,396/-രൂപ ട്രഷറി തനത് ഫണ്ട് അക്കൗണ്ടിൽ വരവുവന്നിട്ടില്ല,ട്രഷറി തനത് ഫണ്ട് അക്കൌണ്ടിന്റെ ബാങ്ക് ബുക്ക് നീക്കിയിരിപ്പിൽ രൂപ 62,07,984 രൂപ കുറവ്

Treasury Own Fund LGTSB 450250102 അക്കൗണ്ടിന്റെ 31.3.2022 ലെ ബാങ്ക് റീകൺസീലിയേഷൻ പത്രികയിൽ താഴെ പറയും പ്രകാരമാണ് ബാങ്ക് ബുക്കും ട്രഷറി പാസ്സ് ബുക്ക് സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| | | |
|---|---|---|
| | Closing Balance As Per Bank Book | 63,82,330 |
| | ADD | |
| 1 | Cheque Issued But Not Presented In To Bank | 74,12,771 /- |
| 2 | Directly Credited By Bank | 7,14,213/- |
| | LESS | |
| 3 | Cheques Deposited But Not Collected | 1,12,10,052/- |
| 4 | Directly Debited By Bank | 22,99,262/- |
| | Closing Balance As Per Bank Statement | 10,00,000 |

ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പിനോട് ജില്ലാപഞ്ചായത്ത് നൽകിയ ചെക്കുകളിൽ ട്രഷറിഅക്കൗണ്ടിൽ നിന്നും പണം പിൻവലിക്കാത്തവയുടെ തുകയും, ട്രഷറിയിൽ നേരിട്ട് വരവുവന്നിട്ടുള്ള തുകയും കൂട്ടിയശേഷം ജില്ലാ പഞ്ചായത്തിന് ലഭിച്ച ചെക്കുകളിൽ ട്രഷറി അക്കൗണ്ടിൽ പണം വരവു വരാത്തവയുടെ തുകയും നേരിട്ട് ട്രഷറിഅക്കൗണ്ടിൽനിന്നും ചെലവു വന്ന തുകയും കുറക്കുകയും ചെയ്താണ്

ട്രഷറി ബാങ്ക് സ്റ്റേറ്റ്മെന്റുപ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നത്. ഈ പൊരുത്തപ്പെടുത്തലുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(A) ജില്ലാപഞ്ചായത്ത് ഇഷ്യുചെയ്ത 74,12,771/-രൂപയുടെ ചെക്കുകൾ 31.3.2022ന് ട്രഷറി അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വൗച്ചർ നം /തിയതി | ഇൻസ്ട്രുമെന്റ് നം/തിയതി | തുക |
|---|---|---|---|
| 1 | 22103163/31.3.22 | 5100179/31.3.21 | 1919000 |
| 2 | 22000878/10.3.21 | 6022301/9.7.20 | 4439 |
| 3 | 32000098/14.1.21 | 6022340/തിയതിഇല്ല | 17000 |
| 4 | 32000157/31.3.21 | 1/തിയതിഇല്ല | 2250 |
| 5 | 22000317/23.9.20 | 6022364/13.8.20 | 105010 |
| 6 | 32000097/14.1.21 | 04313004351/തിയതിഇല്ല | 5365072 |
| ആകെ | | | 7412771 |

പട്ടികയിലെ ക്രമ നം 2 മുതൽ 6 വരെയുള്ള 54,93,771/-രൂപയുടെ ചെക്കുകൾ 2020-21 സാമ്പത്തിക വർഷത്തിൽ ഇഷ്യു ചെയ്തതാണ്. (ക്രമനമ്പർ 1 പ്രകാരമുള്ള 1919000രൂപ 20-04-2022ന് ട്രഷറി അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.) ഇഷ്യു ചെയ്ത് മൂന്നുമാസം അധികരിച്ച, കാലാവധി കഴിഞ്ഞ ചെക്കുകൾ 31.3.2022ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലും ഉൾപ്പെട്ടു എന്നതിൽ നിന്നും ഈ തുകകൾക്ക് പുതുക്കിയ ചെക്കുകൾ നൽകിയിട്ടില്ലെന്നു വ്യക്തമാണ്. ആയതിനാൽ യഥാർത്ഥത്തിൽ ചെലവാകാത്ത തുകയാണ് ഇത്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 46 പ്രകാരം 'ചെക്കുകൾ അവയുടെ കാലാവധിയ്ക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്.' ഇപ്രകാരം ചെയ്തിട്ടില്ല. വാർഷികകണക്കിൽ ഈ തുക ഇല്ലാത്ത ചെലവായി ഉൾപ്പെടുകയും തൻമൂലം ബാങ്ക് ബുക്ക് നീക്കിയിരിപ്പിൽ 54,93,771/-രൂപ കുറവായി കാണിക്കുകയും ചെയ്തത് അംഗീകരിക്കാനാവില്ല .

(B) റീകൺസിലിയേഷനിൽ ബാങ്ക് ബുക്ക് ബാലൻസ് തുകയോട് Directly Credited By Bank എന്നയിനത്തിൽ 714213/- രൂപ കൂട്ടിയിരിക്കുന്നു. ഈ തുക 23.11.2020 ന് ട്രഷറിയിൽ വരവുവന്നിട്ടുള്ളതാണ്. നാളിതുവരെയായി ഈ തുക ജില്ലാ പഞ്ചായത്തിന് ഏതിനത്തിൽ ലഭിച്ചതാണെന്ന് കണ്ടെത്തി വാർഷികകണക്കുകളിലെ ഉചിതമായ ഹെഡിൽ ഉൾപ്പെടുത്തി വരവ് വയ്ക്കാതെ റീകൺസിലിയേഷനിൽ ഉൾപ്പെടുത്തിയത് അംഗീകരിക്കാനാവില്ല. ഇപ്രകാരം ചെയ്തതിനാൽ ജില്ലാ പഞ്ചായത്തിന്റെ വാർഷികകണക്കുകളിൽ 7,14,213/- രൂപ വരവിൽ കുറവുസംഭവിച്ചിരിക്കുന്നു.

(C) ജില്ലാ പഞ്ചായത്തിനു ലഭിച്ചതും 31.3.2022 വരെ പണമാക്കാത്തതുമായ 1,12,10,052/- രൂപയുടെ ചെക്കുകളിൽ (Cheques Deposited But Not Collected) 66,94,918/-രൂപ ഏപ്രിൽ/22 ന് ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽ വരവുവന്നിട്ടുണ്ട്. ബാക്കി തുകയായ 45,15,134 രൂപയിൽ 34,22,154/- രൂപ 2020-21 സാമ്പത്തിക വർഷത്തിലും 10,92,980/-രൂപ 2019-20 സാമ്പത്തിക വർഷത്തിലും ജില്ലാ പഞ്ചായത്ത് രശീതി നൽകി വരവുവച്ചതാണെങ്കിലും ട്രഷറി ടിഎസ്ബി അക്കൗണ്ടിൽ തുക വന്നിട്ടില്ല. ഓഡിറ്റ് എൻക്വയറി 1/1.8.22 ന് ലഭിച്ച മറുപടിയിൽ 4515134/-രൂപ 2020-21 നു ശേഷം ടാലിയാകാതെ അവശേഷിച്ചിട്ടുള്ളതാണെന്നാണ് അറിയിച്ചിട്ടുള്ളത്. തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം /തിയതി | ഇൻസ്ട്രുമെന്റ് നം/തിയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 120060500066/ 22.2.2021 | രേഖപ്പെടുത്തിയിട്ടില്ല | 53100 |
| 2 | 32000078/27.11.20 | രേഖപ്പെടുത്തിയിട്ടില്ല | 754213 |
| 3 | 32000032/30.7.20 | രേഖപ്പെടുത്തിയിട്ടില്ല | 173556 |
| 4 | 32000096/14.1.21 | 0435169/തിയതിഇല്ല | 2194222 |
| 5 | 32000035/17.8.20 | രേഖപ്പെടുത്തിയിട്ടില്ല | 3756 |
| 6 | 32000166/31.3.21 | 1 | 388756 |
| 7 | 120060500063/ 4.2.2021 | 989406/2.2.21 | 3970 |
| 8 | 120050900140 31.3.2021 | 1/31.3.21 | 193792 |
| 9 | 32000095/14.1.21 | 043130/തിയതിഇല്ല | 488314 |
| 10 | 32000074/17.11.20 | രേഖപ്പെടുത്തിയിട്ടില്ല | 26723 |
| 11 | 32000167/31.3.21 | 1 | 100000 |
| 12 | 32000039/26.8.20 | രേഖപ്പെടുത്തിയിട്ടില്ല | 134732 |
| ആകെ | | | 4515134 |

മുകളിൽ പറഞ്ഞതിൽ 9 തുകകൾക്ക് ഇൻസ്ട്രുമെന്റ് നമ്പറോ ചെക്ക് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ , ചട്ടം 21 (3) പ്രകാരം പഞ്ചായത്തിൽ ലഭിച്ച ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ് തുടങ്ങിയവയുടെ വിവരം ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ മേൽ പറഞ്ഞ തുകകൾ ആരിൽ നിന്നെല്ലാം ഏതിനങ്ങളിൽ ലഭിച്ചവയാണ് എന്ന വിവരങ്ങൾ ലഭ്യമായിട്ടില്ല. ബാങ്കുകൾ ഏതെങ്കിലും ചെക്കുകൾ മടക്കുകയാണെങ്കിൽ സ്വീകരിക്കേണ്ട നടപടികൾ ചട്ടം 22 ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതു പ്രകാരം ജില്ലാ പഞ്ചായത്തിനു ലഭിച്ചിട്ടുള്ള ചെക്കുകളിൽ പണമാക്കാതെ മടങ്ങിയവയുടെ കാര്യത്തിൽ ചെക്ക് നൽകിയ ആളെ വിവരമറിയിച്ച് നൽകിയ രശീതി ക്യാൻസൽ ചെയ്ത് വീണ്ടും തുക ഈടാക്കി പുതിയ രശീതി നൽകുകയാണ് ചെയ്യേണ്ടത്. ഇതിനുപകരം റീകൺസിലിയേഷനിൽ ബാങ്ക് ബുക്ക് ബാലൻസ് തുകയിൽ നിന്നും കുറവുചെയ്ത് ട്രഷറി ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തുക മാത്രമാണ് നാളിതുവരെയായി ചെയ്തിട്ടുള്ളത്. 2020-21വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ അപാകതകൾ ചൂണ്ടിക്കാട്ടിയിരുന്നു. അപാകത പൂർണ്ണമായും പരിഹരിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിന് ലഭിച്ച ചെക്കുകൾ അക്കൗണ്ടിൽ പണമില്ലാതെ മടങ്ങുന്ന സാഹചര്യങ്ങളിൽ അപ്രകാരമുള്ള ചെക്കുകൾ നൽകിയ വ്യക്തികൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നത് വ്യക്തമാക്കിയിട്ടില്ല. സമയബന്ധിതമായി ചെക്കുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന കാര്യവും വ്യക്തമല്ല.

മുൻ വർഷങ്ങളിൽ 45.15 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന്റെ കണക്കിൽ വരവുണ്ടെങ്കിലും ട്രഷറി അക്കൗണ്ടിൽ ഈ തുക യഥാർത്ഥത്തിൽ വരവുവന്നിട്ടില്ല എന്നത് ഗുരുതരമായ അപാകതയായി കണക്കാക്കുന്നു. ചട്ടപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കാത്തതിനാൽ ജില്ലാ പഞ്ചായത്തിന് വരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്, ആയത് പരിശോധിച്ച് ഉത്തരവാദപ്പെട്ടവരുടെ പേരിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(D) ട്രഷറി അക്കൗണ്ടിൽ നിന്നും നേരിട്ടുള്ള ചെലവായ (Directly Debited By Bank) 22,99,262/-രൂപ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമനം | വൗച്ചർ നം | ഇൻസ്ട്രുമെന്റ് | തുക |
|---|---|---|---|

| | /തീയതി | നം/തീയതി | |
|---|---|---|---|
| 1 | വൗച്ചർ നം ഇല്ല/17.8.20 | Kpepf/ഇല്ല | 105040 |
| 2 | വൗച്ചർ നംഇല്ല/7.10.20 | BILLN444/ഇല്ല | 2194222 |
| ആകെ | | | 2299262 |

2020-21ൽ ട്രഷറി അക്കൗണ്ടിൽ നിന്നും നേരിട്ടുചെലവായ മേൽ പറഞ്ഞ തുകകൾ ജില്ലാപഞ്ചായത്ത് ചെലവുകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-18-14(iv)ൽ ഈ അപാകത പരിഹരിക്കുന്നതിന് വ്യക്തമായി നിർദ്ദേശം നൽകിയിട്ടും തുടർ നടപടികൾ സ്വീകരിക്കുകയോ 22,99,262 രൂപയുടെ ചെലവ് 2021-22 വാർഷികകണക്കിൽ ഉൾപ്പെടുത്തുകയോ ചെലവിന്റെ ഇനം വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. ജില്ലാപഞ്ചായത്തിന്റേതല്ലാത്ത ചെലവാണിതെങ്കിൽ ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പിൽ ഈ തുക ഇപ്പോഴും കുറവാണ് എന്നതിനാൽ ജില്ലാ പഞ്ചായത്തിന് വരുമാന നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്.

ക്രമനമ്പർ (A),(b) എന്നിവയിൽ പറഞ്ഞതുപ്രകാരം ചെലവാകാത്ത 54,93,771/-രൂപയും ട്രഷറിയിൽ നേരിട്ടുവന്ന 7,14,213/- രൂപയും യഥാസമയം ജില്ലാപഞ്ചായത്തുകണക്കുകളിലേക്ക് വരവായി എടുക്കാത്തതിനാൽ ഈ അക്കൗണ്ടിന്റെ വാർഷികകണക്ക് നീക്കിയിരിപ്പിൽ 62,07,984 രൂപയുടെ കുറവുസംഭവിച്ചിരിക്കുന്നു.

ക്രമനമ്പർ (C),(d) എന്നിവയിൽ പറഞ്ഞതുപ്രകാരം 45,15,134 + 22,99,262 = 68,14,396/-രൂപ ജില്ലാപഞ്ചായത്തിന്റ ബാങ്ക്ബുക്ക് പ്രകാരം അക്കൗണ്ടിലുണ്ടെങ്കിലും യഥാർത്ഥത്തിൽ ട്രഷറി അക്കൗണ്ടിൽ ടി തുക ഇല്ലാത്തതാണ്.

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിന് 2020-21 ഓഡിററ് റിപ്പോർട്ടിലെ ഖണ്ഡിക 1-8-14 ൽ നിർദ്ദേശിച്ചിട്ടും ഇപ്പോഴും അപാകതകൾ പരിഹരിച്ചിട്ടില്ലാത്തതാണ്.
മുകളിൽ വിശദമാക്കിയപ്രകാരം ട്രഷറി അക്കൗണ്ടിലെ പണമിടപാടുകളുടെ കൃത്യമായ കണക്കുകൾ യഥാസമയം രേഖപ്പെടുത്തി അക്കൗണ്ട് ചെയ്യാതെ റീകൺസിലിയേഷനിലെ അഡ്ജസ്റ്റ്മെന്റുകളിൽ തുകകൾ ഉൾപ്പെടുത്തി ജില്ലാപഞ്ചായത്തു കണക്കും ട്രഷറി അക്കൗണ്ട് കണക്കും തമ്മിൽ പൊരുത്തപ്പെടുത്തിക്കാണിക്കുക മൂലം 62,07,984 രൂപ ജില്ലാപഞ്ചായത്തിന്റെ വാർഷികകണക്കുകളിലെ നീക്കിയിരിപ്പിൽ ഉൾപ്പെടാതെ പോയി എന്നതും ജില്ലാപഞ്ചായത്തിന് ലഭിക്കേണ്ടതായ 68,14,396/-രൂപ ട്രഷറി അക്കൗണ്ടിൽ വരവുവന്നിട്ടില്ല എന്നതും പൊതുപണം അക്കൗണ്ട് ചെയ്ത് കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിലെ ഗുരുതരമായ അനാസ്ഥയാണ് സൂചിപ്പിക്കുന്നത്. അടിയന്തിരമായി ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടുകൾ പരിശോധിച്ച് കണക്കുകൾ കൃത്യമായി തയ്യാറാക്കാത്തതിനാൽ ജില്ലാപഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കി ഉത്തരവാദപ്പെട്ടവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-8-2 മറ്റ് അപാകതകൾ

1)വാർഷിക ധനകാര്യപത്രികയിൽ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) ലെ നിർദ്ദേശമനുസരിച്ചുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ അടിസ്ഥാന അനുപാതങ്ങൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുന്ന മുറക്ക് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.)

2) താഴെ പറയുന്ന ഇനങ്ങളിലെ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി 1/1.8.22 പ്രകാരം ആവശ്യപ്പെട്ടതിനു മറുപടിയായി ലെഡ്ജറുകൾമാത്രമാണ് നിലവിൽ ഉള്ളതെന്ന് അറിയിച്ചിരുന്നു.)

(I) RP-4 Fees And User Charges എന്ന ശീർഷകത്തിന് താഴെ വരുന്ന വരവ് (26,15,655/-)

(Ii.) ലേലം -RP-5-Sale And Hire Charges എന്ന ശീർഷകത്തിന് താഴെ വരുന്ന വരവ് (65,49,414/-)

(Iii.) RP-6-Receipts From Transferred Institutionsഎന്ന ശീർഷകത്തിന് താഴെ വരുന്ന വരവ് -(2,15,94,268/-)

മേൽ പറഞ്ഞ വരവ് ഇനങ്ങളുടെ ലെഡ്ജറുകൾ,അനുബന്ധ രേഖകൾ (ലേല ഫയൽ മുതലായവ) എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വരവിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റിൽ റിപ്പോർട്ടുകളിലും ഈ അപാകതകളെക്കുറിച്ച് പരാമർശിച്ചിട്ടും വരവുതുകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. ജില്ലാപഞ്ചായത്ത് കമ്മറ്റി വിവിധ ഇനങ്ങളുടെ ലേലങ്ങൾ അംഗീകരിച്ച് തീരുമാനമെടുക്കുന്നുണ്ടെങ്കിലും ആയവ യഥാസമയം തുടർനടപടികൾ സ്വീകരിച്ച് ഉത്തരവാദപ്പെട്ടവർ (കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുൾപ്പെടെ) തുക ഈടാക്കി ജില്ലാപഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നുണ്ടോ എന്ന പരിശോധനയ്ക്ക് ആവശ്യമായ രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

3) പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7 പ്രകാരം കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. വാർഷിക കണക്ക് I-18പട്ടിക പ്രകാരം Prior Period Items ഇനത്തിൽ 9,62,008 രൂപ ഋണ സംഖ്യയായി (-9,62,008) ക്രമീകരിച്ച് കാണുന്നു. ആയതിൽ 18,88,476രൂപ ചെലവിൽ കുറവായി ഉൾപ്പെടുത്തിയതാണ്. ഈ തുകയിൽ Recovery Of Unutilised Grants, Remission And Refund Of Other Incomes തുടങ്ങിയ ഇനങ്ങളിൽ തുകകൾ ചെലവിൽ കുറവ് അഥവാ വരവുണ്ട്. ഇവയുടെ വിശദാംശങ്ങൾ നൽകേണ്ടതും ഈ തുകകൾ സർക്കാരിലേക്ക് തിരിച്ചടവാക്കാനുള്ളതാണെങ്കിൽ തിരിച്ചടവിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.
926468 രൂപ മുൻകാലചെലവായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്-prior Period- Operations And Maintenance Expenses. മേൽ പറഞ്ഞ Prior Period തുകകൾ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, മറ്റ് ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകളും രേഖകളും ആധികാരികമായി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

4) ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ പൂർണ്ണമായും കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

5)വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതായി കാണുന്നു.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10,62,09,360 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12,86,74,300 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ ഈ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

6)ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ്

ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല. [ഉദാ.31/3/2022 ലെ ബാലൻസ്ഷീറ്റ് B-11ഷെഡ്യൂൾ പ്രകാരം Movable Assets-vehicles 6,30,436 രൂപയും, Movable Assets-Plant Machinery And Tools എന്ന ആസ്തിക്ക് 79,750 രൂപയും Movable Assets-office Equipments And Other Equipment എന്ന ആസ്തിക്ക് 80,90,809/- രൂപയും വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇതേ ഷെഡ്യൂളിൽ ഈ ആസ്തികളുടെ 31/3/2022 ലെ Accumalated Depreciation യഥാക്രമം (6,65,776/-) രൂപയും (5,13,337/-) രൂപയും (1,24,01,507/-) രൂപയുമാണ്. ആസ്തികൾക്ക് നിശ്ചിത വർഷത്തേക്ക്

ഡിപ്രീസിയേഷൻ കണക്കാക്കുകയും ആസ്തി മൂല്യത്തിൽ നിന്ന് ഡിപ്രീസിയേഷൻ കുറവ് ചെയ്ത് ആസ്തി മൂല്യം 1 രൂപയെങ്കിലുമായി തീർന്നാൽ പിന്നീട് ആ ആസ്തികളിൻമേൽ ഡിപ്രീസിയേഷൻ കണക്കാക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 1/1.8.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് അക്കൌണ്ട് റൂൾസ് പ്രകാരം ഐ.കെ.എം വിന്യസിച്ചിട്ടുള്ള സാംഖ്യ സോഫ്റ്റ് വെയറിൽ ആസ്തി ശീർഷകങ്ങളുടെ എണ്ണത്തിനനുസരിച്ച് തേയ്മാനച്ചെലവ് ശീർഷകങ്ങൾ സൃഷ്ടിച്ചിട്ടില്ലെന്നും ആയതിനാൽ ഒന്നിലേറെ ആസ്തികളുടെ തേയ്മാനച്ചെലവ് ഒരു Depreciation Head ൽ വരുന്നതുകൊണ്ടാണ് ആസ്തി മൂല്യത്തേക്കാൾ കൂടുതൽ തുക തേയ്മാന ശീർഷകത്തിൽ കാണപ്പെടുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ തുടർന്നുള്ള വർഷത്തിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

7) 2021-22 വർഷത്തെ Income And Expenditure പത്രിക I-17(a) പ്രകാരം 3,31,72,788/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുള്ളതിന്റെ ജേണൽ രേഖകൾ ഹാജരാക്കിയിട്ടില്ല

8) ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല

9) SBT-33369 അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, പാസ്സ് ബുക്ക്/സ്റ്റേറ്റ്മെന്റ്, റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല

10) ബാങ്ക് ഓഫ് ഇൻഡ്യയിലെ 855610110008124-ാം നമ്പർ അക്കൗണ്ട് ജില്ലാ പഞ്ചായത്ത് ജലസംരക്ഷണ സമിതി എന്ന പേരിലുള്ളതാണ്. വാർഷിക കണക്ക് പ്രകാരം 31.3.2022ന് ജലസംരക്ഷണസമിതി അക്കൗണ്ടിൽ 37,17,201 രൂപ നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല. ഈ അക്കൌണ്ടിൽ Receipt From Transferred Institutions-Agriculture, Contributions For Joint Venture Projects തുടങ്ങിയ ഇനങ്ങളിൽ വരവുള്ളതായും, പദ്ധതിരൂപീകരണം തുടങ്ങിയ ചെലവുകൾക്ക് തുക പിൻവലിച്ചതായും കാണുന്നു. ഈ അക്കൌണ്ട് തനത്ഫണ്ട് അക്കൌണ്ടാണെന്നും ഇടപാടുകൾ നടന്നുവരുന്നതായും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തനതുഫണ്ടിന് ട്രഷറിയിൽ ഒരു അക്കൗണ്ട് ഉണ്ട്. ജലസംരക്ഷണസമിതി എന്ന പേരിൽ ബാങ്ക് ഓഫ് ഇൻഡ്യയിൽ ആരംഭിച്ച അക്കൌണ്ടിൽ തനത്ഫണ്ട് വരവുവച്ച് ചെലവുചെയ്യുന്നതിനു കാരണം വ്യക്തമാക്കേണ്ടതാണ്. ഈ അക്കൌണ്ടിന്റെ ഓഡിറ്റ് വർഷത്തെ ലെഡ്ജർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

11) B-4ഷെഡ്യൂൾ പ്രകാരം 31.3.2022 ൽ താഴെ പറയുന്ന ഇനങ്ങളിൽ നീക്കിയിരിപ്പുണ്ട് ,

| ക്രമ നം | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 320100128 | Centrally Sponsered Scheme- RMSA | 3,25,62,029 |
| 2 | 320300199 | Grants, Funds & Contributions For Specific Purposes-other Than Govt.agencies | 15,92,505 |
| 3 | 320400199 | Grants, Funds & Contributions For Specific Purposes-other Financial Institutions | 51,46,649 |

| | | | |
|---|---|---|---|
| 4 | 320800101 | Beneficiary Contribution | 24,68,148 |
| 5 | 320800199 | Other Grants, Funds & Contributions For Specific Purposes-Capital | 5,64,589 |
| 6 | 320700103 | Contributions For Joint Venture Projects (For Capital Expenditure) From Village Panchayaths | 2,02,95,949 |
| 7 | 320700201 | Contributions For Joint Venture Projects (For Revenuel Expenditure) From Municipality | 5,50,000 |
| 8 | 320700203 | Contributions For Joint Venture Projects (For Revenue Expenditure) From Village Panchayaths | 76,20,074 |
| 9 | 320700204 | Contributions For Joint Venture Projects (For Revenue Expenditure) From Block Panchayaths | 13,32,000 |

പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ ഓരോ അക്കൌണ്ടിന്റേയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ടി.എസ്.സി, എസ്.എസ്.എ, ജോയിന്റ് വെഞ്ചർ പ്രോജക്ട് (വില്ലേജ് പഞ്ചായത്ത്) എന്നിവയുടെയും ഇനം തിരിച്ചുള്ള കണക്കുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഈ നിർദ്ദേശം മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ഉണ്ടെങ്കിലും നാളിതുവരെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.
വാർഷികകണക്കുകൾ തയ്യാറാക്കിയതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.3.2023-ാം തിയതി 3.45pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,556/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 പതിമൂന്നാംപഞ്ചവത്സരപദ്ധതിപ്രവർത്തനങ്ങളുടെ അവലോകനം

2017 മുതൽ 2022 വരെയുള്ള അഞ്ചുവർഷക്കാലയളവിൽ സംസ്ഥാനത്ത് നടപ്പാക്കിയ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം തുടർച്ചാ സാധ്യതയുള്ള പരിസ്ഥിതി രക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യനീതി

മുറുകെപ്പിടിക്കുന്ന സാമ്പത്തിക വളർച്ചയുടെ ഒരു ഉയർന്ന തലത്തേക്ക് കേരളത്തെ എത്തിക്കുക എന്നതായിരുന്നു. ഉത്പാദന മേഖലയുടെ സ്ഥായിയായ വളർച്ച, പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണം, മാനവിക വികസനം, അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ, സേവനപ്രദാന സംവിധാനത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തലും സദ്ഭരണ നിർവ്വഹണവും, സാമൂഹ്യനീതി ഉറപ്പാക്കൽ, ആസ്തി പരിപാലനം എന്നിവയായിരുന്നു പൊതുമുൻഗണനകൾ.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ 29.01.18 തീയതിയിലെ സ.ഉ(കൈ)നം.11/18/തസ്വഭവ, 14.02.2018 തീയതിയിലെ സ.ഉ(കൈ)നം.22/18/ തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു.

06.03.2020ലെ സ.ഉ. (കൈ) നം.45/2020/തസ്വഭവ, 11.1.2021ലെ സ.ഉ.(കൈ) നം.4/2021/ത.സ.ഭ.വ ഉത്തരവുകളിൽ താഴെ പറയുന്ന പന്ത്രണ്ടിനപരിപാടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന പ്രത്യേക പരിഗണന നൽകി നടപ്പാക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു .

1.വിശപ്പുരഹിത കേരളം- ജനകീയഹോട്ടൽ

2.വയോ ക്ലബ്ബുകൾ

3.ശുചിത്വകേരളം

4.പൊതു ടോയ്‌ലെറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങളും

5.തോടുകളുടെ ശുചീകരണം

6.ഫലവൃക്ഷത്തൈകൾ നട്ടുപരിപാലിക്കൽ

7.ജൈവപച്ചക്കറി കൃഷി

8.ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം

9.പൊതുവിദ്യാഭ്യാസ യജ്ഞം

10.പാലിയേറ്റീവ് പരിചരണം

11.പട്ടികവിഭാഗങ്ങളുടെ വികസനം

12.ദുരന്തമാനേജ്മെന്റ് പ്ലാനുകൾ വാർഷികപദ്ധതിയുടെ ഭാഗമാക്കൽ

വയോ ക്ലബ്ബുകൾ, ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, ദുരന്തമാനേജ്മെന്റ് പ്ലാനുകൾ വാർഷികപദ്ധതിയുടെ ഭാഗമാക്കൽ എന്നിവക്ക് പ്രത്യേക പരിഗണന നൽകി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടില്ല. ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം പദ്ധതി ആവിഷ്ക്കരിച്ചെങ്കിലും ഇക്കാലയളവിൽ തുക ചെലവഴിച്ചിട്ടില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ആകെ പദ്ധതിച്ചെലവ് 373.96 കോടി രൂപയാണ്, സുലേഖ ചെലവുപത്രിക പ്രകാരമുള്ള കണക്കുകൾ താഴെ കൊടുക്കുന്നു,

| വർഷം | പദ്ധതിച്ചെലവുതുക |
|---|---|
| 2017-18 | 66,42,15,304 |
| 2018-19 | 74,98,28,790 |
| 2019-20 | 53,09,34,409 |
| 2020-21 | 98,70,53,346 |
| 2021-22 | 80,75,60,798 |
| ആകെ | 373,95,92,647 |

പദ്ധതിക്കാലയളവിലെ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ വിവിധ മേഖലകളിലുള്ള പ്രവർത്തനങ്ങളുടെ ലഘുവിവരണം താഴെ കൊടുക്കുന്നു

കൃഷി -മണ്ണുസംരക്ഷണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 5-ാം പട്ടികപ്രകാരം മേഖലാ കൃഷിയിടങ്ങളും ഗവേഷണകേന്ദ്രങ്ങളും ഒഴികെയുള്ള കൃഷിയിടങ്ങൾ നടത്തുകൾ, സംയോജിത നീർമറികൾ നടത്തുക, മണ്ണ് പരിശോധന നടത്തുക, കീടങ്ങളെ നിയന്ത്രിക്കുക, കാർഷികോല്പന്നങ്ങൾ വിപണനം നടത്തുക തുടങ്ങിയ 12 ചുമതലകളാണ് കൃഷി മേഖലയിൽ ജില്ലാ പഞ്ചായത്തിനുള്ളത്.

2017-18 മുതൽ 2021-22 വരെയുള്ള 5 വർഷക്കാലത്ത് കൃഷി- അനുബന്ധ മേഖലയിൽ 18 കോടിയോളം രൂപയുടെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ആയതിൽ 7.84 കോടി രൂപ കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള ഫാമുകളുടെ അടിസ്ഥാനസൌകര്യങ്ങൾ തയ്യാറാക്കുന്നതിനും വിവിധ പാടശേഖരങ്ങളിലേക്ക് ജലസേചനസൌകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള പദ്ധതികളുടെ ചെലവാണ്. 2.57 കോടി രൂപ 6 സംസ്ഥാനവിത്തുല്പാദന കേന്ദ്രങ്ങളുടെയും ജില്ലാ കൃഷിത്തോട്ടം, കോക്കനട്ട് നഴ്സറി എന്നിവിടങ്ങളിലെ ദൈനംദിന ചെലവുകൾക്കാണ് വിനിയോഗിച്ചത്.

കൃഷി ഡെപ്യൂട്ടി ഡയറക്ടർ 7.57 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. നെല്ല് പച്ചക്കറികൃഷികൾക്ക് ഗ്രാമപഞ്ചായത്തുകൾ വഴി നൽകുന്ന സബ്സിഡിയുടെ വിഹിതം നൽകുന്ന പദ്ധതികൾ മാത്രമാണ് ഇക്കാലയളവിൽ ജില്ലാ പഞ്ചായത്ത് നടപ്പാക്കിയത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | സമഗ്ര നെൽകൃഷി വികസനത്തിന് കൂലിച്ചെലവ് സബ്സിഡി | 6,72,69,609 |
| 2 | സമഗ്ര പച്ചക്കറികൃഷി വികസനത്തിന് കൂലിച്ചെലവ് സബ്സിഡി | 17,03,602 |
| 3 | തരിശുഭൂമിയിൽ നെൽകൃഷിക്ക് പ്രോത്സാഹനം | 48,13,940 |
| 4 | തരിശുഭൂമിയിൽ കിഴങ്ങ്,പച്ചക്കറി,വാഴ,ഫലവൃക്ഷത്തൈകൃഷിക്ക് പ്രോത്സാഹനം | 19,30,027 |
| | ആകെ | 7,57,17,178 |

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ ജില്ലാ മണ്ണുസംരക്ഷണഓഫീസർ പുഴകൾ, തോടുകൾ, കുളങ്ങൾ തുടങ്ങിയവ വൃത്തിയാക്കുന്ന പ്രവൃത്തികൾക്കായി ആകെ 69,71,373 രൂപ ചെലവ് ചെയ്തു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 5-ാം പട്ടികപ്രകാരം മണ്ണ് പരിശോധന ജില്ലാപഞ്ചായത്തിന്റെ ചുമതലയാണ്.

14.3.22 ന് നടന്ന വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ ശാസ്ത്രീയമായ രീതിയിൽ പാടശേഖരസമിതികൾ മുഖേന മണ്ണുപരിശോധന നടത്തി ആയതനുസരിച്ച് ശാസ്ത്രീയരീതിയിൽ വളപ്രയോഗം നടത്തണം എന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇപ്രകാരമുള്ള പദ്ധതികളൊന്നും തന്നെ ജില്ലാപഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.

ആധുനിക കൃഷി സമ്പ്രദായത്തിൽ മണ്ണ് പരിശോധന വളരെ പ്രധാനപ്പെട്ട ഘടകമാണ്. കൃഷിഭൂമിയുടെ തരം, മണ്ണിന്റെ രാസ-ഭൗതിക ഘടന, മണ്ണിൽ അടങ്ങിയിരിക്കുന്ന മൂലകങ്ങളുടെയും പി.എച്ച് മൂല്യത്തിന്റെയും അളവ് എന്നിവ പരിശോധിച്ച് ഓരോ കൃഷിയിടത്തിലും ഏതെല്ലാം വിളകൾ കൃഷിചെയ്യാമെന്നും ഉപയോഗിക്കേണ്ട വളത്തിന്റെ അളവ് എത്രയെന്നും കൃത്യമായി കണക്കാക്കി അതിനനുസരിച്ച് കൃഷിക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടത് അത്യാവശ്യമാണ്. ഇപ്രകാരം ചെയ്യുന്നത് ഭൂമിക്ക് അനുയോജ്യമായ കൃഷിയിനങ്ങൾ തെരഞ്ഞെടുക്കുന്നതിനും അമിത വളപ്രയോഗം ഒഴിവാക്കി, അത് വഴി കൃഷിച്ചെലവ് കുറയ്ക്കുന്നതിനും മണ്ണിന്റെ സ്വാഭാവിക ഫലഭൂയിഷ്ഠത നഷ്ടപ്പെടാതിരിക്കുന്നതിനും ഉപകരിക്കും.

കാർഷികമേഖലയിലെ ഉൽപാദന വർദ്ധനവിന് ഉതകുന്ന പദ്ധതികൾ രൂപീകരിക്കുന്നുണ്ടെങ്കിലും കാർഷിക ഉൽപ്പാദനം വർദ്ധിക്കുന്നതായിക്കാണുന്നില്ല എന്ന് ജില്ലാപഞ്ചായത്തിന്റെ 2022-23

അന്തിമപദ്ധതിരേഖയിൽ വിലയിരുത്തിയിട്ടുണ്ട്. കാർഷികരംഗത്തെ നൂതനസാങ്കേതികത്വങ്ങൾ ഉപയുക്തമാക്കിക്കൊണ്ടും കാലാവസ്ഥാവ്യതിയാനങ്ങൾക്ക് അനുയോജ്യമായതും അത്യുൽപാദനശേഷിയും കീടപ്രതിരോധശേഷിയുമുള്ള വിത്തിനങ്ങൾ ഉപയോഗിച്ചുകൊണ്ടും മണ്ണിന്റെ ഗുണനിലവാരം പരിശോധിച്ച് അനുയോജ്യമായ വളപ്രയോഗം നിശ്ചയിച്ചുകൊണ്ടും കാർഷികരംഗം മെച്ചപ്പെടുത്താൻ കർഷകരെ പ്രാപ്തരാക്കുന്ന തരത്തിലുള്ള ഫലപ്രദമായ പദ്ധതികൾ വരുംവർഷങ്ങളിൽ ജില്ലാ തലത്തിൽ ആവിഷ്കരിക്കപ്പെടേണ്ടതുണ്ട്.

മൃഗസംരക്ഷണം-ക്ഷീരവികസനം-മത്സ്യബന്ധനം

മൃഗസംരക്ഷണ മേഖലയിൽ 13-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം നിർവ്വഹണോദ്യോഗസ്ഥനായി ആകെ 1,29,38,512 രൂപ ചെലവുചെയ്തിട്ടുണ്ട്.

ജില്ലാ വെറ്ററിനറികേന്ദ്രം,അനുബന്ധസ്ഥാപനങ്ങളുടെ ദൈനംദിന-അടിസ്ഥാനസൌകര്യ ചെലവുകൾ, ഹാച്ചറി നവീകരണം, ഫെർട്ടിലിറ്റി മിഷൻ പദ്ധതി, പേവിഷബാധ നിയന്ത്രണം, തുടങ്ങിയ പ്രൊജക്റ്റുകളാണ് നടപ്പാക്കിയത്. ഫെർട്ടിലിറ്റി മിഷൻ പദ്ധതി മൂലം പാലുത്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ജില്ലയിലെ ഇപ്പോഴത്തെ പാലുത്പാദനം 2.19 Lac Metric Ton ആയി ഉയർന്നിട്ടുണ്ടെന്നുമാണ് 2022-23 വർഷത്തെ അവസ്ഥാരേഖയിൽ വിലയിരുത്തിയിട്ടുള്ളത്.

ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള പന്നി വളർത്തൽ കേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി 41 ലക്ഷം രൂപയിലധികം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഇവിടെ 42.5 ലക്ഷം രൂപ വിനിയോഗിച്ച് ഹൈടെക് പിഗ് ബ്രീഡിംഗ് യൂണിറ്റ് നിർമ്മിച്ചിട്ടുണ്ട്.

ക്ഷീരവികസനമേഖലയിൽ കഴിഞ്ഞ അഞ്ച് വർഷം ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്ന പദ്ധതിക്കായി ആകെ 9,14,52,850 രൂപ ചെലവഴിച്ചു.

ക്ഷീരവികസന യൂണിറ്റുകൾ നടത്തുക, ക്ഷീരോല്പാദന സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ജില്ലാപഞ്ചായത്തിന്റെ ചുമതലകൾ. ക്ഷീരകർഷകർക്ക് സബ്സിഡി വിഹിതം നൽകുന്നതിന് മാത്രമാണ് ഇക്കാലയളവിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയത്.

മത്സ്യബന്ധന മേഖലയിൽ കഴിഞ്ഞ പഞ്ചവത്സരപദ്ധതിക്കാലത്ത് 52,72,648 രൂപയാണ് ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് നടപ്പാക്കിയ പ്രൊജക്റ്റുകൾക്കായി ചെലവഴിച്ചത്.

റിസർവോയറുകളിൽ മത്സ്യവിത്ത് നിക്ഷേപം മത്സ്യസഹകരണസംഘങ്ങൾക്ക് വാഹനം, പടുതാകുളം, ബയോഫ്ലോക്ക് എന്നിങ്ങനെ വ്യക്തിഗതഗുണഭോക്താക്കൾക്കുള്ള പ്രൊജക്റ്റുകളുമാണ് പ്രധാനമായും നടപ്പാക്കിയിട്ടുള്ളത്. മത്സ്യകൃഷി വികസന ഏജൻസികൾ നിയന്ത്രിക്കുക, ജില്ലാതല മീൻ വളർത്തൽ കേന്ദ്രങ്ങൾ നിയന്ത്രിക്കുക, നൂതനസാങ്കേതിക വിദ്യകൾ ഏർപ്പെടുത്തുക തുടങ്ങിയ ഗ്രാമപഞ്ചായത്തുകൾക്ക് കൈകാര്യംചെയ്യാൻ പറ്റുന്നതിനുപരിയായതും ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നവയുമായ മേഖലകളിൽ ആവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടില്ല.

പൊതുജനാരോഗ്യം

ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള ജില്ലാ അലോപ്പതി, ആയുർവേദ, ഹോമിയോ ആശുപത്രികളുടെ വികസനപ്രവർത്തനങ്ങൾക്കും മരുന്നുകൾ വാങ്ങുന്നതിനും മൂന്നുവിഭാഗങ്ങളിലേയും ജില്ലാ മെഡിക്കൽ ഓഫീസർമാർ ജില്ലാ തലത്തിൽ നടപ്പാക്കുന്ന പൊതുവായ ആരോഗ്യപ്രവർത്തനങ്ങൾക്കുമായി 14,05,24,174 രൂപയാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം ചെലവഴിച്ചിട്ടുള്ളത്. ആരോഗ്യ മേഖലയിൽ കോവിഡുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങൾ ഇക്കാലയളവിൽ നിർവ്വഹിച്ചിട്ടുണ്ട്.

വനിതാ -ശിശു -വയോജന -ഭിന്നശേഷി വിഭാഗങ്ങൾ

ഈ വിഭാഗങ്ങളിലായി (കുടുംബശ്രീ അടക്കം) കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് 8,88,27,528 രൂപയാണ് പദ്ധതിച്ചെലവ്.

വനിതാക്ഷേമത്തിനായി ഷീ പാഡ് പദ്ധതി ആവിഷ്കരിച്ച് 1.44 കോടി രൂപ കഴിഞ്ഞ പദ്ധതിക്കാലത്ത്

ചെലവഴിച്ചുവെങ്കിലും പദ്ധതി പ്രതീക്ഷിച്ച രീതിയിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല.

ചെറുതുരുത്തിയിൽ കുടുംബശ്രീ പരിശീലന കേന്ദ്രവും ഷീ ലോഡ്ജും നിർമ്മിക്കുന്നതിനായി 2019-2022 കാലയളവിൽ 3.72 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടം പണി പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടില്ല.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച കുടുംബശ്രീ വനിതാ സംരംഭകർക്കായുള്ള സ്ഥിരസംഭരണ വിപണനകേന്ദ്രത്തിനായി 2017-18 വർഷത്തിൽ 90 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഹൈസ്കൂൾ പെൺകുട്ടികൾക്ക് സ്നേഹിത@സ്കൂൾ മാതൃകയിൽ കുടുംബശ്രീ മിഷൻ കോ ഓർഡിനേറ്റർ വഴി കുടുംബശ്രീ കമ്മ്യൂണിറ്റി കൌൺസിലിംഗ് എന്ന കാലോചിതമായ പദ്ധതി 3.79 ലക്ഷം രൂപ ചെലവിൽ നടപ്പാക്കിയിട്ടുണ്ട്.

തൃശ്ശൂർ ജില്ലയെ ബാലസൌഹൃദമാക്കുന്നതിന്റെ ഭാഗമായി അംഗനവാടികളിൽ എ.സി, വാട്ടർ ഫിൽട്ടർ തുടങ്ങിയവ സ്ഥാപിക്കുക, ജില്ലയിൽ വിവിധ ഇടങ്ങളിൽ Information Education Communication ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 43.62 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകൾ നടപ്പാക്കുന്ന ബാലസൌഹൃദ ജില്ലാ പദ്ധതികൾക്കായി ജില്ലാപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കുന്ന പദ്ധതികൾ പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതം കൈമാറുകയും ചെയ്തിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തുകൾ നടപ്പാക്കുന്ന വയോജനക്ഷേമ പദ്ധതികൾക്കായി ജില്ലാപഞ്ചായത്ത് വിഹിതം കൈമാറുന്ന പദ്ധതികൾ ജില്ലാപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയിട്ടുണ്ട്. വയോജനക്ഷേമകേന്ദ്രം എന്ന പേരിൽ കെട്ടിടം പണിക്കായി (സുശാന്തം) 80 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും പദ്ധതി തികഞ്ഞ പരാജയവും പാഴ്ചെലവുമായി.

ഭിന്നശേഷി സൌഹൃദ ജില്ല- കുട്ടികളുടെ വികസന വ്യതിയാന നിർണ്ണയ പദ്ധതിക്കായി 2017-2019 കാലയളവിൽ 1.85 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുന്ന അംഗപരിമിതർക്ക് മുച്ചക്രവാഹനം തുടങ്ങിയ പദ്ധതികൾക്ക് സെക്രട്ടറിയുടെ പ്രൊജക്ടുകൾ പ്രകാരം വിഹിതം കൈമാറിയിട്ടുണ്ട്.
സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ ആകെ ചെലവ് 121,71,44,477/- രൂപയാണ്.

ചെറുകിടവ്യവസായങ്ങൾ

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നിയന്ത്രിക്കുക, ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക, ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, ഉല്പന്നങ്ങളുടെ വിപണനം നടത്തുക തുടങ്ങി 9 ചുമതലകളാണ് ജില്ലാപഞ്ചായത്തുകൾക്കുള്ളത്. ജില്ലാ വ്യവസായകേന്ദ്രം മാനേജർ നിർവ്വഹണോദ്യോഗസ്ഥനായി ആകെ 62.20 ലക്ഷം രൂപയുടെ പദ്ധതികൾ കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് നടപ്പാക്കി.

തൃശ്ശൂർ, ഉത്രാളിക്കാവ് പൂരങ്ങളോടനുബന്ധിച്ചുള്ള എക്സിബിഷനുകളിൽ വ്യവസായ സംരംഭകർക്ക് ഉത്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൌകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും കൈപ്പറമ്പ് വേളേക്കാട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് നിർമ്മാണ പ്രവൃത്തിയുമാണ് ചെയ്തിട്ടുള്ളത്. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് നിർമ്മാണത്തിന് 40.89 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഗുണഭോക്താക്കളെ കണ്ടെത്താനാകാഞ്ഞതിനാലും വ്യക്തമായ ആസൂത്രണം കൂടാതെ പദ്ധതി ആരംഭിച്ചതിനാലും പദ്ധതി വിജയകരമായി പൂർത്തീകരിക്കാനാകാതെ കെട്ടിടവും മെഷീനുകളും സ്ഥലവും ക്ലീൻ കേരള മിഷന് സൌജന്യമായി കൈമാറിയിരിക്കുകയാണ്. ജില്ലാതല അജൈവമാലിന്യസംസ്കരണകേന്ദ്രം സ്ഥാപിക്കുന്നതിന് ഇക്കാലയളവിൽ ജില്ലാപഞ്ചായത്ത് ചെലവഴിച്ച 40.89 ലക്ഷം രൂപയുടെ പദ്ധതിപ്പണം ഫലവത്തായില്ല.

വിദ്യാഭ്യാസം

വിദ്യാഭ്യാസമേഖലയിൽ 13-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് വിദ്യാഭ്യാസഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി ആകെ 11,14,07,743 രൂപ ചെലവുചെയ്തിട്ടുണ്ട്.

പൊതുമരാമത്ത്

ജില്ലാപഞ്ചായത്തിന്റെ ഒരോ വർഷത്തെയും പദ്ധതിവിഹിതത്തിന്റെ ഏറ്റവും കൂടുതൽ ശതമാനം ചെലവഴിക്കുന്നത് തദ്ദേശസ്വയംഭരണവകുപ്പ് മരാമത്ത് വിഭാഗമാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 5-ാം പട്ടികപ്രകാരം പൊതുമരാമത്ത് മേഖലയിൽ മേജർ ജില്ലാ റോഡുകൾ ഒഴികെയുള്ള ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമായ എല്ലാ ജില്ലാറോഡുകളും നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക എന്നിവയാണ് ജില്ലാപഞ്ചായത്തിന്റെ ചുമതലകൾ. കഴിഞ്ഞ അഞ്ചുവർഷത്തെ മരാമത്ത് പദ്ധതികളുടെ ആകെ ചെലവ് 135,04,43,719രൂപയാണ്, അതായത് പഞ്ചവത്സരപദ്ധതിക്കാലത്തെ 40% ചെലവും മരാമത്ത് പ്രൊജക്ടുകളുടേതാണ്. തദ്ദേശസ്വയംഭരണവകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി ജില്ലാപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്കൂളുകളുമായി ബന്ധപ്പെട്ട പണികൾ, റോഡ്പ്രവൃത്തികൾ, വിവിധ കെട്ടിടനിർമ്മാണ-അറ്റകുററപ്പണികൾ, ജലസേചന-കുടിവെള്ള പദ്ധതികൾ, കോളനി വികസനം, കളിസ്ഥലം, സ്റ്റേഡിയം, പൊതുശ്മശാനം തുടങ്ങിയവയുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലാണ് പ്രധാനമായും പദ്ധതികൾ നടപ്പാക്കിയിരിക്കുന്നത്. ഇനം-വർഷം തിരിച്ചുള്ള ചെലവിന്റെ വിശദാംശങ്ങൾ (ലക്ഷത്തിൽ) താഴെ കൊടുക്കുന്നു.

| | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | ആകെ ചെലവ് |
|---|---|---|---|---|---|---|
| റോഡുകളും അനുബന്ധ പ്രവൃത്തികളും | 900.21 | 1783.65 | 1177.71 | 1470.68 | 957.49 | 6289.74 |
| കെട്ടിട നിർമ്മാണം, അറ്റകുറ്റ പ്പണികൾ | 263.91 | 245.50 | 137.40 | 632.43 | 412.51 | 1691.75 |
| കുടിവെള്ള-ജലസേചന പ്രവർത്തനങ്ങൾ | 408.44 | 523.35 | 228.67 | 630.15 | 175.41 | 1966.02 |
| സ്കൂൾ അറ്റകുറ്റ പ്പണികൾ | 323.33 | 180.98 | 149.14 | 654.27 | 572.14 | 1879.86 |
| കോളനി വികസനം | 404.58 | 470.99 | 35.03 | 443.78 | 147.92 | 1502.3 |
| മറ്റുള്ളവ | 3.78 | 39.49 | 20.17 | 70.89 | 40.47 | 174.8 |
| ആകെ | 2304.25 | 3243.96 | 1748.12 | 3902.2 | 2305.94 | 13504.47 |

2022-23 സാമ്പത്തികവർഷത്തെ അവസ്ഥാരേഖപ്രകാരം ജില്ലാപഞ്ചായത്തിന്റെ ആസ്തിയായി 293.26 കിമീ നീളത്തിൽ 121 റോഡുകളാണ് ഉള്ളത്. പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷമായ 2017-18വർഷത്തെ അന്തിമപദ്ധതിരേഖ പ്രകാരം അന്ന് 155km നീളം വരുന്ന ആകെ 65 റോഡുകളാണ് ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുണ്ടായിരുന്നത്. ഈ കണക്കുപ്രകാരം അഞ്ചു വർഷം കൊണ്ട് ജില്ലാ പഞ്ചായത്തിന്റെ റോഡ് ആസ്തിയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ 565 കെട്ടിടങ്ങളുണ്ട്. കഴിഞ്ഞ അഞ്ചു വർക്കാലയളവിൽ 52ഓളം പുതിയകെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇവയിൽ പലതും ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്ത് പണിത് വിട്ടു നൽകിയവയാണ്. കെട്ടിടനിർമ്മാണപദ്ധതികൾ മിക്കവാറും വ്യക്തമായ ആസൂത്രണമോ ആവശ്യകതയോ മുന്നൊരുക്കമോ കൂടാതെയാണ് നടപ്പാക്കുന്നത്.

കുടിവെള്ള-ജലസേചന പദ്ധതികൾ- 2017 മുതൽ 2022 വരെയുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറും അസി.എക്സി.എഞ്ചിനീയറും നിർവഹണോദ്യോഗസ്ഥരായി നടപ്പാക്കിയ പദ്ധതികൾ പ്രകാരം കുടിവെള്ളപദ്ധതികൾക്കായി 571.28 ലക്ഷം രൂപയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി 311.51 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ നിരവധി പൊതുജലസ്രോതസ്സുകളുടെ സംരക്ഷണ, ശുചീകരണപ്രവർത്തനങ്ങളും

അനുബന്ധപ്രവൃത്തികളും മരാമത്ത് വിഭാഗം നടത്തിയിട്ടുണ്ട്.

കടിവെള്ള, ജലസേചന പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 40/25-02-2023 ക്ക് മറുപടി ലഭിച്ചിട്ടില്ലെങ്കിലും പഞ്ചായത്തുകൾ ലഭ്യമാക്കിയ വിവരപ്രകാരം കഴിഞ്ഞ് അഞ്ച് വർഷങ്ങളിലായി പ്രൊജക്ടുകൾ നടപ്പാക്കിയ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കപ്പെട്ടില്ല.

| ക്രമ നം | ഗ്രാമ പഞ്ചായത്ത് | കുടിവെള്ള പദ്ധതിയുടെ പേര് | വർഷം | ചെലവ് തുക | ആകെ ചെലവ് | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | വരവൂർ | കോഴിക്കുന്ന് | 2018-19 | 784283 | 7,84,283 | പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു |
| 2 | മുള്ളൂർക്കര | താമറ്റർപടി കുളത്തുപ്പടി എസ്.സി കോളനി | 2018-19<br>2019-20 | 1294995<br>164966 | 14,59,961 | പൂർണ്ണമായും പ്രവൃത്തിച്ചു തുടങ്ങിയിട്ടില്ല |
| 3 | കടങ്ങോട് | പേങ്ങാട്ടുപ്പാറ എസ്.സി കോളനി | 2018-19<br>2019-20 | 801171<br>22729 | 8,23,900 | താത്ക്കാലികമായി പ്രവർത്തന രഹിതം |
| 4 | കടങ്ങോട് | കട്ടപ്ലാക്കൽ വാലിപ്പറമ്പ് | 2020-21<br>2021-22 | 81450<br>153010 | 2,34,460 | കുഴൽകിണർ മാത്രം നിർമ്മിച്ച് പദ്ധതി ഉപേക്ഷിച്ചു |
| 5 | ദേശമംഗലം | കിഴക്കേ കോളനി | 2020-21 | 140184 | 1,40,184 | വെള്ളം കിട്ടാതെ ഉപേക്ഷിച്ചു |
| 6 | ദേശമംഗലം | പാലപ്പറമ്പ് കോളനി | 2020-21<br>2021-22 | 1949648<br>111315 | 20,60,963 | പ്രവൃത്തി പൂർത്തീകരിച്ചു, കമ്മീഷൻ ചെയ്തിട്ടില്ല. |
| 7 | കടവല്ലൂർ | ഇന്ദിരാജി | 2020-21<br>2021-22 | 702699<br>158907 | 8,61,606 | പ്രവൃത്തി പൂർത്തീകരിച്ചു, കറണ്ട് കണക്ഷൻ എടുക്കാനാവാത്തതിനാൽ നിലവിൽ പ്രവർത്തന ക്ഷമമല്ല |

## 1-11 തൃശ്ശൂർ-സമ്പൂർണ്ണ പാർപ്പിട ജില്ല- ലക്ഷ്യം കൈവരിക്കാൻ നടപടി സ്വീകരിക്കണം. പതിമൂന്നാം പദ്ധതിക്കാലത്തെ ജില്ലാപഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതികളുടെ അവലോകനം.

തൃശ്ശൂർ ജില്ലയെ സമ്പൂർണ്ണ പാർപ്പിട ജില്ലയാക്കി മാറ്റുന്നതിന് വേണ്ടി ദാരിദ്ര്യ നിർമ്മാർജ്ജന വകുപ്പ് (Poverty Alleviation Unit) പ്രോജക്ട് ഡയറക്ടർ, ജില്ലാപഞ്ചായത്ത് സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിനായി 2017-18 മുതൽ 2021-22

വരെയുള്ള പതിമൂന്നാം പദ്ധതിക്കാലത്ത് 68.39 കോടി രൂപ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. പതിമൂന്നാം പദ്ധതിക്കാലയളവിൽ 2011 ലെ ദേശീയ സെൻസസിന്റെ അടിസ്ഥാനത്തിൽ (Socio Economic Caste Census 2011-SECC) തയ്യാറാക്കിയ SECC ലിസ്റ്റിലുൾപ്പെട്ട 997 PMAY ഗുണഭോക്താക്കൾക്കും, സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെട്ട ഗ്രാമപഞ്ചായത്ത് പരിധിയിലെ ഗുണഭോക്താക്കൾക്കും നാല് ലക്ഷം രൂപ വീതം നൽകുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ വിഹിതം 98,000രൂപ വീതം നൽകുന്നതിന് ജില്ലാ പഞ്ചായത്ത് പദ്ധതി തയ്യാറാക്കിയിരുന്നു.

മുൻവർഷങ്ങളിൽ ആരംഭിച്ച് 2016-17വരെയും പൂർത്തീകരിക്കാത്ത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ലൈഫ് മിഷൻ ഒന്നാം ഘട്ട പദ്ധതി, സ്വന്തമായി ഭൂമിയുള്ള ഭവന രഹിതർക്കുള്ള ലൈഫ് മിഷൻ രണ്ടാം ഘട്ടം, ഭൂരഹിത-ഭവന രഹിതർക്കായി ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനുമുള്ള ലൈഫ് മിഷൻ മൂന്നാം ഘട്ട പദ്ധതി എന്നിവയ്ക്കായാണ് 68.39 കോടി രൂപ ജില്ലാ പഞ്ചായത്ത് വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.ദാരിദ്ര്യ നിർ മ്മാർജ്ജന യൂണിറ്റ് പ്രോജക്ട് ഡയറക്ടർ വഴി ചെലവഴിച്ചത് . (തുക ലക്ഷത്തിൽ )

| ലൈഫ് /PMAY | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | ആകെ |
|---|---|---|---|---|---|---|
| ജനറൽ വകയിരുത്തിയത് | 599.1 | 61.5125 | 100 | 879.7 | 862.69718 | 2503.00968 |
| ചെലവഴിച്ചത് | 537.8575 | 61.5125 | 86.55457 | 873.04531 | 858.77718 | 2417.47706 |
| പട്ടികജാതി വകയിരുത്തിയത് | 740.17834 | 467.76316 | 87.7693 | 228.45385 | 923.28474 | 2447.44939 |
| ചെലവഴിച്ചത് | 740.17834 | 132.13282 | 54.4493 | 228.44896 | 857.62184 | 2012.83126 |
| പട്ടികവർഗ്ഗം വകയിരുത്തിയത് | 0 | 0 | 0 | 3.47 | 10. | 13.47 |
| ചെലവഴിച്ചത് | 0 | 0 | 0 | 3.47 | 10. | 13.47 |
| ആകെ വകയിരുത്തിയത് | 1339.27834 | 529.27566 | 187.7693 | 1111.62385 | 1795.98192 | 4963.92907 |
| ആകെ ചെലവഴിച്ചത്. | 1277.76584 | 193.64532 | 141.00387 | 1104.96427 | 1726.39902 | 4443.77832 |

2. സെക്രട്ടറി വഴി വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് നേരിട്ട് നൽകിയത് .(തുക ലക്ഷത്തിൽ )

| ലൈഫ് / PMAY | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | ആകെ |
|---|---|---|---|---|---|---|
| ജനറൽ വകയിരുത്തിയത് | 15.79013 | 1160.8 | 1102.05 | 59.87543 | 18.2 | 2356.71556 |
| ചെലവഴിച്ചത് | 3 | 1160.8 | 685.67272 | 11.86275 | 7.08341 | 1868.41888 |
| പട്ടികജാതി വകയിരുത്തിയത് | 213.31555 | 247.9228 | 271.47834 | 54.73058 | 35.27117 | 822.71844 |
| ചെലവഴിച്ചത് | 165.39275 | 221.34516 | 104.89594 | 14.45941 | 2.96677 | 509.06003 |
| പട്ടികവർഗ്ഗം വകയിരുത്തിയത് | - | 18.04 | - | - | - | 18.04 |

| | | | | | | |
|---|---|---|---|---|---|---|
| ചെലവഴിച്ചത് | - | 18.04 | - | - | - | 18.04 |
| ആകെ വകയിരുത്തിയത് | 229.10568 | 1426.7628 | 1373.52834 | 114.60601 | 53.47117 | 3197.474 |
| ആകെ ചെലവഴിച്ചത്. | 168.39275 | 1400.18516 | 790.56866 | 26.32216 | 10.05018 | 2395.51891 |

ആകെ ചെലവഴിച്ച തുകയുടെ വിവരം .

| ലൈഫ് / PMAY ജില്ലാ പഞ്ചായത്ത് വിഹിതം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | ആകെ |
|---|---|---|---|---|---|---|
| ആകെ വകയിരുത്തിയത് | 1568.38402 | 1956.03846 | 1561.29764 | 1226.22986 | 1849.45309 | 8161.40307 |
| ആകെ ചെലവഴിച്ചത്. | 1446.15859 | 1593.83048 | 931.57253 | 1131.28643 | 1763.4492 | 6839.29723 |
| ശതമാനം | 92.2 | 81.4 | 59.6 | 92.25 | 93.8 | 83.8 |

ഭവന നിർമ്മാണം -വിവിധ പദ്ധതി കണക്കുകൾ .

ഭവന നിർമ്മാണം സംബന്ധിച്ച കണക്കുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ലൈഫ് ഘട്ടം | കരാറിലേർപ്പെട്ടവർ | പൂർത്തീകരിച്ചവർ | ബാക്കി |
|---|---|---|---|---|
| | ഒന്നാംഘട്ടം(Incompleted Houses) | 3073 | 2997 | 76 |
| | രണ്ടാം ഘട്ടം(landed Houses) | 5271 | 5131 | 140 |
| | മൂന്നാം ഘട്ടം(Landless Houses) | 2289 | 1562 | 727 |
| | അഡീഷണൽ ലിസ്റ്റ്(With Landed Houses) | 1194 | 778 | 416 |
| | അഡീഷണൽ ലിസ്റ്റ് (With Landless Houses) | 124 | 44 | 80 |
| | പി.എം.എ.വൈ.(ജി) | 1996 | 1900 | 96 |
| | ആവാസ് പ്ലസ് | 762 | 318 | 444 |
| ആകെ | | 14709 | 12730 | 1979 |

മേൽ സൂചിപ്പിച്ച വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം പതിമൂന്നാം പദ്ധതിക്കാലയളവിൽ ജില്ലാ പഞ്ചായത്ത് വിഹിതം കൂടി വിനിയോഗിച്ച് വിവിധ തദ്ദേശ സ്ഥാപനങ്ങൾ വഴി 12,730 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് മൂന്നാം ഘട്ടത്തിൽ ഭവന രഹിതരായ ഗുണഭോക്താക്കൾക്കായി ഭൂമി വാങ്ങുന്നതിന് തളിക്കുളം, വലപ്പാട്, എളവള്ളി ഗ്രാമപഞ്ചായത്തുകൾക്കായി 2 കോടി രൂപ നൽകിയിട്ടുണ്ട്. വിവിധ തദ്ദേശ സ്ഥാപനങ്ങൾ വഴി സംയുക്ത പദ്ധതികളായി നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികളിൽ കരാറിലേർപ്പെട്ട 1979 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ഇനിയും പൂർത്തീകരിക്കാനുണ്ട്. ഇതിൽ ലൈഫ് ഒന്നാം ഘട്ടത്തിലെ 79 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം

പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. കരാറിലേർപ്പെട്ട മുഴവൻ ഗുണഭോക്താക്കളുടേയും നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കണം. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-12 എടത്തിരുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രം - സാമ്പത്തിക ക്രമക്കേട്

2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 24-01-2023 - ന് എടത്തിരുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ ഓഡിറ്റ് ടീം നേരിട്ട് പരിശോധന നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ പണമിടപാടുകളിലും അക്കൗണ്ടിംഗ് സംവിധാനത്തിലും ഗുരുതരമായ ക്രമക്കേടുകളുള്ളതായും പ്രസ്തുത കാലയളവിലെ സ്ഥാപന മേധാവിയായ സീനിയർ കൃഷി ഓഫീസർ തന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുള്ളതായും കണ്ടെത്തി. രശീതി പുസ്തകങ്ങൾ പ്രകാരം പണമായി ലഭിച്ച തുക ഒന്നരവർഷത്തോളം കാലം ബാങ്കിൽ അടവാക്കിയിട്ടില്ല. ചെലവഴിക്കുന്ന തുകകൾക്ക് കൃത്യമായ കണക്കുകളും വൗച്ചറുകളും സൂക്ഷിച്ചിട്ടില്ല. തുടർന്ന് അന്നേ ദിവസം തന്നെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾക്ക് വിശദീകരണവും അനുബന്ധ രേഖകൾ ഹാജരാക്കുന്നതിനും ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് അന്വേഷണം (നം.30/24-01-2023) നൽകുകയും ചെയ്തു. ഓഡിറ്റ് അന്വേഷണത്തിന് നിലവിൽ ചുമതലയുള്ള സീനിയർ കൃഷി ഓഫീസർ മറുപടിയും ഓഡിറ്റിൽ ആവശ്യപ്പെട്ട വിവിധ രേഖകളും 27-01-2023 – ന് ഈ ഓഡിറ്റ് കാര്യാലയത്തിൽ ഹാജരാക്കിയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുമുള്ള വിവരങ്ങൾ ഈ ഓഫീസിലെ 31-01-2023 തീയതിയിലെ കെ.എസ്.എ.ടി.എസ്.ആർ.ഡി.പി.2-11/2023 നമ്പർ പ്രത്യേക കത്തു പ്രകാരം ബഹു:കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു:ഡയറക്ടറുടെ 27-02-2023 -ലെ ഡി.കെ.എസ്.എ 450/എസ്.എസ്.1/2023 നമ്പർ കത്തു പ്രകാരം മുൻ സീനിയർ കൃഷി ഓഫീസറുടെ എടത്തിരുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലെ സേവനകാലയളവ് പ്രത്യേക പരിശോധനയ്ക്കായി സ്പെഷൽ ഓഡിറ്റ് നടത്തുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയതിൽ നിരവധി അപാകതകൾ കണ്ടെത്തുകയുണ്ടായി. സർക്കാർ ഫാമുകളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച കൃഷി വകുപ്പ് ഡയറക്ടറുടെ 26.6.20ലെ TH(1) 16813/20നമ്പർ സർക്കുലറിൽ നിർദ്ദേശിക്കുന്ന ഭൂരിഭാഗം രജിസ്റ്ററുകളും ഓഡിറ്റ് കാലയളവിൽ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. നിലവിലുള്ള സ്റ്റോക്ക് രജിസ്റ്ററുകളിൽ ഓഡിറ്റ് കാലയളവിലെ ഉൽപ്പാദനം, വാങ്ങലുകൾ എന്നിവയുടെ രേഖപ്പെടുത്തലുകൾ പൂർണ്ണമായും നടത്താതെയും, രജിസ്റ്ററുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്താതെയും സ്റ്റോക്ക് രേഖപ്പെടുത്തലുകളിൽ തന്നെ വെട്ടിത്തിരുത്തലുകൾ നടത്തിയതായും കണ്ടു. വിവിധ നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ചതിന്റെ അളവും, വളം, കീടനാശിനി, കാർഷിക യന്ത്രങ്ങൾക്കാവശ്യമായ ഇന്ധനം എന്നിങ്ങനെ ഓഡിറ്റ് കാലയളവിൽ ഫാമിലേക്കായി വാങ്ങിയതും, ഉപയോഗിച്ചതുമായ വിവിധ ഇനങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്തേണ്ടതായ ഒട്ടുമിക്ക രജിസ്റ്ററുകളും ഫാമിൽ സൂക്ഷിച്ചിട്ടില്ല . ആയതിനാൽ ഇക്കാലയളവിൽ ഉൽപ്പാദിപ്പിച്ച നടീൽ വസ്തുക്കളുടെ അളവും, ബിൽ പ്രകാരം വാങ്ങിയ ഇനങ്ങളുടെ ഉപയോഗവും പൂർണ്ണമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിലെ സുതാര്യത ഉറപ്പ് വരുത്താനായിട്ടില്ല.

ഫാമിന്റെ രസീതി പിരിവ് അവയുടെ ഒടുക്ക്, 2021-22 സാമ്പത്തിക വർഷത്തെദൈനംദിനചെലവുകളുടെ വൗച്ചറുകളും അനുബന്ധരേഖകളും എന്നിവയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ ഗുരുതരമായ ക്രമക്കേടുകളുടെ വിവരങ്ങൾ ഉപഖണ്ഡികകളിൽ ചേർക്കുന്നു.

1-12-1 എടത്തിരുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രം പിരിച്ചെടുത്ത തുകകൾ ബാങ്കിൽ അടവാക്കുന്നതിൽ ഗുരുതരമായ ക്രമക്കേട്

എ) രസീതി പ്രകാരം പണമായി പിരിച്ചെടുത്ത 386515.5 രൂപ ബാങ്കിൽ അടവാക്കിയില്ല

തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ നിന്നും എടത്തിരുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലേയ്ക്ക് അനുവദിച്ച രസീതി പുസ്തകങ്ങൾ, ജില്ലാ പഞ്ചായത്തിലേയ്ക്ക് തുകകൾ അടവാക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തിയ

റെമിറ്റൻസ് രജിസ്റ്റർ, ഫാമിലെ പണമിടപാടുകൾക്കായി ഇരിഞ്ഞാലക്കട എസ്.ബി.ഐ ബാങ്കിൽ സീനിയർ കൃഷി ഓഫീസറുടെ പേരിലുള്ള അക്കൗണ്ട് നം.67245515265 – ന്റെ പാസ്സ് ബുക്ക് എന്നിവ ഓഡിറ്റിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച രസീതി പുസ്തകം നം.417, 437, 36, 68, 813, 846, 854, 861, 872, 873 880, 881, 273 (രസീതി നം.75/19-09-2022 വരെ) എന്നിവ യഥാക്രമം 23-08-2018 മുതൽ 19-09-2022 വരെയുള്ള കാലയളവിൽ ഫാമിൽ ഉപയോഗിച്ചിട്ടുണ്ട്. ടി രസീതി പുസ്തകങ്ങൾ പ്രകാരമുള്ള വരവ്, അവയുടെ ഒടുക്ക് എന്നിവ ഓഡിറ്റിൽ പരിശോധിച്ചു.

പരിശോധനയിൽ 417, 437, 36, 68, 813 – ലെ രസീതി നം.86/11-08-2020 വരെയുള്ളവയിലെ രസീതി പുസ്തക വരവുകൾ കൃത്യമായി കണക്കാക്കി ഫാമിലെ പണമിടപാടുകൾക്കായി ഇരിഞ്ഞാലക്കട എസ്.ബി.ഐ ബാങ്കിൽ സീനിയർ കൃഷി ഓഫീസറുടെ പേരിലുള്ള അക്കൗണ്ടിൽ (നം.67245515265) നിക്ഷേപിക്കുകയും തുടർന്ന് എസ്.ബി.ഐ ബാങ്ക് അക്കൗണ്ടിന്റെ ചെക്ക് മുഖേന ജില്ലാ പഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ കാലയളവിലെ രസീതി പുസ്തകങ്ങൾ പ്രകാരമുള്ള വരവിന്റെ വിശദാംശങ്ങൾ റെമിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക ബാങ്കിൽ അടവാക്കുന്നതിന്റെ യാതൊരു വിവരങ്ങളും റെമിറ്റൻസ് രജിസ്റ്ററിലോ കാഷ് ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല. ഓരോ രസീതി ലീഫുകളുടെയും പുറകിൽ മാത്രമാണ് തുകകൾ കണക്കാക്കി ബാങ്കിൽ അടവാക്കിയതായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരാരും സാക്ഷ്യപ്പെടുത്താതെ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നുപയോഗിച്ച രസീതി പുസ്തകം നം.813 – ലെ രസീതി നം.87/11-08-2020 മുതൽ, 846, 854, 861, 872, 873 880, 881, 273 (രസീതി നം.75/19-09-2022 വരെ) - ലെ വരവുകൾ യഥാസമയം എസ്.ബി.ഐ അക്കൗണ്ടിൽ അടവാക്കിയിട്ടില്ലാത്തതായും അടവാക്കിയ തുകയിൽ 3,86,515.5 രൂപ കുറവുള്ളതായും കാണാൻ കഴിഞ്ഞു. രസീതി പ്രകാരം പിരിച്ച തുകയുടെയും ബാങ്കിൽ അടവാക്കിയതിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ഉപയോഗിച്ച രസീതി പുസ്തകങ്ങൾ | 813 – ലെ രസീതി നം.87/11-08-2020 മുതൽ രസീതി പുസ്തകം നം.846, 854, 861, 872, 873 880, 881, 273 (രസീതി നം.75/19-09-2022 വരെ) | കുറിപ്പ്: രസീതി പുസ്തകം നം.872 ലെ രസീതി നം.67 ന്റെ അസ്സലും ഡ്യൂപ്ലിക്കേറ്റും രസീതി പുസ്തകത്തിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രസീതി പ്രകാരം 20രൂപയുടെ കളക്ഷൻ ആണെന്ന് റെമിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീതിയുടെ അസ്സൽ സൂക്ഷിക്കാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. |
| മേൽ രസീതികൾ പ്രകാരം പണമായി പിരിച്ചെടുത്ത തുക** | ₹ 5,97,263.5 | കുറിപ്പ്: ഫാമുല്പന്നങ്ങൾ ക്രെഡിറ്റ് സെയിൽ ചെയ്ത വകയിൽ ബാങ്കിൽ NEFT ആയി ലഭിച്ചത് റസീപ്റ്റ് ചെയ്ത തുകകൾ, ഫാമിലെ തൊഴിലാളികൾക്ക് ഫാമുല്പന്നങ്ങൾ വിറ്റത് സാലറി കട്ടിംഗ് ആയി എഴുതി റസീപ്റ്റ് ചെയ്ത തുകകൾ എന്നിവ ഒഴികെ പണമായി പിരിച്ചെടുത്ത തുക |
| ബാങ്കിൽ അടവാക്കിയ ആകെ തുക* | ₹ 2,10,748 | കുറിപ്പ്: വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർത്തിട്ടുണ്ട് |

| | | |
|---|---|---|
| ബാങ്കിൽ അടവാക്കിയതിൽ കുറവ് | ₹ 3,86,515.5 | കുറിപ്പ്:₹ 5,97,263.5 - ₹ 2,10,748 = ₹ 3,86,515.5 |

* അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചത് പ്രകാരം തുക ബാങ്കിൽ അടവാക്കിയതിന്റെ (Cash Deposit) വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | എസ്.ബി.ഐ അക്കൗണ്ട് നം. നം.67245515265 – ൽ അടവാക്കിയ തീയതി | തുക (₹) |
|---|---|---|
| 1 | 12-11-2020 | 18500 |
| 2 | 23-12-2020 | 96000 |
| 3 | 28-01-2021 | 49000 |
| 4 | 05-02-2021 | 13000 |
| 5 | 03-11-2022 | 34248 |
| | ആകെ അടവ് | 210748 |

ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചത് പ്രകാരം 05-02-2021 ന് ശേഷം 03-11-2022 വരെ ഒന്നര വർഷത്തോളം പണമായി റസീപ്റ്റ് ചെയ്ത തുകകൾ ബാങ്കിൽ അടവാക്കിയിട്ടില്ല എന്ന ബോധ്യപ്പെട്ടു. കൂടാതെ ബാങ്കിൽ അടവാക്കിയതായി രേഖപ്പെടുത്തിയ തുകകൾ ഏതു രസീതി മുതൽ ഏതു രസീതികൾ വരെയുള്ള വരവാണെന്നതിന്റെ യാതൊരു രേഖപ്പെടുത്തലുകളും റെമിറ്റൻസ് രജിസ്റ്ററിലോ കാഷ്ബുക്കിലോ ഇല്ല. മുൻപ് 08/2020 വരെ ചെയ്തിരുന്നു പോലെ രസീതി ലീഫിന്റെ പുറകിലും കണക്കു കൂട്ടിയിട്ടില്ല. നിശ്ചിത തീയതി മുതൽ നിശ്ചിത തീയതി വരെ അഥവാ നിശ്ചിത രസീതി മുതൽ നിശ്ചിത രസീതി വരെയുള്ള തുകകൾ കണക്കാക്കി അടവാക്കാതെ പട്ടികയിലെ ക്രമ നം.1 മുതൽ 4 വരെയുള്ള തുകകൾ ബാങ്കിൽ വിവിധ പൂർണ്ണസംഖ്യകളായി അടവാക്കുകയാണ് ചെയ്തിട്ടുള്ളത്. ക്രമ നം.5 പ്രകാരമുള്ള 34248 രൂപ ഏതു രസീതുകൾ പ്രകാരമുള്ള തുകയാണെന്നതും വ്യക്തമല്ല. ബാങ്ക് പാസ്സ് ബുക്ക് പ്രകാരം "CASH DEPOSIT SANJU S" എന്നാണ് Details കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കാഷ് ബുക്കിൽ 34248 രൂപ 03-11-2022 തീയതിയിൽ "Cash Receipt To Bank (By Sanju)" എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും വിവിധ രശീതികൾ പ്രകാരം പിരിച്ചെടുത്ത 386515.5 രൂപ ബാങ്കിൽ അടവാക്കാതിരുന്നതിന്റെ വിശദീകരണവും ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (നം.5/17-03-2023) നൽകിയെങ്കിലും വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. 2022-23 വർഷാവസാനത്തിൽ തിരക്കിട്ട ജോലികളിൽ ഏർപ്പെട്ടിരിക്കുന്നത് കൊണ്ട് ഫാമിലെ രേഖകൾ പരിശോധിച്ച് മറുപടി നൽകുന്നതിന് 2 മാസത്തെ സമയം അനുവദിക്കണമെന്നാണ് 23-03-2023 ലെ ശ്രീമതി സഞ്ജു സൂസൻ മാത്യൂ, മുൻ സീനിയർ കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ബി) രസീതികൾ പ്രകാരം പിരിച്ചെടുത്ത തുകകൾ ബാങ്കിൽ അടയ്ക്കാതെ ബാങ്കിലെ നീക്കിയിരിപ്പ തുകയിൽ നിന്നും ചെക്കു മുഖേന ജില്ലാ പഞ്ചായത്തിൽ അടവാക്കി

രശീതി പുസ്തകങ്ങൾ പ്രകാരം പിരിച്ചെടുത്ത മുഴുവൻ തുകയും ബാങ്കിൽ അടവാക്കിയിട്ടില്ലെങ്കിലും ഉപ ഖണ്ഡിക (1) – ൽ പരാമർശിച്ച നിശ്ചിത കാലയളവുകളിലെ രസീതി പ്രകാരമുള്ള വരവ് (പണമായും NEFT ആയും ലഭിച്ചത്) കണക്കാക്കി എസ്.ബി.ഐ അക്കൗണ്ടിൽ നിന്നും ജില്ലാ പഞ്ചായത്തിലേയ്ക്ക് ചെക്ക് മുഖേന അടവാക്കുകയും ആയത് റെമിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സീനിയർ കൃഷി ഓഫീസറുടെ ചെക്ക് മുഖേന ജില്ലാ പഞ്ചായത്തിൽ തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ :-

| ചെക്ക് നം./തീയതി | തുക | ജില്ലാ പഞ്ചായത്ത് സാംഖ്യ റസീപ്റ്റ് നം./തീയതി |
|---|---|---|
| 709674/17-02-2021 | 319624 | 120060500065/31-03-2021 |


| | | |
|---|---|---|
| 709689/31-03-2021 | 1721294 | 120060500089/31-03-2021 |
| 709693/28-06-2021 | 65965 | 121060500018/11-08-2021 |
| 709699/16-08-2021 | 16166 | 121060500019/16-08-2021 |
| 709704/15-11-2021 | 15301 | 121060500049/16-11-2021 |
| 709709/17-12-2021 | 28113 | 121060500060/17-12-2021 |
| 707913/07-02-2022 | 24121 | 121060500082/07-02-2022 |
| 531095/31-03-2022 | 914304 | 122060100001/01-04-2022 |
| 531096/31-03-2022 | 82000 | 122060500009/23-04-2022 |
| 531097/22-04-2022 | 144981 | 122060500010/23-04-2022 |
| 531098/23-06-2022 | 10712 | 122060500027/23-06-2022 |
| 531101/23-06-2022 | 10757 | 122060500026/23-06-2022 |
| 531108/19-09-2022 | 55347 | 122060500057/27-10-2022 |
| | 3408685 | |

രശീതി പ്രകാരം പിരിച്ച തുക സീനിയർ കൃഷി ഓഫീസറുടെ പേരിലുള്ള എസ്.ബി.ഐ ബാങ്കിൽ കൃത്യമായും പൂർണ്ണമായും അടവാക്കാതെ ബാങ്ക് അക്കൗണ്ടിൽ വിവിധ കൃഷിഭവനകൾ/മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് ഫാമുല്പന്നങ്ങൾ ക്രെഡിറ്റ് സെയിൽ ചെയ്ത വകയിൽ ബാങ്കിൽ നേരിട്ട് NEFT ആയി വന്ന തുകകളും ബാങ്ക് പലിശയും ചേർന്നുണ്ടായിരുന്ന നീക്കിയിരിപ്പ് തുകയിൽ നിന്നും ചെക്കു മുഖേന ജില്ലാ പഞ്ചായത്തിൽ അടവാക്കുകയുമാണ് ചെയ്തത്.

2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം കാഷ്, മണി ഓർഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500 രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ് . വിദൂര പ്രദേശങ്ങളായി സർക്കാർ നോട്ടിഫൈ ചെയ്യുന്ന പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ തുക അടയ്ക്കുന്നതിനുള്ള പരമാവധി സമയം ഒരാഴ്ച ആയിരിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട് . എന്നാൽ എടത്തിരുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ രശീതി പ്രകാരം പണമായി പിരിച്ചെടുത്ത തുകകൾ 05-02-2021 – ന ശേഷം 03-11-2022 വരെ ഒന്നര വർഷത്തോളം കാലം ബാങ്കിൽ അടവാക്കാതിരിക്കുകയും പിരിച്ചെടുത്ത തുകകൾ മുഴുവനായും ബാങ്കിൽ അടവാക്കാതെ വിവിധ പൂർണ്ണസംഖ്യകളായി മുൻപ് അടവാക്കിയതും ഗുരുതരമായ ക്രമക്കേടാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

<u>സി) ചെക്ക് ഇഷ്യൂ ചെയ്തതിന്റെ വിവരം ലഭ്യമല്ല</u>

സ്ഥാപനത്തിലെ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം 19-09-2022 – ന് 531109 നമ്പർ ചെക്ക് ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആർക്ക് നൽകിയതാണെന്നോ എത്ര തുകയാണെന്നോ ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ചെക്ക് ബുക്കിന്റെ റെക്കോർഡ് സ്ലിപ്പ് രേഖപ്പെടുത്തിയ പേജ് പരിശോധിച്ചപ്പോൾ തീയതി രേഖപ്പെടുത്താതെ താഴെ കാണുന്ന രീതിയിൽ മുൻ സീനിയർ കൃഷി ഓഫീസറുടെ പേര് പെൻസിൽ കൊണ്ട് രേഖപ്പെടുത്തിയതായും കണ്ടു.


अभिलेख पर्ची RECORD SLIP

| चैक क्र. CHEQUE NO. | दिनांक DATE | के पक्ष में IN FAVOUR OF | चैक राशि CHEQUE AM |
|---|---|---|---|
| 531102 | 23-07-2022 | KSEB, Katoor | 657 |
| 531103 | 03-09-2022 | KSEB kattoor | 17101 |
| 531104 | 03-09-2022 | Senier Agricultral officer Mannuthy(NEFT) | 1200 |
| 531105 | 03-09-2022 | Kerala Water Authority | 1272 |
| 531106 | 03-09-2022 | kerala water Authority | 151 |
| 531107 | 13-09-2022 | SELF ONACHANDA 2022-23 | 50688 |
| 531108 | 19-09-2022 | Sec, Dist. Panchayath Tcr. | 55347. |
| 531109 | | Sanju Susan mathew | |
| 531110. | 19-11-22 | Sec, Dist. Panchyt - Tcr | 361307 |
| 531111 | 19-12-22 | Sec, Dist. Panchyt - Tcr | 16259. |
| 531112 | 23-01-23 | Sec, Dist. Panchyt - Tcr. | 10025. |

ഓഡിറ്റ് അന്വേഷണം നം.30/24-01-2023 – ന്റെ മറുപടിയിൽ പ്രസ്തുത ചെക്ക് പ്രകാരം 14,137 രൂപ

VFPCK – യ്ക്ക് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ചെക്ക് ലീഫിലെ തിയതി സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാലും നാളിതുവരെ പ്രസ്തുത ചെക്ക് പ്രകാരം തുക പിൻവലിച്ചിട്ടില്ലാത്തതിനാലും ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാലും നിർവ്വഹണോദ്യോഗസ്ഥയുടെ മറുപടി അംഗീകരിക്കാവുന്നതല്ല.

സ്ഥാപനത്തിൽ ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജിച്ച് നൽകിയിട്ടില്ലാത്തതിനാൽ സാമ്പത്തിക ക്രമക്കേടിന് ഉത്തരവാദി ആരെന്ന് നിർണ്ണയിക്കാൻ ഓഡിറ്റിന് സാധ്യമായിട്ടില്ല. രസീതികൾ പ്രകാരം പിരിച്ചെടുത്ത തുകകൾ ബാങ്കിൽ അടവാക്കുന്നുണ്ടോ എന്നുറപ്പ് വരുത്താതെയാണ് സീനിയർ കൃഷി ഓഫീസർ ചെക്കു മുഖേന ബാങ്കിലെ നീക്കിയിരിപ്പ് തുകയിൽ നിന്നും ജില്ലാ പഞ്ചായത്തിൽ അടവാക്കിയിരുന്നത് . ആയതിനാൽ ബാങ്കിൽ അടവാക്കാതിരുന്ന ₹3,86,515.5 രൂപ പ്രസ്തുത കാലയളവിലെ സ്ഥാപന മേധാവിയായ സീനിയർ കൃഷി ഓഫീസറിൽ നിന്നും ഈടാക്കി ബാങ്കിൽ അടവാക്കേണ്ടതും ബാങ്കിൽ നേരിട്ട് NEFT ആയി വന്ന് റസീപ്റ്റ് ചെയ്യാത്തവ കണ്ടെത്തി ക്രമീകരിച്ച് ജില്ലാ പഞ്ചായത്തിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഫാമുകളിൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുന്നതിനും കൃഷിഫാമുകളുടെ കാര്യക്ഷമമായ നടത്തിപ്പിന് ഫാമുകളിലെ പ്രവർത്തനങ്ങൾ , ഉല്പാദനം, വില്പന മുതലായവയുൾപ്പെടെ ഏകീകരിച്ച് പൊതുസംവിധാനം ഏർപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-12-2 എടത്തിരുത്തി സംസ്ഥാനവിത്തുല്പാദന കേന്ദ്രത്തിന്റെ ദൈനംദിന ചെലവുകൾക്കായി നടപ്പാക്കിയ പദ്ധതിയിൽ വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല, കൃത്യമായ രേഖകളില്ല

പ്രൊജക്റ്റിന്റെ പേര്-സംസ്ഥാനവിത്തുല്പാദന കേന്ദ്രം എടത്തിരുത്തി 2021-22-ദൈനംദിനചെലവുകൾ
പ്രൊജക്റ്റ് നം 257/22,
നിർവ്വഹണം-സീനീയർ കൃഷി ഓഫീസർ,സംസ്ഥാന വിത്തുല്പാദനകേന്ദ്രം ,എടത്തിരുത്തി
അടങ്കൽ -മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് -5,50,000/- ചെലവ്- 5,50,000/-

എടത്തിരുത്തി സംസ്ഥാനവിത്തുല്പാദന കേന്ദ്രത്തിന്റെ ദൈനംദിന ചെലവുകൾക്കായുള്ള പ്രൊജക്റ്റ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് ഫണ്ടിൽനിന്നും ട്രഷറിബിൽ പ്രകാരം പിൻവലിച്ച തുകകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

I) താഴെപറയുന്ന പ്രകാരം വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല, വൗച്ചറുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫക്കറ്റ് ഇല്ല.

| ക്രമനം | ട്രഷറിബിൽ നം/ തുക | സബ് വൗച്ചർ നം/ | ഇൻവോയ്സ് / ബില്ല് നം/ തിയതി | ചെലവിന്റെ വിശദാംശങ്ങൾ | തുക |
|---|---|---|---|---|---|
| 1 | 1/2021-22 /തുക75943 | 11/ 31.5.2021 | C/415/ 31.5.21 | കള്ളപ്പറമ്പിൽ ട്രേഡേഴ്സ്, നഴ്സറി ബാഗ് 25kg | 3375 |
| 2 | | 15/ 8.6.2021 | C/493/8.6.21 | കള്ളപ്പറമ്പിൽ ട്രേഡേഴ്സ്, നഴ്സറി ബാഗ് 5kg | 675 |
| 3 | 2/2021-22/ തുക40837 | 2/28.6.21 | 2544/ 28.6.21 | ട്രാക്ടർ സ്പെയർപാർട്സ്, 9 Nos ക്ലാസ്സിക് ട്രാക്ടേഴ്സ് | 1878 |
| 4 | | 10/9.7.21 | 413/k/37 | KAU,ATIC-പച്ചക്കറി | 6200 |

| | | | | | |
|---|---|---|---|---|---|
| | | | /9.7.21 | വിത്തുകൾ | |
| 5 | 3/2021-22/ തുക3670 | 4/12.7.21 | B2C/757 /21-22 | പോൾജോ വ്യാപാർ, PRY Tufles Sheet, 1 Roll | 2700 |
| 6 | 6/2021-22/ തുക32239 | 6/25.8.21 | 684 | അന്യൂറ ട്രേഡേഴ്സ്, സുതാലി,പ്ലാസ്റ്റിക്ക്കയർ, ഫിഷിംഗ് റോപ് | 1312 |
| 7 | | 7/25.8.21 | 685 | അന്യൂറ ട്രേഡേഴ്സ്,സിൽപോളിൻ, സ്റ്റിക്കർ,ലോക്ക് | 290 |
| 8 | 7/2021-22 /തുക79597 | 18/ 3.11.21 | 1194/ 3.11.21 | അന്യൂറ ട്രേഡേഴ്സ്, സ്പാനർ,സുതാലി,റോപ് | 1922 |
| 9 | | 24/ 11.11.21 | 2363/ 11.11.21 | ആഞ്ഞിപറമ്പിൽ ട്രേഡേഴ്സ്,ഫ്ലവർ സീഡ് 10 Pkt | 520 |
| 10 | 8/2021-22 /തുക57779 | 6/ 18.11.21 | 82/ 18.11.21 | കൃപ പോളി പാക്സ് PPബാഗ്സ് 480 Nos | 14726 |
| 11 | ,, ,, | 5/17.11.21 | 1322 | അന്യൂറ ട്രേഡേഴ്സ്, റോപ്,പ്ലാസ്റ്റിക്ക് ഫിഷിംഗ് റോപ്പ് | 1186 |
| 12 | 9/2021-22/ 32486 | 1/ 27.11.21 | 343/k/97/ 27.11.21 | KAU,RARS,പീലീക്കോട്- ജൈവ,ജപ്പാൻ വയലറ്റ്, 3kg | 154 |
| 13 | | 23/ 19.1.22 | 774/ 19.1.22 | താടിക്കാരൻ ഏജൻസീസ്, 24 D Agan Herbicide lkg | 440 |
| 14 | 10/2021-22 /തുക43893 | 5/18.1.22 | 37/21-22 /18.1.22 | സ്റ്റേറ്റ് ബയോഫെർട്ടിലൈസേഴ്സ് ലാബ്-അസോസ്പിറില്ലം 50kg<br>VAM-150kg | 10000 |
| 15 | | 8/29.1.22 | 2114/ 29.1.22 | അന്യൂറ ട്രേഡേഴ്സ്- ഫിഷ്നെറ്റ്,റോപ്,GI Wire Etc | 3799 |
| 16 | | 9/29.1.22 | 106/21-22 /29.1.22 | സ്റ്റേറ്റ് സീഡ് ഫാം,ഒക്കൽ പച്ചക്കറി വിത്തുകൾ | 386 |
| 17 | 11/2021-22 /തുക31410 | 7/ 5.2.22 | KBKEKM/21-22 /1549/ 5.2.22 | VFPCK-പച്ചക്കറി വിത്തുകൾ | 535 |
| 18 | | 8/ | 2240/ | അന്യൂറ ട്രേഡേഴ്സ്- | 1436 |

| | | | | | |
|---|---|---|---|---|---|
| | | 9.2.22 | 9.2.22 | തിന്നർ,സുതാലി,ജിഐ വയർetc | |
| 19 | | 11/9.2.22 | T-3574/9.2.22 | തട്ടിൽ ഏജൻസീസ് 63mmPVC Pipe,elbow Etc | 1128 |
| 20 | | 14/ 15.2.22 | 52117/ 15.2.22 | നീതിസ്റ്റോർ -ബെല്ലം ലൂസ് 10kg | 450 |
| 21 | | 16/ 16.2.22 | 52308/ 16.2.22 | നീതിസ്റ്റോർ -ബെല്ലം ലൂസ് 32kg | 1440 |
| 22 | | 19/ 17.2.22 | KBKEKM/21-22 1642/ 17.2.22 | VFPCK അമരാന്തസ് വിത്ത്50g | 70 |
| 23 | | 20/ 19.2.22 | 123/20-21/ 19.2.22 | SSF, ഒക്കൽ,അമരാന്തസ് വിത്ത് 100g | 145 |
| 24 | | 30/ 25.2.22 | T-3865/ 25.2.22 | തട്ടിൽ ഏജൻസീസ് , 2.5mm വയർ, സ്റ്റാർബോണ്ട് അഡ്ഹസീവ് | 2760 |
| 25 | 12/2021-22 /തുക117636 | 14/ 18.3.22 | B-0846/ 18.3.22 | RCR Marketing,Kana Flex 1" Hose ,1 No | 2040 |
| 26 | | 31/ 18.3.22 | B2C/2717 /21-22/18.3.22 | പോൾജോ വ്യാപാർ,സ്പ്രിങ്കളർ യൂണിറ്റ് | 2480 |
| 27 | | 32/ 18.3.22 | B2C/2718 /21-22/18.3.22 | പോൾജോ വ്യാപാർ,മിസ്റ്റ് 7&കണക്റ്റർ | 4250 |
| 28 | | 34/ 19.3.22 | 38/K/172 /21-22/19.3.22 | KAU സെന്ട്രൽ നഴ്സറി,സീഡ്‌ലിംഗ്സ് | 11455 |
| 29 | | 35/ 19.3.22 | 2659/ 19.3.22 | അന്നൂറ ട്രേഡേഴ്സ്- വയർ,റോപ്,സുതാലി | 2350 |
| 30 | | 38/ 21.3.22 | 2680/ 21.3.22 | അന്നൂറ ട്രേഡേഴ്സ്- സുതാലി,ഹാമർ,യാൺ | 1100 |
| | | | | ആകെ = 81202 | |

81202 രൂപയുടെ വാങ്ങലുകളുടെ സ്റ്റോക്ക് കൃത്യമായി തയ്യാറാക്കിയിട്ടില്ല

Ii)താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം തെങ്ങിൻതൈകൾ കൊണ്ടുപോയതിന് വാഹനവാടക കൊടുത്തിട്ടുണ്ട്. ആയതിന് രശീതിമാത്രമാണുള്ളത്, ട്രിപ്പ് ഷീറ്റ് ഇല്ല, രശീതികളിൽ വണ്ടി നമ്പർ, എവിടെനിന്നും എവിടേക്ക് തെങ്ങിൻതൈകൾ കൊണ്ടുപോയി എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ട്രഷറിബിൽ നം 7/2021-22/തുക79597

| ക്രമനം | സബ് | തുകകൈപ്പറ്റിയ | തുക |
|---|---|---|---|

| | വൗച്ചർ തിയതി | വ്യക്തി | |
|---|---|---|---|
| 1 | 1/25.9.21 | രാജേഷ് കെ.ആർ | 320 |
| 2 | 3/8.10.21 | ഷെരീഫ് പി എ | 800 |
| 3 | 4/8.10.21 | ഷെരീഫ് പി എ | 550 |
| ആകെ =1350 | | | |

Iii)ട്രഷറിബിൽ നം 7/2021-22/തുക79597,

സബ് വൗച്ചർ 7/14.10.2021 പ്രകാരം ബിജു എ എം അറക്കപ്പറമ്പിൽ എന്ന വ്യക്തിക്ക് വലിയ തെങ്ങുകൾ കയറിയ വകയിൽ 1995/-രൂപ അനുവദിച്ചിട്ടുണ്ട്. ലഭിച്ച തേങ്ങകൾ സ്റ്റോക്കിലെടുത്തിട്ടില്ല

Iv) ട്രഷറിബില്ലുകളോടൊപ്പമുള്ള സ്റ്റേറ്റ്മെന്റുകൾ പ്രകാരമുള്ള താഴെ പറയുന്ന സബ് വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | ട്രഷറിബിൽ നം | സബ് വൗച്ചർ | വിശദാംശങ്ങൾ | തുക |
|---|---|---|---|---|
| 1 | 1/2021-22/തുക, 75943 | 17.4.21 മുതൽ 29.6.21വരെ | 17.4.21 മുതൽ 29.6.21വരെയുള്ള ചെലവുകൾ | 61,996 |
| 2 | 4/2021-22/തുക, 2495 | 1,2,3/1.6.21 4/15.7.21 | KSEB കാട്ടൂർ, വൈദ്യുതി ചാർജ് | 784+682+289+740 = 2495/- |
| 3 | 5/2021-22/തുക, 29893 | ലഭ്യമല്ല | സീ.കൃഷി ഓഫീസറുടെ പേരിൽ പിൻവലിച്ച 1855രൂപയിൽ 1519രൂപക്കുമാത്രമേ വൗച്ചറുകളുള്ളൂ | 336 |
| 4 | 6/2021-22 /തുക32239, | 15/ 15.9.2021 | സായൂജ് കുമാർ - 2kg ബ്ലാക്ക് റൈസിന്റെ വില | 498/- രൂപ |
| 5 | 9/2021-22 /32486 | 11/23.12.21 | ഒയാസിസ്ഡിസ്ട്രിബ്യൂട്ടേഴ്സ് , കുടിവെള്ളം 20 L | 60 |
| 6 | 13/2021-22 2122 | 4/ 22.3.2022 | അന്നൂറ ട്രേഡേഴ്സ്, ബില്ല് നം 2680 സുതാലി Etc | 230 |
| 7 | | 5/ 22.3.2022 | കാർത്തികേയൻ- കുത്താമ്പാര വാടക 2 ദിവസം | 100 |
| ആകെ = 65715 | | | | |

65715 രൂപയുടെ ചെലവിന്റെ രേഖകളില്ല

മേൽപറഞ്ഞ കാരണങ്ങളാൽ 81202+65715+1350+1995=150262/- രൂപയുടെ ചെലവ് ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് അന്വേഷണം 42/24.3.2023)

മതിയായ രേഖകളും രജിസ്റ്ററുകളും ഹാജരാക്കി തടസ്സം ഒഴിവാക്കാത്ത പക്ഷം രേഖകളില്ലെന്ന അനുമാനത്തിൽ മേൽ ചെലവുതുകകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

1-12-3 എടത്തിരുത്തി വിത്തുൽപ്പാദന കേന്ദ്രം-ഓഡിറ്റ് നിരീക്ഷണങ്ങൾ ശുപാർശകൾ

കോവിഡ് നിയന്ത്രണങ്ങൾക്ക് ശേഷം കാർഷിക പ്രവർത്തനങ്ങൾ പുനരാരംഭിച്ച എടത്തിരുത്തി വിത്തുൽപ്പാദന കേന്ദ്രത്തിൽ ജില്ലാ പഞ്ചായത്തിന്റെ മറ്റ് ഫാമുകളിലേതു പോലെ ശരാശരി അളവിൽ നടീൽ വസ്തുക്കളും, വിത്തുകളും, ഫലവൃക്ഷത്തൈകളും ഉൽപ്പാദിപ്പിക്കേണ്ടതായിരുന്നു. എന്നാൽ നെൽവിത്ത്, തെങ്ങിൻ തൈകൾ, ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, കുരുമുളക്, മറ്റ് ഫലവൃക്ഷത്തൈകൾ എന്നിവയുടെ ഉൽപ്പാദനത്തിലും, ഈയിനത്തിലുള്ള വരുമാനത്തിലും ഗണ്യമായ കുറവ് 2021-22 വർഷത്തിൽ എടത്തിരുത്തി വിത്തുൽപ്പാദന കേന്ദ്രത്തിൽ ഉണ്ടായിട്ടുണ്ട്.

ഫാമിന്റെ ഉൽപ്പാദന പ്രക്രിയയിൽ കാര്യക്ഷമമായി ഇടപെടുകയും രജിസ്റ്ററുകളും രേഖകളും ശരിയായി പരിപാലിക്കുകയും, ഫാം പ്രവർത്തനത്തിനാവശ്യമായ സാമഗ്രികളുടെ വാങ്ങൽ, ഉൽപ്പാദനം, വിൽപ്പന എന്നിവ ശരിയായി അക്കൗണ്ട് ചെയ്ത് പൊതുപണം നഷ്ടപ്പെടാതിരിക്കാനുള്ള ഉത്തരവാദിത്തവും ചുമതലയും നിർണ്ണയിച്ച് നൽകുകയും, അവ യഥാസമയം നിർവ്വഹിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കേണ്ട ചുമതലയും ഓഡിറ്റ് കാലയളവിലെ ഓഫീസ് മേധാവിയായ സീനിയർ കൃഷി ഓഫീസർ നിർവ്വഹിച്ചതായി കാണുന്നില്ല. ദൈനം ദിന ഫാം പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിലും കാർഷിക പ്രവർത്തനങ്ങളെ ഏകോപ്പിപ്പിക്കുന്നതിലും ഉണ്ടായ അലംഭാവവും, കെടുകാര്യസ്ഥതയും കണക്കില്ലായ്മയ്ക്ക് വഴി വയ്ക്കുകയും, ഇക്കാലയളവിൽ പൊതുപണത്തിന്റെ അപഹരണം ഉണ്ടായതായും കണ്ടു. ഇതുമൂലം ഫാമിന്റെ ഉൽപ്പാദനത്തിലും, വരുമാനത്തിലും ഭീമമായ കുറവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഫാം പ്രവർത്തനത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് നിരവധി പരാതികൾ ജില്ലാ പഞ്ചായത്തിനും മാതൃ വകുപ്പിനും ലഭിച്ചിരുന്നതായും എന്നാൽ ക്രിയാത്മകമായ തുടർ നടപടികൾ ഉണ്ടായില്ല എന്നും ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. പരാതികൾ പരിഹരിക്കുന്നതിനും പ്രവർത്തനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനും ഫാം കൗൺസിലിൽ തീരുമാനങ്ങളെടുത്തതായും കാണുന്നില്ല.

ആവശ്യമായ രജിസ്റ്ററുകൾ സ്ഥാപനത്തിൽ സൂക്ഷിക്കാത്തത്, സ്റ്റോക്ക് രജിസ്റ്ററുകളിലേയും അനുബന്ധ രജിസ്റ്ററുകളിലേയും രേഖപ്പെടുത്തലുകളുടെ അഭാവം, പദ്ധതി/പദ്ധതിയേതര ചെലവുകളുടെ ബില്ലുകൾ ശരിയായി സൂക്ഷിക്കാത്തത്, സാമ്പത്തിക ഇടപാടുകളിലെ ഗുണഭോക്താക്കളുടെ അക്കൗണ്ട് വിവരങ്ങൾ പരിശോധിക്കുന്നതിന് പാസ്ബുക്ക് പകർപ്പുകൾ ഹാജരാക്കാത്തത്, കൈപ്പറ്റ് രസീതുകൾ ഇല്ലാത്തത്, വിവിധ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടാത്തത്, രജിസ്റ്ററുകളിൽ തിരുത്തലുകൾ വരുത്തിയത്, ബില്ലുകളിലും സബ് വൗച്ചറുകളിലും സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്താത്തത്, രജിസ്റ്ററുകൾ അപ്ഡേറ്റ് ചെയ്ത് സാക്ഷ്യപ്പെടുത്താത്തത്, പണം വരവ്, ഒടുക്കൽ, ചെലവ് എന്നിവ ശരിയായി കാഷ് ബുക്കിൽ രേഖപ്പെടുത്താത്തത്, ദൈനം ദിന ക്ലോസിംഗ്/ബാങ്ക് റീകൺസീലിയേഷൻ നടത്താത്തത്, പിരിച്ചെടുത്ത പണം യഥാസമയം അടവാക്കാതെ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയത്, ലേലം/ ക്വട്ടേഷൻ ഫയലുകൾ, കൃഷി വകുപ്പിന്റെ സംഭരണ കേന്ദ്രങ്ങളിൽ നിന്നും തെങ്ങിൻ തൈ ഉൽപ്പാദിപ്പിക്കുന്നതിനുള്ള വിത്തു തേങ്ങകൾ ഫാമിൽ എത്തിക്കുന്നതിന്റെ ഫ്രീ ട്രാൻസ്ഫർ ബില്ലുകൾ പൂർണ്ണമായി ഹാജരാക്കാത്തത്, എന്നിങ്ങനെ ഗുരുതരമായ ധാരാളം അപാകതകൾ ഓഡിറ്റ് കാലയളവിലുണ്ട്.

അതുകൊണ്ടുതന്നെ ഓഡിറ്റ് കാലയളവിലെ ഫാം പ്രവർത്തനം, ഉൽപ്പാദനം, നടീൽ വസ്തുക്കളുടെ വിൽപ്പന, ഇൻവോയ്സുകളുടെ സുതാര്യത, ഫയലിൽ കണ്ട പരാതികളിൽ ഉന്നയിച്ചിരുന്നതു പോലെ എല്ലാ വിൽപ്പനകളിലും രസീതുകൾനൽകിയിരുന്നുവോ എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

ഫാമിന്റെ പ്രധാന വരുമാനമായ നെൽവിത്ത് ഉൽപ്പാദനം രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം 2021-22 ൽ ആകെ 7490.7 കിലോഗ്രാം നെല്ല് മാത്രമാണ് ഉൽപ്പാദിപ്പിച്ചതായി കാണുന്നത്. (രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്) മികച്ച വിളവ് നൽകിയിരുന്ന ഇനങ്ങളെ ഒഴിവാക്കി വ്യത്യസ്ത നാടൻ ഇനങ്ങൾ 2021-22 വർഷത്തിൽ കൃഷി നടത്തിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് (യഥാർത്ഥത്തിൽ നടത്തിയ കൃഷിയുടെ വിവരം ഫാം പ്രൊഡ്യൂസ് രജിസ്റ്റർ, ഡി.എം.ആർ, ക്രോപ്പ് ഡെയ്ലി ഫോർകാസ്റ്റ്-രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല.) എന്നാൽ നാമമാത്രമായ വിളവാണ് ഫാമിന് ലഭിച്ചിട്ടുള്ളത്.

പാക്കേജ് ഓഫ് പ്രാക്ടീസസ് പ്രകാരം ജ്യോതി, ശ്രേയസ്സ്, ഉമ എന്നിങ്ങനെ ഫാമിൽ മുൻവർഷങ്ങളിൽ കൃഷി ചെയ്തിരുന്ന ഇനങ്ങളുടെ പരമാവധി വിള കാലയളവ് 115 മുതൽ 120 ദിവസം വരെയാണ്. ഒരു ഹെക്ടർ ഭൂമിയിൽ Transplanting ന് ശരാശരി 60-80kg വിത്തും, Broad Casting ന് (വിതയ്ക്കൽ) 80-100 കിലോഗ്രാം നെൽവിത്താണ് ഉപയോഗിക്കുന്നത്. Yield Potential പരിശോധിച്ചാൽ ഒരു ഹെക്ടറിൽ നിന്നും ജ്യോതി-4 ടൺ, ഉമ-5 ടൺ, ശ്രേയസ്സ്- 6ടൺ എന്നിങ്ങനെ വിളവ് ലഭിക്കും. പാക്കേജ് ഓഫ് പ്രാക്ടീസസ് അനുസരിച്ച് ശ്രേയസ്സിന്റെ വിളവ് 7-7.5 Ton/hectare ആണ്. പരമ്പരാഗത കൃഷി രീതി കൂടി കണക്കിലെടുത്തുള്ള കേരളത്തിന്റെ വാർഷിക ശരാശരി ഉൽപ്പാദനം 2.1ടൺ/ഹെക്ടർ കണക്കാക്കിയാൽ പോലും നവീന കൃഷി രീതികൾ പിന്തുടരുന്ന ഫാമിന്റെ 8ഹെക്ടർ ഭൂമിയിൽ നിന്നും ഒരു വിളയ്ക്ക് കുറഞ്ഞത് ശരാശരി 16.8 ടൺ ഉൽപാദനം ഉണ്ടാകേണ്ടതാണ്. വിരിപ്പ്, മുണ്ടകൻ എന്നിങ്ങനെ രണ്ട് വിളകൾ പരിഗണിച്ചാൽ ഒരു വർഷത്തിൽ ശരാശരി 33.6 ടൺ നെല്ല് ലഭിക്കണം. ഏറ്റവു കുറഞ്ഞ ഉൽപ്പാദന നിരക്ക് കണക്കിലെടുക്കുമ്പോൾ ലഭിക്കേണ്ട വാർഷിക വിളവാണ് 33.6 ടൺ എന്നുള്ളത്. 2016-17 മുതൽ 2018-19 വരെ (കോവിഡ് രോഗ വ്യാപന നിയന്ത്രണങ്ങൾക്ക് മുൻപ് വരെ) കാലയളവിലെ ഉൽപ്പാദനം പരിശോധിക്കുമ്പോൾ 32 ടൺ മുതൽ 55 ടൺ വരെ വാർഷിക വിളവ് ലഭിച്ചതായി കാണുന്നുണ്ട്. ഇക്കാലയളവിൽ നെൽവിത്തിന് Rs.40/kg നിരക്കിൽ മേൽ വർഷങ്ങളിൽ കുറഞ്ഞത് 12.8ലക്ഷം 22 ലക്ഷം രൂപ വരെ ജില്ലാ പഞ്ചായത്തിന് നെൽ വിത്തിന്റെ വിൽപ്പന വഴി ലഭിച്ചിട്ടുണ്ട്. നെൽവിത്തിനങ്ങളുടെ ഉൽപ്പാദനത്തിലുണ്ടായ കുറവ് ഭീമമായ വരുമാന നഷ്ടമാണ് ജില്ലാപഞ്ചായത്തിനുണ്ടാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ ഉത്തരാവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

ശുപാർശകൾ

1. സർക്കാർ ഫാമുകളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച കൃഷി വകുപ്പ് ഡയറക്ടറുടെ 26.6.20ലെ TH(1) 16813/20നമ്പർ സർക്കുലറിൽ നിർദ്ദേശിക്കുന്ന രജിസ്റ്ററുകൾ സ്ഥാപനത്തിൽ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. ഓഡിറ്റ് കാലയളവിൽ മേൽ പ്രകാരമുള്ള രജിസ്റ്ററുകൾ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.

2. കാർഷിക വികസന & കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 17.10.18ലെ TH(2)30181/18 നമ്പർ സർക്കുലർ പ്രകാരം കൃഷിയുമായി ബന്ധപ്പെട്ട ജോലികളുടെ നിർവ്വഹണ ചുമതല, ബന്ധപ്പെട്ട രജിസ്റ്ററുകളുടെ പരിപാലനം എന്നിവ കൃഷി അസിസ്റ്റന്റുമാരുടെ ചുമതലയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ വാങ്ങിയ ഒട്ടു മിക്ക സാമഗ്രികളുടേയും പർച്ചേയ്സ് ബില്ലുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തുകയോ, വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല. ബില്ലുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി യഥാസമയം സ്റ്റോക്കിലെടുക്കേണ്ടതും, രജിസ്റ്ററുകൾ സൂപ്പർവൈസറി ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

3. ഫാം ഉൽപ്പന്നങ്ങൾ പ്രധാനമായും കൃഷി ഭവനുകൾ വഴി ഇൻവോയ്സുകൾ പ്രകാരമാണ് കൂടിയ അളവിൽ വിറ്റഴിക്കുന്നത്. ഇത്തരം വിൽപ്പനയുടെ തുകകൾ ഫാമിന്റെ ബാങ്ക് അക്കൗണ്ടിൽ ഇ-ട്രാൻസ്ഫർ/നെഫ്റ്റ് ആയാണ് വരവ് വരുന്നത്. ഇത്തരത്തിൽ നെഫ്റ്റ് വഴി 18.8.2018 മുതൽ 19.09.2022 വരെ വിത്തുൽപ്പാദന കേന്ദ്രത്തിന്റെ (ഇരിങ്ങാലക്കുട എസ്.ബി.ഐ ബ്രാഞ്ച് അക്കൗണ്ട് നം.67245515265) ബാങ്ക് അക്കൗണ്ടിൽ വരവു വന്നിട്ടുള്ള തുകകളിൽ 11,48,413/-രൂപ ഐഡന്റി ഫൈ

ചെയ്ത് ഇൻവോയ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഏതു കൃഷി ഭവനിൽ നിന്നാണ് തുക ട്രാൻസ്ഫർ ചെയ്തത് എന്ന് കണ്ടെത്താൻ സാധിക്കാത്തതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇങ്ങനെ Source Identify ചെയ്തിട്ടില്ലാത്ത 11,48,413/-രൂപയുടെ ട്രാൻസാക്ഷൻ ഡീറ്റെയിൽസ് പരിശോധിച്ച് ഇൻവോയ്സ് രജിസ്റ്ററിൽ ചേർക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഓഫീസ് ജോലി വിഭജന ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തേണ്ടതും വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

4. ഇൻവോയ്സുകൾ പരിശോധിച്ചത് പ്രകാരം ഫാമിൽ നിന്നും നൽകുന്ന ഇൻവോയ്സുകൾ കംപ്യൂട്ടർ ജനറേറ്റഡ് ആണ് എന്ന് കണ്ടു. ഇവയ്ക്ക് ഡ്യൂപ്ലിക്കേറ്റോ, കൃത്യമായ സീരിയൽ നമ്പറോ ഇല്ല. ഫാമിൽ സൂക്ഷിച്ചിട്ടുള്ള ഇൻവോയ്സുകൾ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ബാങ്ക് അക്കൗണ്ടിൽ ഇ-ട്രാൻസ്ഫറായി വന്ന ഭീമമായ തുകകൾ ഐഡന്റി ഫൈ ചെയ്യാൻ നിലവിലെ ഇൻവോയ്സ് രജിസ്റ്റർ പ്രകാരം സാധിച്ചിട്ടില്ല. ഇതിൽ നിന്നും മേൽ തുകകളുടെ ഇൻവോയ്സുകൾ രജിസ്റ്ററിൽ ചേർക്കാതെയാണ് വിൽപ്പന നടത്തിയത് എന്ന് ഓഡിറ്റ് അനുമാനിക്കുന്നു. ഫാമിലെ ജീവനക്കാരിൽ ആർക്കു വേണമെങ്കിലും ആവശ്യാനുസരണം നമ്പർ നൽകി ഇൻവോയ്സുകൾ സൃഷ്ടിച്ച് വിൽപ്പന നടത്താൻ കഴിയുന്ന നിലവിലെ സാഹചര്യം ഒഴിവാക്കപ്പെടണം. ഫാമുൽപ്പന്നങ്ങളുടെ വിൽപ്പനയിൽ സാമ്പത്തിക ഇടപാടുകളുടെ സുതാര്യത ഉറപ്പ് വരുത്തുന്നതിന് നിലവിലെ സംവിധാനത്തിൽ സാധിക്കുന്നില്ല. ആയതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്നും രസീത് പുസ്തകങ്ങൾ വിതരണം ചെയ്യുന്ന മാതൃകയിൽ ഇൻവോയ്സുകൾ ഡ്യൂപ്ലിക്കേറ്റ് ഉൾപ്പെടെ അച്ചടിച്ച് വിതരണം ചെയ്യുന്നതിനോ, കംപ്യൂട്ടർ പ്രിന്റ് വഴി നൽകുന്നത് അത്യാവശ്യമാണെങ്കിൽ എഡിറ്റിംഗ് നടത്താൻ കഴിയാത്ത വിധത്തിൽ ആവശ്യമായ അംഗീകൃത സോഫ്റ്റ് വെയർ സംവിധാനം രൂപീകരിക്കുകയോ ചെയ്യേണ്ടതാണ്.

5. ഫാമുകളിലെ കൃഷി, ഉൽപ്പാദനം നടത്തേണ്ട വിളകൾ എന്നിവ സംബന്ധിച്ച് സാമ്പത്തിക വർഷത്തിന് മുൻപായി ക്രോപ്പ് ഫോർകാസ്റ്റ് തയ്യാറാക്കി ജില്ലാ പഞ്ചായത്തിന്റെയും, പ്രിൻസിപ്പൽ കൃഷി ഓഫീസറുടേയുംഅംഗീകാരം ലഭ്യമാക്കണം എന്ന് ഫാമുകൾ ജില്ലാ പഞ്ചായത്തിന് കൈമാറിയ 08.10.96 ലെ ജി.ഒ.(എം.എസ്)നം.310/96കൃഷി വകുപ്പ് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഫാമിൽ ക്രോപ്പ് ഫോർകാസ്റ്റ് തയ്യാറാക്കി കാണുന്നില്ല. ഫാമിന്റെ ഭൂപ്രകൃതി മണ്ണിന്റെ സവിശേഷത എന്നിവ പരിഗണിച്ച് പരമ്പരാഗതമായി കൃഷി ചെയ്തിരുന്ന നെൽവിത്തിനങ്ങൾ ഒഴിവാക്കി വ്യത്യസ്ത ഇനം നെൽവിത്തുകൾ പരീക്ഷിച്ചതു വഴി നെല്ലുൽപ്പാദനത്തിൽ ഭീമമായ നഷ്ടം 2021-22 വർഷത്തിൽ ജില്ലാ പഞ്ചായത്തിനുണ്ടായിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെയും കൃഷി വകുപ്പിന്റെയും അനുമതിക്ക് വിധേയമായാണോ ഇത്തരം കൃഷി നടത്തിയതെന്ന് വ്യക്തമല്ല. മാത്രമല്ല ഫാമിന്റെ കൃഷി ഭൂമി പൂർണ്ണമായും കൃഷി നടത്തുന്നതിനാവശ്യമായ നടപടികൾ കൃഷി ഓഫീസർ സ്വീകരിച്ചതായി കാണുന്നില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്. ഇക്കാര്യത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

6. ഫാമുകളുടെ ദൈനം ദിന ചെലവുകൾ നിർവ്വഹിക്കുന്നതിനായി ഇംപ്രസ്റ്റായോ/റിവോൾവിംഗ് ഫണ്ട് ആയോ തുക അനുവദിക്കുന്നതിന് നടപടി ഉണ്ടാകണം. ഫാമുകളിൽ വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-13 പഴയന്നൂർ സംസ്ഥാന വിത്തുല്പാദന കേന്ദ്രം - ഓഡിറ്റ് നിരീക്ഷണങ്ങൾ

പഴയന്നൂർ സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലെ 2021-22 വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനയിൽ കണ്ട ഓഡിറ്റ് നിരിക്ഷണങ്ങൾ ഉപഖണ്ഡികളിൽ ചേർക്കുന്നു.

### 1-13-1 ക്രെഡിറ്റ് സെയിൽ പ്രകാരം ലഭിക്കാനുള്ള തുകകളുടെ കൃത്യമായ വിവരം ലഭ്യമല്ല

പഴയന്നൂർ സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലെ വിവിധയിനം വിത്തുകൾ, തൈകൾ എന്നിവ പല കൃഷിഭവനുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് വിതരണം ചെയ്തത് ഇൻവോയിസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു സാമ്പത്തിക വർഷത്തിൽ തുടർച്ചയായ ഇൻവോയിസ് നമ്പറുകൾ രേഖപ്പെടുത്തുന്നതിനു പകരം ഇൻവോയിസ് രജിസ്റ്ററിൽ ഓരോ ഇനങ്ങൾ രേഖപ്പെടുത്തി അതിനു താഴെ

ഇൻവോയിസ് നമ്പറുകൾ രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ക്രെഡിറ്റ് സെയിൽ ചെയ്ത വകയിൽ ലഭ്യമായ തുകകളുടെ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ഇനി ലഭിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം ലഭ്യമല്ല. 2021-22 വർഷം നൽകിയ ഇൻവോയിസുകൾ പ്രകാരം ഇനി ആകെ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.1/23 /20-12-2022) നൽകിയെങ്കിലും വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ഇൻവോയിസ് രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

1-13-2 കാഷ് ബുക്ക് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

കാഷ് ബുക്ക്, കളക്ഷൻ രജിസ്റ്റർ/റെമിറ്റൻസ് രജിസ്റ്റർ എന്നിവയിൽ അതാതു ദിവസങ്ങളിൽ തന്നെ കൃത്യമായും പൂർണ്ണമായും രേഖപ്പെടുത്തി ആയത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിന് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രത്യേക പരാമർശങ്ങൾ ഉണ്ടായിരുന്നിട്ടും 2021-22 സാമ്പത്തിക വർഷത്തിലും കാഷ്ബുക്ക് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്റെ (നം.1/23/20-12-2022) മറുപടിൽ കാഷ്ബുക്ക് കൃത്യമായി എഴുതി കാലികമാക്കി സമർപ്പിക്കുന്നതിന് 03-01-223 വരെ സമയം ആവശ്യപ്പെട്ടിരുന്നുവെങ്കിലും കാഷ്ബുക്ക് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

1-13-3 ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പഴയന്നൂർ സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായുള്ള പദ്ധതി പ്രകാരമുള്ള തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ച് സീനിയർ കൃഷി ഓഫീസറുടെ പേരിലുള്ള എസ്.ബി.ഐ പഴയന്നൂർ ബ്രാഞ്ചിലെ അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം.67251738657) വരവു വെച്ച് ആയതിൽ നിന്നും തുക ചെലവഴിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വൗച്ചറുകൾ ഹാജരാക്കിയവയുടെ ചെക്കുമുഖേനയുള്ള പിൻവലിക്കലുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധ്യമായിട്ടില്ല. ഫാമിലെ ദൈനംദിന പ്രവർത്തനത്തിന് ആവശ്യമായ ഭൂരിഭാഗം സാധന സാമഗ്രികൾ ക്രെഡിറ്റ് അടിസ്ഥാനത്തിൽ ലഭിക്കാറില്ലാത്തതിനാൽ സീനിയർ കൃഷി ഓഫീസറുർ മുൻകൂർ തുക ഇറക്കുന്നതിനാലാണ് മേൽ രീതിയിൽ തുക ചെലവഴിക്കേണ്ടി വന്നിട്ടുള്ളത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന്റെ (നം.1/23/20-12-2022) മറുപടിയിൽ സീനിയർ അഗ്രിഅറിയിച്ചിട്ടുള്ളത്. തുക നൽകേണ്ട വ്യക്തികളുടെ അക്കൗണ്ടിലേയ്ക്ക് വെബ് സാംഖ്യ മുഖേന ട്രഷറിയിൽ നിന്നും നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള സംവിധാനം പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്. ചെക്ക് ഇഷ്യൂ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

1-13-4 ചെലവു രേഖകൾ ഹാജരാക്കിയില്ല - 20794 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നം.29/22 പ്രകാരം പഴയന്നൂർ സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിന്റെ ദൈനംദിന ചെലവുകൾക്കായി മെയിന്റനൻസ് - റോഡിതര ഫണ്ടിൽ നിന്നും 6,25,000രൂപയും ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 50,000രൂപയും ഉൾപ്പെടെ ആകെ 6,75,000രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. ആയതിൽ മെയിന്റനൻസ് - റോഡിതര ഫണ്ടിൽ നിന്നും ചെലവാക്കിയ 20794 രൂപയുടെ ചെലവു രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം./തീയതി | ബിൽ തുക | രേഖകൾ ഹാജരാക്കാത്തത് |
|---|---|---|
| 4/08-09-2021 | 44380 | 7794 |
| 5/29-09-2021 | 13000 | 13000 |
| ആകെ | 57380 | 20794 |

ട്രഷറി ബിൽ നം.4/08-09-2021 പ്രകാരം ഹാജരാക്കാത്ത 7794 രൂപ വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി - യ്ക്ക് നൽകിയതായി വൗച്ചറുകളുടെ സംക്ഷിപ്തം തയ്യാറാക്കിയിട്ടുണ്ടെങ്കിലും

സബ്‌വൗച്ചറുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല (സബ്‌വൗച്ചർ നം. 20 മുതൽ 28 വരെ). ട്രഷറി ബിൽ നം.5/29-09-2021 പ്രകാരം പിൻവലിച്ച 13,000രൂപയുടെ യാതൊരു ചെലവു രേഖകളും ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം.1/23/20-12-2022 ന്റെ മറുപടിയിൽ വൗച്ചറുകൾ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിരുന്നുവെങ്കിലും ചെലവു രേഖകളൊന്നും തന്നെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ ട്രഷറി ബില്ലുകൾ പ്രകാരം മെയിന്റനൻസ് - റോഡിതര ഫണ്ടിൽ നിന്നും ചെലവഴിച്ച 20,794 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-14 ചേലക്കര ജില്ലാ കൃഷിത്തോട്ടം - സെയിൽ ചെയ്തവയുടെ തുകകൾ ഈടാക്കേണ്ടതാണ്

ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും 2021- 22 സാമ്പത്തിക വർഷം വിവിധ കൃഷിഭവനുകളിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും സെയിൽ ചെയ്ത വിത്ത്/തൈകൾ/ മറ്റ് ഫാം ഉത്പന്നങ്ങൾ എന്നിവയുടെ വില മുഴുവനായും ലഭ്യമായിട്ടില്ല. ഇൻവോയിസ് രജിസ്റ്റർ പ്രകാരം ലഭിക്കാൻ അവശേഷിക്കുന്ന തുകകളുടെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം./തീയതി | ആകെ തുക | കൃഷിഭവൻ /സ്ഥാപനം | അടവാക്കിയ തുക/തീയതി | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | DAF-36/2021-22 /15-07-21 | 3276 | ഹോർട്ടികോർപ് DPC, TSR | - | 3276 |
| 2 | DAF-37/2021-22 /15-07-21 | 2817 | ഹോർട്ടികോർപ് DPC, TSR | - | 2817 |
| 4 | DAF-40/2021-22 /06-09-21 | 3375 | ദേശമംഗലം കൃഷിഭവൻ | 844/24-05-22 | 2531 |
| 5 | DAF-41/2021-22 /06-09-21 | 3375 | എരുമപ്പെട്ടി കൃഷിഭവൻ | - | 3375 |
| 6 | DAF-49/2021-22 /13-09-21 | 3675 | ചേരക്കര കൃഷിഭവൻ | - | 3675 |
| 7 | DAF-51/2021-22 /13-09-21 | 3750 | പഴയന്നൂർ കൃഷിഭവൻ | - | 3750 |
| 8 | DAF-62/2021-22 /21-10-21 | 525 | കുന്നംകുളം കൃഷിഭവൻ | 392/28-03-22 | 133 |
| 9 | DAF-67/2021-22 /17-01-22 | 550 | അഗ്രോ സർവ്വീസ് സെന്റർ, വടക്കാഞ്ചേരി | - | 550 |
| 10 | DAF-68/2021-22 /17-01-22 | 240 | ചേലക്കര കൃഷിഭവൻ | - | 240 |
| 11 | DAF-73/2021-22 /18-02-22 | 2350 | കടപ്പുറം കൃഷിഭവൻ | - | 2350 |
| 12 | DAF-77/2021-22 /18-02-22 | 2050 | പുന്നയൂർക്കുളം കൃഷിഭവൻ | 1533/22-03-22 | 517 |
| 13 | DAF-79/2021-22 /18-02-22 | 2150 | ഒരുമനയൂർ കൃഷിഭവൻ | - | 2150 |
| 14 | DAF-82/2021-22 /19-02-22 | 2050 | ചൊവ്വന്നൂർ കൃഷിഭവൻ | 1515/28-03-22 | 535 |
| 15 | DAF-85/2021-22 /21-02-22 | 1900 | കണ്ടാണശ്ശേരി കൃഷിഭവൻ | 1405/28-03-22 | 495 |
| 16 | DAF-86/2021-22 /21-02-22 | 1900 | കുന്നംകുളം കൃഷിഭവൻ | 1405/28-03-22 | 495 |
| 17 | DAF-89/2021-22 /22-02-22 | 1900 | കാട്ടകാമ്പൽ കൃഷിഭവൻ | 405/22-03-22, 1405/28-03-22 | 90 |
| | 2021-22 വർത്തിൽ സെയിൽ ചെയ്ത വകയിൽ ലഭിക്കാനുള്ള തുക | | | | 26979 |

സ്ഥാപനത്തിൽ നിന്നും ക്രെഡിറ്റ് സെയിൽ നടത്തിയ മേൽ പട്ടികയിലെ ഇൻവോയ്സുകൾ പ്രകാരമുള്ള

ചില തുകകൾ പൂർണ്ണമായും ചിലത് ഭാഗികമായും വിവിധ കൃഷിഭവനകളിൽ നിന്നും ലഭിക്കാനുള്ളതായിട്ടാണ് ഇൻവോയ്സ് രജിസ്റ്ററിന്റെ പരിശോധനയിൽ ബോധ്യമായിട്ടുള്ളത്. ഓഡിറ്റ് അന്വേഷണം നം.17/22-11-2022 – ന്റെ മറുപടിയിൽ ക്രമ നം.1 – ലെ DAF 36/2021-22 നമ്പർ ഇൻവോയിസ് പ്രകാരമുള്ള തുക 3276 രൂപ ലഭിച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ആയതിന്റെ അസ്സൽ രസീതി/രസീതിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. തുകകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-15 ചേലക്കര ജില്ലാ കൃഷിത്തോട്ടം-ജലസേചനത്തിനായി ഉപയോഗിക്കുന്ന മോട്ടോറിന്റെ കുടിശ്ശിക വൈദ്യുതി ബില്ല്-ഒഴിവാക്കാമായിരുന്ന അധികച്ചെലവ്

ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിന്റെ 2021-22 വർഷത്തെ ദൈനംദിനചെലവുകൾ എന്ന പ്രൊജക്റ്റിന്റെ ചെലവുരേഖകൾ പരിശോധിച്ചപ്പോൾ ഫാമിൽ ജലസേചനത്തിനായി ഉപയോഗിക്കുന്ന മോട്ടോറിന്റെ (കൺസ്യൂമർ നം 1156917010990) വൈദ്യുതി ചാർജ് ഇനത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുള്ളതായി കണ്ടു.

I) ക്ളെയിം നം 3/27.10.21/ 102810/-

സബ് വൌച്ചർ 37/ KSEB Demand Cum Disconnection Notice No.5691211006799/7.10.21, തുക 92,734/-

II) ക്ളെയിം നം 7/22.1.22/ 47401/-

സബ് വൌച്ചർ 15/ KSEB റസീറ്റ് നം 228/15.1.22, തുക 11,005/-, ആകെ = 103739

21.11.2022 തിയതിയിൽ ചേലക്കര ഫാം സന്ദർശിച്ച ഓഡിറ്റ് നടത്തിയപ്പോൾ പരിശോധനക്ക് ലഭ്യമാക്കിയ ഫയലിൽ നിന്നുമുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ജലസേചനത്തിനായി മോട്ടോർ ഉപയോഗിച്ചിട്ടില്ലാത്ത ജൂൺ-ജൂലൈ മാസങ്ങളിൽ 2610/- രൂപയുടെ വൈദ്യുതി ബില്ല് വന്നത് പരിശോധിച്ചപ്പോൾ മീറ്റർ റീഡിംഗ് എടുക്കാതെയാണ് ബില്ല് തയ്യാറാക്കുന്നതെന്ന് വ്യക്തമായതിനെത്തുടർന്ന് ഫാം സൂപ്രണ്ട്, ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി ക്ക് 19.8.2020 ന് കത്തയച്ചു. ഈ കത്തിൽ, വൈദ്യുതി ബോർഡ് അധികാരികൾ ആവശ്യപ്പെടുന്നതനുസരിച്ച് മീറ്റർ റീഡിംഗ് എടുക്കാൻ മോട്ടോർ ഷെഡ് തുറന്നുകൊടുക്കാമെന്ന് സൂപ്രണ്ട്, കെ.എസ്.ഇ.ബി യെ അറിയിച്ചെങ്കിലും കെ.എസ്.ഇ.ബി യുടെ ഭാഗത്തുനിന്നും അനുകൂല നടപടിയൊന്നും ഉണ്ടായിട്ടില്ല. ആറുമാസത്തിനുശേഷം, 27.2.2021 ന് 91874/- രൂപയുടെ അരിയർ വൈദ്യുതി ബില്ല് ലഭിച്ചു, അതിനെത്തുടർന്ന് മീറ്റർറീഡിംഗ് എടുക്കാതെയാണ് ബില്ല് തയ്യാറാക്കുന്നതെന്ന അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് ഫാം സൂപ്രണ്ട് വീണ്ടും 9.3.2021 ൽ കെ.എസ്.ഇ ബി ക്ക് കത്തയച്ചു.(കത്ത് നം,DAF 43/2020)

അരിയർ ബില്ലിന്മേൽ സ്വീകരിക്കേണ്ട നടപടികളുടെ നിർദ്ദേശത്തിനായി ഫാം സൂപ്രണ്ട് 20.3.2021 ന് ജില്ലാ പഞ്ചായത്തിനും കത്തയച്ചിരുന്നു.

മീറ്റർ റീഡിംഗ് എടുക്കാനാവാത്തവിധം മോട്ടോർഷെഡ്ഡിലേക്കുള്ള വഴിയിൽ പുല്ലും കുറ്റിക്കാടും ആയതിനാൽ ശരാശരി നിരക്കിലാണ് വൈദ്യുതി ബില്ല് ഈടാക്കിയിരുന്നതെന്നും മാർഗ്ഗതടസ്സം മാറ്റിയ സാഹചര്യത്തിൽ എടുത്ത റീഡിംഗിൽ ശരാശരി ബില്ലിനേക്കാൾ അധികമുള്ള തുകയാണ് കുടിശ്ശികയായി ആവശ്യപ്പെട്ടതെന്നും കെ.എസ്.ഇ.ബി അറിയിച്ചിട്ടുള്ളതിനാൽ വൈദ്യുതി ബില്ല് 91745/- രൂപ ചേലക്കര ഫാമിന്റെ ദൈനംദിനചെലവുകൾ എന്ന പദ്ധതിയിൽ നിന്നും അടവാക്കാൻ അനുവാദം നൽകിക്കൊണ്ട് വികസനകാര്യ സ്ഥിരം സമിതി 8.10.2021 ൽ 1(12) നമ്പറായി തീരുമാനമെടുത്തു. ഈ തീരുമാനം ഭേദഗതി കൂടാതെ ജില്ലാ പഞ്ചായത്ത് ഭരണസമിതി 13.10.21 തിയതിയിലെ തീരുമാന നമ്പർ 5(2) പ്രകാരം അംഗീകരിച്ചു. ആയതനുസരിച്ച് 27.10.2021 ന് തുക (7.10.21 തിയതിയിലെ പുതുക്കിയ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള 92734/- രൂപ) ഫാം സൂപ്രണ്ട് അടവാക്കി.

മേൽ വിശദമാക്കിയ പ്രകാരം 2/2021 മാസം ലഭിച്ച കുടിശ്ശിക ബില്ല് 10/2021 ൽ അടവാക്കിയതിനാലുണ്ടായ കാലതാമസത്തിന് 10564/- രൂപയുടെ വൈദ്യുതി സർചാർജ് ബില്ല് ലഭിച്ചു (ബില്ല് നം 5691211206159/7.12.2021) ഇക്കാര്യം അറിയിച്ചുകൊണ്ട് ഫാം സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് ഡി.എ.എഫ് 43/2020/16.12.2020 നമ്പർ കത്തയച്ചു, സർചാർജ് ഒഴിവാക്കുന്നതിന് കെ.എസ്.ഇ.ബി അധികൃതരോട് ആവശ്യപ്പെടാൻ ജില്ലാ പഞ്ചായത്തിൽ നിന്നും നിർദ്ദേശം ലഭിച്ചതുപ്രകാരം ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് ഫാം സൂപ്രണ്ട് 31.12.2021 ന് കെ.എസ്.ഇ.ബി ക്ക് കത്തയച്ചു. സർചാർജ് തുക കുറവുചെയ്യുന്നതിനോ ഒഴിവാക്കുന്നതിനോ സാധിക്കില്ലെന്ന് കെ.എസ്.ഇ.ബി അസി.എഞ്ചിനീയർ അറിയിക്കുകയും പുതുക്കിയ ബില്ല് പ്രകാരമുള്ള തുക (കെ.എസ്.ഇ ബി ബില്ല് നം ഇല്ല/ തിയതി 13.1.22, തുക 11005/-) അടവാക്കുകയും ചെയ്തു.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1) അരിയർ ബില്ലിന്മേൽ സ്വീകരിക്കേണ്ട നടപടികളുടെ നിർദ്ദേശത്തിനായി ഫാം സൂപ്രണ്ട് 20.3.2021 ന് ജില്ലാ പഞ്ചായത്തിനു കത്തയച്ചുവെങ്കിലും മാസങ്ങൾക്കുശേഷം അതായത് 10/2021 ലാണ് ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്ത് തീരുമാനം എടുത്തത്. 2/2021-ാം മാസം ലഭിച്ച കുടിശ്ശിക ബില്ല് 10/2021 ൽ അടവാക്കിയതിനാലുണ്ടായ കാലതാമസംമൂലം 11005/- രൂപ സർചാർജ് അടവാക്കേണ്ടി വന്നു. അടിയന്തിര നടപടി സ്വീകരിക്കേണ്ട വിഷയത്തിൽ ഇപ്രകാരം തീരുമാനമെടുക്കാൻ വൈകിയത് കൊണ്ടു മാത്രം അധിക ചെലവ് വേണ്ടി വന്നു.

2) 27.2.2021 തിയതിയിലെ 91874/- രൂപയുടെ ഡിമാന്റ് കം ഡിസ്കണക്ഷൻ നോട്ടീസ് പ്രകാരം മുൻപ് റീഡിംഗ് എടുത്ത തിയതി 7.12.2020 ആണ്, അന്നു മുതൽ ബില്ല് തിയതിയായ 27.2.21 വരെ 10193 യൂണിറ്റ് ഉപയോഗിച്ചതിന് 17320/- രൂപയും അരിയർ 74475/- രൂപയും സർച്ചാർജ് 79 രൂപയും കൂടി ചേർന്നതാണ് 91874/- രൂപ. ഈ അരിയർ തുക എന്നുമുതൽ എന്നുവരെയുള്ളതാണെന്നതിന് വ്യക്തതയില്ല. 7.12.2020 മുതൽ 27.2.21 വരെ 10193 യൂണിറ്റ് ഉപയോഗിച്ചതായാണ് നോട്ടിസിൽ കാണുന്നത്

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 18/22.11.22 ന് ഫാം സൂപ്രണ്ട് ലഭ്യമാക്കിയ മറുപടിയിൽ 02/2020 മുതൽ 02/2021 വരെ റീഡിംഗ് എടുക്കാതെ വൈദ്യതി ബില്ല് തയ്യാറാക്കുകയായിരുന്നുവെന്നും ഈ കാലയളവിൽ 61163 യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചതായി (ഇപ്പോഴത്തെ റീഡിംഗ് 67891- മുൻ റീഡിംഗ് 6728) കണക്കാക്കി 61163 യൂണിറ്റ് വൈദ്യുതി ഉപഭോഗം 6 ബില്ലിംഗ് മാസങ്ങളിലേക്കായി വീതിച്ച്, അതായത് 61163/6 = 10193 യൂണിറ്റ് കണക്കാക്കിയാണ് കുടിശ്ശികയടക്കം 91874/- രൂപയുടെ മൊത്തം വൈദ്യുതി ബില്ല് കെഎസ്ഇബി തയ്യാറാക്കിയതെന്നും ഫാമിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 7 എച്ച് പി മോട്ടോർ ഒരു വർഷത്തിനുള്ളിൽ 61163 യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചു എന്ന കണക്ക് വിശ്വസനീയമല്ലെന്നും, ഇക്കാര്യം കെഎസ്ഇബി യെ രേഖാമൂലം ബോധിപ്പിച്ചുവെങ്കിലും ബിൽ തുക കുറക്കാൻ അവർ തയ്യാറായില്ലെന്നും അറിയിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി തന്നിരിക്കുന്ന കണക്കുപ്രകാരം ഇത്രയും ഭീമമായ തുക (91874/- രൂപ ) വൈദ്യുതി ചാർജ് വന്നിട്ടുണ്ടോയെന്നത് പരിശോധിച്ച് ഉറപ്പാക്കാതെയാണ് കുടിശ്ശിക അടവാക്കാൻ ജില്ലാ പഞ്ചായത്ത് തീരുമാനമെടുത്തത്.

3) 10/21 ന് അരിയർ ബില്ല് അടച്ചതിനു ശേഷം ഇതേ കൺസ്യൂമർ നമ്പറിൽ അടുത്തതായി 19.2.22 ന് അടച്ച വൈദ്യുത ബില്ല് തുക 235/- രൂപ മാത്രമാണ്. ഒരുമാസത്തേക്ക് വരുന്ന ചാർജ് 117.5 രൂപ മാത്രം . ശരാശരി ബില്ലുകൾ കണക്കിലെടുക്കാതെ കുടിശ്ശിക ബില്ല് പ്രകാരം ഒരു വർഷത്തേക്ക് അടവാക്കിയ 91874/- രൂപ മാത്രം കണക്കിലെടുക്കുമ്പോൾത്തന്നെ ആ ഒരു വർഷകാലയളവിൽ ഒരു മാസത്തേക്ക് 7656 രൂപയാണ് (91874/12)വൈദ്യുതി ചാർജ് വരുന്നത്. നിലവിൽ (10/22 ൽ) ഈ കൺസ്യൂമർ നമ്പറിൽ അടച്ചത് 277/- രൂപയാണ്. മുകളിൽ കാണിച്ച കണക്കുകളിൽ നിന്നും അരിയർ ബില്ല് അടച്ചതിന് ശേഷമുള്ള മാസങ്ങളിൽ, മീറ്റർ റീഡിംഗ് എടുത്ത് ബില്ല് തയ്യാറാക്കിയപ്പോൾ ഒരുമാസത്തേക്ക് 200 രൂപയിൽ താഴെ മാത്രമാണ് വൈദ്യുതി ചാർജ് വന്നിട്ടുള്ളതെന്ന്

കാണാവുന്നതാണ്. അരിയർ ബില്ലിലെ കണക്ക് പ്രകാരം ഇതേ മോട്ടറിന് ഒരു മാസത്തേക്ക് 7656 രൂപ വൈദ്യുതി ചാർജ് വന്നു എന്നത് അസ്വാഭാവികമാണ്, ഇക്കാര്യത്തിൽ വിശദമായ അന്വേഷണം ആവശ്യമാണ്.

കുടിശ്ശിക തുക അടക്കാൻ ജില്ലാ പഞ്ചായത്ത് തീരുമാനമെടുത്തപ്പോൾ ഭീമമായ ഈ അന്തരം പരിശോധിക്കുകയോ ആയതിനു കാരണം വൈദ്യുതബോർഡുമായി ബന്ധപ്പെട്ട് അന്വേഷിച്ച് ബോധ്യപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതുസംബന്ധിച്ച ഫയൽ /രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി 18/22.11.22 ൽ ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കുകയുണ്ടായില്ല.

4)കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014, ചാപ്റ്റർ VI, റെഗുലേഷൻ 111. പ്രകാരം

വൈദ്യുതി ബില്ല് തയ്യാറാക്കുന്നതിനായി മീറ്റർ റീഡിംഗ് എടുക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടെങ്കിൽ പ്രസ്തുത വിവരം ഉണഭോക്താവിന് നോട്ടിസ് നൽകി അറിയിക്കണമെന്നും ഇപ്രകാരം നോട്ടിസ് നൽകിയിട്ടും റീഡിംഗ് എടുക്കാനായില്ലെങ്കിൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിലേക്കുള്ള നടപടികൾ ആരംഭിക്കണമെന്നും റെഗുലേഷനിൽ പറഞ്ഞിട്ടുണ്ട്. വൈദ്യുതി ബോർഡ് ഇപ്രകാരമുള്ള നോട്ടീസ് നൽകുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

റീഡിംഗ് എടുക്കാനാവാത്ത സാഹചര്യത്തിൽ ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ താത്ക്കാലിക വൈദ്യുതി ബില്ല് നൽകാമെങ്കിലും അപ്രകാരം രണ്ടു തവണയിലധികം നൽകാവുന്നതല്ല എന്ന് ചാപ്റ്റർ VII, റെഗുലേഷൻ 124 ലും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശത്തിനുവിരുദ്ധമായി 2/20 മുതൽ 2/21 വരെ ശരാശരി വൈദ്യുതബില്ലാണ് നൽകിക്കൊണ്ടിരുന്നത്.

വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫാമിൽ ഓഫീസ് ജീവനക്കാർക്കു പുറമെ നിരവധി ഫാം തൊഴിലാളികളുമുണ്ട്. ഫാമിൽ മീറ്റർ റീഡിംഗ് എടുക്കാൻ അസൌകര്യം നേരിട്ടപ്പോൾ ഈ വിവരം ഫാം അധികൃതരെ നേരിട്ട് അറിയിക്കുകയോ ഇലക്ട്രിസിറ്റി സപ്ലൈ കോഡിലെ നിർദ്ദേശങ്ങൾ പ്രകാരം യഥാസമയം രേഖാമൂലം അറിയിക്കുകയോ ചെയ്യാതിരുന്നത് വൈദ്യുതിബോർഡിന്റെ അനാസ്ഥമൂലമാണെന്ന് കാണാവുന്നതാണ്. ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് തവണ മാത്രമാണ് താത്ക്കാലിക വൈദ്യുതി ബില്ല് നൽകാവുന്നത്. കൃത്യമായ മീറ്റർ റീഡിംഗ് എടുക്കാൻ സാധിക്കാതിരുന്നിട്ടും, ഫാം സൂപ്രണ്ട് 8/20ൽ ഇക്കാര്യം അറിയിച്ചിട്ടുപോലും , വൈദ്യുതിബോർഡ് ഉടനടി നടപടി സ്വീകരിച്ചതായി കാണുന്നില്ല .

ഒരുവർഷകാലയളവിനു ശേഷം മീറ്റർ റീഡിംഗ് എടുത്തപ്പോൾ 61163 യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചതായി തെറ്റായി കണക്കാക്കി ബില്ല് തയ്യാറാക്കിയതുകൊണ്ടാണോ ഇപ്രകാരം ഭീമമായതുക കുടിശ്ശികയായതെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. ജില്ലാ പഞ്ചായത്ത്, വൈദ്യുതിബോർഡ് അധികാരികളുമായി മേൽ വിഷയം സംബന്ധിച്ച് ചർച്ച നടത്തി അവരുടെ ഭാഗത്തു നിന്നുള്ള അനാസ്ഥ ബോധ്യപ്പെടുത്തി കുടിശ്ശിക ബില്ല് ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ വൈദ്യുതി കുടിശ്ശികയിനത്തിലെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. ഇക്കാര്യം പുനപരിശോധിച്ച് അധികം അടവാക്കിയ തുക വൈദ്യുതി ബോർഡിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 വാടക കുടിശ്ശിക ഈടാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നില്ല

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2021 മാർച്ച് 31 പ്രകാരം വിവിധ കടമുറികൾ, ഒല്ലൂർഹാച്ചറി എന്നിവയുടെ വാടകക്കാരിൽ നിന്നും 794607 രൂപ കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. 2022 മാർച്ച് 31 പ്രകാരമുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരൻ / റൂം നമ്പർ | മാസ വാടക | വാടക കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|---|

| | | | മുൻ വർഷങ്ങളിലെ | തൻ വർഷം | |
|---|---|---|---|---|---|
| 1 | ബാലചന്ദ്രൻ തെക്കേമഠത്തിൽ TC /14/557/3,4 | 5295 | 262094 | 63540 | 325634 |
| 2 | എം എസ് ഗോപാലകൃഷ്ണൻ TC /15/557/5 | 2165 | 47630 | 25980 | 73610 |
| 3 | സുമ ഫിജോ TC /15/557/6 | 2165 | 6279 | 4330 | 10609 |
| 4 | സോമൻ കുറുവത്ത് TC /15/557/7,8 | 4325 | 0 | 30278 | 30278 |
| 5 | ഹേമലത ബാലചന്ദ്രൻ തെക്കേമഠത്തിൽ TC /557/9 | 4220 | 156336 | 50640 | 206976 |
| 6 | ഹാച്ചറി | 21000 | 15000 | 126000 | 141000 |
| 7 | Other Rent (MIC സെന്റർ പുതുക്കാട്) | 2500 | 0 | 6500 | 6500 |
| ആകെ കുടിശ്ശിക | | | 487339 | 307268 | 794607 |

വാടകയുമായി ബന്ധപ്പെട്ട് ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു

1. മേൽ പട്ടികയിലെ ക്രമ നം.3, 4, 6 എന്നീ വാടകക്കാർക്ക് 07/2021 മുതൽ 12/2021 വരെ 6 മാസങ്ങൾക്ക് 50% ഇളവ് അനുവദിച്ചിട്ടുണ്ട്. 3 വാടകക്കാർക്ക് മാത്രമായി ഇളവ് അനുവദിക്കാനിടയായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.38/23-02-2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

2. ഓഡിറ്റ് വർഷത്തെ ഇളവ് കഴിച്ചുള്ള ഡിമാന്റ് തുകയിൽ ആകെ 30% - ത്തിൽ താഴെ മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. അതായത് തൻവർഷത്തെ 429576രൂപ ഡിമാന്റ് തുകയിൽ 122308 രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്. മുൻ വർഷങ്ങളിലെ ഉൾപ്പെടെ വൻതുക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. ഇളവു നൽകിയതിനു ശേഷവും തുക അടവാക്കിയിട്ടില്ലാത്തവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

3. മേൽ വാടകക്കാരിൽ ഒല്ലൂർ ഹാച്ചറിയുടെ മാത്രം ഫെബ്രുവരി 2021 മുതൽ കോൺട്രാക്ട് കാലാവധി അവസാനിച്ചതിനാൽ മാസവാടക 21000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റു വാടക്കാരുടെ മാസവാടക, ഹാജരാക്കിയ രജിസ്റ്റർ പ്രകാരം (2018-19 മുതലുള്ള വിവരങ്ങളാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്) 2018-19 വർഷത്തിലും ഇതേ മാസവാടക തന്നെയാണ് ഈടാക്കിയതായി കാണുന്നത്. മേൽ പട്ടികയിലെ നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത് ഏതെല്ലാം സമയത്താണെന്നും എത്ര വർഷത്തേയ്ക്കാണ് കരാർ പ്രകാരം നിശ്ചയിച്ചു നൽകിയിട്ടുള്ളതെന്നും വ്യക്തമല്ല.

4. ശ്രീമതി. സുമ ഫിജോ, ശ്രീ. സോമൻ കുറുവത്ത് എന്നീ വാടകക്കാർ ഓഡിറ്റ് വർഷത്തിൽ കുടിശ്ശിക തുക യഥാക്രമം 32475രൂപയും 38925രൂപയും ഓഡിറ്റ് വർഷത്തിൽ അടവാക്കിയിട്ടുണ്ടെങ്കിലും വാടക രജിസ്റ്ററിൽ കുടിശ്ശി തുക അടവാക്കിയത് ഏത് കാലയളവിലേക്കാണ് എന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല.

5. വാടക യഥാസമയം അടവാക്കാത്തവരിൽ നിന്നും പിഴപ്പലിശ ഈടാക്കുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. വാടക രജിസ്റ്റർ പ്രകാരം ആയതു സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. ഇതുമായി

ബന്ധപ്പെട്ട നിബന്ധനകൾ പരിശോധിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ആസ്തികൾ വാടകയ്ക്ക് നൽകുന്നതു സംബന്ധിച്ച ബൈലോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6. തൻ വർഷത്തെയും മുൻവർഷങ്ങളിലെയും കുടിശ്ശിക അടവാക്കുന്നതിൽ വീഴ്ച വരുത്തിയ വാടക ക്കാരിൽ നിന്നും മുറി തിരികെ കൈവശത്തിൽ എടുക്കുകയോ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം/രേഖകൾ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണം നം.38/23-02-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിന്റെ ആസ്തികളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനും കുടിശ്ശിക ഈടാക്കുന്നതിനുമായി കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 ലേല വരവ് - ജില്ലാ പഞ്ചായത്ത് തീരുമാനങ്ങളിൽ തുടർ നിരീക്ഷണമില്ല

ജില്ലാ പഞ്ചായത്തിനു ലഭിക്കുന്ന ലേല വരവിന്റെ കൃത്യത പരിശോധിക്കുന്നതിന് സ്ഥാപനത്തിൽ കാലാകാലങ്ങളായി യാതൊരുവിധ രേഖകളോ രജിസ്റ്ററോ സൂക്ഷിക്കുന്നില്ല. ജില്ലാ പഞ്ചായത്തിന്റ വാർഷിക കണക്ക്, ജില്ലാ പഞ്ചായത്ത് ഭരണസമിതി മിനിറ്റ്സ് എന്നിവ പരിശോധിച്ചതു പ്രകാരമുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

## 1-17-1 ലേല വരവ് 3579098 രൂപയുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തിലെ ജില്ലാ പഞ്ചായത്തിന്റെ വാർഷിക കണക്കു പ്രകാരം ലേലം ഇനത്തിൽ താഴെ പറയുന്ന വരവുകളുണ്ട്.

| | |
|---|---|
| Sale Of Usufructs Of Trees | 15000 |
| Sale Of Other Products | 51310 |
| Sale Of Scrap | 2593595 |
| Receipts From Auction Of Obsolete Assets | 362322 |

| | |
|---|---|
| Sale Of Empties And Waste Materials | 556871 |
| ആകെ | 3579098 |

മേൽ തുകകളുടെ വിശദാംശങ്ങൾ/ലേല നടപടിക്രമ വിവരങ്ങൾ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (38/23-02-2023) നൽകിയെങ്കിലും പ്രസ്തുത ലേല വരവുകൾ സംബന്ധിച്ച യാതൊരു വിശദാംശങ്ങളും ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 2 – ഫോറം - 20 - യിൽ നിഷ്കർഷിക്കുന്ന മാതൃകയിൽ ഒരു ലേല രജിസ്റ്റർ തയ്യാറാക്കി ലേല നടപടികളുടെയും തുക അടവാക്കുന്നതിന്റെയും വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും ലേലം സംബന്ധിച്ച യാതൊരു രേഖകളോ രജിസ്റ്ററോ തൻ വർഷത്തെ ഓഡിറ്റിലും ഹാജരാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള മേൽ അക്കൗണ്ട് ഹെഡുകളിലെ ലേല വരവുകളുടെ കൃത്യത ഓഡിറ്റിൽ ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

1-17-2 ലേല നടപടികളുമായി ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങളുടെ തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

ജില്ലാ പഞ്ചായത്ത് ഭരണസമിതി മിനിറ്റ്സ് പരിശോധിച്ചപ്പോൾ ലേല നടപടികളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുള്ളതായും എന്നാൽ അതുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതായും കാണുന്നു. തീരുമാനങ്ങളുടെയും ഓഡിറ്റ് അന്വേഷണത്തിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) ജില്ലാ പഞ്ചായത്ത് ഓഫീസിനകത്തും കോമ്പൗണ്ടിലും അവശേഷിക്കുന്ന ആക്രി വസ്തുക്കളുടെയും മറ്റ് നിർമ്മാണാവശിഷ്ടങ്ങളുടെയും ലേലം - തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്

24-06-2021 – ലെ ജില്ലാ പഞ്ചായത്ത് ഭരണസമിതി യോഗ തീരുമാനം നം.10(5) പ്രകാരം ജില്ലാ പഞ്ചായത്ത് ഓഫീസിനകത്തും കോമ്പൗണ്ടിലും അവശേഷിക്കുന്ന ആക്രി വസ്തുക്കളും മറ്റ് നിർമ്മാണാവശിഷ്ടങ്ങളും ലേലം ചെയ്ത് വിറ്റഴിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണം നം. 38/23-02-2023 പ്രകാരം പ്രസ്തുത തീരുമാനത്തിന്റെ തുടർ നടപടികളുടെ വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും വാല്യുവേഷൻ തയ്യാറാക്കി നൽകുന്നതിന് 06-06-2022 – ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി - ക്ക് കത്ത് നൽകിയിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭ്യമായിട്ടില്ല എന്നാണ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ബി) കുറ്റൂർ സി.എം.ജി.എച്ച്.എസ്.എസ് പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള ലേല - തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്

13-10-2021 – ലെ തീരുമാനം നം.7(3) – കുറ്റൂർ സി.എം.ജി.എച്ച്.എസ്.എസ് പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള ലേലം 273651 രൂപയ്ക്ക് ശ്രീ.കെ.കെ രാമൻകുട്ടി എന്ന വ്യക്തിക്ക് ഉറപ്പിച്ചു നൽകുന്നതിന് അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിനും മേൽ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അടവാക്കിയതു സംബന്ധിച്ചോ മറ്റനുബന്ധ രേഖകളോ ഓഡിറ്റിനു ലഭ്യമാക്കിയില്ല.

ക്രമ നം.എ - യിലെ തീരുമാനത്തിന്മേൽ എൽ.എസ്.ജി.ഡി യുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും ക്രമ നം.ബി - യിലെ തീരുമാന പ്രകാരം തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനു ഹാജരാക്കേണ്ടതുമാണ്.

1-17-3 മരാമത്ത്പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച മണ്ണ് ലേലം ചെയ്തിട്ടില്ല

പദ്ധതിയുടെ പേര്-ചാത്തൻചാൽ റോഡ് നവീകരണം, കാട്ടുകുറ്റി, 909/22

നിർവ്വഹണം-അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ,എൽഎസ്ജിഡി

അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ് (റോഡ്)-15,00,000 , ചെലവ്- 12,53,503

കരാറുകാരൻ- രവീന്ദ്രൻ എം ആർ

ഈ പ്രവൃത്തിയുടെ ഇനം 3 പണിയിൽ ലഭിച്ച 142 എം3 മണ്ണിന്റെ വാല്യുവേഷൻ നടത്തി 32,676/-രൂപ വില നിശ്ചയിച്ച്, വിവരം എക്സി.എഞ്ചിനീയർ, എൽഎസ്ജിഡി ഡി2-909/22/23.3.2022 നമ്പർ കത്തുപ്രകാരം ലേലനടപടികൾക്കായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

142 എം3 മണ്ണ് ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 32/3.2.2023 ന് യാതൊരു മറുപടിയും ലഭ്യമാക്കുകയുണ്ടായില്ല. 2021-22സാമ്പത്തിക വർഷത്തെ ലേലനടപടികളുമായി ബന്ധപ്പെട്ട രേഖകളൊന്നുംതന്നെ ഹാജരാക്കുകയുണ്ടായില്ല. എക്സി.എഞ്ചിനീയർ, 32,676/-രൂപ വില നിശ്ചയിച്ച 142 എം3 മണ്ണ് യഥാസമയം ലേലം ചെയ്യാതിരുന്നതിനാൽ ജില്ലാപഞ്ചായത്തിന് ഈവകയിൽ വരവുനഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് നഷ്ടം കണക്കാക്കി ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

1-18 ജില്ലാ പഞ്ചായത്ത് ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. യാഥാർത്ഥ്യബോധത്തോടെ പദ്ധതികൾ ആവിഷ്കരിക്കണം. പദ്ധതി നിർവ്വഹണത്തിൽ സമയബന്ധിതമായ ഇടപെടലും തുടർ നിരീക്ഷണവും ആവശ്യമാണ്. വിനിയോഗ രേഖകൾ ഹാജരാക്കാത്ത 21,93,47,633/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്.

ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്നതിന് 2021-22 വർഷത്തിൽ ആവിഷ്കരിച്ച 239 പദ്ധതികളിൽ സ്പിൽ ഓവറായ 16 പദ്ധതികൾ ഉൾപ്പെടെ 85 പദ്ധതികൾ തൻ വർഷത്തിൽ നടപ്പാക്കിയിട്ടില്ല. സെക്രട്ടറി നേരിട്ട് നടപ്പാക്കുന്ന 31 പദ്ധതികളും മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം വിഹിതം കൈമാറുന്ന 208 വിഹിതം കൈമാറൽ പദ്ധതികളും ഇതിലുൾപ്പെടുന്നു. 57 സ്പിൽ ഓവർ പദ്ധതികളും 97 പുതിയ പദ്ധതികളും കൂടി ആകെ നടപ്പാക്കിയ 154 പദ്ധതികളിലായി 25.58 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. (ചെലവ് 72.6%)

1994 ലെ കേരള പഞ്ചായത്ത് നിയമം അഞ്ചാം പട്ടിക പ്രകാരം ജില്ലയിലെ മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെ ഫോർവേഡ്, ബാക്ക് വേഡ് ലിങ്കേജ് ആയി പ്രവർത്തിക്കുക എന്നത് ജില്ലാ പഞ്ചായത്തിന്റെ ചുമതലയാണ്. ഇതു പ്രകാരം ജില്ലയിലെ വിവിധ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ ആവശ്യങ്ങളും, ജില്ലാപദ്ധതി നിർദ്ദേശങ്ങളും, വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളും പരിഗണിച്ച് ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റികളും ജില്ലാസഭയും മുൻഗണന നൽകി 35.21 കോടി രൂപ വകയിരുത്തി രൂപീകരിച്ച 239 പദ്ധതികൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്ത് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ രൂപീകരിച്ച 85 പദ്ധതികൾ സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിട്ടില്ല.

ആസൂത്രണം മുതൽ അംഗീകാരം വരെ വിവിധ സമിതികളുടെ പരിശോധനകൾക്ക് വിധേയമാകുന്ന പദ്ധതി നിർദ്ദേശങ്ങളിൽ നിന്നും ആവശ്യകത ബോധ്യപ്പെട്ട് മുൻഗണന നിശ്ചയിച്ച പദ്ധതികളാണ് സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്നതിന് തെരഞ്ഞെടുത്ത് അംഗീകാരം നൽകിയിട്ടുള്ളത് എന്ന് വർക്കിംഗ് ഗ്രൂപ്പ്/സ്റ്റാന്റിംഗ് കമ്മിറ്റി/ജില്ലാ സഭ/ഭരണ സമിതി മിനിറ്റ്സുകളിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ ഇത്തരത്തിൽ മുൻഗണന നിശ്ചയിച്ച് രൂപീകരിക്കുന്ന പദ്ധതികൾ ഒരു സാമ്പത്തിക വർഷം മുഴുവൻ ലഭിച്ചിട്ടും നടപ്പാക്കാൻ കഴിയുന്നില്ല എന്നത് വിശ്വസനീയമല്ല. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും യാഥാർത്ഥ്യ ബോധത്തോടെ ജില്ലാ പഞ്ചായത്ത് ആവിഷ്കരിക്കുന്നവയാണോ എന്ന് പരിശോധിക്കപ്പെടേണ്ട സാഹചര്യം നിലനിൽക്കുന്നുണ്ട്. കുടിവെള്ള പദ്ധതികൾ, കോളനി സമഗ്ര വികസനം തുടങ്ങി ഗുണഭോക്താക്കൾക്ക് അടിയന്തിരമായി ഗുണം ലഭിക്കേണ്ട പദ്ധതികൾക്ക് അംഗീകാരം നൽകിയത് പോലും യഥാസമയം നടപ്പാക്കാത്ത

സ്ഥിതിവിശേഷം നിലവിലുണ്ട്. രൂപീകരിച്ച പദ്ധതികൾ സാമ്പത്തിക വർഷത്തിൽ തന്നെ നടപ്പാക്കാതിരിക്കുന്നതിന്റെ കാരണം പരിശോധിക്കേണ്ടതും, സംയുക്ത പദ്ധതികളുടെ കാര്യത്തിൽ നടപ്പാക്കേണ്ട തദ്ദേശ സ്ഥാപനവുമായി ബന്ധപ്പെട്ട് സമയബന്ധിതമായി പ്രവൃത്തികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഇടപെടൽ ജില്ലാപഞ്ചായത്തിന്റെയും മോണിറ്ററിംഗ് കമ്മിറ്റിയുടേയും ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുമാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കണം. (നിർവ്വഹണ ഉദ്യോഗസ്ഥർ/മോണിറ്ററിംഗ് കമ്മിറ്റി/സ്റ്റാന്റിംഗ് കമ്മിറ്റി/ഭരണ സമിതി എന്നിവർ പദ്ധതി നിർവ്വഹണ പുരോഗതി സമയബന്ധിതമായി വിലയിരുത്തി, പദ്ധതി നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം/പ്രായോഗിക ബുദ്ധിമുട്ടുകൾ കണ്ടെത്തി, അവ പരിഹരിക്കുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ/കാര്യക്ഷമമായ ഇടപെടൽ നടത്തുന്നില്ല എന്നതിനാലാണ് സാംപത്തിക വർഷത്തിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പാക്കാൻ കഴിയാത്ത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.)

മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് വിഹിതം കൈമാറുന്നതിന് ജില്ലാ പഞ്ചായത്ത് രൂപീകരിച്ച 208 പദ്ധതികളിൽ 69 എണ്ണത്തിലും യാതൊരു തുകയും സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടില്ല. ജില്ലയിലെ മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെ യഥാർത്ഥ ആവശ്യകതയും, മുൻഗണനാ മാനദണ്ഡങ്ങളും പരിഗണിച്ചാണോ/മുൻനിർത്തിയാണോ ഇത്തരം പദ്ധതികൾ രൂപീകരിച്ചത് എന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. അതേ സമയം വിഹിതം കൈമാറിയ 139 പദ്ധതികളിലും വിനിയോഗ സാക്ഷ്യപത്രമോ, പദ്ധതി പൂർത്തീകരണ വിവരമോ ലഭിച്ചിട്ടില്ലായെന്നത് പദ്ധതി നിർവ്വഹണത്തിൽ തുടർ നിരീക്ഷണവും, കാര്യക്ഷമതയും ഇല്ലായെന്നതിന്റെ വ്യക്തമായ തെളിവായി കണക്കാക്കാം. (139 പദ്ധതികളിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത 124 പദ്ധതികളുടെ വിവരങ്ങൾ താഴെ പട്ടികയിലും, 7 പദ്ധതികൾ ഖണ്ഡിക 1-19 ലും മറ്റുള്ളവ വിവിധ ഖണ്ഡികകളായും ഈ റിപ്പോർട്ടിലുൾപ്പെടുത്തിയിട്ടുണ്ട്.) വിഹിതം കൈമാറിയ തുകകളുടെ വിനിയോഗ/പൂർത്തീകരണ വിവരം വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും എത്രയും വേഗം ലഭ്യമാക്കി ഓഡിറ്റിന് നൽകേണ്ടതാണ്. വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് ജില്ലാ പഞ്ചായത്ത് നൽകിയ തുകകളുടെ വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 21,93,47,633/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

30.09.21 ലെ ധനവകുപ്പിന്റെ 86/21 സർക്കുലർ പ്രകാരം തദ്ദേശസ്ഥാപനങ്ങളുടെ സംയുക്ത പദ്ധതി അക്കൌണ്ടിലേക്ക് നൽകിയ തുക 31.03.2022 ന ശേഷം ലാപ്സായിട്ടുണ്ട്. (ഉദാ. കൊണ്ടാഴി, വേലൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകകൾ ലാപ്സായതായി അറിയിച്ചിട്ടുണ്ട്.) ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയ 139 പദ്ധതികളിൽ വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയ തുകകൾ ലാപ്സായിട്ടുണ്ടോയെന്ന പരിശോധന ജില്ലാ പഞ്ചായത്ത് നടത്തിയിട്ടില്ല. ജില്ലാ പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഈ തുകകൾ ചെലവായി കാണുമെങ്കിലും സാമ്പത്തിക വർഷത്തിനുള്ളിൽ തുക കൈപ്പറ്റിയ തദ്ദേശസ്ഥാപനം ചെലവഴിക്കാത്തത് മൂലം തുക ലാപ്സാവുകയും ഗുണഭോക്താക്കൾക്ക് ഇതുമൂലം പ്രയോജനം ലഭിക്കാത്ത സ്ഥിതി വിശേഷമുണ്ടാവുകയും ചെയ്യും. കാര്യക്ഷമമായ തുടർ നീരീക്ഷണവും ഇടപെടലും ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഇല്ലാത്തതിനാലാണ് ഇത്തരത്തിൽ സംഭവിക്കുന്നത്. ഇത് ഒഴിവാക്കപ്പെടേണ്ടതാണ്. ജില്ലാ പഞ്ചായത്ത് സെക്രട്ടറി നേരിട്ട് നിർവ്വഹണം നടത്തിയ നിക്ഷേപ പ്രവൃത്തികളിലും, തുക കൈമാറിയ പദ്ധതികളിലും ആവശ്യമായ മോണിറ്ററിംഗ് ഉദ്യോഗസ്ഥ തലത്തിലും, ഡിവിഷൻ തലത്തിലും ഉണ്ടായെങ്കിൽ മാത്രമേ ജില്ലാ പഞ്ചായത്തിന്റെ പദ്ധതികൾ ലക്ഷ്യം നേടി എന്ന് ഉറപ്പാക്കാൻ കഴിയുകയുള്ളൂ. ഇത്തരം അപാകതകൾ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും കാര്യക്ഷമമായ തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ അപാകതകൾ ആവർത്തിക്കുന്നതായാണ് കാണുന്നത്. ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ ഉണ്ടാകണം. ആയതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.3/13.9.2022)

വിഹിതം കൈമാറിയ പദ്ധതികളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിന്റെ വിവരം താഴെ ചേർക്കുന്നു.- ചെലവ് തുക 21,93,47,633/- രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പദ്ധതി നം./തദ്ദേശസ്ഥാപനം/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് വിഹിതം. | | | |
| 1 | 488/22 കാട്ടകാമ്പൽ ഗ്രാപ. പട്ടിത്തടം പി.ടി.യു നഗർ റോഡ് | 200000 | 197553 |
| 2 | 1030/22 എറിയാട് ഗ്രാപ.ഗ്രാമറോഡ് | 200000 | 200000 |
| 3 | 501/22 വല്ലച്ചിറ ഗ്രാപ. പൂക്കോട് പറമ്പ് റോഡ് | 273243 | 273243 |
| 4 | 489/22 കാട്ടകാമ്പൽ ഗ്രാപ. കോട്ടോൽ പത്തങ്ങാടി റോഡ് | 300000 | 299976 |
| 5 | 241/22 കടങ്ങോട് ഗ്രാപ. പുതിയ മാത്തൂർ റോഡ് | 500000 | 300577 |
| 6 | 452/22 താന്ന്യം ഗ്രാപ. എ.ആർ റോഡ് ബസ്റ്റോപ്പ് നവീകരണം | 386426 | 386426 |
| 7 | 448/22 എരുമപ്പെട്ടി ഗ്രാപ. ശങ്കരൻകാവ് അമ്പലം റോഡ് | 500000 | 413007 |
| 8 | 244/22 കടങ്ങോട് ഗ്രാപ. എയ്യാൽ ഗുഹ അമ്പലം സമാജം റോഡ് | 500000 | 443252 |
| 9 | 1076/22 തളിക്കുളം ഗ്രാപ. കൊപ്രക്കളം പുതിയങ്ങാടി റോഡ് | 500000 | 457606 |
| 10 | 1080/22 തളിക്കുളം ഗ്രാപയ എരണേഴത്ത് അമ്പലം റോഡ് | 500000 | 457638 |
| 11 | 474/22 വേലൂർ ഗ്രാപ. പള്ളിക്കുളം തയ്യൂർ റോഡ് | 500000 | 459081 |
| 12 | 512/22 എറിയാട് ഗ്രാപ. മഞ്ഞളി മരപ്പാലം റോഡ് | 468320 | 468320 |
| 13 | 464/22 വടക്കേക്കാട് ഗ്രാപ. പറയങ്കോട് മുഹമ്മദ് മുസലിയാർ റോഡ് | 500000 | 500000 |
| 14 | 743/22 കൈപറമ്പ് ഗ്രാപ. തലക്കോട്ടുകര റോഡ് കാന നിർമ്മാണം | 500000 | 500000 |
| 15 | 757/22 പാവറട്ടി ഗ്രാപ. സാസ്കാരിക നിലയം റോഡ് കാനനിർമ്മാണം. | 700000 | 585913 |
| 16 | 1134/22 കൊരട്ടി ഗ്രാപ. വാലുങ്ങാമുറി ബ്രാഞ്ച് കനാൽ റോഡ് സൈഡ് കെട്ടൽ | 862931 | 600000 |
| 17 | 211/22 നോർത്ത് പൂപ്പത്തി രാജവീഥി ബണ്ട് റോഡ് റീ ടാറിംഗ് | 700000 | 697074 |
| 18 | 479/22കൊരട്ടി ഗ്രാപ. വാലുങ്ങാമുറി ബ്രാഞ്ച് റോഡ് വാർഡ് 6 | 726215 | 700000 |
| 19 | 190/22നെന്മണിക്കര ഗ്രാപ. ഒന്നാംവാർഡ് സിറ്റിസൺ എൻക്ലേവ് റോഡ് | 800000 | 705398 |
| 20 | 103/22പെരിഞ്ഞനം ഗ്രാപ. കളരിക്കൽ ക്ഷേത്രം റോഡ് | 1000000 | 750834 |
| 21 | 520/22കൊണ്ടാഴി ഗ്രാപ. ഉള്ളാട്ടുകുളം കുന്നംപുറം റോഡ് | 1000000 | 778858 |
| 22 | 1013/22മതിലകം ഗ്രാപ. കണിയത്ത് ക്ഷേത്രം റോഡ് | 1000000 | 836165 |
| 23 | 1112/22അന്തിക്കാട് ഗ്രാപ. പാന്തോട് മാങ്ങാട്ടുകര റോഡ് | 900000 | 900000 |

| | | | |
|---|---|---|---|
| 24 | 521/22കടങ്ങോട് ഗ്രാപ. വാർഡ് 2 എൻ.എസ്.എസ് റോഡ്. | 958469 | 922983 |
| 25 | 490/22കാറളം ഗ്രാപ.ഹൈസ്കൂൾ ആറോടി ലിങ്ക് റോഡ് | 950000 | 950000 |
| 26 | 487/22ചൊവ്വന്നൂർ ഗ്രാപ. പടിഞ്ഞാറ്റുമുറി മുസ്ലീം പള്ളി പഴുന്നാന റോഡ്. | 1000000 | 969711 |
| 27 | 485/22കടപ്പുറം ഗ്രാപ. വാർഡ് 11 അഴീക്കൽ റോഡ് | 1000000 | 1000000 |
| 28 | 513/22 മുല്ലശ്ശേരി ഗ്രാപ തിരുനെല്ലൂർ ചുക്കുബസാർ റോഡ് കാന നിർമ്മാണം. | 1000000 | 1000000 |
| 29 | 515/22പാണഞ്ചേരി ഗ്രാപ. വീണ്ടശ്ശേരി ക്ലബ്ബ് പയ്യനം കനാൽ ബണ്ട് റോഡ് | 1000000 | 1000000 |
| 30 | 516/22പാവറട്ടി ഗ്രാപ. പൊന്നകുളം പെരിങ്ങോട്ടുപുഴ റോഡ് | 1000000 | 1000000 |
| 31 | 188/22നെന്മണിക്കര ഗ്രാപ തലവണിക്കര കോനിക്കര റോഡ് | 1000000 | 1000000 |
| 32 | 533/22എസ് എൻ പുരം ഗ്രാപ. ടി കെ റോഡ് | 1000000 | 1000000 |
| 33 | 992/22കയ്പമംഗലം ഗ്രാപ. വാർഡ് 8 കുളത്തൊടി റോഡ് | 1000000 | 1000000 |
| 34 | 1019/22പെരിഞ്ഞനം ഗ്രാപ. 11ാം വാർഡ് പുളിഞ്ചോട് മുതൽ ഇന്റസ്ട്രിയൽ എസ്റ്റേറ്റ് വരെ റീ ടാറിംഗ് | 1000000 | 1000000 |
| 35 | 1027/22എസ് എൻ പുരം ഗ്രാപ. ഫോർഷോർ റോഡ് | 1000000 | 1000000 |
| 36 | 1054/22കയ്പമംഗലം ഗ്രാപ. വാർഡ്10 ഫിറർ പള്ളി പനമ്പിള്ളി റോഡ് കാന നിർമ്മാണം | 1000000 | 1000000 |
| 37 | 1071/22തോളൂർ ഗ്രാപ. സബ്സ്റ്റേഷൻ മുക്കോല റോഡ് | 1000000 | 1000000 |
| 38 | 1073/22പുന്നയൂർക്കുളം ഗ്രാപ സ്കൂൾ താഴം റോഡ് | 1000000 | 1000000 |
| 39 | 1069/22മണലൂർ ഗ്രാപ. വാർഡ് 3 പൊറ്റക്കാട്ട് ശങ്കരനാരായണൻ റോഡ് | 1200000 | 1200000 |
| 40 | 457/22മാടക്കത്തറ ഗ്രാപ. പനമ്പിള്ളി ചെട്ടിക്കാട് മുട്ടിക്കൽ മരോട്ടിച്ചുവട് റോഡ് | 1755857 | 1504964 |
| 41 | 90/22കാട്ടകാമ്പൽ ഗ്രാപ ഐന്നൂർ ഗാന്ധി റോഡ് | 1000000 | 999748 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് വിഹിതം. | | | |
| 42 | 449/22അന്തിക്കാട് ഗ്രാപ ഹോമിയോ ആശുപത്രി നവീകരണം. | 288803 | 288803 |
| 43 | 736/22മറ്റത്തൂർ ഗ്രാപ. നാലാം വാർഡിൽ കലാലയ പബ്ലിക് ലൈബ്രറി നവീകരണം. | 500000 | 367372 |
| 44 | 219/22കൊരട്ടി ഗ്രാപ കൊരട്ടി ജി.പി.എൽ.പി. എസ്. ഭൌതിക സാഹചര്യം ഒരുക്കൽ. | 1000000 | 1000000 |
| 45 | 879/22കൊരട്ടി ഗ്രാപ ആയുർവേദ ആശുപത്രി നവീകരണം. | 1500000 | 1500000 |
| തനതു ഫണ്ട് വിഹിതം | | | |
| 46 | 508/22തെക്കുംകര ഗ്രാപ. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 400000 | 300056 |
| 47 | 507/22പുഴക്കൽ ബ്ലോക്ക് ഡയാലിസിസ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നത്. | 500000 | 491700 |

| | | | |
|---|---|---|---|
| 48 | 465/22പാണഞ്ചേരി ഗ്രാപ. വീണ്ടാശ്ശേരി റോഡ് | 1000000 | 1000000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം | | | |
| 49 | 1034/22ചാഴൂർ ഗ്രാപ. ഹരിതകേരളം ജല സംരക്ഷണം. | 1000000 | 400000 |
| 50 | 283/22 എസ്.എസ്.കെ വിഹിതം നൽകൽ | 25140939 | 25140939 |
| 51 | 285/22ശ്മശാന നവീകരണം. വിഹിതം നൽകൽ | 4667120 | 2960108 |
| 52 | 493/22 20-21 അംഗൻവാടി പോഷകാഹാരം ജില്ലാപഞ്ചായത്ത് വിഹിതം നൽകൽ. | 119116 | 117096 |
| 53 | 527/22ജലരക്ഷ ജീവരക്ഷ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ. | 5000000 | 4414852 |
| 55 | 500/22മുല്ലശ്ശേരി ഗ്രാപ. പുത്തൻകുളം നവീകരണം. | 500000 | 500000 |
| 56 | 292/22കൊടകര ഗ്രാപ. ജലസമൃദ്ധി പൊതു ജലാശയ സംരക്ഷണം. | 500000 | 500000 |
| 57 | 294/22പറപ്പൂക്കര ഗ്രാപ. മാനാംകുളം പഞ്ചായത്ത് കുളം സംരക്ഷണം | 700000 | 700000 |
| 58 | 915/22താന്ന്യം ഗ്രാപ. ചെമ്മാപ്പിള്ളി ഋക്കപാലം വിഹിതം നൽകൽ | 1000000 | 1000000 |
| 59 | 518/22വെള്ളാങ്കല്ലൂർ ഗ്രാപ. അറവുശാല നിർമ്മാണം. | 1512970 | 1512970 |
| പട്ടിക വർഗ്ഗ പദ്ധതി വിഹിതം. | | | |
| 60 | 1252/22അളഗപ്പനഗർ ഗ്രാപ. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്. | 120000 | 120000 |
| 61 | 1111/22പയ്യനം ട്രൈബൽ കോളനി വിഹിതം നൽകൽ | 1000000 | 649980 |
| പ്രത്യേക ഘടക പദ്ധതി വിഹിതം( എസ്.സി.പി) | | | |
| 62 | 503/22 മാള ഗ്രാപ. കോട്ടപാടം എസ്സി കോളനി സമഗ്ര വികസനം. | 1500000 | 1476929 |
| 63 | 486/22എരുമപ്പെട്ടി ഗ്രാപ. കരിയന്നൂർ കോളനി സമഗ്ര വികസനം. | 110492 | 47585 |
| 64 | 1015/22തെക്കുംകര ഗ്രാപ. മണലിത്തറ കിഴക്കേക്കര എസ്.സി കോളനി. | 1500000 | 79357 |
| 65 | 454/22വേലൂർ ഗ്രാപ. ചെറുകുന്ന് കോളനി സമഗ്ര വികസനം. | 366509 | 128529 |
| 66 | 266/22 എസ്.എസ്.കെ വിഹിതം നൽകൽ എസ്.സി | 20000000 | 20000000 |
| 67 | 1088/22പുത്തൂർ ഗ്രാപ. ശാന്തിനഗർ കോളനി ഹൈമാസ്റ്റ് വിഹിതം നൽകൽ. | 200000 | 200000 |
| 68 | 483/22വല്ലച്ചിറ ഗ്രാപ. ഞെരുവശ്ശേരി ബ്രാഞ്ച് റോഡ് വിഹിതം നൽകൽ | 210247 | 210247 |
| 69 | 187/22പുത്തൂർ ഗ്രാപ. മതിക്കുന്ന് നോർത്ത് കോളനി ഹൈമാസ്റ്റ് ലൈറ്റ് വിഹിതം നൽകൽ | 300000 | 300000 |
| 70 | 1091/22തൃക്കൂർ ഗ്രാപ. വാർഡ് 14 എസ്.സി സാംസ്കാരിക നിലയം നവീകരണം. | 300000 | 300000 |
| 71 | 455/22കാറളം ഗ്രാപ. വടക്കേകോളനി റോഡ് റീ ടാറിംങ്ങ് | 424419 | 424419 |

| | | | |
|---|---|---|---|
| | സൈഡ്കെട്ടൽ | | |
| 72 | 476/22വേലൂർ ഗ്രാപ. വള്ളിപ്പറ്റ കോളനി സമഗ്ര വികസനം | 500000 | 430446 |
| 73 | 1210/22വേളൂക്കര ഗ്രാപ. വഴിക്കാലിചിറ പുഞ്ചപാടം തോട് സൈഡ് പ്രൊട്ടക്ഷൻ | 480000 | 480000 |
| 74 | 1256/22അവിണിശ്ശേരി ഗ്രാപ. ദീപം നഗർ കോളനി റോഡ് വിഹിതം നൽകൽ. | 400000 | 275703 |
| 75 | 475/22വേലൂർ ഗ്രാപ. ചെറുകുന്ന് കോളനി റോഡ് വിഹിതം നൽകൽ | 500000 | 500000 |
| 76 | 766/22വരന്തരപ്പിള്ളി ഗ്രാപ. കോന്ദേങ്ങലം കോളനി സാംസ്കാരിക നിലയം അറ്റകുറ്റപണി. | 500000 | 500000 |
| 77 | 870/22മുളങ്കുന്നത്ത്കാവ് ഗ്രാപ. വേശ്ശുട്ടൻപടി എസ്.സി കോളനി റോഡ് വിഹിതം നൽകൽ | 600000 | 521406 |
| 78 | 1257/22മറ്റത്തൂർ ഗ്രാപ. വാർഡ് 7 പട്ടികജാതി കോളനി സമഗ്ര വികസനം. | 616262 | 525000 |
| 79 | 156/22ശ്രീനാരായണപുരം ഗ്രാപ. പോനിശ്ശേരി കോളനി സമഗ്ര വികസനം. | 900000 | 900000 |
| 80 | 1141/22ശ്രീനാരായണപുരം ഗ്രാപ. വിവിധ കോളനികളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ. | 900000 | 900000 |
| 81 | 754/22മുളങ്കുന്നത്ത്കാവ് ഗ്രാപ. കൊങ്ങൻപാറ എസ്.സി സങ്കേതം റോഡ് | 754296 | 736834 |
| 82 | 731/22പുത്തൻ ചിറ ഗ്രാപ. കട്യാടൻ പാറ എസ്സി കോളനി വീട്ടുകളുടെ അറ്റകുറ്റപണി | 1000000 | 1000000 |
| 83 | 772/22കൈപറമ്പ് ഗ്രാപ. പെരിങ്ങന്നൂർ ഹരിജൻ കോളനി കുടിവെള്ള പദ്ധതി. | 1000000 | 1000000 |
| 84 | 1139/22പെരിഞ്ഞനം ഗ്രാപ. വിവിധ വാർഡുകളിലെ എസ്.സി കോളനികളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ. | 1200000 | 1193893 |
| 85 | 759/22തൃക്കൂർ ഗ്രാപ. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ. | 1200000 | 1200000 |
| 86 | 781/22വേളൂക്കര ഗ്രാപ. പറക്കോട്ടുകുന്ന് എസ്.സി കോളനി കമ്മ്യൂണിറ്റി ഹാളിന് സ്ഥലം വാങ്ങൽ വിഹിതം നൽകൽ. | 1800000 | 1800000 |
| പൊതു വിഭാഗം സാധാരണ വിഹിതം | | | |
| 87 | 764/22 കൊട്ടിപ്പാറ മുതൽ മയിലാട്ടും പാറ ആറങ്ങോട്ടുകര വരെ റോഡ് മെയിന്റനൻസ്. | 2500000 | 2250960 |
| 88 | 3/22 പാലിയേറ്റീവ് കെയർ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ. | 12665255 | 12208822 |
| 89 | 4/22 ആശ്രയ പദ്ധതി വിഹിതം നൽകൽ | 1000000 | 608341 |
| 90 | 5/22 അംഗൻവാടി പോഷകാഹാരം ജില്ലാ പഞ്ചായത്ത് വിഹിതം | 20152557 | 20152557 |
| 91 | 15/22വയോജന ക്ഷേമ പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ. | 4324997 | 4230371 |
| 92 | 164/22ശുചിപൂർണ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം | 359200 | 359200 |

| | | | |
|---|---|---|---|
| | നൽകൽ | | |
| 93 | 181/22വിശപ്പുരഹിത കേരളം ജനകീയ ഹോട്ടൽ വിഹിതം നൽകൽ | 220000 | 200000 |
| 94 | 210/22ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 28121445 | 28116545 |
| 95 | 279/22 കോവിഡ് പ്രതിരോധം ജീവൻ രക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം | 9644515 | 9644515 |
| 96 | 471/22പാലിയേറ്റീവ് കെയർ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 559879 | 558790 |
| 97 | 472/22ഭിന്നശേഷി സൌഹൃദ ജില്ല. അംഗപരിമിതർക്ക് മുച്ചക്ര വാഹനം നൽകൽ | 603306 | 569996 |
| 98 | 782/22അംഗപരിമിതർക്ക് ഉപകരണങ്ങൾ | 8030215 | 6238310 |
| 99 | 1108/22അംഗൻവാടി മെയിന്റനൻസ് പൂർത്തീകരിച്ച പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ. | 2500000 | 1820293 |
| 100 | 904/22പാവറട്ടി ഗ്രാപ വാർഡ് 7 കാക്രാട്ടുപടി റോഡ് കാന നിർമ്മാണം | 500000 | 90943 |
| 101 | 1207/22പുത്തൻചിറ ഗ്രാപ. ഗ്രൌണ്ട് നവീകരണം. വിഹിതം നൽകൽ | 600000 | 115193 |
| 102 | 742/22ചേർപ്പ് ഗ്രാപ. ഒന്നാം വാർഡ് അതിഥി റോഡ് | 300000 | 300000 |
| 103 | 750/22 പോർക്കുളം ഗ്രാപ. അംഗൻവാടി നമ്പർ 69 ന് വിഹിതം നൽകൽ | 300000 | 300000 |
| 104 | 461/22മാടക്കത്തറ ഗ്രാപ. കിഴക്കുമുറി കുറ്റിക്കാട് ഫാം റോഡ് | 407078 | 356513 |
| 105 | 517/22താന്ന്യം ഗ്രാപ. ചെമ്മാപ്പിള്ളി ഇുക്കുപാലം മെയിന്റനൻസ്. | 380000 | 380000 |
| 106 | 1056/22കൊരട്ടി ഗ്രാപ. കട്ടപ്പുറം എൽ.ഐ. വിഹിതം നൽകൽ. | 500000 | 476112 |
| 107 | 433/22പൂമംഗലം ഗ്രാപ. കളിസ്ഥലം നവീകരണം. വിഹിതം നൽകൽ | 500000 | 500000 |
| 108 | 1211/22ഒരുമനയൂർ ഗ്രാപ. പി.എച്ച്.സി. കെട്ടിടം പൂർത്തീകരണം. | 500000 | 500000 |
| 109 | 450/22കടങ്ങോട് ഗ്രാപ.ജലരക്ഷ ജീവരക്ഷ മാത്തൂർ നീണ്ടൂർ കുളം വിഹിതം നൽകൽ. | 900000 | 663791 |
| 110 | 773/22ഒരുമനയൂർ ഗ്രാപ. പി.എച്ച്.സി. കെട്ടിടങ്ങളുടെ നവീകരണം. | 700000 | 700000 |
| 111 | 525/22അരിമ്പൂർ ഗ്രാപ. ഹോമിയോ ആശുപത്രി നിർമ്മാണം. വിഹിതം നൽകൽ. | 1000000 | 965120 |
| 112 | 1147/22വെള്ളാങ്കല്ലൂർ ഗ്രാപ അറവു ശാല നിർമ്മാണത്തിന് അധിക വിഹിതം നൽകൽ | 975000 | 975000 |
| 113 | 453/22വേലൂർ ഗ്രാപ. പഴയങ്ങാടി കുളം ആഴം കൂട്ടലും സൈഡ് കെട്ടി സംരക്ഷണവും | 1000000 | 1000000 |

| | | | |
|---|---|---|---|
| 114 | 462/22 മുല്ലശ്ശേരി ഗ്രാപ. വളാരെ തോട് പാർശ്വഭിത്തി കോൺക്രീറ്റ് സ്ലാബ് നിർമ്മാണം. | 1000000 | 1000000 |
| 115 | 730/22പഴയന്നൂർ ബ്ലോക്ക് ജില്ലാ അതിർത്തിയിൽ സാംസ്കാരിക കവാടം നിർമ്മാണം. | 1000000 | 1000000 |
| 116 | 774/22പാവറട്ടി ഗ്രാപ. ഫാമിലി ഹെൽത്ത് സെന്റർ കെട്ടിട നവീകരണം | 1000000 | 1000000 |
| 117 | 1039/22മതിലകം ബ്ലോക്ക് ശ്രീനാരായണപുരം പാലം പത്താഴക്കാട് റോഡ് വിഹിതം നൽകൽ. | 1000000 | 1000000 |
| 118 | 1084/22കൊടകര ബ്ലോക്ക് പാഴായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരണം. | 1000000 | 1000000 |
| 119 | 1107/22മതിലകം ബ്ലോക്ക് ബഡ്സ് സ്കൂൾ വിഹിതം നൽകൽ | 1000000 | 823936 |
| 120 | 1146/22മാള ഗ്രാപ. വെട്ടുകടവ് പാറക്കടവ് റോഡ് വിഹിതം നൽകൽ | 1200000 | 1187327 |
| 121 | 874/22വേളൂക്കര ഗ്രാപ. പഞ്ചായത്ത് ഹാൾ നവീകരണം. | 1500000 | 1500000 |
| 122 | 912/22മണലൂർ ഗ്രാപ. നാലാം വാർഡ് ആനക്കാട്ട് തീണ്ടാറ്റ് റോഡ് വിഹിതം നൽകൽ. | 1500000 | 1500000 |
| 123 | 482/22ആളൂർ ഗ്രാപ. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ വിഹിതം നൽകൽ. | 3000000 | 3000000 |
| 124 | 1010/22 വെള്ളാങ്കല്ലൂർ ബ്ലോക്ക് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വിഹിതം നൽകൽ. | 3700000 | 3700000 |
| ആകെ | | 23,20,36,081 | 21,93,47,633 |

1-19 കുടിവെള്ള പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ലഭ്യമല്ല. ചെലവു തുക 38,21,859 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ.സെക്രട്ടറി

ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ നടപ്പാക്കുന്നതിന് ഭരണസമിതി അംഗീകാരം നൽകിയ താഴെ പറയുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ തുടർ നടപടി വിവരം ലഭ്യമല്ല. മേൽ പ്രവൃത്തികൾക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും പൂർത്തീകരണം/വിനിയോഗം സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും വിവരം ലഭിച്ചതായി ഫയലിലില്ല. പദ്ധതികളുടെ വിനിയോഗ സാക്ഷ്യ പത്രം, പൂർത്തീകരണം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 38,21,859/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറിനം.9/01.11.2022) ഇതു സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം./പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 495/22കാട്ടകാമ്പൽ ഗ്രാപ. അയിനൂർ കുടിവെള്ള പദ്ധതി. | 1000000 | 170607 |
| 2 | 519/22ഗ്രാമപഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതികൾ-വിഹിതം നൽകൽ | 686950 | 63935 |

| | | | |
|---|---|---|---|
| 3 | 499/22മുല്ലശ്ശേരി ഗ്രാപ. വാർഡ് 14 കുടിവെള്ള പദ്ധതി. | 490000 | 490000 |
| 4 | 480/22വേളൂക്കര ഗ്രാപ. നടവരമ്പ് കോളനി വാട്ടർ കണക്ഷൻ | 1000000 | 1000000 |
| 5 | 511/22തെക്കുംകര ഗ്രാപ. പത്താഴക്കുണ്ട് കുടിവെള്ള പദ്ധതി. | 1744600 | 1744600 |
| 6 | 866/22മാള ഗ്രാപ. അണ്ണല്ലൂർ ആനപ്പാറ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി | 2200000 | 174463 |
| 7 | 780/22കാട്ടകാമ്പൽ ഗ്രാപ. ആത്രാശേരി കുടിവെള്ള പദ്ധതി. | 500000 | 178254 |
| ആകെ | | 7621550 | 3821859 |

1-20 കൈപറമ്പ് ഗ്രാപ. പെരിങ്ങന്നൂർ ഹരിജൻ കോളനി കുടിവെള്ള പദ്ധതി. 9,52,987 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം ലാപ്സായി.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്.

സെക്രട്ടറി നടപ്പാക്കിയ ജില്ലാ പഞ്ചായത്തിന്റെ പദ്ധതി നം.772/22 പ്രകാരം കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പെരിങ്ങന്നൂർ ഹരിജൻ കോളനി കുടിവെള്ള പദ്ധതിക്കായി പത്ത് ലക്ഷം രൂപ പ്രത്യേക ഘടക പദ്ധതിയിൽ നിന്നും ബിൽ നം201012911/29.01.2022 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സംയുക്ത പദ്ധതി അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 14ാം വാർഡിൽ ഉള്ള നാല് പട്ടികജാതി കോളനികളിൽ ശുദ്ധജലക്ഷാമം നേരിടുന്ന കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ 214/22 നമ്പർ സംയുക്ത പദ്ധതിക്കായാണ് പ്രത്യേക ഘടക പദ്ധതി വിഹിതമായി ജില്ലാ പഞ്ചായത്ത് 10 ലക്ഷം വകയിരുത്തി ഗ്രാമപഞ്ചായത്തിന് നൽകിയത്.

ഗ്രാമപഞ്ചായത്തിന്റെ 14ാം വാർഡിലെ കുത്തുമാരിയമ്മൻ ക്ഷേത്രത്തിന് സമീപത്തായി കുഴൽകിണർ നിർമ്മിച്ച് നിലവിലെ വിതരണ ലൈനുകളിൽ അധിക ജലം എത്തിച്ച് ജലക്ഷാമം പരിഹരിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. കുഴൽകിണർ നിർമ്മിക്കുന്നതിന് 92,000 രൂപ 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഭൂജലവകുപ്പിൽ നിക്ഷേപിക്കുകയുണ്ടായി. ഇതിൽ 47,013 രൂപ ജില്ലാ പഞ്ചായത്ത് വിഹിതമാണ്. പ്രദേശത്ത് കുഴൽകിണർ നിർമ്മിച്ച് യീൽഡ് ടെസ്റ്റ് നടത്തിയതിൽ ഉപ്പിന്റെ സാന്നിദ്ധ്യം നിയന്ത്രിത അളവിൽ കൂടുതലായതിനാൽ കുഴൽകിണറിലെ ജലം കുടിവെള്ളമായി ഉപയോഗിക്കാൻ സാധിക്കുകയില്ലായെന്നും, പുതിയ കുഴൽ കിണർ കുഴിക്കുന്നതിന് പഴമുക്ക് വഴി എന്ന സ്ഥലം കണ്ടെത്തിയതായും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. കുടിവെള്ള സ്രോതസ്സ് കണ്ടെത്തി യീൽഡ് ടെസ്റ്റ് നടത്തിയതിനു ശേഷം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി പണം നിക്ഷേപിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാലാണ് ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി വിനിയോഗിക്കാനാകാതിരുന്നതെന്നും, സംയുക്ത പദ്ധതി അക്കൌണ്ടിൽ നീക്കിയിരുപ്പുള്ള തുക 30.09.2021 86/2021ധന.വകുപ്പ് സർക്കുലർ പ്രകാരം ലാപ്സായി പോയതിനാൽ പദ്ധതി നടപ്പാക്കാനായില്ലായെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് നൽകിയ 10 ലക്ഷം രൂപയിൽ കുഴൽകിണർ നിർമ്മാണത്തിനുപയോഗിച്ച 47,013 രൂപ ഒഴികെ ബാക്കി 9,52,987/- രൂപ ലാപ്സായിപ്പോയി. വൈകി നടത്തിയ കുഴൽ കിണർ നിർമ്മാണവും, യീൽഡ് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് പുതിയ സ്ഥാനം കണ്ടെത്താൻ സാധിക്കാതിരുന്നതിനാലുമാണ് തുക ലാപ്സാകാനിടയായത്. ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതു വരെ ചെലവു തുക 47,013 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 ജില്ലാ പഞ്ചായത്ത് അംഗീകരിച്ച 10 കുടിവെള്ള പദ്ധതികൾ 2021-22ൽ നടപ്പാക്കിയില്ല.തുടർ നടപടി സ്വീകരിക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി, ജില്ലാ പഞ്ചായത്ത്

ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്നതിന് 2021-22 വർഷത്തിൽ ആവിഷ്കരിച്ച താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി നം. | പേര് | വകയിരുത്തിയ തുക |
|---|---|---|---|
| 1 | 468/22 | വരവൂർ ഗ്രാമപഞ്ചായത്ത് 1017 എസ്.സി കോളനി കുടിവെള്ള പദ്ധതി | 56000 |
| 2 | 469/22 | പുന്നയൂർക്കുളം പഞ്ചായത്ത്-ബാപ്പു ഹാജി മെമ്മോറിയൽ കുടിവെള്ള പദ്ധതി | 1000000 |
| 3 | 473/22 | പഴയന്നൂർ പഞ്ചായത്ത് നീർണമുക്ക് കുടിവെള്ള പദ്ധതി മോട്ടോർ കിണർ നവീകരണം | 428447 |
| 4 | 496/22 | വിവിധ കുടിവെള്ള പദ്ധതികൾക്ക് ഭൂജല വകുപ്പിൽ തുക നിക്ഷേപിക്കൽ | 1602567 |
| 5 | 510/22 | അളഗപ്പനഗർ വലിയകുളം കുടിവെള്ള പദ്ധതി | 1349570 |
| 6 | 180/22 | വേളൂക്കര നടവരമ്പ് കോളനി വാട്ടർകണക്ഷൻ നൽകൽ | 1000000 |
| 7 | 286/22 | പുന്നയൂർ പഞ്ചായത്ത് വാർഡ് 2-3 കുടിവെള്ള പദ്ധതി | 500000 |
| 8 | 289/22 | പാഞ്ഞാൾ ചോലമ്മക്കാവ് കുടിവെള്ള പദ്ധതി | 500000 |
| 9 | 290/22 | പാഞ്ഞാൾ വാർഡ് 16-ചൂണ്ടങ്കാട് കോളനി കുടിവെള്ള പദ്ധതി | 500000 |
| 10 | 768/22 | അരിമ്പൂർ വാർഡ്-9 അംബേദ്കർ കുടിവെള്ള പദ്ധതി | 731265 |
| | | ആകെ | 76,67,849 |

മേൽ പട്ടികയിലെ 10 പദ്ധതികളിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് വിഹിതം കൈമാറുന്നവയും, സെക്രട്ടറി നേരിട്ട് നടപ്പാക്കുന്ന നിക്ഷേപ പ്രവൃത്തികളും ഉണ്ട്. പദ്ധതി നടപ്പാക്കേണ്ട തദ്ദേശസ്ഥാപനങ്ങൾ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതും, ജില്ലാ പഞ്ചായത്തിന്റെ സമയബന്ധിതമായ ഇടപെടൽ ഇല്ലാത്തതും, നിക്ഷേപ പ്രവൃത്തികളിൽ എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് കരാറിലേർപ്പെടാതിരുന്നതുമാണ് പദ്ധതികൾ നടപ്പാക്കാത്തതിന്റെ കാരണമായി ഓഡിറ്റ് വിലയിരുത്തുന്നത്. ആവിഷ്കരിക്കുന്ന പദ്ധതികൾ സാമ്പത്തിക വർഷത്തിൽ തന്നെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർ വർഷങ്ങളിലേക്ക് മാറ്റപ്പെടുന്ന പ്രവണത ഒഴിവാക്കേണ്ടതുതാണ്. ഈ പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയതിന്റെയും, തുടർ നടപടികൾ സ്വീകരിച്ചതിന്റെയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 വാട്ടർ അതോറിറ്റിയിൽ നിക്ഷേപ പ്രവൃത്തി-കരാറിൽ പൂർത്തീകരണ തിയതി രേഖപെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക 25 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്.

1. അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് വാർഡ് 14 ലെ വടക്കേപാടം-പുളിക്കത്തറ റോഡ് പൈപ്പ് ലൈൻ

നീട്ടൽ പദ്ധതി നം.1035/22പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും വകയിരുത്തിയ 10 ലക്ഷം രൂപ തിയതി രേഖപെടുത്താത്ത സെക്രട്ടറിയുടെ സി4.218/22 നമ്പർ ഉത്തരവ് പ്രകാരം 15.02.2022 ന് വാട്ടർ അതോറിറ്റി ഇരിങ്ങാലക്കട എക്സി.എഞ്ചിനീയറുടെ ഡിവിഷൻ ഓഫീസ് അക്കൌണ്ട് നം.10307104066ലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

2. വേളൂക്കര ഗ്രാമപഞ്ചായത്ത് നടവരമ്പ് കോളനിയിൽ 100 വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി നം. 1209/22 പ്രകാരം 15 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് 23.2.22 ന് ഇരിങ്ങാലക്കട പി.എച്ച് ഡിവിഷൻ എക്സി.എഞ്ചിനീയറുടെ അക്കൌണ്ട് നം.10307104066ലേക്ക് 23.2.22 ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

മേൽ സൂചിപ്പിച്ച രണ്ട് പദ്ധതികളിലും വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ പരിശോധിച്ചതിൽ കരാറിലേർപ്പെട്ട തിയതി, പ്രവൃത്തി ആരംഭിക്കുന്നതും, പൂർത്തീകരിക്കുന്നതുമായ തിയതികൾ എന്നിവ രേഖപെടുത്തിയിട്ടില്ല എന്നു കണ്ടു. മേൽ പ്രവൃത്തികൾ നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. നിക്ഷേപ പ്രവൃത്തികളിൽ തിയതി രേഖപ്പെടുത്താതെ കരാറിലേർപ്പെട്ടതു മൂലം കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാത്തതു സംബന്ധിച്ച് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഇത്തരം അപാകതകൾ ആവർത്തിക്കുന്നതായി കാണുന്നു. വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 25 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറിനം.10/01.11.2022)

1-23 കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ മഹാത്മാ കുടിവെള്ള പദ്ധതി-
വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമല്ല. ചെലവ് തുക 72 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്.
ജില്ലാ പഞ്ചായത്തിന്റെ നം. 1118/22 പദ്ധതി പ്രകാരം കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വാർഡ് 6ൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ആവിഷ്കരിച്ച മഹാത്മാ കുടിവെള്ള പദ്ധതിയ്ക്കായി തിയതി രേഖപെടുത്താത്ത സി.4-6213/21 നമ്പർ സെക്രട്ടറിയുടെ നടപടിക്രമ ഉത്തരവ് പ്രകാരം വാട്ടർ അതോറിറ്റിയുടെ അക്കൌണ്ട് നം. 31733094112ലേക്ക് 72 ലക്ഷം രൂപ 21.3.22 ന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ജില്ലാ പഞ്ചായത്ത് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

3.3.2022 ലെ എ6-1260/22 കത്ത് പ്രകാരം വാർഡ് 2ൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് 1.3ലക്ഷം രൂപ, വാർഡ് 2 അയെൺ റിമൂവർ പ്ലാന്റ്, പമ്പ്സെറ്റ്, പമ്പ് ഹൌസ്, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, 5000 ലിറ്റർ ടാങ്ക്, വിതരണ ലൈനുകൾ എന്നിവ സ്ഥാപിക്കുന്നതിന് 63 ലക്ഷം രൂപ, വാർഡ് 6 ൽ കുഴൽ കിണർ ഒഴികെയുള്ള പ്രവൃത്തികൾ നടത്തുന്നതിന് 72 ലക്ഷം രൂപ എന്നിങ്ങനെ ആകെ 1,36,30,000 രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, തൃശ്ശൂർ. എക്സി.എഞ്ചിനീയർ തയ്യാറാക്കിയത് ജില്ലാ പഞ്ചായത്തിന്റെ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

2015-16ൽ വാർഡ് 6ൽ എം.എൽ.എ ഫണ്ട് വിനിയോഗിച്ച് മുണ്ടയൂർ ശിവക്ഷേത്രത്തിനോട് ചേർന്ന് മുണ്ടയൂർ തോടിനരികിലായി ഒരു കുഴൽ കിണർ നിർമ്മിച്ചിരുന്നു. ഈ സ്രോതസ്സിൽ നിന്നും 900 മീറ്റർ അകലെ മുണ്ടൂർ കുടുംബാരോഗ്യകേന്ദ്രം കോംപൌണ്ടിൽ നിർമ്മിക്കുന്ന ഓവർ ഹെഡ് ടാങ്കിലേക്ക് ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, അയേൺ റിമൂവർ പ്ലാന്റ്, ഡിസ്ട്രിബ്യൂഷൻ ലൈനുകൾ, എന്നിവ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം 72 ലക്ഷം രൂപ 21.03.22ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സി.എഫ്.സി അക്കൌണ്ടിൽ നിന്നും വാട്ടർ അതോറിറ്റിയിൽ നിക്ഷേപിക്കുകയും 25.4.22 ന് സി.4-6213/21 നമ്പറായി വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. അയെൺ റിമൂവർ പ്ലാന്റുൾപ്പെടെ സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റ് നൽകിയിട്ടുള്ളതെങ്കിലും ഇത് ബോധ്യപ്പെടുന്നതിനുള്ള ജലപരിശോധന റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി ആരംഭിക്കുന്നതും പൂർത്തീകരിക്കേണ്ടതുമായ തിയതികൾ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും അതോറിറ്റിയും തമ്മിൽ ഏർപ്പെട്ട ഉഭയകക്ഷി കരാറിൽ രേഖപെടുത്തിയിട്ടില്ല. പൂർത്തീകരണ തിയതി രേഖപെടുത്താതെ

കരാറിലേർപ്പെട്ടതു മൂലം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്ത ധാരാളം കുടിവെള്ള പദ്ധതികൾ ജില്ലാപഞ്ചായത്തിലുള്ളതായി മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും (ഇവയിൽ ചിലത് ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല) ഇത്തരം അപാകതകൾ ബോധപൂർവ്വം ആവർത്തിക്കുന്നതായി കാണുന്നു. പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പുരോഗതി സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങൾ ഫയലിലില്ല. ജലപരിശോധനാ റിപ്പോർട്ട്, പ്രവൃത്തി പുരോഗതി വിവരം, വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. മുണ്ടൂർ കുടുംബാരോഗ്യകേന്ദ്രത്തിന് പുറകിലായി 10,000 ലിറ്റർ ശേഷിയുള്ള പി.വി.സി ടാങ്ക് സ്ഥാപിക്കുന്നതിനുള്ള പ്ലാറ്റ്ഫോം നിർമ്മാണം നടക്കുന്നതായും, പൈപ്പിടൽ പ്രവൃത്തികൾ പുരോഗമിക്കുന്നതായും വാട്ടർ അതോറിറ്റി പ്രതിനിധി ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. പ്രവൃത്തി പുരോഗതി വിവരം, പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമല്ലാത്തതിനാൽ ചെലവു തുക 72 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറിനം.10/01.11.2022)

1-24 വേളൂക്കര ഗ്രാമപഞ്ചായത്തിലെ പറക്കാട്ട് കുന്ന് എസ്.സി കോളനി കുടിവെള്ള പദ്ധതി- ചെലവു തുക 17 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്.

വേളൂക്കര ഗ്രാമപഞ്ചായത്തിലെ പറക്കാട്ട് കുന്ന് എസ്.സി കോളനിയിൽ ബോർവെൽ നിർമ്മിച്ച് 1900 മീറ്റർ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിച്ച് 60 ഗാർഹിക കണക്ഷനുകൾ നൽകുന്നതിന് പ്രത്യേക ഘടക പദ്ധതിയിൽ നിന്നും 17 ലക്ഷം വകയിരുത്തി 1232/22 നമ്പറായി ജില്ലാപഞ്ചായത്ത് പദ്ധതി തയ്യാറാക്കിയിരുന്നു.

പദ്ധതിയുടെ ഭാഗമായി ബോർവെൽ കുഴിക്കുന്നതിനുള്ള സ്ഥാന നിർണ്ണയം നടത്തുന്നതിന് 1935 രൂപ അടവാക്കാനാവശ്യപ്പെട്ട് ഭൂജല വകുപ്പ് ഡി.ജി.ഡി.373/2022/21.2.22 പ്രകാരം കത്ത് നൽകിയിരുന്നു. ഇതിന്റെ തുടർച്ചയായി ബോർവെൽ കുഴിക്കുന്നതിന് 10.3.22 ന് 93,955 രൂപയുടെയും, 30.3.22 ന് പൈപ്പ് ലൈൻ സ്ഥാപിച്ച് ഗാർഹിക കണക്ഷനുകൾ നൽകുന്നതിന് 16,06,045 രൂപയുടെയും എസ്റ്റിമേറ്റുകൾ പ്രകാരം 17ലക്ഷം രൂപ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമാണെന്ന് ഭൂജല വകുപ്പ് തൃശ്ശൂർ ജില്ലാ ഓഫീസർ അറിയിക്കുകയുണ്ടായി. എന്നാൽ സ്ഥാന നിർണയം നടത്തി കുഴൽ കിണർ കുഴിച്ച് യീൽഡ് ടെസ്റ്റ് നടത്തി ജലലഭ്യത ഉറപ്പാക്കാതെ തന്നെ മുഴുവൻ തുകയും ബിൽ നം201361491/17.03.2022 പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഭൂജലവകുപ്പിൽ അടവാക്കി. ഇക്കാര്യത്തിൽ സി.4-1123/7.4.22 പ്രകാരം കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിക്കുന്നതും, പൂർത്തീകരിക്കുന്നതുമായ തിയതികൾ കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. നാളിതു വരെ യീൽഡ് ടെസ്റ്റ് നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയോ, പദ്ധതിയുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിന്റെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് കത്തിടപാടുകൾ നടത്തിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. പദ്ധതി മോണിറ്ററിംഗ് നടത്തി പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കേണ്ടതും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറിനം.10/01.11.2022)

1-25 പടിയൂർ ഗ്രാമപഞ്ചായത്ത് മാരാംകുളം കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല. മോണിറ്ററിംഗ് കാര്യക്ഷമമല്ല. ചെലവ് തുക 22 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്.

പടിയൂർ ഗ്രാമപഞ്ചായത്തിലെ മാരാംകുളം കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതി നം. 1036/22 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 22ലക്ഷം രൂപ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ സംയുക്ത പദ്ധതി അക്കൌണ്ടിലേക്ക് സി-3869/20 ഉത്തരവ് പ്രകാരം 27.01.2022 ന് നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ തെക്കൻ മേഖലകളിൽ കനോലി കനാലിനോട് ചേർന്ന് കിടക്കുന്ന 6 മുതൽ 11 വരെ വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി 10ാം വാർഡിലെ മാരാംകുളത്ത് ജില്ലാ പഞ്ചായത്തിന്റെ പദ്ധതി പ്രകാരം 2008ൽ ഒരു ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഓവർഹെഡ് സ്റ്റോറേജ് ടാങ്ക് നിർമ്മിച്ചിരുന്നു.



എടതിരിഞ്ഞി-വളവനങ്ങാടി പി.ഡബ്ളിയു.ഡി റോഡിലൂടെ കടന്നു പോകുന്ന വാട്ടർ അതോറിറ്റിയുടെ 250 ഡി.ഐ. ക്ലിയർ വാട്ടർ പമ്പിംഗ് ലൈനിൽ മെയിൻ റോഡിൽ ശങ്കരംകാട്ടിൽ അമ്പലത്തിന് സമീപത്തു നിന്നും മാരാംകുളത്ത് ജില്ലാ പഞ്ചായത്ത് നിർമ്മിച്ച ഒരു ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്ക് വരെ പമ്പിംഗ് ലൈൻ സ്ഥാപിച്ച് കുടിവെള്ളമെത്തിക്കുന്നതിനും, തുടർന്ന് വിതരണ ലൈനുകൾ സ്ഥാപിച്ച് ജലക്ഷാമം നേരിടുന്ന വാർഡുകളിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. എന്നാൽ 2008ൽ മാരാംകുളത്ത് ടാങ്ക് നിർമ്മിച്ചതിനു ശേഷം ഈ പദ്ധതിയിൽ തുടർ നടപടികൾ ഉണ്ടായില്ല.

വേലിയേറ്റം മൂലം കനോലി കനാൽ വഴി ഗ്രാമപഞ്ചായത്തിന്റെ തെക്കൻ മേഖലകളിൽ എത്തുന്ന ഓരുജലം(Saline Water) പ്രദേശത്തെ കുടിവെള്ള സ്രോതസ്സുകളിൽ ഊർന്നിറങ്ങി വേനൽക്കാലത്തുണ്ടാകുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാണ് 2008ൽ പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിക്കാത്തതു മൂലം പദ്ധതി തടസ്സപ്പെടുകയായിരുന്നു. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനായി 2016ൽ ജില്ലാ പഞ്ചായത്ത് 23 ലക്ഷം രൂപ നൽകിയിരുന്നുവെങ്കിലും 2018-19ൽ Rop ആയി സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കുകയാണുണ്ടായത്. 2021-22ൽ ഈ പദ്ധതി പുനരുജ്ജീവിപ്പിക്കുകയും ഗ്രാമപഞ്ചായത്തിന്റെ അഭ്യർത്ഥനയെ തുടർന്ന് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വകയിരുത്തിയ 10 ലക്ഷത്തിന്പുറമെ 12 ലക്ഷം കൂടി CFC ഫണ്ടിൽ നിന്നും നൽകാൻ 26.11.2021ലെ ജില്ലാ പഞ്ചായത്ത് ഭരണസമിതി 10(3) നമ്പറായി തീരുമാനമെടുത്തു. തുടർന്ന് ജില്ലാപഞ്ചായത്ത് തയ്യാറാക്കിയ പദ്ധതി ഭേദഗതി വരുത്തി 22 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് നൽകി. പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്കായി സമഗ്ര കുടിവെള്ള പദ്ധതി എന്ന പേരിൽ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ വിവിധ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് തുക വകയിരുത്തുകയും വിതരണ ലൈനുകൾ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട പി.എച്ച് ഡിവിഷനിൽ തുക നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

വിതരണ ലൈനുകൾ പൂർത്തീകരിക്കുന്നതിനും, ജില്ലാ പഞ്ചായത്ത് നിർമ്മിച്ച ഓവർഹെഡ് ടാങ്കിൽ വെള്ളമെത്തിക്കുന്നതിന് 590 മീറ്റർ നീളത്തിൽ (480മീറ്റർ 150mm, 110 മീറ്റർ 200mm DI-K9) ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, വാൽവുകൾ എന്നിവ സ്ഥാപിക്കുന്നതിനും 37 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിന് ഇരിങ്ങാലക്കുട പി.എച്ച്.ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു. ഇതു പ്രകാരം അടവാക്കിയ 37,74,900യ- രൂപയിൽ 2021-22ലെ ജില്ലാ

പഞ്ചായത്തിന്റെ സംയുക്തപദ്ധതി വിഹിതം 22 ലക്ഷം രൂപ ഉൾപ്പെട്ടതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. (24.02.2022 ന് വാട്ടർ അതോറിറ്റിയിൽ 22 ലക്ഷം രൂപ അടവാക്കിയതിന്റെ ട്രഷറി ബിൽ പകർപ്പ് ഗ്രാമപഞ്ചായത്ത് ഹാജരാക്കിയിട്ടുണ്ട്.)

21.02.2023 ന് ഓഡിറ്റ് വിഭാഗം നടത്തിയ സ്ഥലപരിശോധനാ വേളയിൽ മാരാംകുളത്തെ ഓവർഹെഡ് ടാങ്കിലേക്കുള്ള പമ്പിംഗ് മെയിനും, ടാങ്കിൽ നിന്നും മാരാംകുളം റോഡിലൂടെ കടന്നുപോകുന്ന വിതരണ ലൈനിലേക്കുള്ള ക്ലിയർ വാട്ടർ ഡിസ്ട്രിബ്യൂഷൻ ലൈനും പൂർത്തീകരിച്ചതായി വാട്ടർ അതോറിറ്റിയുടെ പ്രതിനിധികൾ അറിയിക്കുകയുണ്ടായി. എന്നാൽ പദ്ധതി പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല. നാളിതു വരെ പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല. 2008ൽ നിർമ്മിച്ച വാട്ടർ ടാങ്ക് ചാർജ്ജ് ചെയ്ത്, പമ്പിംഗ് ലൈനിന്റെ പ്രഷർടെസ്റ്റ് നടത്തി, കാലപ്പഴക്കം മൂലം വാട്ടർ ടാങ്കിന്, ചോർച്ചയോ/ബലക്ഷയമോ ഉണ്ടോ എന്ന പരിശോധന അടിയന്തിരമായി നടത്തി പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. എന്നാൽ മാത്രമേ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്തിന്റെ നിരീക്ഷണം/ഇടപെടൽ ആവശ്യമാണ്. സംയുക്ത പദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമമായും പൂർത്തീകരിക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് 19.05.2015 ലെ സ.ഉ.(പി) 187/15ധന. ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുമായി ജില്ലാ പഞ്ചായത്ത് കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. ഇത്തരത്തിൽ കൈമാറുന്ന തുക കാര്യക്ഷമമായി വിനിയോഗിക്കുന്നു എന്നുറപ്പ് വരുത്തുന്നതിനാവശ്യമായ മോണിറ്ററിംഗ് ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഇല്ലായെന്നത് ഒഴിവാക്കപ്പെടേണ്ടതാണ്. പ്രവൃത്തിയുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം, സംയുക്ത പദ്ധതി കരാർ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതു വരെ ചെലവ് തുക 22 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.37/21.02.2023)

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ

1 2008ൽ ജില്ലാ പഞ്ചായത്ത് കുടിവെള്ള ടാങ്ക് നിർമ്മിച്ചിരുന്നുവെങ്കിലും പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത് പ്രകാരം കേവലം 480 മീറ്റർ അകലെ കൂടി കടന്നു പോകുന്ന വാട്ടർ അതോറിറ്റിയുടെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുമായി കണക്ട് ചെയ്ത് ടാങ്കിൽ വെള്ളമെത്തിക്കുന്നതിനും, 110 മീറ്റർ മാത്രം അകലെയുള്ള ഡിസ്ട്രിബ്യൂഷൻ ലൈനുമായി ബന്ധിപ്പിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതി നടപ്പാക്കുന്നതിന് 15 വർഷത്തിലധികം കാലതാമസമുണ്ടായതായി കാണുന്നു. ഇതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച മറുപടി നൽകേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിലെ ആറ് മുതൽ 11 വരെ വാർഡുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് 2008ൽ ആവിഷ്കരിച്ചപദ്ധതി യഥാസമയം നടപ്പാക്കിയിരുന്നുവെങ്കിൽ ഗുണഭോക്താക്കൾക്ക് വർഷങ്ങൾക്ക് മുൻപുതന്നെ പദ്ധതിയുടെ പ്രയോജനം ലഭിക്കുമായിരുന്നു. താരതമ്യേന വരുമാനം കുറഞ്ഞ പഞ്ചായത്ത് എന്ന നിലയിൽ സമഗ്രവും, ലക്ഷ്യപ്രാപ്തി കൈവരിക്കേണ്ടതുമായ ചെലവേറിയ പദ്ധതികൾ സംയുക്ത/ബഹുവർഷ പദ്ധതികളായി നടപ്പാക്കാമെന്നിരിക്കെ ഈ ആവശ്യത്തിലേക്കായി ജില്ലാ പഞ്ചായത്ത് 2016ൽ തുക അനുവദിച്ചിട്ടും പ്രവൃത്തി നടത്താതെ തുക ലാപ്സായതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

3. ആറ് മുതൽ 11 വരെ വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി 2008 നു ശേഷം കുടിവെള്ള പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ലെന്ന് 04.03.2023ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. (സമഗ്ര കുടിവെള്ള പദ്ധതി എന്ന പേരിൽ 2019-20 മുതൽ 2020-21 വരെ കാലയളവിൽ ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് വിഹിതമായി 31 ലക്ഷം രൂപ അടവാക്കി കാണുന്നുണ്ട്. ഇത് മാരാംകുളം കുടിവെള്ള പദ്ധതിയുടെ വിതരണ ലൈനുകൾ സ്ഥാപിക്കുന്നതിനാണോയെന്ന് വ്യക്തമല്ല.) ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഗുണഭോക്താക്കൾക്ക് വളരെയധികം പ്രയോജനപ്പെടുമായിരുന്നതും, അടിസ്ഥാന ആവശ്യമെന്നനിലയിൽ അടിയന്തിര പ്രാധാന്യം നൽകേണ്ടിയിരുന്നതുമായ ഈ പദ്ധതിക്ക്

ആവശ്യമായ പരിഗണന നൽകി, തുക വകയിരുത്തി സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ശ്രദ്ധ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. പ്രദേശത്തെ ശുദ്ധജല ദൌർഭല്യം പരിഹരിക്കുന്നതിന് പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ഗുണഭോക്താക്കളുടെ വർഷങ്ങൾ നീണ്ട ആവശ്യത്തെ വിവിധ വർഷങ്ങളിലെ പദ്ധതി രൂപീകരണ വേളയിൽ പരിഗണിക്കാതിരുന്നതും, പദ്ധതിക്ക് മുൻഗണന നൽകാതിരുന്നതും ക്രമവിരുദ്ധമാണ്. സമയബന്ധിതമായി പ്രവൃത്തി ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നുവെങ്കിൽ ഷെഡ്യൂൾ നിരക്കുകളിലുണ്ടായ വർധനമൂലമുള്ള അധിക ചെലവ് ഒഴിവാക്കാൻ സാധിക്കുമായിരുന്നു. സമയബന്ധിതമായി പ്രവൃത്തികൾ നടത്താതെ അധിക ചെലവ് വരുത്തുന്നത് പൊതുപണം ദുർവ്വിനിയോഗം ചെയ്യുന്നതിന് തുല്യമാണ്. ഇത്തരം സാഹചര്യങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

4. സംയുക്തപദ്ധതിക്ക് വിഹിതം കൈമാറി എന്നതിലുപരി ജില്ലാ പഞ്ചായത്തിന്റെ വിഹിതം കൈപറ്റിയ തദ്ദേശസ്ഥാപനങ്ങൾ നൽകിയ തുക ഫലപ്രദമായും, കാര്യക്ഷമമായും വിനിയോഗിക്കുന്നുവെന്നുറപ്പ് വരുത്തേണ്ടതിന്റെ ഉത്തരവാദിത്വം ജില്ലാ പഞ്ചായത്തിനുണ്ടെന്നിരിക്കെ സംയുക്ത പദ്ധതി കരാറിലേർപ്പെടാതെ തുക കൈമാറിയതും, പദ്ധതി പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതിന് ആവശ്യപ്പെടുകയോ, പദ്ധതി മോണിറ്ററിംഗ് നടത്തുകയോ ചെയ്യാതിരുന്നതും ക്രമപ്രകാരമല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേ ണ്ടതാണ്.

## 1-26 വേലൂർ ഗ്രാമപഞ്ചായത്ത് പഴയങ്ങാടി കുളം നവീകരണം-ഗ്രാമപഞ്ചായത്തിന് കൈമാറിയ തുക ലാപ്സായി.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്.

പദ്ധതി നം. 453/22 പ്രകാരം വേലൂർ ഗ്രാമപഞ്ചായത്തിലെ പഴയങ്ങാടി കുളത്തിന്റെ ആഴം കൂട്ടി സൈഡ് കെട്ടി നവീകരിക്കുന്നതിന് 10 ലക്ഷം രൂപ വികസന ഫണ്ട് വകയിരുത്തി 2019-20 ൽ ജില്ലാ പഞ്ചായത്ത് പദ്ധതി തയ്യാറാക്കിയിരുന്നു. 21-22 ൽ സ്പിൽ ഓവറായ പദ്ധതിയിൽ നിന്നും ജില്ലാ പഞ്ചായത്ത് വിഹിതമായ 10 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന്റെ ടി.എസ്.ബി. അക്കൌണ്ട് നം. 663 ലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് 4.3.22 ലെ നം. എ3.2164/2021 കത്ത് പ്രകാരം വേലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപെട്ടതിനെ തുടർന്ന് 8.3.22 ൽ 3,30,026 രൂപയും 11.03.2022ൽ 6,69,974 രൂപയും കൂടി ആകെ 10 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിക്കാത്തതിനാൽ തുക വിനിയോഗിക്കാൻ സാധിച്ചില്ലായെന്നും മാർച്ച് 31ന ശേഷം തുക ലാപ്സായതിനാൽ 2022-23 വർഷത്തേക്ക് തുക വകയിരുത്തി നൽകുന്നതിനും 8.7.22ലെ നം.എ3.445/22 കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജില്ലാ പഞ്ചായത്തിനോട് അഭ്യർത്ഥിച്ചതായി കാണുന്നു.

ഗ്രാമപഞ്ചായത്ത് നിർവ്വഹണം നടത്തുന്നതിന് 2019-20 ൽ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച വിഹിതം കൈമാറൽ സംയുക്ത പദ്ധതി 21-22 ലേക്ക് സ്പിൽ ഓവറായി മാറുകയും ഗ്രാമപഞ്ചായത്തിന് കൈമാറിയ ജില്ലാ പഞ്ചായത്ത് വിഹിതം 10 ലക്ഷം രൂപ പദ്ധതിക്കായി വിനിയോഗിക്കാനാവാതെ ലാപ്സായി പോയതും പദ്ധതി നിർവ്വഹണത്തിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിലുണ്ടായ അനാസ്ഥയാണ് വ്യക്തമാക്കുന്നത്. ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തി രൂപീകരിക്കുന്ന സംയുക്ത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വിഹിതം കൈപ്പറ്റുന്ന തദ്ദേശ സ്ഥാപനങ്ങൾ കാലതാമസം വരുത്തുന്നതിന്റെ കാരണങ്ങൾ പരിശോധിക്കേണ്ടതും ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനാവശ്യമായ തുടർ നിരീക്ഷണവും ആവശ്യമായ ഇടപെടലും ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 1-27 കൊടകര ബ്ലോക്കിൽ ഷീ വർക്ക് സ്പേസ് നിർമ്മാണം-ഫണ്ടിന്റെ ലഭ്യത, പദ്ധതിയുടെ പ്രായോഗികത(feasibility) എന്നിവ സംബന്ധിച്ച് അവ്യക്തത. ഭീമമായ തുകയുടെ സംയുക്ത പദ്ധതി -ജില്ലാ പഞ്ചായത്തിന് ബാധ്യത.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്.

ജില്ലാ പഞ്ചായത്തിന്റെയും, ഗ്രാമപഞ്ചായത്തിന്റെയും സഹകരണത്തോടെ നടപ്പാക്കുന്നതിന് കൊടകര ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ സംയുക്ത പദ്ധതിയാണ് ഷീ വർക്ക് സ്പേസ് പദ്ധതി. കൊടകര ഗ്രാമപഞ്ചായത്തിൽ വല്ലപ്പാടിയിൽ ദേശീയ പാതയിൽ നിന്നും ഏകദേശം 500 മീറ്റർ കിഴക്ക് ഭാഗത്തായി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരേക്കർ ഭൂമിയിൽ 83,390 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ അഞ്ചു നിലകളിലായി 28.95 കോടി രൂപ അടങ്കലിൽ കെട്ടിടം നിർമ്മിച്ച് വനിതകൾക്ക് തൊഴിലിടം ഒരുക്കുന്നതിന് കൊടകര ബ്ലോക്ക് പഞ്ചായത്ത് 2021-22 ൽ തയ്യാറാക്കിയ 83/22നമ്പർ ബഹുവർഷ പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾക്ക് 4.02കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 1.14 കോടി രൂപ ജില്ലാ പഞ്ചായത്ത് വിഹിതമാണ്.

നൂതന പദ്ധതിയായി പ്രത്യേക അംഗീകാരം വാങ്ങിയ പ്രോജക്ടിൽ ബേസ് മെന്റ്, ഗ്രൌണ്ട് ഫ്ലോർ, ഒന്നാം നില എന്നിങ്ങനെ 41,943 അടി വിസ്തീർണ്ണത്തിൽ (3898 ച.മീറ്റർ) ആദ്യഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി 9.35 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 8.34 കോടി രൂപയുടെ സിവിൽ വർക്കുകൾ നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൊടകര ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അക്രഡിറ്റഡ് ഏജൻസികളുടെ മത്സരാധിഷ്ഠിത ബിഡ്ഡിംഗ് നടത്തുകയും സെന്റേജ് ചാർജ്ജ് ഇല്ലാതെ പ്രവൃത്തി നടത്തുന്നതിന് ULCCS മായി (ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി) 18.3.2022 ന് കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം 24 മാസത്തിനുള്ളിൽ ആദ്യഘട്ട നിർമ്മാണം പൂർത്തീകരിക്കണം.

തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് തയ്യാറാക്കിയ ഡി.പി.ആർ(Detailed Project Report) പ്രകാരം അഞ്ച് നിലകളിലായി നിർമ്മിക്കുന്ന കെട്ടിടത്തിൽ ഐ.ടി.മേഖലയിൽ വനിതകളുടെ സംരംഭകത്വം, കുട്ടികളുടെ പരിപാലന കേന്ദ്രം, ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് തൊഴിലിടം, വനിതകൾക്കുള്ള പരിശീലന കേന്ദ്രം, വുമൺ ഹെൽത്ത് ക്ലബ്ബ്, വാണിജ്യ വ്യാപാര കേന്ദ്രം, മീറ്റിംഗ് ലോഞ്ച്, കുട്ടികളുടെ പാർക്ക് എന്നിവ നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. വനിതകൾക്ക് പ്രാദേശികമായും സ്വതന്ത്രമായും തൊഴിലെടുക്കാനുള്ള അടിസ്ഥാന സൌകര്യങ്ങൾ വിഭാവനം ചെയ്യുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവൃത്തികൾക്കായി 9.35 കോടി രൂപ ആവശ്യമാണ്. 28.4.2021ലെ സ.ഉ(പി) 67/21ധന ഉത്തരവ് ഖണ്ഡിക 13.3 പ്രകാരം Estimated PACയുടെ 20% തുക 1,66,94,611 രൂപ ULCCS ന് അഡ്വാൻസായി നൽകിയിട്ടുണ്ട്.




സാമ്പത്തിക വിശകലനം. (2021-22 വർഷം)

| തദ്ദേശ സ്ഥാപനം. | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| ജില്ലാ പഞ്ചായത്ത് | 1,14,50,000 | 1,14,50,000 |
| ബ്ലോക്ക് പഞ്ചായത്ത് | 53,50,953 | 21,10,276 |
| ഗ്രാമപഞ്ചായത്തുകൾ | 27,70,000 | 31,34,335 |

| | | |
|---|---|---|
| ആകെ | 1,95,70,953 | 1,66,94,611 |

21.02.2023 ന് ഓഡിറ്റ് വിഭാഗം നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ ബേസ് മെന്റ് റാഫ്റ്റ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടക്കുന്നതായി കണ്ടു. 2022-23 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിനായി 80 ലക്ഷം രൂപ വകയിരുത്തിയതായും, ജില്ലാ ആസൂത്രണ ബോർഡിൽ നിന്നും 2 കോടിയും, സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതം 1 കോടി രൂപയും, തുടർ വർഷങ്ങളിൽ ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതി വിഹിതവും, ബാക്കി നബാർഡ്/ആർ.ഐ.ഡി.എഫ് വായ്പയും പദ്ധതിക്കായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി.

പ്രാദേശികമായി ഐ.ടി മേഖലയിലും മറ്റും വനിതാ തൊഴിലിടങ്ങൾ സൃഷ്ടിച്ച് വനിതകൾക്ക് തൊഴിൽ പരിശീലനങ്ങളും തൊഴിലും ലഭ്യമാക്കുന്നതിനും, വുമൺ ഹെൽത്ത് ക്ലബ്ബ്, ക്രഷ്, കഫേ/റെസ്റ്റോറന്റ്, വാണിജ്യ-വ്യാപാര കേന്ദ്രം എന്നിങ്ങനെ വിവിധ സംരംഭങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ദേശീയപാതയിൽ നിന്നും ഉള്ളിലേക്ക് മാറി സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശത്തേക്ക് താരതമ്യേന വീതി കുറഞ്ഞ ഗ്രാമീണ റോഡാണ് നിലവിലുള്ളത്. പൊതു ഗതാഗത സംവിധാനങ്ങളില്ലാതെ തികച്ചും ഗ്രാമാന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്ത് കെട്ടിടം നിർമ്മാണം എന്നതിലുപരി പ്രദേശത്തെ വാണിജ്യ വ്യാപാരകേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ എത്രത്തോളമുണ്ട് എന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

വനിതാ വികസനം ലക്ഷ്യമാക്കി രൂപീകരിച്ച പദ്ധതി പ്രായോഗികമായി നടപ്പാക്കുന്നതിന് ആവശ്യമായ വനിതാ ഗുണഭോക്താക്കളെ ടാർജറ്റ് ചെയ്ത്, പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഐ.ടി മേഖലയിലും മറ്റ് സംരംഭക പ്രവർത്തനങ്ങളിലും ഏർപ്പെടാൻ ശേഷിയുള്ള വനിതകളെ/വനിതാ ഗ്രൂപ്പുകളെ പ്രാദേശികമായും, സമാന്തരമായും വികസിപ്പിച്ചെടുക്കുന്നതിനും സാധിച്ചാൽ മാത്രമേ ക്രിയാത്മകവും, സ്വതന്ത്രവുമായ വനിതാ പ്രാദേശിക തൊഴിലിടം എന്ന പദ്ധതി ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് സാധിക്കുകയുള്ളൂ.

കരാർ പ്രകാരം കെട്ടിട നിർമ്മാണത്തിന്റെ ഒന്നാം ഘട്ട പ്രവൃത്തികൾ 2024 മാർച്ച് മാസത്തിൽ പൂർത്തീകരിക്കാനാകും. അതേ സമയം ഡി.പി.ആർ പ്രകാരം തുടർന്നുള്ള രണ്ടാം ഘട്ട പ്രവൃത്തികൾക്കായി 18.6 കോടി രൂപ നിലവിലെ SoR (Shedule Of Rates) പ്രകാരം ആവശ്യമാണ്. എന്നാൽ കെട്ടിടത്തിന്റെ പ്രാരംഭഘട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ തുക പോലും വകയിരുത്താൻ നിലവിൽ ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചിട്ടില്ല. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ ഈ ഘട്ടത്തിൽ ഒന്നാം ഘട്ട പ്രവൃത്തികൾ 2024 മാർച്ചിനകം പൂർത്തീകരിക്കുന്ന മുറയ്ക്ക് കരാർ പ്രകാരമുള്ള തുക തന്നെ പൂർണ്ണമായും ULCCS ന് നൽകാനാകുമോ എന്നത് പോലും സംശയാസ്പദമാണ്. മതിയായ തുക വകയിരുത്താതെയും, വ്യക്തമായ ഗുണഭോക്താക്കളെ നിർണ്ണയിക്കാതെയും ആവിഷ്കരിച്ച പദ്ധതികൾ ലക്ഷ്യം നേടാനാകാതെ ചെലവഴിച്ച തുകകൾ പാഴായി മാറിയ അനേകം പദ്ധതികൾ ജില്ലാ പഞ്ചായത്തിലുള്ള കാര്യം മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതാണ്. (ഉദാ. സുശാന്തംകെട്ടിട നിർമ്മാണം, ശുഭാപ്തി കെട്ടിട നിർമ്മാണം, ജില്ലാ തല പ്ലാസ്റ്റിക് സംസ്കരണ കേന്ദ്രം Etc.)

ഭീമമായ തുക ചെലവു വരുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മുൻപായി ക്ഷമതയുള്ള ഏജൻസികൾ വഴി(competent Authority) പദ്ധതിയുടെ വിജയ സാധ്യത ഉറപ്പാക്കുന്നതിനാവശ്യമായ പ്രായോഗികതാ പഠനം (Feasibility Study) നടത്തേണ്ടതുണ്ട്. മാത്രമല്ല ജില്ലാ പഞ്ചായത്തിന് ഭീമമായ ചെലവ് വരുന്ന സംയുക്ത പദ്ധതികൾ മറ്റ് തദ്ദേശ സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്നത് മൂലം ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതി വിഹിതത്തിന്റെ വലിയൊരു ഭാഗം ഇത്തരം സംയുക്ത പദ്ധതികൾക്കായി വകയിരുത്തി ചെലവഴിക്കേണ്ടി വരുന്നത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം പട്ടിക അഞ്ച് പ്രകാരമുള്ള ജില്ലാ പഞ്ചായത്തിന്റെ ചുമതലകൾ നിറവേറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് തടസ്സമാണ്. ജില്ലയിലെ മറ്റുള്ള തദ്ദേശ സ്ഥാപനങ്ങളുടെ പ്രായോഗികവും, മുൻഗണന

നൽകേണ്ടതുമായ സംയുക്ത പദ്ധതി ആവശ്യങ്ങൾ പരിഗണിച്ച് ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും മതിയായ തുക വകയിരുത്തി നൽകുന്നതിനും ഇത്തരം ഭീമൻ പദ്ധതികൾ പ്രതിബന്ധം സൃഷ്ടിച്ചേക്കാം. ഈ പ്രവണത ഒഴിവാക്കപ്പെടേണ്ടതാണ്.

അപാകതകൾ .

1. 19.05.2015 ലെ സ.ഉ.(പി) 187/15ധന. ഉത്തരവ് പ്രകാരം സംയുക്ത പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാ പഞ്ചായത്തുമായി ബ്ലോക്ക് പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല.

2. 2021-22 വർഷത്തിൽ 786/22 നമ്പർ പദ്ധതിയിൽ ബിൽ നം.796551/18.12.2022 പ്രകാരം ജില്ലാ പഞ്ചായത്ത് 1,14,50,000 രൂപ കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ സംയുക്ത പദ്ധതി അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. 20% തുകയായ 1,66,94,611 രൂപ ULCCS ന് ബ്ലോക്ക് പഞ്ചായത്ത് മുൻകൂറായി നൽകിയിട്ടുണ്ട്. പാർട്ട് ബിൽ തയ്യാറാക്കി Value Of Workdone നിർണയിക്കാതെയാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

3. സംയുക്ത പദ്ധതി കരാർ, പ്രവൃത്തിയുടെ പുരോഗതി/മോണിറ്ററിംഗ് റിപ്പോർട്ട്, ചെലവ് രേഖകളുടെ വിശദാംശങ്ങൾ, ഫീസിബിലിറ്റി പഠന റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

4. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അഭ്യസ്തവിദ്യരായ വനിതാ തൊഴിലന്വേഷകരുടെ ആവശ്യാർത്ഥമോ, ബ്ലോക്ക് സഭയിൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള ആവശ്യപ്രകാരമോ ആണോ ഈ പദ്ധതി ബ്ലോക്ക് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. ഇത് സ്ഥാപിക്കുന്ന രേഖകൾ ഓഡിറ്റിന് നൽകിയിട്ടില്ല. ഇത്തരം ഡിമാന്റുകൾ നിലവിലുണ്ടെങ്കിൽ ബ്ലോക്ക് പരിധിയിലെ ഏതെങ്കിലും പഞ്ചായത്ത്/സ്വകാര്യ കെട്ടിടത്തിൽ ഇത്തരം സംരംഭങ്ങൾ ആരംഭിച്ച് അവയുടെ വിജയ സാധ്യതാ പഠന ശേഷം(pilot Study) മാത്രം ആവശ്യമായ സൌകര്യങ്ങളോടെ പദ്ധതി വിപുലീകരിക്കുന്നതായിരുന്നു പ്രായോഗികം എന്നതിനാൽ നിലവിലെ സാഹചര്യത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചാൽ തന്നെ പദ്ധതിലക്ഷ്യം നേടാനാകുമോയെന്ന് വ്യക്തമല്ല. പദ്ധതിയുടെ ഡിമാന്റ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

5.ഒന്നാം ഘട്ട പദ്ധതിയുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി 30 ലക്ഷം രൂപ പി.ഡബ്ളിയു.ഡി ഇലക്ട്രിക്കൽ വിഭാഗത്തിൽ അടവാക്കിയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. സിവിൽ പ്രവൃത്തികൾ തന്നെ 2024മാർച്ചിനു ശേഷം മാത്രമേ പൂർത്തീകരിക്കാനാകൂ എന്നിരിക്കെ 2021-22 വർഷത്തിൽ നിലവിലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം അഡ്വാൻസായി തുക നിക്ഷേപിച്ചത് ക്രമപ്രകാരമല്ല. പ്രവൃത്തി നടത്തുന്നത് സംബന്ധിച്ച കാലയളവ് രേഖപെടുത്തിയ കരാർ ഹാജരാക്കേണ്ടതാണ്. തുക അടവാക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

6. സംയുക്ത പദ്ധതികൾക്ക് കൈപറ്റുന്ന തുകകൾ വിനിയോഗിക്കാത്ത പക്ഷം 30.09.2021ലെ നം.86/2021 ധന. സർക്കുലർ പ്രകാരം വർഷാവസാനത്തിൽ തുക ലാപ്സാവുന്നതാണ്. ജില്ലാ പഞ്ചായത്തിൽ നിന്നും നൽകിയ തുക ഇത്തരത്തിൽ ലാപ്സായിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-28 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- സംസ്ഥാന ബാലാവകാശ കമ്മീഷൻ ഉത്തരവ് നടപ്പാക്കുന്നതിൽ അവ്യക്തത. സ്പഷ്ടീകരണം ലഭ്യമാക്കണം. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക 2,81,16,545 രൂപതടസ്സപെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്.

തദ്ദേശ സ്ഥാപനങ്ങളിലെ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിൽ താഴെയുള്ളവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള സംയുക്ത പദ്ധതികൾക്ക് മതിയായ തുക പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ വകയിരുത്താത്തതിനെ തുടർന്ന് സംസ്ഥാന ബാലാവകാശ കമ്മീഷന് ലഭിച്ച

പരാതിയിൻമേൽ 11.12.2019 ന് പുറപ്പെടുവിച്ച നം. 5911/05/LA1/2019/KeSCPCRവിധിയിൽ 14.2.2018 ലെ സ.ഉ (കൈ) 22/18/ത.സ്വ.ഭ.വ ഉത്തരവിൽ നിർദ്ദേശിക്കുന്ന നിരക്കിലുള്ള സ്കോളർഷിപ്പുകൾക്കായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾ തുക വകയിരുത്തുന്നുണ്ടെന്ന് ഉറപ്പാക്കാനും, ഇല്ലെങ്കിൽ തുടർ നടപടി സ്വീകരിക്കാനും തദ്ദേശഭരണ വകുപ്പ് ഗവൺമെന്റ് സെക്രട്ടറിയെ സംസ്ഥാന ബാലാവകാശ കമ്മീഷൻ ചുമതലപ്പെടുത്തുകയുണ്ടായി.

ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 21.04.2021ലെ നം. ഡി.എ1/401/2019 ത.സ്വ.ഭ.വ സർക്കുലറിൽ ഓരോ ജില്ലയിലും ഉള്ള മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലേയും ഗുണഭോക്താക്കളുടെ എണ്ണം, സ്കോളർഷിപ്പിനായി വേണ്ടിവരുന്ന ആകെ തുകയുടെ വിവരങ്ങൾ എന്നിവ ജില്ലാ തലത്തിൽ ശേഖരിച്ച് പദ്ധതി തയ്യാറാക്കുന്നതിനും, നിലവിൽ വകയിരുത്തിയ തുക പോരാതെ വരികയാണെങ്കിൽ പദ്ധതി ഭേദഗതി ചെയ്ത് ആവശ്യമായ തുക വകയിരുത്താനും നിർദ്ദേശിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയായ ജില്ലാ കളക്ടർ ജില്ലാ വനിതാ ശിശു വികസന ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും, തുടർന്ന് തൃശ്ശൂർ ജില്ലയിലെ 86 ഗ്രാമപഞ്ചായത്തുകളിലായി സാമൂഹ്യ നീതി വകുപ്പിന്റെ കണക്ക് പ്രകാരം ആകെ 5,494 ഗുണഭോക്താക്കൾ ഉണ്ടെന്നും ഇവർക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്കോളർഷിപ്പ് തുക നൽകുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 12,86,01,359/- രൂപ ആവശ്യമാണെന്നും 30.9.21 ലെ DWCDO/TSR/3041/21കത്ത് പ്രകാരം ജില്ലാ വനിതാ ശിശുവികസന ഓഫീസർ ജില്ലാ പഞ്ചായത്തിനെ അറിയിക്കുകയുണ്ടായി.

സ്കോളർഷിപ്പും ബത്തയും നൽകുന്നതിന് ജില്ലാ പഞ്ചായത്ത് വിഹിതമായി 25% തുക ജില്ലാ പഞ്ചായത്തുകൾ വകയിരുത്തണമെന്ന് സംസ്ഥാന ബാലാവകാശ കമ്മീഷന്റെ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ 13ാം പദ്ധതി മാർഗ്ഗരേഖയിൽ ഇപ്രകാരം തുക വകയിരുത്താൻ വ്യവസ്ഥ ചെയ്തിട്ടില്ലായെന്നും, ആയതിനാൽ തൃശ്ശൂർ ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും ഭിന്നശേഷി സ്കോളർഷിപ്പിനായി വകയിരുത്തിയ ആകെ തുകയായ 12,86,01,359/- രൂപയുടെ 25% തുകയായ 3.215കോടി രൂപ ജില്ലാപഞ്ചായത്ത് വിഹിതമായി വകയിരുത്തിയിട്ടില്ലെന്നും ജില്ലാ പഞ്ചായത്ത് മറുപടി നൽകുകയുണ്ടായി.

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനും, ഭിന്നശേഷിക്കാർക്കുള്ള ബത്തയും സ്കോളർഷിപ്പും നൽകുന്നതിനുള്ള പ്രോജക്ടുകൾ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാമെങ്കിലും ബത്തയും സ്കോളർഷിപ്പും നൽകുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകളും, ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഉപകരണങ്ങൾ വാങ്ങി നൽകുന്ന പദ്ധതികളും നടപ്പാക്കുന്നതാണ് അഭികാമ്യം എന്ന് 14.02.2018 ലെ സ.ഉ (കൈ) 22/2018 ത.സ്വ.ഭ.വ. പദ്ധതി മാർഗ്ഗ രേഖ ഖണ്ഡിക 7.1.4.2ൽ രേഖപ്പെടുത്തിയിരുന്നതിന്റെ അടിസ്ഥാനത്തിലാണ് ജില്ലാപഞ്ചായത്ത് മേൽ പ്രകാരം മറുപടി നൽകിയിട്ടുള്ളത്.

ബാലാവകാശ കമ്മീഷന്റെ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാർക്ക് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച നിരക്കിൽ ആനുകൂല്യം ലഭിക്കേണ്ടതുണ്ട്. മാർഗ്ഗരേഖ പ്രകാരം ഇതിനാവശ്യമായ തുക ഗ്രാമപഞ്ചായത്തുകളാണ് വകയിരുത്തേണ്ടിയിരുന്നത്. ജില്ലയ്ക്കാവശ്യമായ ആകെ തുകയുടെ 25ശതമാനം 3.215കോടി രൂപ ജില്ലാ പഞ്ചായത്ത് വകയിരുത്തിയില്ലെങ്കിൽ പോലും വിവിധ ഗ്രാമ പഞ്ചായത്തുകൾ അവരുടെ പദ്ധതിയിൽ വകയിരുത്തിയ തുകയുടെ 30% ജില്ലാ പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക ആവശ്യപ്പെട്ട വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടെന്നും തുക ലഭിക്കാത്തത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾ ആക്ഷേപം ഉന്നയിച്ചിട്ടില്ലായെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ജില്ലാപഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.15/11.112022)

2021-22 വർഷത്തിൽ പദ്ധതി ഭേദഗതി ചെയ്ത് 2,81,21,445 രൂപ വകയിരുത്തുകയും 2,81,16,545 രൂപ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നല്കുകയും ചെയ്ത ജില്ലാ പഞ്ചായത്തിന്റെ നടപടിയിൽ അപാകത കാണുന്നില്ല. എന്നാൽ കമ്മീഷന്റെ ഉത്തരവിലെ ആകെ തുകയുടെ 25 ശതമാനം ജില്ലാ പഞ്ചായത്ത്

വകയിരുത്തണമെന്ന നിർദ്ദേശം മാർഗ്ഗരേഖയിലെ നിർദ്ദേശവുമായി പൊരുത്തപെടാത്തതിനാൽ ഇക്കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നുണ്ട്. തുടർ വർഷങ്ങളിലെ പദ്ധതി രൂപീകരണത്തിന് മുൻപായി ഇതുസംബന്ധിച്ച് സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്. മുഴുവൻ ഗുണഭോക്താക്കൾക്കും അർഹമായ തുക ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ തുക വകയിരുത്തുന്നുണ്ടോയെന്ന കാര്യം നിർവ്വഹണ ഉദ്യോഗസ്ഥരായ ജില്ലാ സാമൂഹ്യക്ഷേമ/ജില്ലാ വനിതാ-ശിശുക്ഷേമ വികസന ഓഫീസർമാർ ഉറപ്പു വരുത്തണം. ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

ബാലാവകാശ കമ്മീഷന്റെ ഉത്തരവ് പ്രകാരം മുഴുവൻ ഭിന്നശേഷി ഗുണഭോക്താക്കൾക്കും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതു പ്രകാരം തുക 2021-22 സാമ്പത്തിക വർഷത്തിൽ നൽകി/നൽകിയിട്ടില്ല എന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർ/ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ എന്നിവരിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് നൽകേണ്ടതാണ്. വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട്, എന്നിവ ജില്ലാ പഞ്ചായത്തിന്റെ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവ ലഭ്യമാക്കി ഓഡിറ്റ് തടസ്സം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക 2,81,16,545 രൂപ ഓഡിറ്റിൽ തടസ്സപെടുത്തുന്നു.

**1-29 പട്ടിക വർഗ്ഗ കോളനികളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകൽ-നിർവ്വഹണത്തിലെ കാലതാമസം, മോണിറ്ററിഗ് രേഖകൾ ഇല്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി, ജില്ലാപഞ്ചായത്ത്

കോവിഡ് രോഗവ്യാപനം രൂക്ഷമായ സാഹചര്യത്തിൽ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണ ലഭ്യതയും ഇന്റർനെറ്റ് സൌകര്യവും ലഭ്യമാക്കുന്നതിന് പട്ടിക വർഗ്ഗ വികസന വകുപ്പിന് ചെയ്യാൻ കഴിയാത്ത സഹായങ്ങൾ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ് എന്ന് 23.6.2021 ൽ പുറപ്പെടുവിച്ച സ.ഉ.(സാ) 1197/2021 ത.സ്വ.ഭ.വ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതിനെ തുടർന്ന് തൃശ്ശൂർ ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ വിദൂരമേഖയിലുള്ള പതിനഞ്ച് പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇന്റർ നെറ്റ് ലഭ്യത ഉറപ്പാക്കി തുടർ പഠനം സാധ്യമാക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ചതാണ് വിദ്യാതരംഗം പദ്ധതി.

ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, ചാലക്കുടി നൽകിയ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം വിവിധ പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം, ഫയൽ പരിശോധിച്ചതു പ്രകാരമുള്ള മറ്റു വിവരങ്ങൾ എന്നിവ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം./കോളനി സ്ഥിതി ചെയ്യുന്ന ഗ്രാമ പഞ്ചായത്ത് | കോളനി യുടെ പേര് | വിദ്യാർത്ഥി കളുടെ എണ്ണം | കണക്ഷൻ നൽകിയ തിയതി. | ചെലവഴിച്ച തുക/ഏജൻസി. |
|---|---|---|---|---|---|
| 1 | 432/22 -പഴയന്നൂർ | മാട്ടിൻ മുകൾ കോളനി | 18 | 18.10.21 | 106126/ BSNL |
| 2 | 913/22-വരന്തരപ്പിള്ളി | എലിക്കോട് | 7 | 15.12.21/ | 220106/ BSNL |
| | | ഒളനപറമ്പ് | 8 | 15.12.21 | |
| | | കള്ളിച്ചിത്ര | 18 | 15.12.21 | |

| | | | | | |
|---|---|---|---|---|---|
| | | ചീനിക്കുന്ന് | 4 | 15.12.21 | |
| 3 | 368/22-വരന്തരപ്പിള്ളി | ചക്കിപറമ്പ് | 7 | 4.7.21 | 276734 /BSNL |
| | | കുണ്ടായി | ലഭ്യമല്ല | 4.7.21 | |
| 4 | 914/22-പാണഞ്ചേരി | മണിയൻ കിണർ | ലഭ്യമല്ല | 7.2.22 | 267912 /BSNL |
| | | കരടിക്കുണ്ട് | ലഭ്യമല്ല | വനം വകുപ്പിന്റെ അനുമതി ലഭിച്ചില്ല. കണക്ഷൻ നൽകിയിട്ടില്ല. | |
| 5 | 367/22-പാണഞ്ചേരി | താമരവെള്ള ച്ചാൽ | 31 | 13.8.21 | 94993 /BSNL |
| | | ഒളകര | 32 | വിവരം ലഭ്യമല്ല. | |
| 6 | 370/22-അതിരപ്പിള്ളി | വാച്ചുമരം | 68 | 27.8.21 | 499399 പ്രൈവറ്റ് കണക്ഷൻ-സർവ്വീസ് പ്രൊവൈഡർ ആരെന്ന് രേഖപെടുത്തി യിട്ടില്ല. |
| | | മുക്കംപുഴ | 8 | 27.8.21 | |
| | | തവളക്കുഴിപ്പാറ | 9 | 27.8.21 | |
| | | ആനക്കയം | 33 | 27.8.21 | |
| ആകെ | | | | | 14,65,270 |

ആവിഷ്കരിച്ച പദ്ധതികളുടെ പ്രയോജനം ശരിയായ രീതിയിൽ ഗുണഭോക്താക്കൾക്ക് ലഭിച്ചു എന്നുറപ്പാക്കാനാവുന്ന രേഖകളോ, മേൽ സർക്കാർ ഉത്തരവിൽ സൂചിപ്പിക്കുന്ന ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സമിതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയതിന്റെ വിവരങ്ങളോ, ഗ്രാമപഞ്ചായത്തുകളുമായുള്ള ആശയവിനിമയത്തിന്റെ വിവരങ്ങളോ ഫയലിൽ ഇല്ല. അതിരപ്പിള്ളിയിലെ നാല് കോളനികളിൽ 100 Mbps ശേഷിയുള്ള ഓരോ പ്രൈവറ്റ് കണക്ഷനുകൾ നൽകിയതിന് 27.8.21 മുതൽ ഒരു വർഷത്തേക്കുള്ള വാടകയുൾപെടെ തുക കരാറുകാരന് നൽകിയിട്ടുണ്ടെങ്കിലും കണക്ഷൻ നമ്പറുകൾ, ഉപയോഗം സംബന്ധിച്ച ഇൻവോയ്സുകൾ, എന്നിവയൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. നടപ്പാക്കിയ ആറ് പദ്ധതികളും ഗ്രാമപഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/തദ്ദേശ വിദ്യാഭ്യാസ സമിതി/വർക്കിംഗ് ഗ്രൂപ്പ് എന്നിവർ ആരും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. വനമേഖയിൽ സ്ഥാപിച്ച കണക്ഷനുകളുടെ നിലവിലെ സ്ഥിതിവിവരം പരിശോധിച്ച് അവ പ്രവർത്തന ക്ഷമമാണോയെന്ന വിവരം ലഭ്യമാക്കേണ്ടതും മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കേണ്ടതുമാണ്. ഓൺ ലൈൻ പഠനം ആവശ്യമായിരുന്ന 2021 ജൂലൈ മുതൽ 2022 ജനവരി വരെയുള്ള കാലയളവിനു ശേഷവും ഇന്റർനെറ്റ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. അതേസമയം കരടിക്കുണ്ട് കോളനിയിൽ നാളിതു വരെ കണക്ഷൻ ലഭിച്ചിട്ടില്ല. സംരക്ഷിത വനമേഖലയിൽ കേബിൾ സ്ഥാപിക്കുന്നതിനുള്ള വനംവകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാലാണ് കണക്ഷൻ നല്കാനാവാത്തതെന്ന് ബി.എസ്.എൻ.എൽ മറുപടി നൽകി കാണുന്നു.

ഓൺ ലൈൻ പഠനം നടത്തുന്നതിനാവശ്യമായ ഡിവൈസുകളും മറ്റ് വിഷ്വൽ മീഡിയാ സംവിധാനങ്ങൾ/ക്രമീകരണങ്ങൾ എന്നിവ ഇന്റർനെറ്റ് കണക്ഷനുകൾ നൽകിയ ഇടങ്ങളിൽ ഉണ്ടായിരുന്നുവോയെന്നതും, വൈകി നൽകിയ കണക്ഷനുകൾ ഗുണഭോക്താക്കൾക്ക് പ്രയോജനപെട്ടിട്ടുണ്ടോയെന്നും വ്യക്തമല്ല. ഇതു സംബന്ധിച്ച ഡോക്യുമെന്റേഷൻ രേഖകൾ/ഫോട്ടോ

/പത്രക്കുറിപ്പുകൾ തുടങ്ങിയ വിവരങ്ങളൊന്നും ഫയലിലില്ല. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.11/13.9.2022)

1-30 അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മുക്കംപുഴ, ആനക്കയം, വാച്ച്മരം, തവളക്കുഴിപാറ പട്ടികവർഗ്ഗ കോളനികളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകൽ-മൂല്യ നിർണയം വിശ്വസനീയമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി, ജില്ലാപഞ്ചായത്ത്

25.6.2021 ന് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ സി.1474/21 നമ്പറായി നൽകിയ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മുക്കംപുഴ, ആനക്കയം, വാച്ച്മരം, തവളക്കുഴിപാറ എന്നീ നാല് ട്രൈബൽ കോളനികളിലായി ആകെ 88 വിദ്യാർത്ഥികളുണ്ട്. ഇവർക്കായി നാല് എഫ്.ടി.ടി.എച്ച് കണക്ഷൻ നൽകുന്നതിന് 25.6.21 ന് ജില്ലാ പഞ്ചായത്ത് ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപെടുത്തിയ ഇൻഫോ നെക്സസ് കേബിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി 30.6.21ന് കരാറിലേർപ്പെടുകയും 1.7.2021 ലെ സ്റ്റിയറിംഗ് കമ്മിറ്റി ഈ നടപടി അംഗീകരിക്കുകയും ചെയ്തു. പ്രവൃത്തിയുടെ മൂല്യ നിർണ്ണയം ബി.എസ്.എൻ.എൽ വഴി നടത്തി തുക നൽകുന്നതിന് ക്രമ നം. 5 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും സ്വകാര്യ ഏജൻസികൾ വഴി നടത്തിയ പ്രവൃത്തിയായതിനാൽ മൂല്യ നിർണ്ണയ സാക്ഷ്യപത്രം ബി.എസ്.എൻ.എൽ ൽ നിന്നും ലഭിച്ചില്ല. മുക്കംപുഴ, ആനക്കയം, വാച്ച്മരം, തവളക്കുഴിപാറ എന്നീ പട്ടികവർഗ്ഗ കോളനികളിൽ ആകെ നാല് വൈഫൈ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും ഇതിനായി 28 കിലോ മീറ്ററിൽ കുറയാതെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഉള്ള അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ കൂടുതൽ കൃത്യതയ്ക്കും, സ്പെസിഫിക്കേഷൻ പരിശോധിക്കുന്നതിനും സാങ്കേതിക വൈദഗ്ധ്യമുള്ള ഏജൻസിയെ കൊണ്ട് ആവശ്യമെങ്കിൽ ജില്ലാ പഞ്ചായത്തിന് പരിശോധന നടത്തി മൂല്യ നിർണ്ണയം നടത്താവുന്നതാണെന്ന് ഈ റിപ്പോർട്ടിൽ അസിസ്റ്റന്റ് എഞ്ചിനീയർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ട്രൈബൽ കോളനികളിലേക്ക് കണക്ഷൻ നൽകുന്നതിന് നിലവിലുള്ള ഒപ്റ്റിക്കൽ ഫൈബർ കണക്ഷൻ എൻഡ് പോയിന്റ് ലൊക്കേഷൻ, ഇതിൽ നിന്നും ട്രൈബൽ കോളനികളിലേക്കുള്ള ദൂരം, ആവശ്യമായ സാമഗ്രികൾ തുടങ്ങിയ വിവരങ്ങളടങ്ങിയ എസ്റ്റിമേറ്റ് തയ്യാറാക്കാതെ സ്വകാര്യ കേബിൾ ഓപറേറ്റർമാർ വഴിയാണ് പദ്ധതി നടപ്പാക്കിയത് എന്നതിനാൽ പ്രവൃത്തിയുടെ നിർവ്വഹണത്തിലെ സുതാര്യത ഉറപ്പാക്കാൻ ഓഡിറ്റിനു സാധിച്ചിട്ടില്ല. പദ്ധതിക്കായി 4,99,500 രൂപ വകയിരുത്തിയതിൽ 27.8.21ന് പ്രവൃത്തി പൂർത്തിയാക്കി സ്ഥാപനം സമർപ്പിച്ച രണ്ട് ഇൻവോയ്സുകൾ പ്രകാരം ആകെ 4,99,399 രൂപ ബിൽ റഫ.നം.618126/29.10.2021 പ്രകാരം കരാറുകാരനായ ശ്രീ. പ്രകാശന് നൽകിയിട്ടുണ്ട്. എന്നാൽ ഉപയോഗിച്ച മെറ്റീരിയലുകൾ സംബന്ധിച്ച് സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് നം. ബി.ബി.51/27.8.21 പരിശോധിച്ചതിൽ നിന്നും 6F OFC A2 Sterlite Cable 14,445 മീറ്ററും 4F OFC A2 Sterlite Cable 10,555 മീറ്ററും കൂടി ആകെ 25,000 മീറ്റർ OFC കേബിൾ ആണ് വാങ്ങിയതായി കാണുന്നത്. 25,000മീറ്റർ നീളത്തിൽ വാങ്ങിയ കേബിൾ 28,000മീറ്ററിൽ കുറയാത്ത ദൂരത്തിൽ സ്ഥാപിച്ചിട്ടുണ്ട് എന്ന അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മൂല്യ നിർണ്ണയ സാക്ഷ്യപത്രം വിശ്വസനീയമല്ല. എന്നാൽ എഞ്ചിനീയറുടെ റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടതു പ്രകാരം സാങ്കേതിക വൈദഗ്ധ്യമുള്ള ഏജൻസികളെ ഉപയോഗിച്ച് സ്പെസിഫിക്കേഷൻ, പരിശോധിച്ച് മൂല്യ നിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുമില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 21,000 മീറ്റർ നീളത്തിൽ കേബിൾ സ്ഥാപിക്കുന്നതിനാണ് തുക നൽകിയതെന്ന് ജില്ലാ പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. നിലവിലെ കേബിൾ പോയിന്റുകളിൽ നിന്നും കോളനികളിലേക്കുള്ള ദൂരം സംബന്ധിച്ച കണക്കുകൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ 21 കിലോമീറ്റർ നീളത്തിൽ കേബിൾ സ്ഥാപിക്കുന്നതിന് കരാറിലേർപ്പെട്ട സ്ഥാപനം 25 കിലോമീറ്റർ നീളത്തിൽ കേബിൾ വാങ്ങി 28 കിലോമീറ്റർ നീളത്തിൽ സ്ഥാപിച്ചുവെന്ന് മൂല്യ നിർണ്ണയം നടത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇക്കാര്യത്തിൽ

ക്ഷമതയുള്ള ഏജൻസിയെ ഉപയോഗിച്ച് വിശദമായ സാങ്കേതിക പരിശോധന നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.11/13.9.2022)

വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവൃത്തി നടത്തിയതിനാൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയ പരിശോധന എങ്ങിനെ നടത്തി എന്നത് സംബന്ധിച്ച രേഖപെടുത്തലുകൾ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ ഇല്ല. പ്രവൃത്തിയുടെ ഭാഗമായി സ്ഥാപിച്ച കേബിളുകളുടെ ഉടമസ്ഥാവകാശം അഞ്ച് വർഷത്തിനുശേഷം കരാറുകാരന് അവകാശപെട്ടതാണെന്നും അതു വരെയുള്ള അറ്റകുറ്റപണികളുടെ ഉത്തരവാദിത്വം കരാറുകാരനുള്ളതായും കരാറിൽ രേഖപെടുത്തിയിട്ടുണ്ട്. കേബിളുകൾ സ്ഥാപിക്കുന്നതിന് ജി.ഐ. പോളുകൾ/പോസ്റ്റുകൾ ഉപയോഗിച്ചതിന്റെ വിവരം ബില്ലിൽ ഉൾപ്പെട്ടിട്ടില്ല എന്നതിനാൽ സംരക്ഷിത വനമേഖലയിൽ വനം വകുപ്പിന്റെ അനുമതി ഇല്ലാതെ അനധികൃതമായാണ് ഡാറ്റാ കേബിളുകൾ സ്ഥാപിച്ചിട്ടുള്ളത് എന്ന് അനുമാനിക്കുന്നു. കേബിളുകൾ സ്ഥാപിക്കുന്നതിന് ലഭിച്ച അനുമതി വിവരം ലഭ്യമാക്കണം. നൽകിയ കണക്ഷനുകളുടെ ഡാറ്റാ ഉപയോഗം സംബന്ധിച്ച ബില്ലുകൾ, കണക്ഷനുകളുടെ നിലവിലെ സ്ഥിതി വിവരം എന്നിവ കൂടി ലഭ്യമാക്കേണ്ടതാണ്.

1-31 താമര വെള്ളച്ചാൽ കോളനിയിൽ സ്ഥാപിച്ച ഇന്റർ നെറ്റ് കണക്ഷന് ബി.എസ്.എൻ.എൽ രണ്ടു തവണ വാർഷിക വാടക ഈടാക്കി.അധികം നൽകിയ തുക 15,811 രൂപ നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്.
പദ്ധതി നം. 367/22 പ്രകാരം താമരവെള്ളച്ചാൽ കോളനി അംഗൻവാടി, പീച്ചി ചെന്നായ്പ്പാറ എന്ന സ്ഥലത്ത് 13.8.21 ന് സ്ഥാപിച്ച കണക്ഷൻ നം. 04272998011ന് 03.09.2021 ലെ ഇൻവോയ്സ് നം. SDCKL0061498626 പ്രകാരം 13.08.2021 മുതൽ 12.08.2022 വരെ കാലയളവിലെ വാർഷിക വാടകയിനത്തിൽ 15,811 രൂപ ബി.എസ്.എൻ.എൽ ഡിമാന്റ് ചെയ്യുകയും ബിൽ റഫ. നം. 71668 പ്രകാരം 01.10.2021 ന് 15,811 രൂപ സെക്രട്ടറിയുടെ സി.4-2906/21 ഉത്തരവ് പ്രകാരം ബി.എസ്.എൻ.എല്ലിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 03.03.2022 ലെ ഇൻവോയ്സ് നം. SDCKL0066450112പ്രകാരം ഇതേ നമ്പറിന് 15,811 രൂപ വീണ്ടും വാർഷിക വാടകയായി ആവശ്യപ്പെടുകയും ബിൽ റഫ. നം. 55633 പ്രകാരം 15,811 രൂപ 17.03.2022 ന് സി.43385/21 ഉത്തരവ് പ്രകാരം വീണ്ടും അടവാക്കുകയും ചെയ്തിട്ടുണ്ട്. (മേൽ രണ്ട് ഇടപാടുകളുടേയും സാംഖ്യ പെയ്ഡ് റിപ്പോർട്ട്/യു.ടി.ആർ സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.) ഒരു വർഷത്തിനുള്ളിൽ തന്നെ രണ്ട് തവണ ഒരു കണക്ഷന് വാർഷിക വാടക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. അധികം നൽകിയ 15,811 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി നൽകിയില്ല. (ഓഡിറ്റ് എൻക്വയറി നം.12/01.11.2022)

1-32 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ-തുടർ നടപടി വിവരം ലഭ്യമല്ല. ചെലവ് തുക 68,08,306രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്.
ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള പദ്ധതികൾ ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കുന്നതിന് 14.02.2018 ലെ സ.ഉ (കൈ) 22/2018 ത.സ്വ.ഭ.വ. പദ്ധതി മാർഗ്ഗ രേഖ ഖണ്ഡിക 7.1.4.2 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ താഴെ കാണും പ്രകാരം പദ്ധതികൾ ജില്ലാ പഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതി നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | % |
|---|---|---|---|---|
| 1 | 472/22 അംഗപരിമിതർക്ക് മുച്ചക്ര വാഹനം നൽകൽ | 603306 | 569996 | 94.4 |

| | | | | |
|---|---|---|---|---|
| 2 | 782/22 അംഗപരിമിതർക്ക് ഉപകരണങ്ങൾ | 8030215 | 6238310 | 77.68 |
| ആകെ | | 86,33,521 | 68,08,306 | |

ഈ രണ്ട് പദ്ധതികളും വിഹിതം കൈമാറൽ പദ്ധതിയായാണ് ജില്ലാ പഞ്ചായത്ത് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് താഴെ പറയുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1. അംഗ പരിമിതർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് വിദഗ്ധരായ സർക്കാർ ഡോക്ടർമാരുടെ സഹായത്തോടെ മെഡിക്കൽ ക്യാമ്പുകൾ നടത്തി ആവശ്യകത നിർണയിച്ച ശേഷം പ്രോജക്ട് തയ്യാറാക്കുന്നതിന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചതിന്റെ വിവരം തദ്ദേശ സ്ഥാപനങ്ങൾ നൽകിയ കത്തിലോ, ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

2. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി നം. 782/22 പ്രകാരം തുക കൈപ്പറ്റിയ 24 ഗ്രാമപഞ്ചായത്തുകളിൽ 16 തദ്ദേശ സ്ഥാപനങ്ങളും സൈഡ് വീൽ ഘടിപ്പിച്ച മുച്ചക്ര വാഹനങ്ങൾ വാങ്ങുന്നതിനാണ് തുക കൈപറ്റികാണുന്നത്. ഈ തദ്ദേശ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കൾക്ക് വാഹനം നൽകുന്നതിന് മുൻപായി ലൈസൻസ്/ലേണേഴ്സ് ലൈസൻസ് ലഭിച്ചിരുന്നുവോയെന്നത് സംബന്ധിച്ച വിവരം വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ലൈസൻസ് ഇല്ലാതെ വാഹനം പൊതു നിരത്തുകളിൽ ഉപയോഗിക്കാനാവില്ലായെന്നതിനാൽ മേൽ ഗുണഭോക്താക്കളുടെ ലൈസൻസ് പകർപ്പോ/ലേണേഴ്സ് ലൈസൻസിന്റെ പകർപ്പുകളോ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (24.11.2022 ലെ ട്രാൻസ്പോർട്ട് കമ്മീഷണറുടെ കത്ത് പ്രകാരം ഭിന്നശേഷിക്കാർക്ക് അവരുടെ വീടുകളിൽ ചെന്ന് ലേണേഴ്സ് ടെസ്റ്റ് നടത്തുന്നതിന് സംസ്ഥാനത്തെ മുഴുവൻ ആർ.ടി.ഒ മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്) ആയതിനാൽ മുഴുവൻ ഗുണഭോക്താക്കൾക്കും ലേണേഴ്സ് ലൈസൻസ്/ലൈസൻസ് ലഭിച്ചിട്ടുണ്ടോ എന്ന വിവരം ശേഖരിച്ച് ലഭ്യമാക്കേണ്ടതാണ്.

3. ജില്ലാപഞ്ചായത്തിന്റെ ചെലവ് പത്രിക പ്രകാരം 782/22 നമ്പർ പദ്ധതിയിൽ 62,38,310/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും വളരെയധികം സ്ഥാപനങ്ങൾ വർഷാവസാനത്തിൽ തുക കൈപ്പറ്റിയതായി കണ്ടു. ഈ സ്ഥാപനങ്ങളുടെ സംയുക്ത അക്കൌണ്ടുകളിലേക്ക് നൽകിയ തുക വർഷാവസാനത്തിൽ ലാപ്സാകാതെ വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് ലഭ്യമാക്കണം.

4. വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്കാവശ്യമായ ഉപകരണങ്ങൾ മെഡിക്കൽ ക്യാമ്പുകൾ നടത്തി സർക്കാർ അംഗീകൃത വിതരണക്കാരിൽ നിന്നും വാങ്ങി നൽകുന്നതിന് ജില്ലാ സാമൂഹ്യ നീതി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി നടപ്പാക്കാൻ ജില്ലാ പഞ്ചായത്തിന് സാധിക്കുമെന്നിരിക്കെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറുന്നതിന് പദ്ധതി തയ്യാറാക്കി തുക കൈമാറിയതും, പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനാവശ്യമായ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ടുകൾ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതും ശരിയായ നടപടിയല്ല. ഇത് മൂലം പദ്ധതിയുടെ ലക്ഷ്യ പ്രാപ്തി വിലയിരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രങ്ങൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 68,08,306രൂപ തടസ്സപ്പെടുത്തുന്നു.

1-33 വടക്കാഞ്ചേരി ആശുപത്രി ട്രസ്സ് നിർമ്മാണം-മത്സരാധിഷ്ഠിത ബിഡ്ഡിംഗ് കൂടാതെ നേരിട്ട് പ്രവൃത്തി ഏൽപ്പിച്ചു-ആശുപത്രി സുരക്ഷയ്ക്കായി ദുരന്ത നിവാരണ കമ്മിറ്റി ശുപാർശ ചെയ്ത പ്രവൃത്തികൾ നടപ്പാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി.

പദ്ധതി നമ്പർ356/22

വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ ഓക്സിജൻ സിലിണ്ടർ സൂക്ഷിക്കുന്നതിന് ആവശ്യമായ സൌകര്യമൊരുക്കുന്നതിന് മെഡിക്കൽ ഓഫീസർ ഫോൺസന്ദേശം വഴി ആവശ്യപ്പെട്ടിട്ടുള്ളതിനാൽ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ ഓക്സിജൻ സിലിണ്ടർ സൂക്ഷിക്കുന്ന സ്ഥലത്ത് അടിയന്തിരമായി ട്രസ്സ് നിർമ്മിക്കുന്നതിന് 14.5.21 ലെ സ്റ്റീയറിംഗ് കമ്മിറ്റി ഒന്നാം നമ്പറായി തീരുമാനമെടുത്ത് 6,00,915 രൂപയുടെ ഇൻവോയ്സ് സമർപ്പിച്ച ആർട്കോയെ പ്രവൃത്തി നടത്തുന്നതിന് ചുമതലപ്പെടുത്തിയതായി കണ്ടു. 23.6.2021 ലെ ഇൻവോയ്സ് നം.11 പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് ആർട്കോ സമർപ്പിച്ച 5,91,300 രൂപയുടെ ബിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി 23.9.21ലെ ഡി.ബി.ടി/ബി4-3273/21 ഉത്തരവ് പ്രകാരം ആർട്കോയ്ക്ക് അനുവദിച്ചിട്ടുണ്ട്.

ആർട്കോയുടെ ഇൻവോയ്സ് പ്രകാരം 246ച.മീറ്റർ വിസ്തൃതിയിൽ ട്രസ്സ് പ്രവൃത്തി നടത്തിയിട്ടുണ്ട്. വടക്കാഞ്ചേരി അസിസ്റ്റന്റ് എഞ്ചിനീയർ അളവെടുത്ത് അസി.എക്സി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകിയ പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരം 296.02 ച.മീറ്റർ GI Trafford Powdercoated .035mm Sheet, Galvanised Steelwork Tubular 1235.85 Kg എന്നിവ പ്രവൃത്തിയ്ക്ക് ഉപയോഗിച്ചതായി കണ്ടു. ആർട്കോ വഴിപ്രവൃത്തി നടത്തുന്നതിനാണ് ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി 356/22നമ്പറായി പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

അപാകതകൾ

1. അക്രഡിറ്റഡ് ഏജൻസികൾ വഴി പ്രവൃത്തി നടത്തുന്നതിന് ബാധകമായ 28.04.21 ലെ സ.ഉ (പി) 67/2021/ധന ഉത്തരവ് പ്രകാരം പ്രവൃത്തി നടത്തുന്നതിന് പ്രൈസ് സോഫ്റ്റ് വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി മത്സരാധിഷ്ഠിത ബിഡ്ഡിംഗ് നടത്തേണ്ടതായിരുന്നു. എന്നാൽ ഇതു സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2 പ്രവൃത്തി നടത്തുന്നതിന് വടക്കാഞ്ചേരി അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ 6,57,000 രൂപയുടെ എസ്റ്റിമേറ്റിൽ പ്രവൃത്തിയുടെ സ്റ്റീൽ വർക്കിനായി 2272 കി.ഗ്രാം സ്റ്റീൽ ആവശ്യമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 227 ച.മീറ്റർ ട്രസ്സ് പ്രവൃത്തി ചെയ്യുന്നതിന് 5,11,250/- രൂപയും ബാക്കി തുക തുക ഫില്ലിംഗ്, ഫ്ലോർ കോൺക്രീറ്റിംഗ്, ടൈൽ പതിപ്പിക്കൽ എന്നിങ്ങനെ പ്രവൃത്തികൾക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആശുപത്രി സുരക്ഷയ്ക്കായി ദുരന്ത നിവാരണ കമ്മിറ്റി ശുപാർശ ചെയ്ത പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് 6.57 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ 246 ച.മീറ്റർ ട്രസ്സ് പ്രവൃത്തി നടത്തിയതിനാണ് ആർട്കോയ്ക്ക് തുക നൽകിയിട്ടുള്ളത്.

3. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ സ്റ്റീൽ വർക്കിന് ഉപയോഗിച്ച സ്റ്റീലിന്റെ അളവിൽ 1037 കിലോഗ്രാമിന്റെ കുറവ് (2272-1235=1037) ആർട്കോയുടെ പ്രവൃത്തിയിൽ ഉള്ളതായി കാണുന്നു. സ്റ്റീലിന്റെ അളവിലുള്ള കുറവ് പ്രവൃത്തിയുടെ ഗുണനിലവാരത്തിനെയും, ഉറപ്പിനെയും, ഈടിനേയും ബാധിക്കാൻ സാധ്യതയുള്ളതിനാൽ ഇതു സംബന്ധിച്ച സാങ്കേതിക പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

4.കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ പ്രവൃത്തിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ജി.ഒ.(ആർ.ടി)4/2018 എസ്.പി.ഡി.തിയതി.02.02.2018 പ്രകാരം 2037/ച.മീറ്റർ നിരക്കിൽ പ്രവൃത്തി നടത്തുന്നതിനാണ് സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.23 ന് ഇളവ് നൽകി ടെണ്ടർ നടപടികൾ ഒഴിവാക്കി ആർട്കോയെ പ്രവൃത്തി ഏൽപ്പിച്ചത്. എന്നാൽ അടിയന്തിര സാഹചര്യം പരിഗണിച്ച് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതിരുന്നതിനാൽ ആശുപത്രി സുരക്ഷയ്ക്കായി ദുരന്ത നിവാരണ കമ്മിറ്റി ശുപാർശ ചെയ്ത പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല. ഇതു സംബന്ധിച്ച് ഫയലിൽ രേഖപ്പെടുത്തലുകളില്ല. ഇക്കാര്യത്തിൽ വിശദാംശങ്ങൾ നൽകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.5/29.9.2022)

1-34 പദ്ധതി നിർവ്വഹണത്തിലെ ഏകോപനമില്ലായ്മ- കൊണ്ടാഴി ബഡ്സ് പുനരധിവാസകേന്ദ്രത്തിന് വാഹനം വാങ്ങുന്നതിന് ജില്ലാപഞ്ചായത്ത് നൽകിയ 18 ലക്ഷം രൂപ ലാപ്സായി.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്.

ജില്ലാ പഞ്ചായത്തിന്റെ സ്പിൽ ഓവർ പദ്ധതി നം. 467/22 പ്രകാരം തിരുവില്വാമല, കൊണ്ടാഴി എന്നീ ഗ്രാമപഞ്ചായത്തുകളിലെ ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്ററുകളിലേക്ക് വാഹനം വാങ്ങുന്നതിന് വിഹിതം നൽകുന്നതിന് പൊതു വിഭാഗം ഫണ്ടിൽ നിന്ന് 18 ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്ന് 10 ലക്ഷവും ഉൾപെടെ ആകെ 28 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിലേക്ക് 17സീറ്റുകളുള്ള Force Traveller വാഹനം വാങ്ങുന്നതിന് 14,36,273 രൂപയുടെ നം. ടി.ആർ.വി.001എ./22.03.2022 പ്രൊഫോർമ ഇൻവോയ്സ് ലഭ്യമാക്കുകയും റോഡ്ടാക്സ്, രജിസ്ട്രേഷൻ, ഫിറ്റിംഗ്സ് എന്നിവയുൾപെടെ പദ്ധതി നിർവ്വഹണത്തിനായി ആകെ 18 ലക്ഷം രൂപ ചേലക്കര സബ് ട്രഷറിയിലെ ഗ്രാമപഞ്ചായത്തിന്റെ ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് നം. 451 ലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനും കൊണ്ടാഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 22.03.22 ലെ നം.സി.2/2699/22 കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി. ഫയൽ പരിശോധിച്ചതിൽ നിന്നും BRN5891/21.03.2022 പ്രകാരം 10 ലക്ഷം രൂപയും, BRN4274/27.03.2022 പ്രകാരം 8 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 18 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും സംയുക്ത അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കണ്ടു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക വിനിയോഗിച്ച് വാഹനം വാങ്ങുന്നതിനാവശ്യമായ 18 ലക്ഷം രൂപയുടെ ബിൽ വർഷാവസാന തിയതികളിൽ ട്രഷറിയിൽ സമർപ്പിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാൽ ബഡ്സ് സ്കൂളിന് വാഹനം വാങ്ങുന്നതിന് സാധിച്ചില്ലായെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയുണ്ടായി.

2020-21ൽ ആവിഷ്കരിക്കുകയും പിന്നീട് സ്പിൽ ഓവറായി 2021-22 ൽ തുക കൈമാറുകയും ചെയ്ത സംഗതിയിൽ വാഹനം വാങ്ങുന്നതിനാവശ്യമായ തുക വർഷാവസാന തിയതിയിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചതിനാലാണ് ട്രഷറിയിൽ ബിൽ സമർപ്പിച്ച് വാഹനം വാങ്ങാൻ കഴിയാതിരുന്നത് എന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിഹിതം കൈമാറുന്നതിന് ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ വാങ്ങൽ നടപടിക്രമങ്ങൾ സ്വീകരിച്ച് തുക ആവശ്യപ്പെടുന്നതിനും വാഹനം വാങ്ങി സ്കൂളിനായി പ്രയോജനപെടുത്തുന്നതിനും ഗ്രാമപഞ്ചായത്ത് സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടില്ല. ബഡ്സ് സ്കൂളിനാവശ്യമായ വാഹനത്തിന്റെ പ്രോഫോർമ്മ ഇൻവോയ്സ് 22.03.2022നാണ് ഗ്രാമപഞ്ചായത്ത് ഹാജരാക്കിയിട്ടുള്ളത്. ബഡ്സ് സ്കൂളിന് വാഹനത്തിന്റെ ആവശ്യകത യഥാർത്ഥത്തിൽ ഉണ്ടായിരുന്നുവെങ്കിൽ GeM(Government E Market Place) പ്രകാരം നടപടി സ്വീകരിച്ച് പ്രോഫോർമ്മ ഇൻവോയ്സ് ലഭ്യമാക്കുന്നതിന് നീണ്ട രണ്ടുവർഷത്തെ കാലതാമസം ഉണ്ടാകുമായിരുന്നില്ല. മാത്രമല്ല ഇൻവോയ്സ് പ്രകാരം ആവശ്യപ്പെട്ട തുക ഒറ്റത്തവണയായി അനുവദിക്കുന്നതിൽ ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതായി കാണുന്നു.

ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങൾ പിന്നിട്ട് അംഗീകാരം നേടിയ പദ്ധതി നടപ്പാക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിൽ ഗ്രാമ/ജില്ലാ പഞ്ചായത്തുകളുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച മൂലം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും ചെലവഴിച്ച തുക 18 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് ട്രഷറിയിൽ നിന്ന് പിൻവലിക്കാനാവാതെ വർഷാവസാനത്തിൽ ലാപ്സായതായി കണ്ടു. ഇതു മൂലം സമൂഹത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുമായിരുന്ന പദ്ധതി നടപ്പാക്കാതെ പോയതിൽ ഗുരുതരമായ അനാസ്ഥയുണ്ടായതായി കാണുന്നു. ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.16/14.11.2022)

1-35 അളഗപ്പ നഗർ APHS കെട്ടിട നിർമ്മാണം - മുൻകൂർ നൽകിയ 83780 രൂപ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്

അളഗപ്പനഗർ APHS കെട്ടിട നിർമ്മാണം - KILA – KIIFBI – Infrastructure Development Of School 1 Crore പദ്ധതിയിൽ കെട്ടിടത്തിന്റെ ലൊക്കേഷൻ മാറ്റേണ്ടി വന്നതിനാൽ സോയിൽ സർവ്വേ ടെസ്റ്റ് ചെയ്യുന്നതിന വേണ്ടി ചെക്ക് നം.5196256/31-1-22 പ്രകാരം 83780 രൂപ അഡ്വാൻസ് തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ബിൽ രജിസ്റ്റർ നം./തീയതി | 594/31-01-2022 |
| തുക | 83780 (71000+6390(CGST)+6390(SGST)) |
| സാംഖ്യ വൗച്ചർ നം./തീയതി | 22100643/31-01-2022 |

പ്രസ്തുത തുക KILA – യിൽ നിന്ന് ലഭിക്കുമ്പോൾ തിരികെ നൽകുന്നതാണ് എന്ന് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 01-12-2021 തീയതിയിലെ KILA – KIIFBI/2021 നമ്പർ കത്ത് പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിലും ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 11-11-2021 - ലെ തീരുമാനം നം.14 പ്രകാരവുമാണ് തുക അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് എന്ന ഹെഡിൽ ഉൾപ്പെടുത്തി എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് അനുവദിച്ചിട്ടുള്ളത് എന്നാണ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഓഫീസ് നടപടിക്രമ ഉത്തരവ് (നം.ഡിടിപി/5-5355/2021) പരിശോധിച്ചത് പ്രകാരം മനസ്സിലാക്കാൻ സാധ്യമായിട്ടുള്ളത്. സോയിൽ ടെസ്റ്റ് നടത്തുന്നതിനുള്ള തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിന്റെ ഇൻവോയിസു പ്രകാരമുള്ള ജി.എസ്.ടി ഉൾപ്പെടെയുള്ള 83780രൂപയാണ് മുൻകൂറായി നൽകിയിട്ടുള്ളത്. ആയതിനാൽ തുക ക്രമീകരിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കുന്നതിനും ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കുന്നതിനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.36/17-02-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക ക്രമീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് വിശദാംശങ്ങൾ ഹാജരാക്കുന്നതു വരെ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച 83780 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-36 റീടെൻഷൻ തുക നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ട് ചെലവ് രേഖകൾ പരിശോധിച്ചതു പ്രകാരം താന്ന്യം ഗ്രാമ പഞ്ചായത്ത് - നളന്ദ ഹൈസ്കൂൾ നിർമ്മാണ പ്രവൃത്തിയുടെ ബില്ലിൽ നിന്നും പിടിച്ചു വച്ച റീടെൻഷൻ തുക 28806 രൂപ ചെക്ക് നം.5981037/29-10-2021 പ്രകാരം സെക്രട്ടറി അനുവദിച്ചിട്ടുണ്ട്. 2021-22 തനത് ഫണ്ട് ബിൽ രജിസ്റ്റർ വോള്യം I - ലെ ക്രമ നം.410/29-10-2021 പ്രകാരമുള്ള വൗച്ചറുകളുടെ ഫയലിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമ ഉത്തരവ് (നം.ഡിപിടി/ഡി5 – 4855/2021 തീയതി:27-10-2021) മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. റീടെൻഷൻ തുക പിൻവലിച്ച് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ചെക്ക് മുഖേന അനുവദിക്കുന്നതായാണ് സെക്രട്ടറിയുടെ നടപടിക്രമ ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എൽ.എസ്.ജി.ഡി അസി.എക്സി.എഞ്ചിനീയറുടെ റിക്വിസിഷനോ (Annexure C-III) മറ്റനുബന്ധ രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. റീടെൻഷൻ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം.36/17-02-2023 നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ഹാജരാക്കുന്നതുവരെ താന്ന്യം ഗ്രാമ പഞ്ചായത്ത് - നളന്ദ ഹൈസ്കൂൾ നിർമ്മാണ പ്രവൃത്തിയുടെ ബില്ലിൽ നിന്നും പിടിച്ചു വച്ച റീടെൻഷൻ തുക നൽകുന്നതിന് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 28806 രൂപ തടസ്സത്തിൽ വെക്കുന്നു. (സാംഖ്യ വൗച്ചർ നം.22100440/29-10-2021)

### 1-37 സ്കൂളുകളിലേക്ക് ബെഞ്ച്, ഡെസ്ക്, അലമാര, ക്ലാസ്സ് റൂം ടേബിൾ & ബ്ലാക്ക് ബോർഡ് എന്നിവ വാങ്ങൽ-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

2021-22 വർഷത്തിൽ ജില്ലാ പഞ്ചായത്തിന്റെ വിവിധ സ്കൂളുകളിലേക്ക് കാഡ്കോയിൽ നിന്നും ഫർണീച്ചർ വാങ്ങുന്നതിനായി മൂന്ന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തുക | ബെഞ്ച് &ഡെസ്ക് | അലമാര | ഓഫീസ് ടേബിൾ & ബോർഡ് |
|---|---|---|---|
| പദ്ധതി നമ്പർ | 1130/22 | 1131/22 | 1125/22 |
| വാങ്ങിയ എണ്ണം | 1701 | 201 | 328ടേബിൾ, 48ബോർഡുകൾ. |
| വകയിരുത്തിയത് | 2,04,00,000 | 25,00,000 | 29,00,000 |
| ചെലവഴിച്ചത് | 2,03,94,956 | 24,92,399 | 28,89,277 |
| CFC യിൽ നിന്നും പിൻവലിച്ച തുക/ തിയതി | 7193988/19.3.2022 8404976/26.3.22 4795992/26.3.22 | 24,92,399/ 14.03.22 | 28,89,277/ 14.03.22 |

പദ്ധതി നിർവ്വഹണം സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 28.10.21ലെ യോഗ തീരുമാനം നമ്പർ 2(3) ൽ താഴെ കാണും പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. "സ്കൂളുകളിൽ ഫർണീച്ചർ വിതരണം ഇ-ടെണ്ടർ നടപടികൾക്ക് സാങ്കേതിക തടസ്സം ഉള്ളതിനാൽ നടപ്പാക്കാൻ നിർവ്വാഹമില്ല എന്ന വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കത്ത് യോഗം ചർച്ച ചെയ്തു. ടെണ്ടർ നടപടികൾ ഒഴിവാക്കി അക്രഡിറ്റഡ് ഏജൻസികളെ നേരിൽ വിളിച്ച് വരുത്തി നെഗോഷിയേഷൻ നടത്തുന്നതിനും മൂന്ന പ്രോജക്ടുകളാക്കി ഭേദഗതി വരുത്തി അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്നതിന് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർമാനേയും വൈസ് പ്രസിഡണ്ടിനേയും ചുമതലപ്പെടുത്തി തീരുമാനിച്ചു."

എന്നാൽ മേൽപ്രകാരമുള്ള കത്ത് ഫയലിൽ ഇല്ല. തുടർന്ന് നിലവിലെ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പരിശോധിച്ച് ടെണ്ടർ നടപടികൾ ഒഴിവാക്കി കാഡ്കോയിൽ നിന്നും സ്കൂളുകൾക്കാവശ്യമായ ഫർണീച്ചറുകൾ വാങ്ങാൻ 11.11.2021 ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ നൽകുകയും, ഇത് 26.11.2021 ലെ ജില്ലാ പഞ്ചായത്ത് ഭരണ സമിതി 9(1) നമ്പറായി അംഗീകരിക്കുകയും ബെഞ്ച്, ഡെസ്ക്, ടേബിൾ, ബോർഡ് എന്നിവ വാങ്ങിയതിന് ആകെ 2,57,76,632/- രൂപ കാഡ്കോയ്ക്ക് നൽകുകയും ചെയ്തു. ബെഞ്ച്, ഡെസ്ക്, ടേബിൾ എന്നീ ഫർണീച്ചറുകൾ വിവിധ സ്കൂളുകൾക്ക് കൈപറ്റിയതിന്റെ രസീതുകൾ, ഫോട്ടോ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ട്മെന്റിന്റെ 28.9.2021ലെ സ.ഉ (ആർ.ടി) 20/2021 എസ്.പി.ഡി, സ.ഉ (ആർ.ടി) 21/2021 എസ്.പി.ഡി. ഉത്തരവുകൾ പ്രകാരം സ്റ്റോർ പർച്ചെയ്സ് മാന്വൽ ഖണ്ഡിക 9.23 ന് ഇളവ് നൽകി സ്റ്റീൽ ഫർണീച്ചറുകൾ, മര ഫർണീച്ചറുകൾ എന്നിവ കാഡ്കോയിൽ നിന്നും വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. മേൽ ഉത്തരവുകളിൽ സൂചനകളായി ചേർത്തിട്ടുള്ളതും, GeM പ്രാബല്യത്തിൽവരുന്നതിന് മുൻപുണ്ടായിരുന്നതുമായ 20.10.2017ലെ സ.ഉ.(ആർ.ടി) നം.59/2017എസ്.പി.ഡി, സ.ഉ(ആർ.ടി)60/17 എസ്.പി.ഡി എന്നീ ഉത്തരവുകളിൽ അനുബന്ധമായി ചേർത്തിട്ടുള്ള സ്പെസിഫിക്കേഷനിലും, നിരക്കിലും ടെണ്ടർ കൂടാതെ ഫർണീച്ചറുകൾ വിതരണം ചെയ്യുന്നതിനാണ് കാഡ്കോയ്ക്ക് അനുമതി നൽകിയിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസിയുടെ അംഗീകാരം, വിതരണം ചെയ്യുന്ന ഫർണീച്ചറുകളുടെ സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവ വാങ്ങലിനു മുൻപായി നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ചുറപ്പാക്കണമെന്ന് മേൽ ഉത്തരവുകളിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അപാകതകൾ

1.കാഡ്കോ വിതരണം ചെയ്ത ബെഞ്ച്, ഡെസ്ക് എന്നിവയുടെ സ്പെസിഫിക്കേഷൻ താഴെ കാണും പ്രകാരമാണ്.

| | |
|---|---|
| Benches - For Higher Secondary And High School Class Room Of Size: 183x30x45 Cm With Wooden /Equivalent Back Rests CR Sheet Supported Steel Frame Work Made Up Hollow 30x30 1.2mm Or 1 Mm For Leg And Side Covering CR Sheet Two Side. | Desk-For Higher Secondary And High School Class Room Of Size: 183x40x78 Cm With Wooden /Equivalent Back Rests Desk Top Supported Steel Frame Work Made Up Of Front Covering CR Sheet Bag For Huking And Side Covering 30x30 1.2mm Or 1 Mm For Leg And Side Covering Hollow Pipe |

മേൽ പ്രകാരമുള്ള സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവ സർക്കാർ അംഗീകരിച്ച ഉത്തരവുകളിൽ ഇല്ല. സ്റ്റീൽ, മര ഫർണീച്ചറുകൾ സർക്കാർ അംഗീകരിച്ച സ്പെസിഫിക്കേഷനിൽ നിശ്ചിത നിരക്കിൽ നിശ്ചിത കാലയളവിലേക്ക് വിതരണം ചെയ്യുന്ന റേറ്റ് കോൺട്രാക്റ്റ് സ്ഥാപനമാണ് കാഡ്കോ. തദ്ദേശസ്ഥാപനങ്ങളിൽ വാങ്ങൽ നടത്തുന്നതിന് ബാധകമായ 8.11.2010ലെ സ.ഉ.(പി) നം.259/2010 ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 3.3പ്രകാരം റേറ്റ് കോൺട്രാക്റ്റ് ഉള്ള ഇനങ്ങളിൽ പരമാവധി 5 ലക്ഷം രൂപ വരെയുള്ള തുകകൾക്ക് മാത്രമേ ടെണ്ടർ ഇല്ലാതെ നേരിട്ട് വാങ്ങൽ നടത്തുന്നതിന് അനുമതിയുള്ളൂ. എന്നാൽ "കാഡ്കോയിൽ നിന്നും ഫർണീച്ചറുകൾ വാങ്ങുന്നതിനുള്ള പദ്ധതി " എന്ന പേരിൽ തന്നെയാണ് മേൽ സൂചിപ്പിച്ച മൂന്ന് പദ്ധതികളും ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ളത്. ഇത് നിയമാനുസൃതമല്ല.

2. GeM (Government E-market Place) പ്രാബല്യത്തിൽ വന്നതിനുശേഷം റേറ്റ് കോൺട്രാക്റ്റ് കരാറുകൾക്ക് പ്രാബല്യമില്ലാത്തതും 6.4.2019ന് നിലവിൽ വന്ന സ.ഉ.(പി) 7/2019 എസ്.പി.ഡി. ഉത്തരവ് പ്രകാരം 25,000 രൂപയിൽ അധികരിക്കുന്ന വാങ്ങലുകൾ GeM (Government E-Market Place)മുഖേന ആയിരിക്കണമെന്നും, ആവശ്യമായ സ്പെസിഫിക്കേഷൻ GeMൽ ഇല്ലെങ്കിൽ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള മറ്റ് പ്രൊക്യൂർമെന്റ് മാർഗ്ഗങ്ങളായ ടെണ്ടർ/ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു.

എന്നാൽ സ്കൂളുകൾക്കാവശ്യമായ ഫർണീച്ചറുകളുടെ സ്പെസിഫിക്കേഷൻ നിശ്ചയിച്ച് GeM മുഖേന വാങ്ങുന്നതിനാവശ്യമായ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല. 2.58 കോടി രൂപ എസ്റ്റിമേറ്റുള്ള ഫർണീച്ചറുകൾ ടെണ്ടർ/ഇ-ടെണ്ടർ വഴി വാങ്ങുന്നതിന് ആവശ്യമായ പത്രപരസ്യവും നൽകിയിട്ടില്ല. സ്പെസിഫിക്കേഷൻ നിശ്ചയിച്ച് ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ യാതൊരു രേഖകളും ഫയലിലില്ല. ഇ-ടെണ്ടർ നടപടി സ്വീകരിക്കുന്നതിലുണ്ടായ സാങ്കേതിക തടസ്സം എന്താണെന്ന് ഫയലിൽ രേഖപ്പെടുത്തലുകളില്ല. ഇതു സംബന്ധിച്ച് ജെമ്മിൽ നിന്നുള്ള പ്രിന്റുകളോ, ഇ-ടെണ്ടർ നടപടി സ്വീകരിച്ചതിന്റെ വിവരങ്ങളോ/പകർപ്പുകളോ ഫയലിലില്ല എന്നതിൽ നിന്നും ഇക്കാര്യത്തിൽ ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നത് വ്യക്തമാണ്.

3. 28.10.21ലെ യോഗ തീരുമാനം നമ്പർ 2(3) ൽ ചുമതലപ്പെടുത്തിയതു പ്രകാരം പദ്ധതികൾ വിഭജിച്ച് അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് ഫർണീച്ചറുകൾ വാങ്ങുന്നതിന് സംബന്ധിച്ച് നിലവിലെ സർക്കാർ ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും പരിശോധിച്ച് ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർമാനോ വൈസ് പ്രസിഡണ്ടോ പഠനറിപ്പോർട്ട്/നിർദ്ദേശങ്ങൾ നൽകിയതായി ഫയലിൽ

രേഖപ്പെടുത്തലുകളില്ല.

4. ബെഞ്ച്, ഡെസ്ക്, അലമാര, സ്റ്റീൽ ടേബിളുകൾ എന്നിവ വിതരണം ചെയ്യുന്നതിന് അക്രഡിറ്റഡ് ഏജൻസികളായ സിഡ്കോ തൃശ്ശൂർ, കാഡ്കോ കോഴിക്കോട്, മീനച്ചിൽ കോട്ടയം എന്നീ സ്ഥാപനങ്ങൾ ക്വട്ടേഷൻ നൽകിയിട്ടുണ്ട്. 8.11.2021 ന് പ്രസിഡണ്ടിന്റെ ചേംബറിൽ മേൽ സ്ഥാപനങ്ങളുടെ പ്രതിനിധികളുമായി നടത്തിയ കൂടിയാലോചനയുടേയും, ലഭ്യമാക്കിയ ഇനങ്ങളുടെ ഭൗതിക പരിശോധനയുടേയും അടിസ്ഥാനത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി നൽകിയ ശുപാർശ പരിഗണിച്ചാണ് കാഡ്കോയിൽ നിന്നും ഫർണീച്ചറുകൾ വാങ്ങുന്നതിന് തീരുമാനമെടുത്തത് എന്ന് 11.11.2021 ലെ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 45ാം നമ്പറായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റി നടത്തിയ ഭൗതിക പരിശോധനാ റിപ്പോർട്ടുകൾ, മറ്റു വിവരങ്ങൾ എന്നിവ ഫയലിൽ ഇല്ല.

ജില്ലാപഞ്ചായത്തിന് ലഭിച്ച ക്വട്ടേഷൻ നിരക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | ബെഞ്ച് | ഡെസ്ക് | അലമാര | ഓഫീസ് ടേബിൾ | ബോർഡ് |
|---|---|---|---|---|---|
| സിഡ്കോ | 5856 | 7080 | 13333 | 5678 | - |
| കാഡ്കോ | 5199 | 6789 | 12399 | 7599 | 8260 |
| മീനച്ചിൽ | 7139 | 6490 | - | 8048 | - |

5. സ്റ്റോർ പർച്ചേയ്സ് മാന്വൽ ഖണ്ഡിക 9.23 ൽ ഇളവ് അനുവദിച്ച് ടെണ്ടർ കൂടാതെ ഫർണീച്ചറുകൾ വിതരണം ചെയ്യുന്നതിന് സർക്കാർ അംഗീകരിച്ച അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ജില്ലാ പഞ്ചായത്തിന് നേരിട്ട് ഫർണീച്ചറുകൾ വാങ്ങാൻ സാധിക്കുമെങ്കിലും പ്രൈസ് ലിസ്റ്റിലുൾപ്പെട്ട ഇനങ്ങൾ മാത്രമേ ഇത്തരത്തിൽ വാങ്ങാൻ കഴിയുകയുള്ളൂ. എന്നാൽ അക്രഡിറ്റഡ് ഏജൻസികൾ സമർപ്പിച്ച ക്വട്ടേഷനുകളിലെ നിരക്ക്, ഹാജരാക്കിയ സാമ്പിളുകൾ എന്നിവ സർക്കാർ ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുള്ള പ്രൈസ് ലിസ്റ്റിലുൾപ്പെട്ട സ്പെസിഫിക്കേഷനും, നിരക്കും പ്രകാരമുള്ളതാണോയെന്ന് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ പരിശോധിച്ചതിന്റെ വിവരം ഫയലിലില്ല. ഇക്കാര്യം പരിശോധിക്കാതെയാണ് ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി കാഡ്കോയിൽ നിന്നും ഫർണീച്ചറുകൾ വാങ്ങുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്തിട്ടുള്ളത്. ഇത് നിയമാനുസൃതമല്ല.

6. തദ്ദേശ സ്ഥാപനങ്ങളിലെ വാങ്ങലുകൾക്ക് ബാധകമായ 8.11.2010ലെ സർക്കാർ ഉത്തരവ് (പി) 259/2010 ത.സ്വ.ഭ.വ ഖണ്ഡിക 2.3.സി. പ്രകാരം മത്സരാധിഷ്ഠിത നിരക്കുകൾ താരതമ്യം ചെയ്തതിനുശേഷം വാർഷിക പദ്ധതിക്ക് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ വാങ്ങൽ നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്റ്റീൽടേബിൾ വാങ്ങുന്നതിന് കാഡ്കോ, കോഴിക്കോട് സമർപ്പിച്ച നിരക്കുകൾ അംഗീകരിച്ച് വാങ്ങൽ നടത്തുന്നതിന് 26.11.2021ലെ ഭരണസമിതി 9(1) പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. സ്കൂളുകളിലേക്ക് ഫർണീച്ചറുകൾ വാങ്ങൽ വ്യത്യസ്ത പ്രോജക്ടുകളായിരിക്കെ സിഡ്കോയുടെ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ സ്റ്റീൽ ടേബിളുകളുടെ ലഭ്യമായ നിരക്കുകളിൽ 1921രൂപ കൂടുതൽ തുക രേഖപ്പെടുത്തിയ കാഡ്കോയുടെ നിരക്കാണ് 3.1.2022 ന് ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ച് നൽകിയിട്ടുള്ളത്. ലഭിച്ച നിരക്കുകളിൽ കൂടിയ നിരക്കിൽ വാങ്ങൽ നടത്താനിടയായ കാരണങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഗുണനിലവാരത്തിലെ വ്യത്യാസം സംബന്ധിച്ച സാങ്കേതിക പരിശോധനാ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. ഇത് ക്രമപ്രകാരമല്ല.

7. ബ്ലാക്ക് ആന്റ് വൈറ്റ് ബോർഡുകൾ വാങ്ങുന്നതിനായി 3,96,480/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും കാഡ്കോയുടെ നിരക്ക് മാത്രമാണ് ഫയലിലുള്ളത്. ബോർഡുകൾ വാങ്ങുന്നതിന് ഒരു ക്വട്ടേഷൻ മാത്രമേ ലഭിച്ചിട്ടുള്ളൂവെന്നിരിക്കെ പ്രൈസ് ലിസ്റ്റിലുൾപ്പെടാത്ത ഇനത്തിന് കാഡ്കോ ക്വാട്ട് ചെയ്ത നിരക്കിൽ ബോർഡുകൾ വാങ്ങിയതിന് സർക്കാർ അംഗീകാരം നൽകിയതിന്റെ ഉത്തരവ്/അനുമതി പത്രം

ഫയലിലില്ല. ഇക്കാര്യത്തിൽ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

8. ജില്ലാ പഞ്ചായത്ത് എല്ലാ വർഷവും നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന വിവിധ സ്ഥാപനങ്ങൾക്ക് ഫർണീച്ചറുകൾ വിതരണം ചെയ്യുന്നുണ്ടെങ്കിലും ഓരേ വർഷവും വിതരണം ചെയ്ത ഫർണീച്ചറുകളുടെ വിവരം സൂക്ഷിക്കുന്ന സെൻട്രൽ സ്റ്റോക്ക് രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല. അലമാരകൾ, വൈറ്റ് ബോർഡ് എന്നിവയുടെ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റുകൾ പൂർണമായി ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിതരണം ചെയ്ത ഫർണീച്ചറുകളിൽ ജില്ലാ പഞ്ചായത്തിന്റെ പേര്, വർഷം എന്നിവ രേഖപ്പെടുത്തിയിട്ടില്ലായെന്ന് സ്കൂളുകളിൽ നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടു. മേൽ അപാകതക പരിഹരിച്ച് സെൻട്രൽ സ്റ്റോക്ക് രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത്, സ്റ്റോക്ക് വെരിഫൈ ചെയ്ത്, മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

1-38 സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക നിരക്ക് നൽകി സ്കൂളുകൾക്ക് അലമാരകൾ കാഡ്കോയിൽ നിന്നും വാങ്ങി നൽകി. ജില്ലാ പഞ്ചായത്തിന് നഷ്ടം 3,61,578/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ.

ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകൾക്ക് സ്റ്റീൽ അലമാരകൾ വാങ്ങുന്നതിന് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ നടപ്പാക്കിയ 1131/22 പദ്ധതി പ്രകാരം 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 28.9.2021ലെ സ.ഉ (ആർ.ടി) 20/2021 എസ്.പി.ഡി ഉത്തരവ് പ്രകാരം കാഡ്കോയിൽ നിന്നും സ്റ്റീൽ അലമാരകൾ ടെണ്ടർ കൂടാതെ വാങ്ങുന്നതിന് 26.11.2021 ലെ ജില്ലാ പഞ്ചായത്ത് ഭരണ സമിതി 9(1) തീരുമാനമെടുക്കുകയും 201 സ്റ്റീൽ അലമാരകൾ വിവിധ സ്കൂളുകൾക്ക് വിതരണം ചെയ്തതിന് വിദ്യാഭ്യാസ ഉപഡയറക്ടർ ബിൽ തയ്യാറാക്കി ജില്ലാ പഞ്ചായത്തിന് നൽകുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 14.03.2022 ന് 24,92,399 രൂപ സെക്രട്ടറി കാഡ്കോയ്ക്ക് നൽകുകയും ചെയ്തു.

മേൽ ഉത്തരവിലെ സൂചന 2 ആയി കാണിച്ചിട്ടുള്ള 20.10.2017ലെ സർക്കാർ ഉത്തരവ്(ആർ.ടി) നം.59/2017 എസ്.പി.ഡി. നിരക്കിൽ ഫർണീച്ചറുകൾ വിതരണം ചെയ്യണമെന്ന വ്യവസ്ഥയിലാണ് സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 പ്രകാരം ഇളവ് അനുവദിച്ച് ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കി നേരിട്ട് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് കാഡ്കോയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഇത് മേൽ ഉത്തരവ് ഖണ്ഡിക 3ൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതു പ്രകാരം 20.10.2017ലെ സ.ഉ (ആർ.ടി) 59/17എസ്.പി.ഡി ഉത്തരവ് പേജ് 6 ക്രമ നമ്പർ 9 പ്രകാരം 78”x36”x19”(22G) സ്റ്റീൽ കാബിനറ്റിന് (190x90x48cm അളവ്) നികുതി കൂടാതെ നൽകാവുന്ന നിരക്ക് 8,984 രൂപയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 18% GST നിരക്കായ 1617 രൂപ കൂടി ചേർത്ത് നൽകാവുന്ന സർക്കാർ നിശ്ചയിച്ച പരമാവധി വില 10,601 രൂപയാണ്. (ട്രാൻസ്പോർട്ടേഷൻ ഒഴികെ) എന്നാൽ ഇതേ അളവിലുള്ള സ്റ്റീൽ അലമാരകൾ



(190x90x48cm) (22G) 201 എണ്ണം സ്കൂളുകൾക്ക് വിതരണം ചെയ്തതിന് 18% GST ഉൾപ്പെടെ ഒന്നിന് 12,399.9 രൂപ പ്രകാരം ആകെ 24,92,399 രൂപ 2.2.2022 ലെ കാഡ്കോയുടെ ഇൻവോയ്സ് നം.NRA/Sales/506 അനുസരിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ആർട്കോയ്ക്ക് നൽകിയിട്ടുണ്ട്.

സർക്കാർ നിശ്ചയിച്ച നിരക്കിനെ അപേക്ഷിച്ച് ഓരോ അലമാരയ്ക്കും അധികമായി 1798.9രൂപ

നൽകിയതിനാൽ സ്കൂളുകൾക്കായി സ്റ്റീൽ അലമാരകൾ വാങ്ങിയ ഇനത്തിൽ 3,61,578.9രൂപ (1798.9 X201=3,61,578.9) ജില്ലാ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 19/30.11.2022) ആയതിനാൽ ജില്ലാ പഞ്ചായത്തിനുണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി അധികം നൽകിയ തുക കാഡ്കോയിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും അല്ലാത്തപക്ഷം തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതുമാണ്. അധികമായി നൽകിയ 3,61,578.9രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

**1-39 ഓഫീസ് ടേബിളുകൾ വാങ്ങിയതിന് അധിക നിരക്ക് നൽകിയതു മൂലം ജില്ലാ പഞ്ചായത്തിന് നഷ്ടം 3,87,335/-രൂപ.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ.

ജില്ലാ പഞ്ചായത്തിന്റെ വിവിധ സ്കൂളുകളിലേക്ക് 328 ഓഫീസ് ടേബിളുകൾ 7599.9 രൂപാ നിരക്കിൽ വിതരണം ചെയ്തതിന് 02.02.2022ലെ ഇൻവോയ്സ് നം.NRO/SALES/507 അനുസരിച്ച് 24,92,797/- രൂപയും ബോർഡുകൾ വിതരണം ചെയ്തതിന് 3,96,298 രൂപയും കൂടി ആകെ 28,89,277രൂപയുടെ ബിൽ വിദ്യാഭ്യാസ ഉപഡയറക്ടർ തയ്യാറാക്കി നൽകുകയും 14.03.2022 ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ടി തുക കാഡ്കോയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

20.10.2017ലെ സ.ഉ.(ആർ.ടി) നം.59/2017 എസ്.പി.ഡി. ഉത്തരവിലെ സ്പെസിഫിക്കേഷനിലും, നിരക്കിലും സ്റ്റീൽ ഫർണീച്ചറുകൾ വിതരണം ചെയ്യുന്ന പക്ഷം സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 പ്രകാരം ടെണ്ടർ നടപടികളിൽ ഇളവ് നൽകികൊണ്ട് കാഡ്കോയിൽ നിന്നും സ്റ്റീൽ ഫർണീച്ചറുകൾ നേരിട്ട് വാങ്ങാവുന്നതാണ് എന്ന് 28.9.2021ലെ സ.ഉ(ആർ.ടി)20/2021 എസ്.പി.ഡി ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു.

ഇതു പ്രകാരം അക്രഡിറ്റഡ് ഏജൻസികളുമായി നെഗോഷ്യേറ്റ് ചെയ്ത് ടെണ്ടർ കൂടാതെ ടേബിളുകൾ വാങ്ങുന്ന കാര്യം പഠിച്ച് നിർദ്ദേശം സമർപ്പിക്കാൻ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയെ ഭരണ സമിതി ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് ടേബിളുകൾ വിതരണം ചെയ്യുന്നതിന് മൂന്ന് അക്രഡിറ്റഡ് ഏജൻസികൾ ജില്ലാ പഞ്ചായത്തിൽ സമർപ്പിച്ച ക്വട്ടേഷനുകളിൽ L2 നിരക്കായ 7599.9 രൂപ രേഖപെടുത്തിയ ടേബിൾ വാങ്ങുന്നതിന് ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി നൽകിയ ശുപാർശ 26.11.2021 ലെ ജില്ലാ പഞ്ചായത്ത് ഭരണ സമിതി 9(1) തീരുമാനപ്രകാരം അംഗീകരിച്ചു.

എന്നാൽ ജില്ലാ പഞ്ചായത്ത് പ്രോക്യൂർമെന്റ് കമ്മിറ്റിയും, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും കാഡ്കോ സമർപ്പിച്ച ക്വട്ടേഷൻ മേൽ ഉത്തരവിൽ അനുബന്ധമായി ചേർത്ത പ്രൈസ് ലിസ്റ്റിലുൾപ്പെട്ട സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവ പ്രകാരമുള്ളതാണോ എന്ന പരിശോധിക്കാതെ കാഡ്കോയിൽ നിന്നും ടേബിൾ വാങ്ങുന്നതിനുള്ള ശുപാർശ ഭരണ സമിതിക്ക് സമർപ്പിക്കുകയാണുണ്ടായത്. തുടർന്ന് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാഡ്കോ സമർപ്പിച്ച "Office Table For Higher Secondary And High School Size 50x30 Inch With Wooden/equivalent Table Top Supported On Structural Steel Frame Work Make Up Tubular Hollow Section And Bracing"എന്ന സ്പെസിഫിക്കേഷനിലുള്ള 328 ടേബിളുകൾ സ്കൂളുകളിൽ വിതരണം ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ സപ്ലൈ ഓർഡർ നൽകി. ടെണ്ടർ കൂടാതെ വാങ്ങൽ



നടത്തുന്നതിന് മുൻപായി അക്രഡിറ്റഡ് ഏജൻസിയുടെ അംഗീകാരം, സർക്കാർ അംഗീകരിച്ച നിരക്ക്

എന്നിവ പരിശോധിച്ചുറപ്പാക്കി വേണം പർച്ചേയ്സിംഗ് ഓഫീസർ വാങ്ങൽ നടത്തേണ്ടത് എന്ന് 20.10.2017ലെ സ.ഉ.(ആർ.ടി) നം.59/2017 എസ്.പി.ഡി. ഉത്തരവിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ടായിരുന്നുവെങ്കിലും ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിക്കുകയോ നിരക്കിലും, സ്പെസിഫിക്കേഷനിലുമുള്ള വ്യത്യാസം ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുകയോ ചെയ്തിരുന്നില്ല.

സ.ഉ. (ആർ.ടി) 59/17എസ്.പി.ഡി ഉത്തരവ് പേജ് 4 ക്രമ നമ്പർ 9 പ്രൈസ് ലിസ്റ്റ് പ്രകാരം കാഡ്കോയ്ക്ക് വിതരണം ചെയ്യാൻ കഴിയുമായിരുന്ന 120x60x75cmഅളവിലുള്ള Steel Table With 3 Drawer On Right Side Or One Drawer And One Cupboard With 18 Mm Novapan Top 48" X 24" X 30" (20 G) എന്ന സ്പെസിഫിക്കേഷനുള്ള ടേബിളിന് 18% GST ഉൾപ്പെടെ ട്രാൻസ്പോർട്ടേഷൻ കൂടാതെയുള്ള സർക്കാർ അംഗീകരിച്ച നിരക്ക് 6419/- രൂപയാണ്. ഈ നിരക്കിൽ മേൽ സ്പെസിഫിക്കേഷൻ പ്രകാരം സ്റ്റീൽ ടേബിളുകൾ ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിനാണ് യഥാർത്ഥത്തിൽ കാഡ്കോയ്ക്ക് അനുമതിയുണ്ടായിരുന്നത്.

എന്നാൽ ഇതിനു വിപരീതമായി 7599.9 രൂപ നിരക്കിൽ 328 Pre Laminated Particle Board ടേബിളുകൾ സ്റ്റോർ പർച്ചെയ്സ് മാന്വൽ ഖണ്ഡിക 9.23 പ്രകാരമുള്ള ഇളവ് നൽകി ടെണ്ടർ കൂടാതെ കാഡ്കോയിൽ നിന്നും വാങ്ങിയത് മൂലം ജില്ലാ പഞ്ചായത്തിന് 3,87,335/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് നിയമാനുസൃതമല്ല.

കാഡ്കോ വിതരണം ചെയ്ത ടേബിളിന്റെ വില 7599.9x328=24,92,767 (-)

സർക്കാർ അംഗീകരിച്ച ടേബിളിന്റെ വില 6419x328=21,05,432

അധികമായി നൽകിയത് 3,87,335/- രൂപ

ആയതിനാൽ നിലവിൽ വിതരണം ചെയ്ത Pre Laminated Particle Board ടേബിളുകൾക്ക് പകരമായി സർക്കാർ അംഗീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരം ഉള്ള ഉപകരണങ്ങൾ മാറ്റി വാങ്ങുകയും അധികമായി നൽകിയ തുക കാഡ്കോയിൽ നിന്നും ഈടാക്കി ആയത് തിരികെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം അധികരിച്ച് നൽകിയ 3,87,335/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ 3,87,335/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

അപാകതകൾ

1.തദ്ദേശ സ്ഥാപനങ്ങൾക്ക് ബാധകമായ 8.11.10 ലെ സ.ഉ(പി)259/10 ത.സ്വ.ഭ.വ. മാർഗ്ഗരേഖ പ്രകാരം അഞ്ച് ലക്ഷത്തിലധികരിക്കുന്ന വാങ്ങലുകൾ റേറ്റ് കോൺട്രാക്റ്റ് മുഖേന വാങ്ങാൻ പാടില്ല. മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടുന്ന ഇനങ്ങൾ മാത്രമാണ് സ്റ്റോർ പർച്ചേയ്സ് മാന്വൽ ഖണ്ഡിക 9.23 പ്രകാരം ടെണ്ടർ നടപടി കൂടാതെ കാഡ്കോയിൽ നിന്നും വാങ്ങാൻ സാധിക്കുമായിരുന്നത്. ഇതിനു വിരുദ്ധമായി വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല.

2.പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങളാണ് തദ്ദേശ സ്ഥാപനത്തിന് വാങ്ങേണ്ടതെങ്കിൽ അവ വാങ്ങുന്നതിന് GeM മുഖേന നടപടി സ്വീകരിക്കുകയും ആവശ്യമായ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങൾ GeMൽ ലഭ്യമല്ലെങ്കിൽ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ക്വട്ടേഷൻ/ടെണ്ടർ നടപടികളുമാണ് സ്വീകരിക്കേണ്ടത് എന്ന് 6.4.2019ലെ സ.ഉ.(പി) 7/2019 എസ്.പി.ഡി. ഉത്തരവിലൂടെയും, അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് നിർബന്ധമായും ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണം എന്ന് 12.05.2015 ലെ സ.ഉ(എം.എസ്) 13/2015ഐ.ടി.ഡി ഉത്തരവിലൂടെയും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ GeMവഴി/ ടെണ്ടർ/ഇ-ടെണ്ടർ വഴി ഫർണീച്ചറുകൾ വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നത് അംഗീകരിക്കാനാവില്ല.

3.സ്റ്റോർ പർച്ചേയ്സ് മാന്വൽ ഖണ്ഡിക 9.23 പ്രകാരം കാഡ്കോയ്ക്ക് ടെണ്ടർ നടപടി കൂടാതെ

ഉപകരണങ്ങൾ വിതരണം ചെയ്യാൻ സാധിക്കുന്നത് GeM (Government E-market Place) പ്രാബല്യത്തിൽ വരുന്നതിന് മുൻപ് 2017ൽ സർക്കാർ നിശ്ചയിച്ച പ്രൈസ് ലിസ്റ്റിലെ നിരക്കുകളും, സ്പെസിഫിക്കേഷനും പ്രകാരമുള്ള ഉപകരണങ്ങളുമാണ്. എന്നാൽ ഇത് പരിശോധിക്കാതെ ടെണ്ടർ കൂടാതെ കാഡ്കോയിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുത്തത് നിയമാനുസൃതമല്ല. വാങ്ങലുകൾക്ക് ബാധകമായ സർക്കാർ നിർദ്ദേശങ്ങൾ തീരുമാനമെടുക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി/ഭരണ സമിതി യോഗങ്ങളിൽ ആരും തന്നെ ചൂണ്ടിക്കാട്ടാതിരുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തീരുമാനമെടുക്കുന്നതിന് കാരണമായിട്ടുണ്ട്. ഇക്കാര്യം മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ടെങ്കിലും അപാകതകൾ ആവർത്തിച്ച് വരുന്നു.

4.സിഡ്കോ, കാഡ്കോ, മീനച്ചിൽ എന്നിങ്ങനെ മൂന്ന് അക്രഡിറ്റഡ് ഏജൻസികൾ സമർപ്പിച്ച ടേബിളുകളുടെ ക്വട്ടേഷൻ നിരക്കുകൾ ഫയലിലുണ്ട്. ഇതിൽ സിഡ്കോ, കാഡ്കോ എന്നിവരുടെ നിരക്ക്, സ്പെസിഫിക്കേഷൻ എന്നിവ താഴെ ചേർക്കുന്നു.

| SIDCOയുടെ നിരക്ക് Rs.5678 | KADCOയുടെ നിരക്ക് Rs.7599 |
|---|---|
| Steel Table With A Drawer On Both Sides 135x75x75 Cm, Top With 18mm Prelaminated Particle Board Frames With 3.2 Cm Square Tube And Drawers With 20G CR Sheet | Office Table For Higher Secondary And High School Size 50x30 Inch With Wooden/equivalent Table Top Supported On Structural Steel Frame Work Make Up Tubular Hollow Section And Bracing |

ജി.എസ്.ടി ഉൾപെടെ 5678/- രൂപ രേഖപ്പെടുത്തിയ സിഡ്കോയുടെ ക്വട്ടേഷൻ ആയിരുന്നു ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപെടുത്തിയിരുന്നത്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 135 (Ii) പ്രകാരം മത്സരാധിഷ്ഠിത ടെണ്ടറുകൾക്ക് ലഭിക്കുന്ന നിരക്കുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് സ്വീകരിക്കാമെന്നും, അത് ഒഴിവാക്കുന്നുവെങ്കിൽ ആയതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം രേഖപ്പെടുത്തലുകളോ, ടേബിളുകളുടെ സ്പെസിഫിക്കേഷൻ, ഗുണനിലവാരം സംബന്ധിച്ച സാങ്കേതിക പരിശോധനാ റിപ്പോർട്ടോ ഇല്ലാതെയാണ് സിഡ്കോയുടെ നിരക്കിനേക്കാൾ 1921 രൂപ അധിക നിരക്കിലുള്ള 120x60x75cmവലുപ്പത്തിലുള്ള Prelaminated Particle Boardടേബിളുകൾ കാഡ്കോയിൽ നിന്നും വാങ്ങിയത്. കുറഞ്ഞ നിരക്ക് അംഗീകരിക്കുകയും, നിരക്കുകളിലെ വ്യത്യാസം കണക്കിലെടുക്കുകയും ചെയ്താൽ ജില്ലാ പഞ്ചായത്തിനുണ്ടായ ആകെ നഷ്ടം 6,30,088 രൂപയാണ്.

5. ക്വട്ടേഷനിൽ രേഖപെടുത്തിയതു പ്രകാരം 50x30 Inch With Wooden/equivalent Table Top Supported On Structural Steel Frame Work Made Up Tubular Hollow Section And Bracing എന്ന സ്പെസിഫിക്കേഷനുള്ള ടേബിളുകൾ വിതരണം ചെയ്യുന്നതിനാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ സപ്ളൈ ഓർഡർ നൽകിയിട്ടുള്ളത്. ഇതേ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയ ബിൽ/ടാക്സ് ഇൻവോയ്സുകളാണ് കാഡ്കോ നൽകിയിട്ടുള്ളതും. എന്നാൽ പർച്ചേയ്സ് ബില്ലിലെ സ്പെസിഫിക്കേഷനു പകരമായി സ്കൂളുകളിൽ വിതരണം ചെയ്ത ടേബിളുകളുടെ Acceptance Certificate Of Suppliers ൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷൻ Supply Of Office Table Higher Secondary School And High School Class Room Of Size: 120x60x75cm Prelaminated Particle Board/Equivalent Table Top One Drawer And Cupboard എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും സപ്ളൈ ഓർഡറിലുള്ള സ്പെസിഫിക്കേഷനിലുള്ള ടേബിളുകളല്ല വിതരണം ചെയ്തത് എന്ന് വ്യക്തമാണ്. ഇത്തരത്തിൽ

വ്യത്യാസം വരാനിടയായ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ സാമ്പിളുകൾ പ്രകാരമുള്ളതല്ലാത്ത തെറ്റായ ഇനങ്ങൾ വിതരണം ചെയ്തത് സ്ഥാപനത്തിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തിയിട്ടുണ്ട്. വിതരണം ചെയ്ത ഇനങ്ങൾ മാറ്റി വാങ്ങുന്നതിനും സപ്ളൈ ഓർഡറിനു വിരുദ്ധമായി ഫർണീച്ചറുകൾ വിതരണം ചെയ്തതിന് നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതുതാണ്.

6. കാഡ്കോ ക്വട്ടേഷൻ സമർപ്പിച്ചതും, വിതരണം ചെയ്തതുമായ രണ്ട് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളും 20.10.2017ലെ സ.ഉ (ആർ.ടി) 59/2017ഉത്തരവ് പ്രൈസ് ലിസ്റ്റിൽ ഉൾപെട്ടിട്ടില്ല. എന്നതിനാൽ ടെണ്ടർ നടപടി കൂടാതെ കാഡ്കോ സമർപ്പിച്ച ക്വട്ടേഷൻ പ്രകാരമുള്ള ടേബിളുകൾ വിതരണം ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവ് നൽകിയതും, സപ്ളൈ ഓർഡർ നൽകിയ ഇനത്തിന്റെ (സ്റ്റീൽ ടേബിളുകളുടെ) ബില്ലുകൾ ജില്ലാ പഞ്ചായത്തിന് നൽകി ബിൽ പ്രകാരമല്ലാത്ത സ്പെസിഫിക്കേഷനിലുള്ള (Prelaminated Particle Board) ടേബിളുകൾ വിതരണം ചെയ്യുകയും ചെയ്ത കാഡ്കോയുടെ നടപടിയും സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. കരാർ വ്യവസ്ഥകളിലെ ലംഘനത്തിന് കരിമ്പട്ടികയിൽ പെടുത്തുന്നതുൾപ്പെടെയുള്ള നിയമാനുസൃത തുടർ നടപടി സ്വീകരിക്കണം.

7. 30.12.2021ലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ DDETSR/5100/2021/H3കത്തിന്റെ അടിസ്ഥാനത്തിലാണ് കാഡ്കോയിൽ നിന്നും സ്റ്റീൽ ടേബിൾ വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതെന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ കത്തിൽ കാഡ്കോയുടെ സ്റ്റീൽ ടേബിളിന്റെ ഉയർന്ന വിലയോ, ഗുണനിലവാരത്തിലുള്ള വ്യത്യാസമോ സംബന്ധിച്ച പരാമർശങ്ങൾ ഇല്ല. രണ്ട് അക്രഡിറ്റഡ് ഏജൻസികളുടേയും ഉൽപന്ന ഗുണനിലവാരം, നിരക്കുകൾ എന്നിവ സർക്കാർ അംഗീകരിച്ചിട്ടുള്ളതിനാൽ ഇത്തരത്തിൽ അധിക തുക ചെലവഴിച്ചതിന് മറുപടി നൽകിയിട്ടില്ല.

8. വിവിധ സ്കൂൾ അധികാരികൾ സമർപ്പിച്ച ടേബിളുകളുടെ ഫോട്ടോ, കൈപറ്റ്/സ്റ്റോക്ക് എൻട്രി വിവരങ്ങൾ നിർവ്വഹണഉദ്യോഗസ്ഥന്റെ കൈവശമുള്ള ഫയലുകളിൽ സൂക്ഷിച്ചിട്ടുണ്ട്. വിതരണം ചെയ്ത സാമഗ്രികൾ പർച്ചേസ് ഓർഡർ പ്രകാരമുള്ളതാണോ/സർക്കാർ ഉത്തരവ് പ്രകാരമുള്ള ഇനങ്ങളാണോ പർച്ചേസ് ഓർഡർ നൽകിയത്/ഇവ തന്നെയാണോ വിതരണം ചെയ്തത്/ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കിയ ഗുണനിലവാരം വിതരണം ചെയ്ത സാമഗ്രികൾക്കുണ്ടോ എന്നിങ്ങനെയുള്ള കാര്യങ്ങൾ ആരും തന്നെ പരിശോധിച്ചിട്ടില്ല. പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

1-40 പ്ലാൻ ഫണ്ട് ചെലവഴിക്കാൻ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തത് കുടുംബശ്രീ മിഷന്റെ തനതു പദ്ധതി-കുടുംബശ്രീ പരിശീലനകേന്ദ്രം & ഷീലോഡ്ജ് നിർമ്മാണം -നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. അക്രഡിറ്റഡ് ഏജൻസി വഴി നടത്തിയ നിർമ്മാണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

നിർവ്വഹണം. കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ, തൃശ്ശൂർ.

സ്പിൽ ഓവർപദ്ധതി നം. 429/22 -കുടുംബശ്രീ പരിശീലനകേന്ദ്രം & ഷീലോഡ്ജ് നിർമ്മാണം, വള്ളത്തോൾ നഗർ.

സ്ഥലമോ, നിലവിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന കെട്ടിടമോ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പക്ഷം 100 പേർക്ക് താമസിച്ച് പരിശീലനം നടത്തുന്നതിനുള്ള കുടുംബശ്രീ ജില്ലാ പരിശീലന കേന്ദ്രങ്ങൾ വിവിധ ജില്ലകളിൽ നിർമ്മിക്കുന്നതിന് കുടുംബശ്രീ മിഷന് സംസ്ഥാന സർക്കാർ ബജറ്റിൽ തുക വകയിരുത്തിയിരുന്നു. ഈ തുകയും, സ്ത്രീ സംരംഭ മാതൃകയിൽ ഷീ





ലോഡ്ജുകൾ, ഷീ ഹോസ്റ്റലുകൾ എന്നിവ നടപ്പാക്കുന്നതിന് ദേശീയ നഗര ഉപജീവന മിഷൻ-(National Urban Livelihood Mission-NULM) വകയിരുത്തിയ തുകയും വിനിയോഗിക്കുന്നതിനുള്ള ജില്ലാ കുടുംബശ്രീ മിഷനുകളുടെ ശുപാർശകൾ സമർപ്പിക്കുന്നതിന് സംസ്ഥാന കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

കുടുംബശ്രീ മിഷന് അനുവദിച്ച കേന്ദ്ര/സംസ്ഥാന ഫണ്ടുകൾ വിനിയോഗിക്കുന്നതിന് കുടുംബശ്രീ ജില്ലാ മിഷനുകൾക്ക് നൽകിയ നിർദ്ദേശത്തിൻമേൽ തൃശ്ശൂർ ജില്ലാ മിഷൻ തയ്യാറാക്കിയ കരട് പദ്ധതി ജില്ലാ പഞ്ചായത്ത് സ്വന്തം പദ്ധതിയായി ഏറ്റെടുക്കുകയും വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്ത് ജില്ലാ പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് ജില്ലാ മിഷൻ കോർഡിനേറ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി കുടുംബശ്രീ പരിശീലനകേന്ദ്രം & ഷീലോഡ്ജ്, കെട്ടിടം നിർമ്മിക്കുന്നതിന് 5.341 കോടി രൂപ ജില്ലാ പഞ്ചായത്ത് വകയിരുത്തുകയും ചെയ്തു. ഭരണ സമിതി തീരുമാനത്തിന്റെ



അടിസ്ഥാനത്തിൽ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയ ഭൂമിയിൽ ജില്ലാ പഞ്ചായത്തിനു വേണ്ടി കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ, തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി ലിമിറ്റഡ് നം. ആർ. 1389 മായി "കുടുംബശ്രീ പരിശീലനകേന്ദ്രം & ഷീലോഡ്ജ്" നിർമ്മാണത്തിന് കരാറിലേർപ്പെടുകയും 17.10.2019 ന് സൈറ്റ് കൈമാറുകയും ചെയ്തു. നാളിതു വരെ നടത്തിയ പ്രവൃത്തികൾക്കായി 3.72 കോടി രൂപ TDLCCSന് നൽകിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1. പ്രോജക്ട് പ്രകാരം സാമൂഹ്യക്ഷേമം എന്ന മേഖലയിലുൾപ്പെടുത്തിയാണ് പദ്ധതിക്ക് ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 173 (1) ഉപവകുപ്പ് അഞ്ചാം പട്ടിക മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ ക്രമനം. XII പ്രകാരം സാമൂഹ്യക്ഷേമ മേഖലയിൽ ഷീ ലോഡ്ജും 14.02.2018ലെ സ.ഉ. (കൈ) 22/2018 ത.സ്വ.ഭ.വ മാർഗ്ഗരേഖ പ്രകാരം കുടുംബശ്രീ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനും തുക ചെലവഴിക്കുന്നതിന് വ്യവസ്ഥയില്ല. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.

2. യാത്രക്കാരായ സ്ത്രീകൾക്ക് സുരക്ഷിതമായ താമസ സൗകര്യം ലഭ്യമാക്കുന്നതിനും, സ്ത്രീ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും, ഭയരഹിതമായി (രാത്രിയിലും) എത്തിച്ചേരാൻ കഴിയുന്ന പ്രധാന റെയിൽവേസ്റ്റേഷൻ, ബസ് സ്റ്റോപ്പ് എന്നിവയുടെ സമീപത്തോ/ഒരു കിലോമീറ്റർ ചുറ്റളവിലോ പരിധിയിൽ നഗര പ്രദേശങ്ങളിൽ സ്ത്രീ സംരംഭക മാതൃകയിൽ ഷീ ലോഡ്ജുകൾ സ്ഥാപിച്ച് NULM വഴി പദ്ധതി നടപ്പാക്കുന്നതിനുമാണ് 7712/എഫ്/2015/കെ.എസ്.എച്ച്.ഒ. തിയതി 18.08.2020 കത്തിലൂടെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചിരുന്നത്. മേൽ നിർദ്ദേശം ജില്ലാപഞ്ചായത്തിന് ബാധകമല്ലെങ്കിൽ

പോലും ഷീ ലോഡ്ജ് പദ്ധതി മൂലം ലക്ഷ്യമിട്ടു പ്രകാരമുള്ള പ്രയോജനം ലഭിക്കുമോയെന്ന് വ്യക്തമല്ല.

3. വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് സർവ്വെ നമ്പർ 322/3ൽ പെട്ട 2 ഏക്കർ, 353/2ൽ പെട്ട 68 സെന്റ് എന്നിവയിലുൾപ്പെട്ട 75 സെന്റ് സ്ഥലത്ത് കുടുംബശ്രീ ജില്ലാ വനിതാ പരിശീലന കേന്ദ്രവും ഷീ ലോഡ്ജും നിർമ്മിക്കുന്നതിനും, നിർവ്വഹണ ഉദ്യോഗസ്ഥനായ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് സ്ഥലം വിട്ട് നൽകുന്നതിനും വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് 6.12.2018 ലെ 2(3) നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് തീരുമാനമെടുക്കുന്നതിനു മുൻപു തന്നെ ജില്ലാ മിഷൻ കോർഡിനേറ്ററുടെ 6.9.18ലെ കത്തിലെ അഭ്യർത്ഥന പരിഗണിച്ച് 19.9.18ലെ ജില്ലാപഞ്ചായത്ത് ഭരണ സമിതി 7(1) തീരുമാന പ്രകാരം കുടുംബശ്രീ ജില്ലാപരിശീലന കേന്ദ്രം നിർമ്മിക്കുന്നതിനും, പരിശീലനകേന്ദ്രത്തിന്റെ നിർമ്മാണ ചുമതല തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിനും, പ്രവൃത്തിയുടെ പ്ലാനും എസ്റ്റിമേറ്റും എടുക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. ചീഫ് എഞ്ചിനീയർ 25.09.2019 ന് നൽകിയ 5.341 കോടി രൂപയുടെ സാങ്കേതിക അനുമതിയിൽ “Pre Qualification Method Of Tendering Should Be Followed As Per Existing Norms” എന്നു രേഖപ്പെടുത്തിയിട്ടും നിയമാനുസൃത ടെണ്ടർ നടപടികൾ സ്വീകരിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ TDLCCSനെ പ്രവൃത്തി ഏൽപ്പിക്കുന്നതിന് തീരുമാനമെടുത്തത് ക്രമപ്രകാരമല്ല എന്ന് കാണുന്നു.

4 ജില്ലാ പഞ്ചായത്തിന് സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗമുള്ളപ്പോൾ ഇത്തരം പ്രവൃത്തികളിൽ സാങ്കേതിക വൈദഗദ്ധ്യം ഇല്ലാത്ത കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററെ ഇത്രയും വലിയ തുകയുടെ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തിയത് ശരിയല്ല.

മരാമത്ത് പ്രവൃത്തികൾ അക്രഡിറ്റ് ഏജൻസികളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച 30.7.14 ലെ സ.ഉ.(പി)നം311/14 ധന വകുപ്പ് ഉത്തരവ് അനുബന്ധം II (1) ൽ താഴെ കാണും പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. “Government Departments/PSU/Autonomous Bodies Having No Permanent Engineering Wing Can Directly Entrust Their Works To Accredited Agencies, If Required, On A Deposit Work Mode Or As PMC Mode Without Prior Approvoal Of Government, Provided The Estimate Cost Of The Work Is Within Its Delegated Powers. Government Departments/Organisations Having Engineering Divisions Can Also Outsource Works To Accredited Agencies For Specific Technical Requirements Which Are Unavailable Within The Dept/organisations But, With The Approval Of Government.” ഇതിൽ നിന്നും എഞ്ചിനീയറിംഗ് വിഭാഗം ഇല്ലാത്ത വകുപ്പുകൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ നേരിട്ട് അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിക്കുന്നതിനും, എഞ്ചിനീയറിംഗ് വിഭാഗം ഉള്ള വകുപ്പുകൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി വകുപ്പിൽ ലഭ്യമല്ലാത്ത സേവനങ്ങൾ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ആവശ്യപെടുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ ഉത്തരവ് നിലനിൽക്കെ വിപുലമായ എഞ്ചിനീയറിംഗ് വിഭാഗമുള്ള ജില്ലാ പഞ്ചായത്ത് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭിക്കുന്നതിന് മുൻപുതന്നെ 5.341 കോടി രൂപ അടങ്കലുള്ള പ്രവൃത്തി ഇ-ടെണ്ടർ ക്ഷണിച്ച് മത്സരാധിഷ്ഠിത ഓഫറുകൾ ലഭിക്കുമോയെന്നും ഇതിനേക്കാൾ ലാഭകരമായി പ്രവൃത്തി നടത്താനാകുമോയെന്നും പരിശോധിക്കാതെ TDLCCSനെ പ്രവൃത്തി ഏൽപ്പിക്കുന്നതിന് ഭരണ സമിതി എടുത്ത തീരുമാനം മേൽ ഉത്തരവിന് വിരുദ്ധമാണ്.

ജില്ലാ പഞ്ചായത്തിന്റെ തന്നെ സംയുക്ത പദ്ധതിയായ കൊടകര ബ്ലോക്ക് പഞ്ചായത്തിലെ ഷീ വർക്ക് സ്പേസ് പദ്ധതി നടപ്പാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും മത്സരാധിഷ്ഠിത ബിഡ്ഡിംഗ് നടത്തിയതിനെ തുടർന്ന് 8.34 കോടി രൂപയുടെ പദ്ധതി സെന്റേജ് ചാർജ്ജ് ഇല്ലാതെ തന്നെ ULCCS (Uralunkal Labour Contract Co-operative Society, Vatakara) ഏറ്റെടുത്തിട്ടുണ്ട് എന്നതിൽ നിന്നും ബിഡ്ഡിംഗ് നടത്താതെ അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുത്ത നടപടി മൂലം സെന്റേജ് ചാർജ്ജിൽ ലഭിക്കാമായിരുന്ന കുറവ് ജില്ലാ പഞ്ചായത്തിന് ലഭിച്ചിട്ടില്ലായെന്ന് വ്യക്തമാണ്. 5.34 കോടി രൂപയുടെ ഈ പ്രവൃത്തി സാങ്കേതികാനുമതി ഉത്തരവിൽ നിർദ്ദേശിച്ചതിനു വിരുദ്ധമായി ടെണ്ടർകൂടാതെ

നടപ്പാക്കുന്നതിനും, സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസിയെ ബിഡ്ഡിംഗ് കൂടാതെ തെരഞ്ഞെടുത്തതും മൂലം ജില്ലാ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. തെറ്റായ ഒരു തീരുമാനം എടുത്തതിലൂടെ തദ്ദേശസ്ഥാപനത്തിന് നഷ്ടമുണ്ടായാൽ ആ നഷ്ടത്തിന് ഉത്തരവാദികൾ തീരുമാനമെടുത്തവർ മാത്രമായിരിക്കുമെന്നത് WP(c)18911 (H) Of 2009 കേസിന്റെ വിധി ന്യായത്തിലൂടെ ബഹു.കേരള ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട് എന്ന കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

5. കുടുംബശ്രീ ജില്ലാ മിഷൻ 11.10.2019ന് TDLCCSമായി 1380/KSTSR/19 നമ്പറായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരവും, സാങ്കേതികാനുമതി ഉത്തരവ് പ്രകാരവും 24 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. കോവിഡ് കാലത്തെ പ്രതിസന്ധി കണക്കിലെടുത്ത് നിർമ്മാണ പ്രവൃത്തികളിൽ 6 മാസം വരെയുള്ള കാലതാമസം പിഴ കൂടാതെ അനുവദിക്കുന്നതിന് 31.7.21 ലെ സ.ഉ(സാ)1444/21 ത.സ്വ.ഭ.വ കത്തിൽ നിർദ്ദേശിച്ചതനുസരിച്ച് സൈറ്റ് കൈമാറിയ 17.10.19 മുതൽ 30 മാസ കാലയളവിൽ (16.04.2022നകം) TDLCCS നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് അനുബന്ധ കരാറിലേർപ്പെട്ടിട്ടില്ല. നാളിതുവരെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

6. മേൽ കരാർ പരിശോധിച്ചതിൽ നിന്നും അക്രഡിറ്റഡ് ഏജൻസിക്ക് ധനവകുപ്പിന്റെ 3.6.2014ലെ 54/2014 നമ്പർ സർക്കുലർ പ്രകാരം 20% തുക അഡ്വാൻസായി അനുവദിക്കുന്നതിനും തുടർന്ന് 15% വീതം അഞ്ച് ഗഡുക്കളായി അനുവദിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സംസ്ഥാന നിയമസഭാ മണ്ഡലങ്ങളിലെ ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിൽ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന പ്രവൃത്തികൾക്കാണ് ഈ സർക്കുലർ പ്രകാരം അഡ്വാൻസ് അനുവദിക്കുന്നതിന് വ്യവസ്ഥയുള്ളത് എന്നു കാണുന്നു.

അതേ സമയം അക്രഡിറ്റഡ് ഏജൻസികൾ മുഖേന മരാമത്ത് പ്രവൃത്തികൾ നടത്തുന്നത് സംബന്ധിച്ച് ധനവകുപ്പ് (ഇൻഡസ്ട്രീസ് & പബ്ലിക് വർക്സ് ബി വകുപ്പ്) പുറപ്പെടുവിച്ച 30.7.14 ലെ സ.ഉ.(പി) നം311/14 ധന മാർഗ്ഗനിർദ്ദേശങ്ങൾ ക്രമ നമ്പർ 12 പ്രകാരം സർക്കാർ ഏജൻസികൾ വഴി നടത്തുന്ന പ്രവൃത്തികളിൽ സർക്കാരിന്റെ മുൻകൂർ അനുമതിക്ക് വിധേയമായി അടിയന്തിര ഘട്ടങ്ങളിൽ 20% മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കാവുന്നതാണ് എന്നും അതേ സമയം ക്രമനമ്പർ 14 പ്രകാരം ഡെപോസിറ്റ് പ്രവൃത്തികളിൽ മുൻകൂർ 20%വും തുടർന്ന് 15% വീതവും അനുവദിക്കാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ TDLCCS എന്ന സ്ഥാപനം സർക്കാർ ഏജൻസിയോ, കരാർ പ്രകാരം ഈ പ്രവൃത്തി ഡെപോസിറ്റ് പ്രവൃത്തിയോ, ഇതിന് വിനിയോഗിക്കുന്ന ഫണ്ട് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടോ അല്ല. ആയതിനാൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് ഈ സർക്കുലർ/ഉത്തരവ് പ്രകാരം മുൻകൂർ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക്/TDLCCS ന് പ്ലാൻ ഫണ്ടിൽ നിന്നും അഡ്വാൻസ് നൽകുന്നതിന് അനുമതി നൽകുന്ന പ്രത്യേക ഉത്തരവുകൾ ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

7. തദ്ദേശ വകുപ്പ് ചീഫ് എഞ്ചിനീയർ 25.09.2019ന് നൽകിയ നം. DB7/9733/2019/CE/LSGD കത്ത് പ്രകാരം 5.341 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിലെ ക്രമ നം.4 പ്രകാരം Every Completed State Of Work Should Be Test Checked By Superintending Engineer Before Effecting Payment എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവൃത്തി നടത്തിയതിന് മുൻകൂർ തുക, പാർട്ട് ബില്ലുകൾ എന്നിവ ഉൾപ്പെടെ 19-20 മുതൽ 21-22 വരെ ആകെ3.72 കോടി രൂപ TDLCCSന് നൽകിയിട്ടുണ്ട്.

7.9.20 ലെ നം.50/2020/ധന. (ഇൻഡസ്ട്രീസ് & പബ്ലിക് വർക്സ് ബി വകുപ്പ്) സർക്കുലർ പ്രകാരം സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗമുള്ള വകുപ്പുകൾ പ്രാപ്തരായ എഞ്ചിനീർമാരെ ഉപയോഗിച്ച് ഗവൺമെന്റ് ഇതര അക്രഡിറ്റഡ് ഏജൻസികൾ നടത്തുന്ന പ്രവൃത്തികൾ സംയുക്തമായി അളവ് രേഖപ്പെടുത്തുന്നതിനും, 250 ലക്ഷത്തിൽ അധികരിക്കുന്ന പ്രവൃത്തികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ

അളവ് രേഖപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല പാർട്ട് ബില്ലുകൾ അനുവദിച്ച സംഗതികളിൽ സാങ്കേതികാനുമതി കത്തിലെ നിർദ്ദേശാനുസരണം സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെസ്റ്റ് ചെക്ക് നടത്തുന്നതിനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇത് പാലിച്ചതായി ഫയലിൽ രേഖകളില്ല. പ്രവൃത്തിയുടെ അളവ് പുസ്തകങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

8. മേൽ സാങ്കേതികാനുമതി ഉത്തരവിലെ ക്രമ നം.12 – ൽ താഴെ കാണും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. If Any Extra Item Of Work Is Proposed To Do During Execution, Prior Approval Should Be Obtained From Technical Sanctioning Authority Or Otherwise Cannot Be Approved എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ആവശ്യമായ അനുമതി വാങ്ങാതെയാണ് Extra Items, Excess Quantity എന്നിവ നടത്തിയിട്ടുള്ളത് എന്ന് കാണുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ്, കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. എസ്റ്റിമേറ്റിൽനിന്നും ഒഴിവാക്കിയതും പകരമായി ഉൾപെടുത്തി ചെയ്ത പ്രവൃത്തികളുടെയും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

9. മേൽ സാങ്കേതികാനുമതി ഉത്തരവിൽ ധന വകുപ്പിന്റെ 4.2.16ലെ നം.8/16, 18.11.16 ലെ 88/2016 സർക്കുലറുകൾ പ്രകാരമുള്ള Quality Check & Lab Test കൾ നടത്തുന്നതിനുൾപ്പെടെ ആകെ 14 വ്യവസ്ഥകൾ പാലിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ വ്യവസ്ഥകൾ സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിവരം ഫയലിലില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

10. കുടുംബശ്രീ പരിശീലന കേന്ദ്രവും ഷീലോഡ്ജും നിർമ്മാണത്തിന് TDLCCS സമർപ്പിച്ച പ്ലാനും എസ്റ്റിമേറ്റും അന്തിമമാക്കുന്നതിന് ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ 6.7.21 ന് ചേർന്ന യോഗത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പ്രവൃത്തികൾക്ക് TDLCCS തുക ആവശ്യപ്പെടുകയുണ്ടായി. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ 76 ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഒറിജിനൽ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ 46 ഇനങ്ങൾ മാത്രമേയുള്ളുവെന്നതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കാതെ തുക നൽകാനാവില്ലായെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (നിലവിൽ Extra Items, Excess Quantity എന്നിവ അംഗീകരിക്കാതെയാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബിൽ തുക കണക്കാക്കി നൽകിയിട്ടുള്ളത്.) ഓഡിറ്റ് വിഭാഗം നടത്തിയ സ്ഥലപരിശോധനയിൽ ഒന്നാം നിലയിലെ മുറികളുടേയും മെയിൻ ഹാളിന്റെയും പാർട്ടീഷൻ ഭിത്തികൾ ജിപ്സം ബോർഡ്/HDMR പോലുള്ള മെറ്റീരിയൽ കൊണ്ട് നിർമ്മിച്ചതായി കണ്ടു. ഇവയുടെ ജോയിന്റുകളിൽ ഇപ്പോൾ തന്നെ വിള്ളലുകൾ ഉള്ളതും ഭിത്തികളുടെ ഉറപ്പും, ഈടും കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെടാൻ സാധ്യതയുള്ളതുമാണ്. ഫൈനൽ ബിൽ നൽകുന്നതിന് മുൻപായി നിർമ്മാണം സംബന്ധിച്ച ഗുണമേന്മ നിലവാരം(Quality Check) പരിശോധിക്കേണ്ടതുമാണ്.

11. 4.7.2019 ലെ സ.ഉ(പി) 77/2019 ധന (ഇൻഡസ്ട്രീസ് & പബ്ലിക് വർക്സ് ബി വകുപ്പ്) ഉത്തരവ് ഖണ്ഡിക 8പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന അഞ്ച് കോടിയിൽ അധികരിക്കുന്ന പ്രവൃത്തികൾക്ക് സാങ്കേതികാനുമതി കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കേണ്ടതായിരുന്നു. അതേ സമയം 30.7.14 ലെ സ.ഉ. (പി) നം311/14 ധന ഉത്തരവ് അനുബന്ധം IIഖണ്ഡിക 11 പ്രകാരം 5 കോടിയിൽ അധികരിക്കുന്ന പ്രവൃത്തികളുടെ സെന്റേജ് ചാർജ്ജ് 5% ൽ അധികരിക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 5.341 കോടി രൂപയുടെ സാങ്കേതികാനുമതി ലഭിച്ച പദ്ധതിയിൽ ഇതു വരെയുള്ള പാർട്ട് ബില്ലുകളിൽ സെന്റേജ് ചാർജ്ജായി 5.5% തുക അനുവദിച്ചതായി കാണുന്നുണ്ട്. ഇക്കാര്യത്തിൽ മറുപടി നൽകേണ്ടതും അന്തിമ ബില്ലിനു മുൻപായി ഇത് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

12. "കുടുംബശ്രീ പരിശീലനകേന്ദ്രം & ഷീലോഡ്ജ്" നിർമ്മാണം പൂർത്തീയാക്കുന്ന മുറയ്ക്ക് ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച കരാർ, നടത്തിപ്പ് ചെലവ്, ജില്ലാ പഞ്ചായത്തിന്റെ കെട്ടിടത്തിൻമേലുള്ള ഉടമസ്ഥാവകാശം, കുടുംബശ്രീ പരിശീലനത്തിനും, ഷീ ലോഡ്ജും ഉപയോഗിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ, നിരക്കുകൾ, വൈദ്യുതി, ക്ലീനിംഗ് അനുബന്ധ ചെലവുകൾ എന്നിവ വഹിക്കുന്നത് സംബന്ധിച്ച ധാരണാ പത്രം, കരാർവ്യവസ്ഥകൾ എന്നിവ തയ്യാറാക്കി ഓഡിറ്റ് പരിശോധനയ്ക്ക്

ഹാജരാക്കുന്നതിന് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും ഇക്കാര്യത്തിൽ നാളിതു വരെ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചു കാണുന്നില്ല. ആയത് എത്രയും വേഗം തയ്യാറാക്കി ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.21/14.12.2022)

1-41 ജില്ലാ പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റുകൾക്ക് ജില്ലാ പഞ്ചായത്തിന്റെ അംഗീകാരം ലഭ്യമാക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ. ജില്ലാ പട്ടികജാതി വികസന ഓഫീസർ

21-22 സാമ്പത്തിക വർഷത്തിൽ പ്രത്യേക ഘടക പദ്ധതിയിലുൾപ്പെടുത്തി ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച അഞ്ച് പദ്ധതികൾക്കായി 1.7 കോടി രൂപ വകയിരുത്തിയതിൽ 1.48 കോടിരൂപ (86.7%) ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ |
|---|---|---|---|---|
| 1 | 65/22-എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 5000000 | 4995000 | 248 പേർ |
| 2 | 214/22-എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 5000000 | 5000000 | 263പേർ |
| 3 | 421/22 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി 19-20 (സ്പിൽ ഓവർ) | 4797228 | 3374925 | 37പേർ |
| 4 | 422/22 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി 19-20 സ്പിൽ ഓവർ | 1285166 | 750000 | 8പേർ |
| 5 | 919/22 വിദേശത്തു ജോലി-യാത്രക്കുള്ള ധനസഹായം. | 1000000 | 700000 | 7പേർ |
| ആകെ | | 17082394 | 14819925 | |

മേൽ സൂചിപ്പിച്ച പദ്ധതികൾ നടപ്പാക്കുന്നതിനായി ജില്ലാ പട്ടികജാതി വികസന ഓഫീസർ നേരിട്ട് അപേക്ഷകൾ ക്ഷണിക്കുകയും, ലഭിച്ച അപേക്ഷകരുടെ/ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്ത്

തലത്തിൽ തയ്യാറാക്കി വിവിധ ഗ്രാമപഞ്ചായത്തുകളുടെ അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളെ ഗ്രാമസഭകൾ, ജില്ലാപഞ്ചായത്ത് ഭരണസമിതി എന്നിവർ അംഗീകരിച്ചതായി കാണുന്നില്ല.

വിവിധ ബ്ലോക്ക് പഞ്ചായത്തുകളിലെ പട്ടിക ജാതി വികസന ഓഫീസർമാർ വഴിയും, പട്ടികജാതി വികസന കോ-ഓർഡിനേറ്റർമാർ വഴിയും വ്യാപകമായ പ്രചരണം നൽകി ഗ്രാമപഞ്ചായത്ത് തലത്തിൽ ഗുണഭോക്താക്കളുടെ അർഹതാ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭകളുടേയും, ഗ്രാമപഞ്ചായത്തിന്റെയും അംഗീകാരത്തോടെ ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയായിരുന്നു ഇത്തരം പദ്ധതികൾ നടപ്പാക്കേണ്ടിയിരുന്നത് എന്നതിനാൽ ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾക്ക് ഗ്രാമസഭ, ഗ്രാമപഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നിവരുടെ അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. അംഗീകാരം ലഭിച്ചതു സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-42 പഠന മുറി നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ – ജില്ലാ പട്ടികജാതി വികസന ഓഫീസർ.

പട്ടിക ജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കാൻ ധനസഹായം നൽകുന്നതിന് 19-20 വർഷത്തിൽ ജില്ലാ പഞ്ചായത്ത് ആരംഭിച്ച രണ്ട് പദ്ധതികളിലായി 222 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നു. തുടർന്ന് സ്പിൽ ഓവറായ രണ്ട് പദ്ധതികളിലുമായി നാളിതുവരെ 208 പേർ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് ലഭിക്കാത്തതിനാൽ കുമാരി. നവനീത, D/oസുരൻ, ആളൂക്കാരൻ വീട്, പുതുക്കാട് എന്ന ഗുണഭോക്താവ് അഡ്വാൻസായി കൈപറ്റിയ 50000 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കുകയും, ബാക്കിയുള്ള 13 പേർ നാളിതുവരെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനുള്ളതായും കാണുന്നു. നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പദ്ധതി നം. 422/21

| ക്രമനം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം. | തുക കൈപറ്റിയ തിയതികൾ | | ഫയൽ നം. |
|---|---|---|---|---|
| | | 50000 അഡ്വാൻസ് | രണ്ടാം ഗഡു 75000 | |
| 1 | കൃഷ്ണ, D/oഗിരിജാമണി, വടക്കൻ വീട്, വാടാനപ്പിള്ളി, | 23.12.2019 | 18.12.2021 | 8 |
| 2 | പ്രജീഷ,D/o പ്രകാശൻ,പുതുവീട്ടിൽ, കാട്ടൂർ | 23.12.2019 | 27.04.2021 | 19 |
| 3 | സാനിയ, D/oസജി, നടുക്കേപുരയിൽ വീട്, പാണഞ്ചേരി | 23.12.2019 | 10.11.20 | 38 |
| 4 | അഥീന, D/oരാജു, ശ്രീരജനി, പട്ടാണി വീട്, വേളൂക്കര. | 31.12.2019 | 12.10.2021 | 40 |

| | | | | |
|---|---|---|---|---|
| 5 | ആരഭി, D/oവിജേഷ്, ഇരിങ്ങാതുരുത്തി, വാടാനപ്പിള്ളി | 31.12.2019 | 10.06.2020 | 42 |
| 6 | ആര്യനന്ദ, D/oസുനീത, പാലക്കവീട്ടിൽ, | 27.04.2020 | 23.12.2020 | 69 |
| 7 | സ്വാതിക, D/oസുബ്രഹ്മണ്യൻ, തെക്കേവീട്, നാട്ടിക. | 17.03.2020 | 13.01.2021 | 103 |
| 8 | അക്ഷര രവി, കുമ്പഴ വീട്,ചേലക്കര. | 27.04.2020 | 22.09.2021 | 116 |
| 9 | ദേവികാചന്ദ്രൻ, D/oസരിത, മണ്ണാംപുറത്ത് വീട്, വാടാനപ്പിള്ളി. | 27.04.2020 | - | 130 |
| 10 | ആരതി, D/oസിജി, ഐനിക്കൽ വീട്, വല്ലച്ചിറ | 27.04.20 | - | 156 |

2. പദ്ധതി നം. 422/21

| | | | | |
|---|---|---|---|---|
| 1 | വിസ്മയ്, S/oരാജി, വഴക്കാത്തടത്തിൽ, പോർക്കുളം | 27.04.2020 | 30.01.2021 | 13 |
| 2 | അക്ഷയകുമാർ, S/oഷൈജ, വപ്പറമ്പിൽ വീട്, വടക്കേക്കാട് | 27.04.2020 | 19.06.2020 | 15 |
| 3 | അമൽരാജ്, S/oരാജൻ, കുറ്റിലാൽ വീട്, കോടശ്ശേരി. | 27.04.2020 | 10.08.2021 | 28 |

മേൽ രണ്ട് പട്ടികയിലും ഉൾപ്പെട്ട ഗുണഭോക്താക്കളുടെ പഠന മുറി നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. പദ്ധതിയിലുൾപ്പെട്ട നിഖിത, D/oസുനിലൻ, മുത്താരൻ വീട്, ചേർപ്പ്, അഹല്യ D/o ജയ, ഉണ്ണിക്കുന്ന് കോളനി, കാകുളശ്ശേരി, ദേശമംഗലം എന്നീ ഗുണഭോക്താക്കൾ രണ്ട് ലക്ഷം രൂപ വീതം കൈപറ്റിയിട്ടുണ്ടെങ്കിലും തദ്ദേശ സ്ഥാപനത്തിൽ നിന്നും പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കണം. കൂടാതെ CRZ പരിധിയിലുൾപെട്ട വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് വാർഡ് 1 സർവ്വെ 15ൽ പെട്ട ഭൂമിയിൽ കേരള തീരദേശ പരിപാലന അതോറിറ്റിയിൽ നിന്നും അനുമതി വാങ്ങാതെയാണ് ഗുണഭോക്താവായ ശ്രീ അനൂപ്.കെ.ആർ, S/oരാമദാസ്, പേലി ഹൌസ് എന്നയാൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ അതോറിറ്റിയിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനോട് ആവശ്യപെടുന്നതിന് 13.09.21 ലെ ജില്ലാപഞ്ചായത്ത് ഭരണസമിതി 6(2) നമ്പറായി തീരുമാനമെടുത്തിരുന്നു. ഇക്കാര്യത്തിൽ തുടർ നടപടി

സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. അനുമതി ലഭ്യമാക്കി കെട്ടിട നിർമ്മാണം റഗുലറൈസ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-43 ജില്ലാ പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതികളിൽ തുടർ നിരീക്ഷണം ഉറപ്പാക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ

ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ 2021-22 വർഷത്തിൽ നടപ്പാക്കിയ ഏഴ് ഭവന നിർമ്മാണ പദ്ധതികളിലായി ആകെ 17.23 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 16 ബ്ലോക്ക് പഞ്ചായത്തുകളിലായി 1934 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 30/22പി.എം.എ. വൈ(ജി) ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ. (ജനറൽ) | 5,12,69,718 | 5,08,77,718 |
| 2 | 31/21-ലൈഫ് ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ. (എസ്.സി.) | 8,38,28,474 | 7,74,30,462 |
| 3 | 32/21-ലൈഫ് ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ. (ടി.എസ്.പി.) | 10,00,000 | 10,00,000 |
| 4 | 33/21ലൈഫ് ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ. (ജനറൽ) | 1,50,00,000 | 1,50,00,000 |
| 5 | 34/21-പി.എം.എ.വൈ (ജി) വിഹിതം നൽകൽ.19-20 (എസ്.സി) | 60,00,000 | 55,31,772 |
| 6 | 965/21-പി.എം.എ.വൈ.(ജി) വിഹിതം നൽകൽ. (എസ്.സി.) | 25,00,000 | 25,00,000 |
| 7 | 969/21-പി.എം.എ.വൈ. (ജി)വിഹിതം നൽകൽ. (ജനറൽ) | 2,00,00,000 | 2,00,00,000 |
| ആകെ | | 17,95,98,192 | 17,23,39,952 |

ലൈഫ് മിഷൻ, പി.എം.എ.വൈ പദ്ധതികൾക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കുമായിട്ടാണ് മേൽ പ്രകാരം തുക നൽകിയിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 95.95% തുകയും ചെലവഴിച്ചത് അഭിനന്ദനാർഹമാണ്. പദ്ധതിയുടെ ഭവന നിർമ്മാണ പുരോഗതി സംബന്ധിച്ച ബ്ലോക്ക് പഞ്ചായത്ത് തലത്തിലുള്ള വിവരം താഴെ ചേർക്കുന്നു.

| ക്രമനം. | ബ്ലോക്കിന്റെ പേര് | ടാർജറ്റ് | അഡ്വാൻസ് | തറ | ലിന്റൽ | റൂഫ് | പൂർത്തീകരിച്ചത് | ബാക്കി |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | അന്തിക്കാട് | 128 | 2 | - | 3 | 1 | 122 | 6 |
| 2 | ചാലക്കുടി | 67 | - | 1 | 4 | 10 | 52 | 15 |
| 3 | ചാവക്കാട് | 197 | 2 | 5 | 5 | 4 | 181 | 16 |
| 4 | ചേർപ്പ് | 46 | - | - | 1 | - | 45 | 1 |
| 5 | ചൊവ്വന്നൂർ | 79 | 1 | 1 | - | - | 77 | 2 |
| 6 | ഇരിങ്ങാലക്കുട | 73 | - | - | 1 | - | 72 | 1 |
| 7 | കൊടകര | 122 | - | 3 | 1 | - | 118 | 4 |
| 8 | മാള | 103 | 3 | - | - | - | 100 | 3 |
| 9 | മതിലകം | 277 | - | - | 2 | 6 | 269 | 8 |
| 10 | മുല്ലശ്ശേരി | 111 | 1 | - | - | - | 110 | 1 |
| 11 | ഒല്ലൂക്കര | 102 | 3 | - | - | 2 | 97 | 5 |
| 12 | പഴയന്നൂർ | 235 | 3 | - | 3 | 2 | 227 | 8 |
| 13 | പുഴക്കൽ | 32 | - | - | - | - | 32 | 0 |
| 14 | തളിക്കുളം | 229 | 2 | - | 2 | 5 | 220 | 9 |
| 15 | വെള്ളാങ്കല്ലൂർ | 96 | - | 1 | 1 | 1 | 93 | 3 |
| 16 | വടക്കാഞ്ചേരി | 121 | 1 | - | 1 | - | 119 | 2 |
| ആകെ | | 2018 | 18 | 11 | 24 | 31 | 1934 | 84 |

ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ള 84 ഗുണഭോക്താക്കളിൽ 27 പേർ ഭവന നിർമ്മാണം ഇടയ്ക്ക് വച്ച് നിർത്തി വച്ചിട്ടുള്ളതായി ബോധ്യപ്പെട്ടതായും നിർമ്മാണം പൂർത്തീകരിച്ചില്ലെങ്കിൽ ഇവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലുള്ളതായും പ്രോജക്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനു പകരമായി മുഴുവൻ ഗുണഭോക്താക്കളുടേയും കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമ്മാണം നിർത്തിവയ്ക്കാനുണ്ടായ സാഹചര്യങ്ങൾ പരിശോധിക്കേണ്ടതും ഇക്കാര്യത്തിൽ മറ്റ് തദ്ദേശസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ ഇടപെടൽ ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-44 കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ - ഓഡിറ്റ് നിരീക്ഷണങ്ങൾ

കോവിഡ് 19 രോഗപ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് 'കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ'. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 47/2022 |
| പ്രൊജക്ടിന്റെ പേര് | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ |
| അടങ്കൽ തുക/ഫണ്ടിനം | 10,00,000/വികസന ഫണ്ട് - ജനറൽ |
| ചെലവ് | 9,40,676 |

പ്രൊജക്ട് പ്രകാരം ജില്ലയിലെ ആരോഗ്യ വകുപ്പ് വാഹനങ്ങൾക്ക് ഇന്ധന ചെലവ്, കോവിഡ് പ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഫിക്ഷൻ വീഡിയോ, സാന്റ് ആർട്ട് ഗാന ചിത്രീകരണം, അവശ്യ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങൽ, മറ്റ് കണ്ടീജൻസി ചെലവുകൾ എന്നിവയ്ക്കായാണ് പദ്ധതിതുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയുടെ ചെലവു രേഖകൾ ഓഡിറ്റിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ - ഫോൺ റീചാർജ്ജ് ചെലവ് - ട്രഷറി പെയ്ഡ് റിപ്പോർട്ടിലെ അക്കൗണ്ട് നമ്പറിൽ വ്യത്യാസം

ട്രഷറി ബിൽ നം.38/30-03-2022 പ്രകാരം 44,311 രൂപ പിൻവലിച്ച് കോവിഡ് പ്രവർത്തനങ്ങളുടെ ഭാഗമായി പ്രവർത്തിച്ച കോവിഡ് കൺട്രോൾ റൂം, കോൺട്രാക്ട് ട്രെയിസിംഗ് ടീം, വാക്സിനേഷൻ ടീം എന്നിവിടങ്ങളിൽ ഉപയോഗിച്ചിരുന്ന വോഡഫോൺ, ബി.എസ്.എൻ.എൽ ഫോൺ നമ്പറുകൾ റീചാർജ്ജ് ചെയ്തതിന് തുക അനുവദിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) 27-03-2022 – ലെ സി3(സി1)-14744(3)/2020 /ജി.മെ.ഓ.(ആ) നമ്പർ നടപടിക്രമ ഉത്തരവിൽ, മേൽ ആവശ്യത്തിനായി തുക ചെലവഴിച്ച വ്യക്തികളുടെ അക്കൗണ്ടിലേയ്ക്ക് താഴെ പറയും പ്രകാരം തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

| ക്രമ നം. | തുക നൽകിയ വ്യക്തി/സ്ഥാപനം | അക്കൗണ്ട് നം. | തുക |
|---|---|---|---|
| 1 | Zoom Mobiles | 67194330256<br>SBI Kanjani | 23,399 |
| 2 | ഡോ.സതീഷ്.കെ.എൻ<br>ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ | 31644864731<br>SBI Thrissur | 2,483 |
| 3 | ശ്രീ.രാജു.പി.കെ<br>ടെക്.അസി.ഗ്രേഡ് 1 | 50100214368727<br>HDFC Thrissur | 17,667 |
| 4 | ശ്രീ.പ്രദീഷ്<br>ജെ.എച്ച്.ഐ | 20319257594<br>SBI KUHAS | 762 |
| | ആകെ | | 44,311 |

എന്നാൽ മേൽ തുകകളുടെ ട്രഷറി പെയ്ഡ് റിപ്പോർട്ടുകൾ പരിശോധിച്ചപ്പോൾ ക്രമ നം.1 ൽ രേഖപ്പെടുത്തിയ അക്കൗണ്ടിലേയ്ക്കല്ല തുക നൽകിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. ശ്രീ.റഹ്മത്തുള്ള.കെ.കെ എന്ന വ്യക്തിയുടെ കണ്ടശാംകടവ് കനറാബാങ്ക് അക്കൗണ്ട് നം.0874101036345 – ലേയ്ക്കാണ് 23,399 രൂപ നൽകിയിട്ടുള്ളത്. Zoom Mobiles എന്ന സ്ഥാപനത്തിന്റെ കാഷ് ബില്ലുകളിലെല്ലാം തന്നെ തുക ജില്ലാ മെഡിക്കൽ ഓഫീസറുടെ നടപടിക്രമ ഉത്തരവിലെ മേൽ പട്ടികയിൽ രേഖപ്പെടുത്തിയ അക്കൗണ്ടിലേയ്ക്ക് തുക നൽകി എന്നാണ് Technical Assistant Gr-I, District Health Officer (Rural) സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ഓഫീസ് നടപടിക്രമ ഉത്തരവിലെയും ട്രഷറി പെയ്ഡ് റിപ്പോർട്ടിലെയും അക്കൗണ്ട് നമ്പറുകളിലെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം അഥവാ ട്രഷറി പെയ്ഡ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയ അക്കൗണ്ടിന്റെ സാധുത തെളിയിക്കുന്ന രേഖകൾ എന്നിവ ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (നം.39/23-02-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തുക കൈമാറിയ അക്കൗണ്ടിന്റെ സാധുത തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നതു വരെ ട്രഷറി ബിൽ നം.38/30-03-2022 പ്രകാരം പിൻവലിച്ച 44,311 രൂപയിൽ 23,399 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) മുൻ വർഷങ്ങളിലെ ചെലവു വൗച്ചറുകൾക്കായി പുതിയ പ്രൊജക്ടിൽ നിന്നും തുക ക്ലെയിം ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്

മേൽ ട്രഷറി ബിൽ തുക 44,311 രൂപയുടെ ചെലവു രേഖകളിൽ ആകെ 45ഫോൺ റീചാർജ്ജ് ബിൽ വൗച്ചറുകൾ ഹാജരാക്കിയിട്ടുണ്ട്. അതിൽ ആദ്യത്തെ 25 (ക്രമ നം.8 ഒഴികെ) വൗച്ചറുകളും 2020-21

സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുന്ന ബില്ലുകളാണ് ഹാജരാക്കിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ചെലവ് സംക്ഷിപ്തം പ്രകാരം ക്രമ നം. | സ്ഥാപനം/തീയതി | തുക |
|---|---|---|
| 1 | Zoom Mobiles/21-02-2020 | 990 |
| 2 | Zoom Mobiles/10-06-2020 | 1199 |
| 5 | Zoom Mobiles/09-08-2020 | 1090 |
| 18 | BSNL/15-12-2020 | 716 |

മേൽ ബില്ലുകൾ കൂടാതെ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ പദ്ധതിയുടെ താഴെ പറയുന്ന ട്രഷറി ബിൽ തുകകളുടെ വൗച്ചറിലും 2020-21 സാമ്പത്തിക വർഷത്തിലെ ബില്ലുകൾ ക്ലെയിം ചെയ്തിട്ടുണ്ട്

| ട്രഷറി ബിൽ നം./തീയതി | ബിൽ തുക |
|---|---|
| 36/30-03-2022 | 2495 |
| 37/30-03-2022 | 4409 |
| 39/30-03-2022 | 184103** |

**ആദ്യത്തെ 7 വൗച്ചറുകൾ

മുൻ വർഷത്തെ ബില്ലുകൾ അതാതു വർഷങ്ങളിൽ ക്ലെയിം ചെയ്യാതെ 2021-22 വർഷം ക്ലെയിം ചെയ്യുവാനിടയായതിന്റെ കാരണം വിശദമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (നം.39/23-02-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 2020-21 വർഷം പ്രസ്തുത ബില്ലുകൾ ക്ലെയിം ചെയ്തിട്ടുണ്ടോ എന്ന പരിശോധിച്ചുറപ്പ് വരുത്തേണ്ടതും ഓഡിറ്റ് വർഷത്തിൽ ക്ലെയിം ചെയ്യുവാനിടയായതിന്റെ കാരണം വിശദമാക്കേണ്ടതുമാണ്.

## 1-45 ഡയാലിസിസ് യൂണിറ്റ് ചെലവുകൾ - മുഴുവൻ മരുന്നുകളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തന ചെലവുകൾക്കായി 23/2022 നമ്പർ പദ്ധതി പ്രകാരം മെയിന്റനൻസ് റോഡിതര ഫണ്ടിൽ നിന്നും 14 ലക്ഷം രൂപ വകയിരുത്തുകയും അതിൽ 8,01,901 രൂപ ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ മരുന്നുകൾ, കൺസ്യൂമബിൾസ്, കണ്ടിജൻസി ചെലവുകൾ മറ്റനുബന്ധ ചെലവുകൾ എന്നിവയ്ക്കായാണ് തുക വകയിരുത്തിയിട്ടുള്ളത്. ഇതിൽ ട്രഷറി ബിൽ നം. 30/21-22 /28-09-2021 പ്രകാരമുള്ള 98,952 രൂപ, ട്രഷറി ബിൽ നം. 38/21-22/ 13-10-2021 പ്രകാരമുള്ള 28,883രൂപയും ഉൾപ്പെടെ 127835രൂപ മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് KMSCL ന് നൽകിയിട്ടുണ്ട്. അതിൽ 7897 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. പ്രൊഫോർമ ഇൻവോയിസിന്റെയും ബാക്കി തുകയുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊഫോർമ ഇൻവോയ്സ് നം | തിയതി | തുക | ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ തുക |
|---|---|---|---|
| PRF1628 | 11-08-2021 | 98952 | 6522 |
| PRF446 | 29-05-2021 | 23035 | 1097 |
| PRF374 | 25-05-2021 | 5848 | 278 |
| ആകെ | | 127835 | 7897 |

മേൽ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്ന്/അവശ്യ അനുബന്ധ സാമഗ്രികൾ എത്രയും പെട്ടെന്ന് KMSCL – ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇൻവോയിസുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിനു പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ഹാജരാക്കിയ മോണിറ്ററിംഗ് റിപ്പോർട്ട് പ്രകാരം വിഭാവനം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണവും പ്രൊജക്ടിലൂടെ പ്രയോജനം ലഭിച്ച രോഗികളുടെ എണ്ണവും 4 എന്നാണ് രേഖപ്പെടുത്തിക്കാണുന്നത്. ആയത് പരിശോധിച്ച് പ്രസ്തുത പദ്ധതി പ്രകാരം പ്രയോജനം ലഭ്യമായതിന്റെ കൃത്യമായ വിവരം കൂടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.27/03-01-2023)

1-46 സാന്ത്വന പരിചരണം - ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും

പ്രോജക്ട് നം.21/22 – സാന്ത്വന പരിചരണം - ഗൃഹ ശുശ്രൂഷ ചെലവുകൾക്കായി റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും 2ലക്ഷം രൂപ വകയിരുത്തിയതിൽ 1,99,832 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ട്രഷറി ബിൽ നം. 71/21-22/24-03-2022 പ്രകാരം മാറിയ 84895 രൂപ Blood Tubing Set, Dialyser മുതലായവ വാങ്ങുന്നതിന് KMSCL ന് നൽകിയിട്ടുണ്ട്. അതിൽ 9940 രൂപയുടെ മരുന്ന്/ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. പ്രൊഫോർമ ഇൻവോയ്സുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊഫോർമ ഇൻവോയ്സ് നം | തിയതി | തുക | ലഭിക്കാൻ ബാക്കിയുള്ള തുകയുടെ വിവരം |
|---|---|---|---|
| PRF6762 | 10-03-2022 | 24895 | 0 |
| PRF5195 | 11-03-2022 | 60000 | 9940 |
| ആകെ | | 84895 | 9940 |

മേൽ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്ന്/അവശ്യ അനുബന്ധ സാമഗ്രികൾ KMSCL – ൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് ക്യാഷ് ഇൻവോയിസുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിനു പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

എ) കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം 14.02.2018.ലെ സ.ഉ.(കൈ) 22/18 /ത.സ്വ.ഭ.വ. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക7.5.4 പ്രകാരം മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമായില്ലെങ്കിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ(എച്ച്.എം.സി) ശുപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കാരുണ്യ/നീതി/ജൻഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് മാത്രം മരുന്നു വാങ്ങാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പാലിയേറ്റിവ് കെയർ വിഭാഗത്തിൽപെടുന്ന രോഗികൾക്ക് അടിയന്തിരമായി ലഭ്യമാക്കേണ്ട മരുന്നുകൾ കെ.എം.എസ്.സി.എൽ - ൽ നിന്നും സമയബന്ധിതമായി ലഭിക്കാത്ത സാഹചര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്ത സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത കാലയളവിലേക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

ബി) 2021-22 സാമ്പത്തിക വർഷത്തിലെ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) മിനിറ്റ്സ് ബുക്ക് പ്രകാരം 07-08-2021, 28-10-2021, 04-02-2022 എന്നീ തീയതികളിലായി 3 തവണയാണ് യോഗം ചേർന്നിട്ടുള്ളത്. 07-03-2019 – ലെ സ.ഉ (സാധാ) നം.553/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 2.9.2 പ്രകാരം പ്രസ്തുത കമ്മിറ്റി 2 മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ

പരിഹരിക്കുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ പാലിയേറ്റീവ് കെയർ പരിചരണം മെച്ചപ്പെടുത്തുന്നതിന് കൃത്യമായി യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തേണ്ടത് അനിവാര്യമായതിനാൽ കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) പ്രാഥമിക പാലിയേറ്റീവ് യൂണിറ്റുകൾക്ക് പിന്തുണ നൽകിക്കൊണ്ട് വിദഗ്ധ പാലിയേറ്റീവ് പരിചരണങ്ങൾ സെക്കന്ററി തലത്തിൽ ലഭ്യമാക്കുക എന്നതാണ് ജില്ലാ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ എന്നതിനാൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03-07-2018 – ലെ പി.എച്ച് 5-512197/18/ഡി.എച്ച്.എസ് സർക്കുലർ പ്രകാരമുള്ള വിദഗ്ധ പാലിയേറ്റീവ് പ്രവർത്തനങ്ങളും പരിശീലന പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്താവുന്നതാണ്.

1-47 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - 745143 രൂപയുടെ ധനവിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

2021-22 വർഷം ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ് നിർവ്വഹണം നടത്തിയ 'ക്ഷീരസംഘത്തിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി' എന്ന സംയുക്തപദ്ധതി പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം ഒന്നരക്കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം. | അടങ്കൽ | ഫണ്ടിനം | ചെലവ് | വിഹിതം കൈപ്പറ്റിയ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം |
|---|---|---|---|---|
| 9/22 | 1,50,00000 | വികസന ഫണ്ട് - ജനറൽ | 1,50,00000 | 65 |

ഏപ്രിൽ 2021 മുതൽ മാർച്ച് 2022 വരെ/പദ്ധതി വിഹിതം അവസാനിക്കുന്നതു വരെയോ ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഓരോ ലിറ്റർ പാലിനും 3 രൂപ തോതിൽ കണക്കാക്കി സബ്സിഡി നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. ഓരോ മാസത്തെ പാലളവ് കണക്കാക്കി കർഷകരുടെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് തുക അതാത് സമയങ്ങളിൽ അലോട്ട്മെന്റ് നൽകുന്നു എന്നതാണ് ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച് നിർവ്വഹണം.

ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പരിശോധിച്ചത് പ്രകാരം 14 ബ്ലോക്കുകളിലായി ആകെ 65 ഗ്രാമപഞ്ചായത്തുകൾക്കായാണ് ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് അനുവദിച്ച ഒന്നരക്കോടി രൂപ 65 ഗ്രാമപഞ്ചായത്തുകൾക്കായി കൈമാറിയിട്ടുള്ളതിൽ 49 എണ്ണത്തിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ബാക്കി 3 ഗ്രാമഞ്ചായത്തിന്റെ ധനവിനിയോഗ വിവരം ലഭ്യമാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് വിഹിതം |
|---|---|
| അവണ്ണൂർ | 150000 |
| വെള്ളാങ്ങല്ലൂർ | 463088 |
| പടിയൂർ | 132055 |

| | |
|---|---|
| ആകെ | 745143 |

മേൽ പട്ടികയിലെ ഗ്രാമഞ്ചായത്തുകളുടെ ധനവിനിയോഗ വിവരം ഓഡിറ്റിനു ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.26/30-12-2022)

1-48 കസ്റ്റം ഹയറിംഗ് സെന്റർ നടത്തിപ്പ് - ഓഡിറ്റ് നിരീക്ഷണങ്ങൾ

തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ നിന്നും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്ക് നൽകിയിട്ടുള്ള രശീതി പുസ്തകങ്ങൾ (നം.271 & 863), ഡെയ്‌ലി കളക്ഷൻ രജിസ്റ്റർ, ജില്ലാ പഞ്ചായത്തിൽ തുക അടവാക്കിയത്, കസ്റ്റം ഹയറിംഗ് സെന്ററിലെ കാർഷിക ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ട ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1) രശീതി/രജിസ്റ്റർ എന്നിവയിൽ കാർഷികോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിന്റെ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിങ് സെന്ററിലെ കാർഷികോപകരണങ്ങൾ വാടകയ്ക്ക് നൽകിയ ഇനത്തിലെ തുകയും ടെന്റർ ഫോറം വിലകളുമാണ് മേൽ രശീതികൾ പ്രകാരം ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. ഹാജരാക്കിയ രശീതുകളിലോ കളക്ഷൻ രജിസ്റ്ററിലോ എത്ര മണിക്കൂർ/ദിവസം ഉപകരണങ്ങൾ വാടകയ്ക്ക് നൽകി എന്നതിന്റ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലഭ്യമായ വരവിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് അന്വഷണത്തിന്റെ (നം.28/13-01-2023) മറുപടിയൽ, വിവരങ്ങൾ രേഖപ്പെടുത്താൻ ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കാർഷികോപകരണങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ രശീതി/രജിസ്റ്റർ എന്നിവയിൽ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

2) വാടക നിരക്ക് ജില്ലാ പഞ്ചായത്ത് അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്

കൊയ്ത്തു മെതിയന്ത്രം, ട്രാക്ടർ, ബെയ്‌ലർ, നടീൽ യന്ത്രം മുതലായ 20 ഇനങ്ങളുടെ ഒരു ദിവസത്തെ വാടക നിരക്ക് വിവരങ്ങളുടെ ലിസ്റ്റ് ഓഡിറ്റ് അന്വഷണം പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഹാജരാക്കിയിട്ടുണ്ട്. കാർഷിക ഉപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിന്റെ നിലവിൽ നിശ്ചയിച്ചിട്ടുള്ള നിരക്ക് വിവരങ്ങൾ ജില്ലാ പഞ്ചായത്ത് അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് അന്വേഷണം (നം.28/13-01-2023) പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന്റെ വിശദാംശങ്ങൾ മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നിരക്കുകൾ നിശ്ചയിച്ചതിന്റെ കാലയളവ് വ്യക്തമായിട്ടില്ല. വാടക നിരക്കിൽ വർദ്ധനവ് വരുത്തുന്നതിനുള്ള കാലയളവ് പരിശോധിക്കേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. നിരക്ക് നിശ്ചയിച്ച് അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതുമാണ്.

3) വരവിന്റെ കൃത്യത പരിശോധിച്ചുറപ്പ് വരുത്തി രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തലുകൾ നടത്തേണ്ടതാണ്

രശീതികൾ പ്രകാരമുള്ള വരവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഡെയ്‌ലി കളക്ഷൻ രജിസ്റ്ററിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ ഓഡിറ്റിനു ഹാജരാക്കിയ വേളയിൽ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല. കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീൽ പതിച്ചിട്ടുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല. അതാതു ദിവസത്തെ വരവുകൾ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ പരിശോധിച്ചുറപ്പു വരുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4) രശീതികൾ പ്രകാരമുള്ള വരവ് കാലതാമസം കൂടാതെ ജില്ലാപഞ്ചായത്തിൽ അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

18-01-2022 മുതൽ 09-03-2022 വരെ വിവിധ രശീതികൾ പ്രകാരമുള്ള വരവുകൾ 30-03-2022 നാണ്

ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. ജില്ലാ പഞ്ചായത്തിന്റെ സാംഖ്യ രശീതി നം.121060500105 പ്രകാരം 59886 രൂപയാണ് 30-03-2022 – ന് അടവാക്കിയിട്ടുള്ളത്. തുക അടവാക്കുന്നതിന് ഇത്രയും കാലതാമസം ഉണ്ടാകാനിടയായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ ടെണ്ടർ നടപടി രേഖപ്പെടുത്തലുകൾ നടത്തേണ്ട ഉദ്യോഗസ്ഥരുടെ ഒഴിവു മൂലം ജില്ലാ പഞ്ചായത്ത്, അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്ന സെക്ഷന് അധിക ചുമതല നിർവ്വഹിക്കേണ്ടി വന്നതിനാലാണ് തുക ജില്ലാ പഞ്ചായത്തിൽ അടവാക്കാൻ കാലതാമസമുണ്ടായത് എന്നാണ് അറിയിച്ചിട്ടുള്ളത്. തുടർന്ന് ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

5) കസ്റ്റം ഹയറിംഗ് സെന്ററിലെ സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തേണ്ടതും സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്

കസ്റ്റം ഹയറിംഗ് സെന്ററിലെ 19-11-2018 മുതൽ തുടർച്ചയായി ഉപയോഗിച്ചു വരുന്ന സ്റ്റോക്ക് രജിസ്റ്റർ പരിശോധനയക്ക് ഹാജരാക്കിയെങ്കിലും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള കാർഷിക ഉപകരണങ്ങൾ വർഷാന്ത്യത്തിൽ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയതായി കാണുന്നില്ല. കൂടാതെ രജിസ്റ്ററിൽ കാർഷിക ഉപകരണങ്ങളുടെ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇനം തിരിച്ച് ഉപകരണങ്ങൾ ഇഷ്യൂ ചെയ്യുന്നതു സംബന്ധിച്ച യാതൊരു വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ല. കാർഷിക യന്ത്രങ്ങൾ ഭൗതിക പരിശോധന നടത്തി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

മേൽ ഓഡിറ്റ് നിരീക്ഷണങ്ങളിന്മേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-49 കാർഷിക പദ്ധതികളുടെ ഫലപ്രാപ്തി അവലോകനം ചെയ്തിട്ടില്ല, 61.2 ലക്ഷം രൂപയുടെ വിനിയോഗവിവരമില്ല

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി), കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വാട്ടർ മാനേജ്മെന്റ്) എന്നിവർ നിർവ്വഹണം നടത്തിയ ഫലവൃക്ഷതൈ വിതരണം, തരിശു നിലങ്ങളിൽ പച്ചക്കറി, നെൽകൃഷികൾക്ക് പ്രോത്സാഹനം, നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി മുതലായ പ്രൊജക്റ്റുകളിൽ ജില്ലാ പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

(I)സുഭിക്ഷ കേരളം-ഫലസമൃദ്ധി -ഫലവൃക്ഷതൈ വിതരണം, പ്രൊജക്റ്റ് നം. 529

നിർവ്വഹണം-കൃഷി ഡെപ്യൂട്ടി ഡയറക്ടർ(വൈ.പി)

അടങ്കൽ-വികസനഫണ്ട്-5,00,000

ചെലവ്- 4,87,730/-

പരിശോധനക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം തെക്കുംകര, കൈപ്പറമ്പ്, പടിയൂർ, പൂമംഗലം, തളിക്കുളം എന്നീ പഞ്ചായത്തുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. ഫലവൃക്ഷതൈകൾ വിതരണം ചെയ്ത് ഫലവൃക്ഷകൃഷി പ്രോത്സാഹിപ്പിക്കുന്നതിനാണ് തുക അനുവദിച്ചത്.

താഴെപറയുന്ന പഞ്ചായത്തുകൾക്ക് കൈമാറിയ തുകകളുടെ വിനിയോഗവിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പഞ്ചായത്ത് | റിക്വിസിഷൻ നം/ തിയതി | തുക | ആകെ തുക |
|---|---|---|---|---|
| 1 | തെക്കുംകര | 1016010501210001/ 22.10.2021 | 64375 | 1,55,125/- |

| | | | | |
|---|---|---|---|---|
| | | 1016010501210007/ 12.1.2022 | 62250 | |
| | | 1016010501210009/ 14.2.2022 | 28500 | |
| 2 | പടിയൂർ | 1016010501210005/ 29.10.2021 | 29300 | 35,105/- |
| | | 1016010501210010/ 9.3.2022 | 5805 | |
| 3 | പൂമംഗലം | 1016010501210006/ 7.1.2022 | 47,500/- | 47,500/- |

ഒട്ടാകെ-2,37,730

വിനിയോഗവിവരം പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ 2,37,730 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

(Ii )സുഭിക്ഷ കേരളം- തരിശു നിലങ്ങളിൽ പച്ചക്കറികൃഷിക്ക് പ്രോത്സാഹനം പ്രൊജക്റ്റ് നം.242/22

നിർവ്വഹണം-കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി)

അടങ്കൽ-വികസനഫണ്ട്-1670427/-

ചെലവ്- 60000/-

പുന്നയൂർ, കടപ്പുറം പഞ്ചായത്തുകൾക്കാണ് തുക അനുവദിച്ചിരിക്കുന്നത്.

റിക്വിസിഷൻ നം.1016010501210012/തിയതി 22.3.2022 പ്രകാരം കടപ്പുറം പഞ്ചായത്തിന് അനുവദിച്ച 40,000/- രൂപയുടെ വിനിയോഗവിവരം, പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

വിനിയോഗവിവരം ലഭ്യമാക്കുന്നതുവരെ 40,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

(Iii)തരിശുനിലങ്ങളിൽ നെൽകൃഷിക്ക് പ്രോത്സാഹനം, പ്രൊജക്റ്റ് നം. 223/22

നിർവ്വഹണം-കൃഷി ഡെപ്യൂട്ടി ഡയറക്ടർ (W.M)

അടങ്കൽ-വികസനഫണ്ട്-16,70,427/-

ചെലവ്-13,26,955/-

പ്രൊജക്റ്റ് ഫയൽ പ്രകാരം ദേശമംഗലം, മുരിയാട്, വേളൂക്കര, വെള്ളാങ്കല്ലൂർ, പുന്നയൂർ, വടക്കേക്കാട് എന്നീ പഞ്ചായത്തുകൾക്കാണ് തുക അനുവദിച്ചിരിക്കുന്നത്.

പ്രൊജക്റ്റിൽ വിഭാവനം ചെയ്തപ്രകാരം തരിശ് നിലങ്ങളിൽ നെൽകൃഷി എത്രമാത്രം നടപ്പാക്കി എന്നത് സംബന്ധിച്ച് അവലോകനറിപ്പോർട്ടും താഴെ പറയുന്ന പഞ്ചായത്തുകൾക്ക് കൈമാറിയ തുകകളുടെ വിനിയോഗവിവരവും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പഞ്ചായത്ത് | റിക്വിസിഷൻ നം/ തിയതി | തുക | ആകെ തുക |
|---|---|---|---|---|
| 1 | മുരിയാട് | 1016010502210029/ 17.1.2022 | 70462 | 1,60,000 |
| | | 1016010502210094/ 7.3.2022 | 89538 | |
| 2 | വടക്കേക്കാട് | 1016010502210117/ 21.3.2022 | 300000 | 3,00,000 |

ഒട്ടാകെ-4,60,000

വിനിയോഗവിവരം ലഭ്യമാക്കുന്നതുവരെ 4,60,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

( lv)സമഗ്ര നെൽകൃഷി വികസനം കൂലി ചെലവ് സബ്സിഡി, 212/22

നിർവ്വഹണം-കൃഷി ഡെപ്യൂട്ടി ഡയറക്ടർ (W.M)

അടങ്കൽ-വികസനഫണ്ട്-1,99,42,054/-

ചെലവ്-1,99,42,054/-

പ്രൊജക്റ്റ് ഫയൽ പ്രകാരം 42 ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്. ആയതിൽ താഴെപറയുന്ന പഞ്ചായത്തുകൾക്ക് കൈമാറിയ തുകകളുടെ വിനിയോഗവിവരമില്ല

| ക്രമ നം | പഞ്ചായത്ത് | റിക്വിസിഷൻ നം/ തിയതി | തുക | ആകെ തുക |
|---|---|---|---|---|
| 1 | കടങ്ങോട് | 1016010502210106/ 19.3.2022 | 282237 | 5,40,180 (കടങ്ങോട് പഞ്ചായത്തിന് ആകെ 17,00,000രൂപ നൽകിയതിൽ 1159820/-രൂപയുടെ വിനിയോഗസാക്ഷ്യപത്രമുണ്ട്.) |
| | | 1016010502210107/ 19.3.2022 | 99552 | |
| | | 1016010502210108/ 19.3.2022 | 158391 | |
| 2 | വെള്ളാങ്കല്ലൂർ | 1016010502210033/ 18.1.2022 | 343800/ | 343800/- (ആകെ 687600രൂപ നൽകിയതിൽ 343800/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രമുണ്ട്.) |
| 3 | വേലൂർ | 1016010502210031/ 17.1.2022 | 550080/- | 550080/- |
| 4 | പൊയ്യ | 1016010502210032/ 18.1.2022 | 343800/- | 343800/- |
| 5 | മുരിയാട് | 1016010502210063/ 4.2.2022 | 351680 | 997186/- |
| | | 1016010502210071/ 7.2.2022 | 289536 | |
| | | 1016010502210074/ 7.2.2022 | 355970 | |
| 6 | ചാഴൂർ | 1016010502210064/ 4.2.2022 | 123909 | 687600/- |
| | | 1016010502210065/ 4.2.2022 | 107252 | |
| | | 1016010502210066/ 4.2.2022 | 235259 | |
| | | 1016010502210102/ 18.3.2022 | 80436 | |
| | | 1016010502210103/ 18.3.2022 | 82415 | |
| | | 1016010502210112/ 19.3.2022 | 58329 | |
| 7 | കാറളം | 1016010502210101/ 18.3.2022 | 63210 | 186486 |
| | | 1016010502210109/ 19.3.2022 | 83270 | |
| | | 1016010502210128/ 26.3.2022 | 40006 | |
| 8 | പുന്നയൂർക്കുളം | 1016010502210110/ 19.3.2022 | 63979 | 687600/- |
| | | 1016010502210114/ 21.3.2022 | 243004 | |

| | | | | |
|---|---|---|---|---|
| | | 1016010502210118/ 23.3.2022 | 335195 | |
| | | 1016010502210122/ 24.3.2022 | 45422 | |
| 9 | വടക്കേക്കാട് | 1016010502210119/ 23.3.2022 | 416589 | 760942/- |
| | | 1016010502210124/ 24.3.2022 | 344353 | |
| 10 | വരന്തരപ്പിള്ളി | 1016010502210125/ 24.3.2022 | 285014/- | 285014/- |

ഒട്ടാകെ-53,82,688

വിനിയോഗവിവരം ലഭ്യമാക്കുന്നതുവരെ 53,82,688 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ജില്ലാപഞ്ചായത്ത് വിഹിതം വകയിരുത്തിക്കൊണ്ട് ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയിട്ടുള്ള പ്രൊജക്റ്റുകൾ, ഗ്രാമപഞ്ചായത്തുകൾ തുക ആവശ്യപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 2021-22 വർഷത്തിൽ നടപ്പാക്കിയ ഫലസമൃദ്ധി, തരിശുനിലങ്ങളിൽ പച്ചക്കറികൃഷിക്ക് പ്രോത്സാഹനം, തരിശുനിലങ്ങളിൽ നെൽകൃഷിക്ക് പ്രോത്സാഹനം, സമഗ്രനെൽകൃഷി വികസനം എന്നീ പ്രൊജക്റ്റുകൾ ജില്ലാ പഞ്ചായത്ത് വിഹിതം കൈപ്പറ്റിയ ഗ്രാമപഞ്ചായത്തുകളിൽ എത്രമാത്രം വിജയകരമായി നടപ്പാക്കിയെന്നതുസംബന്ധിച്ചും പ്രൊജക്റ്റുകളുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ചും മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 11/2018/ തസ്വഭവ/29.1.2018, ഖണ്ഡിക 7.16(എ)(11) പ്രകാരം തരിശുഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി ചെയ്യാതെ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനും ത്രിതലപഞ്ചായത്തുകൾ പരമാവധി ശ്രദ്ധ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ജില്ലാ തലത്തിൽ ഈ മേഖലയിൽ കൈവരിച്ച പുരോഗതി സംബന്ധിച്ച അവലോകനറിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ വിവരങ്ങൾക്കായി നൽകിയ ഓഡിറ്റ് എൻക്വയറി 8/31.10.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിന്റെ 2022-23 വർഷത്തെ അവസ്ഥാരേഖയിൽ ജനകീയാസൂത്രണത്തിന്റെ 25 വർഷങ്ങൾ പിന്നിടുമ്പോൾ കൃഷി അനുബന്ധ മേഖലയിൽ ലക്ഷ്യമിട്ട മുഴുവൻ നേട്ടങ്ങളും കൈവരിക്കാനായിട്ടില്ലെന്നും തരിശു നെൽകൃഷി പദ്ധതിയുടെ തരിശു രഹിതമാക്കുക എന്ന ഭൌതിക ലക്ഷ്യം ഉടമസ്ഥർ സ്ഥലം വിട്ടുനൽകാത്തതിനാൽ ഭാഗികമായി മാത്രമെ നേടാനായിട്ടുള്ളു എന്നും വിലയിരുത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ പദ്ധതി ആസൂത്രണ നിർവ്വഹണങ്ങളിലെ പോരായ്മകൾ വിലയിരുത്തി മാത്രം തുടർന്നുള്ള വർഷങ്ങളിലെ പദ്ധതിപ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

വിനിയോഗവിവരമില്ലാത്തതിനാൽ തടസ്സപ്പെടുത്തുന്ന ആകെ തുക-61,20,418 രൂപ

## 1-50 എസ് സി വനിതാ കർഷകർക്കുള്ള കാർഷികയന്ത്രം വാങ്ങൽ (ആമ്പല്ലൂർ ഡിവിഷൻ) -8.56 ലക്ഷം രൂപയുടെ ഉപകരണങ്ങൾ ഗുണഭോക്തൃസംഘം കൈപ്പറ്റിയിട്ടില്ല,മറ്റ് അപാകതകൾ

നിർവ്വഹണം-കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ
അടങ്കൽ - എസ്.സി.പി -10,00,000

ചെലവ്-4,46,019/-(ട്രഷറിബില്ല്നംCBNo.16/2021-22/30.3.2022,റെയ്ഡ്ക്കോക്ക് നൽകിയതുക)

4,09,460/- (ട്രഷറി ബില്ല് നം CB No.17/2021-22 /30.3.2022 കെയ്ക്കോക്ക് നൽകിയതുക)

ആകെ ചെലവ്- 8,55,479/-

8,55,479/-രൂപ ചെലവഴിച്ച് ടെണ്ടർ നടപടികളിലൂടെ റെയ്ഡ്ക്കോ,കെയ്ക്കോ എന്നിവിടങ്ങളിൽ നിന്നായി 12 വീതം ആകെ 24 എണ്ണം കാർഷിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. കാർഷികയന്ത്രം വാങ്ങൽ എന്നാണ് പ്രൊജക്റ്റിന്റെ പേരെങ്കിലും തുമ്പ, ഗാർഡൻ റേക്ക്, ഹാന്റ് ഫോർക്ക്, വാട്ടർ കാൻ,

പിക്ക്ആക്സ്, റബ്ബർ കട്ട, സ്പ്രേയർ, അരിവാൾ തുടങ്ങിയ 20 ഉപകരണങ്ങളും പവർ ടില്ലർ, ബെയ്ലർ, കട്ടർ, ചെയ്ൻ സോ തുടങ്ങിയ യന്ത്രങ്ങളുമാണ് പദ്ധതിപ്രകാരം വാങ്ങിയത്.

വികസനകാര്യസ്ഥിരം സമിതിയുടെ 14.6.2021 തിയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം സുവർണ്ണ ഹരിത സംഘത്തെ ഗുണഭോക്തൃസംഘമായി തെരഞ്ഞെടുത്തു.

പ്രൊജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

(1) സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം 22/2018/തസ്വഭവ/14.02.2018 ഖണ്ഡിക 6.1(8) പ്രകാരം കാർഷിക സംഘങ്ങൾക്ക് 90 ശതമാനം സബ്സിഡിയിൽ വാങ്ങി നൽകാവുന്ന 13 ഇനം കാർഷികയന്ത്രങ്ങൾ ഉണ്ട്, എന്നാൽ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 5(10) പ്രകാരം കോടാലി, പിക്കാസ്, മൺകോരി, മൺവെട്ടി, കത്തി എന്നിവക്ക് സബ്സിഡി നൽകാനാവില്ല. മേൽ പ്രൊജക്റ്റിൽ ഈ ഇനങ്ങളിൽപെട്ട ഉപകരണങ്ങൾ - പിക്കാസ്സ്, മൺവെട്ടി, അരിവാൾ, കത്തി, കോടാലി- തുടങ്ങിയവ വാങ്ങിയിട്ടുണ്ട്. സബ്സിഡിക്ക് അർഹതയില്ലാത്ത ഉപകരണങ്ങൾ പ്രൊജക്റ്റ് പ്രകാരം വാങ്ങി. ഇക്കാര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 7/27.10.2022 ന് ലഭിച്ച മറുപടിയിൽ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1(8) ൽ കളനീക്കൽ കാട്ടുവെട്ട് തുടങ്ങിയവക്ക് സബ്സിഡി ഉള്ളതിനാലാണ് പ്രസ്തുത ഉപകരണങ്ങൾ വാങ്ങിയതെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കാനാകില്ല. 6.1(8) ൽ കളനീക്കൽ ഉപകരണം, കാട്ടുവെട്ട് യന്ത്രം എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. പദ്ധതിപ്രകാരം വാങ്ങിയ 24 ഉപകരണങ്ങളിൽ പലതും ഈ ആവശ്യത്തിനുള്ളവയാണ്,ഉദാഹരണത്തിന് കട്ടർ,കത്രിക സ്പ്രെയർ,ടില്ലർ തുടങ്ങിയവ. അതേസമയം സബ്സിഡിക്ക് അർഹതയില്ലാത്തവയെന്ന് പ്രത്യേകം എടുത്തുപറഞ്ഞ ഉപകരണങ്ങളും വാങ്ങി നൽകിയത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ നടപടിയാണ്.

(2) സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1(8) മാനദണ്ഡങ്ങൾ/ വ്യവസ്ഥകൾ പ്രകാരം 'തദ്ദേശഭരണസ്ഥാപനതലത്തിൽ കൃഷിഭവൻ ഉൾപ്പെടെയുള്ള പൊതു സംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ട് കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങാൻ എന്ന് നിർദ്ദേശമുണ്ട്. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരമാണ് പദ്ധതി നടപ്പാക്കിയതെന്നും കൃഷി ഓഫീസർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. കാർഷികഉപകരണങ്ങൾ വാങ്ങിനൽകുന്നതു സംബന്ധിച്ച് ബന്ധപ്പെട്ട കൃഷി ഓഫീസറുടെ നിർദ്ദേശമോ അഭിപ്രായമോ കൂടാതെയാണ് ജില്ലാ പഞ്ചായത്ത് പ്രൊജക്റ്റ് ആവിഷ്കരിച്ചത്. കൃഷി അനുബന്ധമേഖല വർക്കിംഗ് ഗ്രൂപ്പിലും മേൽ പറഞ്ഞ പ്രൊജക്റ്റ് സംബന്ധിച്ച നിർദ്ദേശമില്ല.

(3) 10 ലക്ഷം രൂപ വകയിരുത്തിയ പദ്ധതിപ്രകാരം 8.56 ലക്ഷം രൂപക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ 6.1(8) മാനദണ്ഡങ്ങൾ/ വ്യവസ്ഥകൾ പ്രകാരം കൃഷി ഓഫീസറും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ശുപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ മൂന്ന് വർഷം പൂർത്തിയാക്കിയതും വാർഷിക ടേൺഓവർ ശരാശരി 10 ലക്ഷം രൂപക്ക് മുകളിലുള്ളവയും ഓഡിറ്റ് നടപടികൾ പൂർത്തിയാക്കിയതുമായ കർമ്മസേനകൾക്ക് 10 ലക്ഷം രൂപയുടെ യന്ത്രങ്ങൾ നൽകാവുന്നതാണ്. അളഗപ്പനഗർ ഗ്രാമപഞ്ചായത്തിലെ സുവർണ്ണ ഹരിത സംഘത്തെ 14.06.2021 തിയതിയിലെ വികസനകാര്യ സ്ഥിരം സമിതിയുടെ തീരുമാനം 1(1) പ്രകാരം ഗുണഭോക്തൃസംഘമായി തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ/ വ്യവസ്ഥകൾ പ്രസ്തുതസംഘം പാലിക്കുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പാക്കിയതായി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം മാത്രമാണ് പദ്ധതി നടപ്പാക്കിയതെന്നാണ് അറിയിച്ചിട്ടുള്ളത്.

(4)സുവർണ്ണ ഹരിത സംഘം നാളിതുവരെയായി ഗുണഭോക്തൃവിഹിതം അടവാക്കി ഉപകരണങ്ങൾ കൈപ്പറ്റിയിട്ടില്ല. ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്താതെയാണ് പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചത്.

പിന്നീട് അതായത് 2022-23 ൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തി പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സുവർണ്ണ ഹരിത സംഘത്തിന് 100 ശതമാനം സബ്സിഡി നൽകുവാൻ അപേക്ഷിച്ചുകൊണ്ട് ജില്ലാ പഞ്ചായത്തിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് കത്തയച്ചിരുന്നുവെന്നും എന്നാൽ സംഘത്തിന് 100 ശതമാനം സബ്സിഡി നൽകാൻ സാധിക്കില്ലെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചതായും പ്രസ്തുത വിവരം സംഘത്തെ അറിയിച്ചിട്ടുള്ളതായും പറഞ്ഞിട്ടുണ്ട്.

2019-20 ൽ പ്രത്യേക ഘടക പദ്ധതി ഫണ്ട് ഉപയോഗിച്ച് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്ക്കരിച്ച പദ്ധതി, അംഗീകരിച്ച ഗുണഭോക്തൃപട്ടികയില്ലാത്തതിനാൽ 2020-21 വർഷത്തേക്കും തുടർന്ന് 2021-22 വർഷത്തേക്കും സ്പിൽ ഓവർ ആക്കുകയായിരുന്നു. 8.56 ലക്ഷം ചെലവഴിച്ച് വാങ്ങിയ കാർഷിക ഉപകരണങ്ങൾ നാളിതുവരെയും ഗുണഭോക്തൃ സംഘം ഗുണഭോക്തൃ വിഹിതം അടവാക്കി ഏറ്റെടുത്തിട്ടില്ല. അവ നിർവ്വഹണോദ്യോഗസ്ഥൻ സ്റ്റോക്കിൽ ഉൾപ്പെടുത്തി മണ്ണുത്തി കസ്റ്റം ഹയറിംഗ് സെന്ററിൽ സൂക്ഷിച്ചിരിക്കുകയാണ് എന്നാണ് അറിയാനായത്. കൃഷി ഓഫീസർമാരുടെ അഭിപ്രായമോ നിർദ്ദേശമോ പരിഗണിക്കാതെയും ആവശ്യക്കാരും അർഹരുമായ ഗുണഭോക്താക്കളുണ്ടോയെന്ന് പരിശോധിക്കാതെയും പ്രൊജക്റ്റ് ആവിഷ്ക്കരിക്കുകയും ഉപകരണങ്ങൾ വാങ്ങുകയും ചെയ്തതിനാൽ 8,55,479/- രൂപ

വികസന ഫണ്ടിലെ പ്രത്യേക ഘടക പദ്ധതി വിഭാഗത്തിൽ നിന്നും ചെലവായിട്ടുണ്ടെങ്കിലും പദ്ധതിയുടെ ലക്ഷ്യം നിറവേറിയിട്ടില്ല. 8,55,479/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല. ആയതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-51 ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കേണ്ടാത്ത പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി

ചെറുവള്ളിപ്പുഴ നമ്പരപടവ് പുഞ്ചക്കൃഷിസംഘം- 30എച്ച്.പി പമ്പ്സെറ്റ് (കാട്ടക്കാമ്പാൽ)

നിർവ്വഹണം – കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

അടങ്കൽ-വികസനഫണ്ട്-18,00,000/-

ചെലവ്- ട്രഷറി ബില്ല് നം CB No.18/2021-22 /30.3.2022 , 15,63,500/-

വിജയൻ എന്റർപ്രൈസസ്, കണ്ടാണശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം 21/21.3.2022 പ്രകാരം 30എച്ച്.പി സബ്മേഴ്സിബിൾ പമ്പ് സെറ്റ് വാങ്ങി ചെറുവള്ളിപ്പുഴ നമ്പരപടവ് പുഞ്ചക്കൃഷിസംഘത്തിന് കരാർ വച്ച് കൈമാറിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം 22/2018/തസ്വഭവ/14.02.2018 ഖണ്ഡിക 6.1(9) പ്രകാരം നെൽക്കൃഷി ജലസേചനത്തിന് പെട്ടിപറയും മോട്ടോറും വാങ്ങി നൽകുന്നതിനുള്ള പ്രൊജക്റ്റ് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്താൻ പാടില്ല.

ഓഡിറ്റ് എൻക്വയറി 7/27.10.2022 നുള്ള മറുപടിയിൽ പെട്ടിയും പറയും സംവിധാനത്തിന് പകരം സ്ഥാപിക്കേണ്ടുന്ന പ്രത്യേകതരം സബ്മേഴ്സിബിൾ ആക്സിയൽ ഫ്ലോ പമ്പുകളാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനമാണ് വാങ്ങി നൽകിയിട്ടുള്ളത്. സബ്മേഴ്സിബിൾ ആക്സിയൽ ഫ്ലോ പമ്പുകൾക്ക് 100 ശതമാനം സബ്സിഡി അനുവദിച്ചുകൊണ്ട് ജില്ലാ പഞ്ചായത്ത് പ്രൊജക്റ്റ് നടപ്പാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-52 പഴയന്നൂർ സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തിനു ചുറ്റും കമ്പിവേലി നിർമ്മാണം- അധികം തുക അനുവദിച്ചു

നിർവ്വഹണം- കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

അടങ്കൽ , വികസനഫണ്ട് - 15,00,000

ചെലവ്- 10,41,357/- , ട്രഷറി ബില്ല് നം CB No.6/2021-22 /8.2.2022 ,

കരാറുകാരൻ - അസ്കർ അലി .വി.ടി.എം

മേൽ പ്രവൃത്തിയിൽ ഇനം 2 ആയി 538 മീറ്റർ നീളത്തിൽ 0.15 M X 0.15m അളവിൽ Bottom Concrete ന് മണ്ണെടുക്കുകയും അതോടൊപ്പം Concrete Post സ്ഥാപിക്കുന്നതിന്

0.3m X 0.3m X 0.5m അളവിൽ 273 (265 + 8) കുഴികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. അളവുപുസ്തകം 396 പേജ് 16 പ്രകാരം മണ്ണെടുത്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അടിത്തറക്കുള്ള തോട് ,<br>538 X 0.15 X 0.15 | = 12.105 M3 |
| (-) അടിത്തറക്കുള്ള തോടിൽ 273 കുഴികളുടെ ഭാഗം<br>273 X 0.3 X 0.15 X 0.15 | = 1.842 M3 |
| (+) 273 കുഴികൾക്കായി മണ്ണെടുത്തത്<br>273 X 0.3 X 0.3 X 0.5 | = 12.285 M3 |
| ആകെ | = 22.548 M3 |

ഇനം 3 പ്രവൃത്തിയിൽ മണ്ണെടുത്ത ഈ ഭാഗത്ത് കോൺക്രീറ്റ് ചെയ്തിരിക്കുന്നു(അളവുപുസ്തകം 396 പേജ് 17 പ്രകാരം )

| | |
|---|---|
| അടിത്തറ,<br>538 X 0.15 X 0.3 (0.15m മണ്ണിനു മുകളിലേക്ക്) | = 24.21 M3 |
| (-) 273 കുഴികളുടെ ഭാഗം<br>273 X 0.3 X 0.15 X 0.15 | = 1.84275 M3 |
| (+) 273 കുഴികളുടെ കോൺക്രീറ്റിംഗ്<br>273 X 0.3 X 0.3 X 0.5 | = 12.285 M3 |
| ആകെ കോൺക്രീറ്റ് ചെയ്തത് | =34.65225 M3 |

ഇതേ പ്രവൃത്തിയുടെ ഇനം 5 ൽ 2m ഉയരവും 0.12m നീളം X 0.12m വീതിയിലുമുള്ള 265 എണ്ണം കോൺക്രീറ്റ് പോസ്റ്റുകൾ ഇനം 2 പ്രകാരമുള്ള കുഴികളിൽ സ്ഥാപിച്ചിട്ടുണ്ട്. 2m ഉയരമുള്ള പോസ്റ്റുകൾ 0.5 M ആഴമുള്ള കുഴികളിലാണ് സ്ഥാപിച്ചത്. കുഴികളിൽ 265 എണ്ണം പോസ്റ്റുകൾ സ്ഥാപിച്ചിട്ടുള്ളതിനാൽ (ഗേറ്റിനായുള്ള 8 കുഴികളുടെ കാര്യത്തിൽ വ്യക്തതയില്ല) അത്രയും അളവ് അതായത് , 0.12 X0.12 X 0.5 M3 കുറവായാണ് ഓരോ കുഴികളിലും കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ടാവുക.

എന്നാൽ 0.3 X 0.3 X 0.5 അളവിലുള്ള കുഴികൾ മൊത്തമായി കോൺക്രീറ്റ് ചെയ്തതായാണ് അളവെടുത്ത് തുക കണക്കാക്കിയിട്ടുള്ളത് (രണ്ടു പട്ടികകളിലെയും 3-ാം വരികൾ കാണുക). ആയതിനാൽ കോൺക്രീറ്റിംഗ് ഇനത്തിൽ താഴെ പറയും പ്രകാരം കൂടുതൽ തുക കരാറുകാരന് അനുവദിച്ചു.

| | |
|---|---|
| അധികമായി കണക്കാക്കിയ കോൺക്രീറ്റിംഗ്- | 265 X 0.12 M X 0.12 M X 0.5 M = 1.908 M3 |
| നിരക്ക് - | 6200രൂപ / M3 |
| അധികം അനുവദിച്ച തുക | = 1.908 X 6200 = |

| | |
|---|---|
| | 11829.6<br>+ 12% GST =1419.552 |
| ആകെ | = 13,249 /- രൂപ |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 7/27.10.2022 ന് ലഭിച്ച വിശദീകരണത്തിൽ കരാറുകാരന് അധികം തുക അനുവദിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
അധികം അനുവദിച്ച തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 13,249 /- രൂപയുടെ ചെലവ് നിരാകരിക്കുന്നു

1-53 മതിൽ പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച മണ്ണ് വിനിയോഗിച്ചതിൽ അപാകത

പ്രൊജക്ററിന്റെ പേര്- തൃശ്ശൂർ ജില്ലാ ആയുർവേദാശുപത്രി കോമ്പൌണ്ടിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ
പ്രൊജക്ററ് നം- 578/22

നിർവ്വഹണം-അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,തസ്വഭവ

അടങ്കൽ- തനത് ഫണ്ട്-10,00,000

ചെലവ്- 9,87,745/-

(2021-22 വർഷത്തെ ചെലവ്- ചെക്ക് നം5981032 / തിയതി 23.10.21/ 75057/-രൂപ-)

കരാറുകാരൻ-എം.വി.ഫ്രാൻസിസ്

മേൽ പ്രവൃത്തിയുടെ അളവുപുസ്തകം 342/19-20 പേജ് 6 പ്രകാരം ഇനം 3 പ്രവൃത്തിയിൽ 103.113 എം3 മണ്ണ് ലഭിച്ചിട്ടുണ്ട്. ആയത് ആശുപത്രിവളപ്പിൽത്തന്നെ താഴ്ന്ന പ്രദേശങ്ങളിൽ നിക്ഷേപിച്ചതായി അളവുപുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.
മണ്ണ് ഫില്ലിംഗ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല.

103.113 എം3 മണ്ണ്, അതായത് 34 ലോഡ് മണ്ണ് (1 ലോഡ് 3എം3 എന്ന കണക്കിൽ)ആശുപത്രി വളപ്പിൽ നിക്ഷേപിച്ചിട്ടും ആയത് റിവൈസ്ഡ് എസ്റ്റിമേറ്റിലും ഉൾപ്പെടുത്തിയിട്ടില്ല.(റിവൈസ്ഡ് ടി.എസ്.നം 107219/19-20(1)/15.2.21). മണ്ണ് ഫില്ലിംഗ് അളവെടുത്ത് രേഖപ്പെടുത്താത്തതിനാൽ എത്ര സ്ഥലത്ത് എത്ര അളവിൽ മണ്ണ് നിറച്ചു എന്നതിൽ വ്യക്തതയില്ല.

34 ലോഡ് മണ്ണ് ഫില്ല് ചെയ്ത പ്രവൃത്തി റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അളവെടുത്ത് രേഖപ്പെടുത്താതിരുന്നതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 24/22.12.2022 ക്ക് ലഭ്യമാക്കിയ മറുപടിയിൽ ആശുപത്രി കോമ്പൗണ്ടിന്റെ പുറകിൽ പുതിയ ചുറ്റമതിലിനോട് ചേർന്നഭാഗത്ത് ചതുപ്പുള്ള താഴ്ന്ന സ്ഥലം ആയിരുന്നതിനാൽ എക്സ്കവേഷനിൽ നിന്നും ലഭിച്ച മണ്ണ് ഈ ഭാഗത്ത് നിക്ഷേപിച്ച് ഒരേ നിരപ്പാക്കുകയാണ് ചെയ്തതെന്നും ആയത് എക്സ്കവേഷൻ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലീഡിന് (50m) ഉള്ളിൽ തന്നെ ആയതിനാൽ പ്രത്യേകം പ്രവൃത്തിയായി ഉൾപ്പെടുത്തിയിരുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്.

13.1.2023 ന് ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തുകയുണ്ടായി. ആശുപത്രികെട്ടിടത്തിനു പുറകിലായി പുതുതായി പണിത മതിലിനോട് ചേർന്ന് മണ്ണ് ഫില്ല് ചെയ്തിട്ടുണ്ട്. എന്നാൽ അവിടെ നിരപ്പാക്കിയിട്ടില്ല. മതിലിന്റെ ഉയരത്തിന് ഒപ്പമോ അതിലും മുകളിലോ ആയി നിലവിൽ മണ്ണ് ഉണ്ട്. റോഡിനേക്കാൾ ഏകദേശം 6 അടിയോളം ഉയർന്നു നിൽക്കുന്നതാണ് ആശുപത്രി കോമ്പൗണ്ട്. മണ്ണ് കട്ട് ചെയ്താണ് മതിലു പണിതത്. ഈ കോമ്പൗണ്ട് ചതുപ്പ് നിറഞ്ഞത് ആയതു കൊണ്ടാണ് മണ്ണ് നിറച്ചതെന്നാണ് മറുപടി അംഗീകരിക്കാവുന്നതല്ല. നിലവിൽ ഉയർന്നു നിൽക്കുന്ന ഭൂമിയിൽ ലഭിച്ച 103.113 എം3 മണ്ണ് മുഴുവനായും ഫില്ല് ചെയ്യേണ്ടതായി വന്നു എന്നത് അവിശ്വസനീയമാണ്. അതേ കോമ്പൗണ്ടിലെ

തൊട്ടടുത്ത കെട്ടിടങ്ങളുടെ തറനിരപ്പിനേക്കാൾ ഉയരത്തിലാണ് മണ്ണ് നിറച്ചിട്ടുള്ളത്. ഇപ്രകാരം മണ്ണ് ഫില്ല് ചെയ്തത് ഈ കെട്ടിടങ്ങൾക്കു ചുറ്റും വെള്ളക്കെട്ടിന് കാരണമാകുകയാണ് ചെയ്തിട്ടുള്ളത്. ആയതുകൊണ്ട് തന്നെ മണ്ണ് ഫില്ലിംഗ് പ്രവൃത്തി അശാസ്ത്രീയമായാണ് ചെയ്തിരിക്കുന്നത്.





ചതുപ്പുള്ളസ്ഥലമായിരുന്നുവെങ്കിൽത്തന്നെ ആവശ്യമുള്ള അളവിൽ മാത്രം മണ്ണ് നിറച്ച് നിരപ്പാക്കി സ്ഥലം വൃത്തിയാക്കിയെടുക്കുകയും, ബാക്കിവന്ന മണ്ണ് മറ്റെന്തെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുകയോ ലേലം ചെയ്യുകയോ ചെയ്യുന്നതിനു പകരം പ്രസ്തുത സ്ഥലത്ത് തന്നെ കൂട്ടിയിടുകയാണ് ഫലത്തിൽ ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിലോ റിവൈസ്ഡ് എസ്റ്റിമേറ്റിലോ ഉൾപ്പെടുത്താതെ 34 ലോഡ് (103.113 M3). മണ്ണ് ഉപയോഗിച്ച് അശാസ്ത്രീയമായി സ്ഥലം നിരപ്പാക്കുന്നതിന് ഉപയോഗിച്ച എന്നതിനാൽ മണ്ണിന്റെ വിനിയോഗം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മരാമത്ത് പ്രവൃത്തിയുടെ ഭാഗമായി ലഭിക്കുന്ന മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് കൃത്യമായ അളവെടുത്ത് അളവുപുസ്തകത്തിൽ രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി കൂടുതൽ സുതാര്യമാക്കേണ്ടതാണ്.

## 1-54 ഗേറ്റ് പണിക്ക് വ്യത്യസ്ത നിരക്കുകൾ അനുവദിച്ചത്-വിശദീകരണം ആവശ്യപ്പെടുന്നു

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, തസ്വഭവ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ ഗേറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് വ്യത്യസ്ത നിരക്കുകൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിക്കാണുന്നു. ഉയർന്ന നിരക്കിലുള്ള പണിയുടെ ആവശ്യകത സംബന്ധിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല.

ഗേറ്റ് പണിക്ക് DSR 2016 ൽ നൽകിയിരിക്കുന്നത് , കോഡ് 10.25.2 പ്രകാരമുള്ള
Steel Work Welded In Built Up Section/framed Work.............in Ladder,railings,brackets,gates And Similar Works എന്നതും, ആയതിന്റെ നിരക്ക് @ 85.95/ Kg + 31.06% = 112.64/kg എന്നതുമാണ്.

ഓഡിറ്റ് വർഷം പരിശോധിച്ച പല വർക്കുകളിലും ഗേറ്റ് പണിക്ക് 10.25.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചുകാണുന്നത്-ഉദാഹരണത്തിന് വടക്കാഞ്ചേരി ജില്ലാ ആശുപത്രി മെയിന്റനൻസ് പ്രവൃത്തി.

എന്നാൽ ചില പ്രവൃത്തികളിൽ ഗേറ്റ് സ്ഥാപിക്കുന്നതിന് ഗ്രില്ല് വർക്ക്, ട്രസ്സ് വർക്ക് എന്നിവക്കു നൽകുന്ന നിരക്കുകൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുവദിച്ചുകാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1) കാട്ടൂർ ഗവ.എച്ച്.എസ്.എസ് അറ്റകുറ്റപ്പണികൾ,396/22

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്/ റിവൈസ്ഡ് എസ്റ്റിമേറ്റ് എന്നിവ പ്രകാരം, ഇനം 23 , ഗേറ്റിന് ഉൾപ്പെടുത്തിയിരിക്കുന്നത് DSR 2016കോഡ് 9.48.2 എന്ന ഗ്രില്ല് വർക്കിന്റെ നിരക്കാണ്.
Gate 1-- Providing & Fixing MS Grills Of Required Pattern ..........Fixed To Openings/wooden Frames With Rawl Plugs,screws Etc, നിരക്ക് - 112 .45+ 31.06% = 147.38 രൂ/kg

അളവു പുസ്തകം 918/2019-20,പേജ് 67 പ്രകാരം ഗേറ്റ് പണി ചെയ്തതിന് അനുവദിച്ച തുക – 182 Kg X 147.230രൂ/kg = 26795.86/-രൂപ

2) പടിയൂർ വാർഡ് 13-അംഗൻവാടി കെട്ടിടനിർമ്മാണം,തുടർപ്രവർത്തനങ്ങൾ,677/22

ഈ പ്രവൃത്തിയിൽ ഗേറ്റ് പണിക്ക് DSR 2016കോഡ് 10.16.1 പ്രകാരമുള്ള നിരക്കാണ് എസ്റ്റിമേറ്റിൽ

ഉൾപ്പെടുത്തിയിട്ടുള്ളത്.

10.16.1 - Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.) Trusses Etc., Including Cutting, Hoisting, Fixing In Position ...................... Welding And Bolted With Special Shaped Washers Etc. Complete. Hot Finished Welded Type Tubes, നിരക്ക് -90.25 + 31.06% = 118.28രൂപ/kg

ഇനം 25 പ്രവൃത്തിക്ക് കരാറുകാരന് അനുവദിച്ചത് 116.5 രൂപ നിരക്കിൽ (ടെണ്ടർ നിരക്ക്), 179.97 X 116.5 =20967.55

( വർക്ക് ഫയലിലെ CJ Gates & Grills എന്ന സ്ഥാപനത്തിന്റെ ബില്ല് പ്രകാരം 110/ Kg നിരക്കിലാണ് ഗേറ്റ് വാങ്ങിയത്)

ഗേറ്റ് പണിക്ക് 10.25.2 പ്രകാരമുള്ള 112.64രൂ/kg എന്ന നിരക്കിനുപകരം കൂടിയ നിരക്കുകളായ കോഡ് 9.48.2 പ്രകാരമുള്ള 147.38രൂ/kg, കോഡ് 10.16.1 പ്രകാരമുള്ള 118.28രൂ/kg എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിന് കാരണം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല, ഓഡിറ്റ് എൻക്വയറി 24/22.12.2022 ന് ലഭിച്ച മറുപടിയിലും വിശദീകരിച്ചിട്ടില്ല. കൂടിയ നിരക്കുകൾ അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

1-55 ടൈൽ ഇടുന്ന പ്രവൃത്തിക്ക് അധികം തുക അനുവദിച്ചു, എച്ച് എസ് വിഭാഗത്തിന് അനുവദിച്ച RMSA ഫണ്ട് ഹയർ സെക്കണ്ടറി കെട്ടിടനിർമ്മാണത്തിന് ഉപയോഗിച്ചു

പ്രൊജക്റ്റിന്റെ പേര്-മണലൂർ ജി.എച്ച്.എസ്.എസ് അറ്റകുറ്റപ്പണികൾ

പ്രൊജക്റ്റ് നം,597/22

നിർവ്വഹണം- അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, തസ്വഭവ

കരാറുകാരൻ-കെ.കെ.ഇസ്മയിൽ

| | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | RMSA FUND | വികസന ഫണ്ട് | ആകെ |
|---|---|---|---|---|
| അടങ്കൽ | 10,00,000 | 5,00,000 | 4,10,000 | 19,10,000/- |
| ചെലവ് | 607590 | 5,00,000 | 106292 | 12,13,882/- |

2021-22 വർഷത്തെ ചെലവ്-

| ട്രഷറിബില്ല് നം,തിയതി | ഫണ്ടിനം | തുക |
|---|---|---|
| 127/21-22/10.2.2022 | മെയിന്റനൻസ്ഫണ്ട് നോൺ റോഡ് | 386381 |
| 217/21-22/25.3.2022 | മെയിന്റനൻസ്ഫണ്ട് നോൺ റോഡ് | 221209 |
| 218/21-22/25.3.2022 | വികസനഫണ്ട്- | 106292 |

| | | |
|---|---|---|
| | ആകെ | 713882 |

A) എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം RMSA ഫണ്ട് 5 ലക്ഷം ഉപയോഗിച്ച് പുതിയ Art & Cultural റൂം പണിയുന്നതിനും മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നിലവിലുള്ള ഹയർ സെക്കണ്ടറി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളുമാണ് പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്.

രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ ( National Mission For Secondary Eduction) എന്നത് സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള കേന്ദ്രസർക്കാർ പദ്ധതിയാണ്. ഫയൽ പ്രകാരം 21.7.2020 തിയതിയിലെ സ്കൂൾ പിടിഎ എക്സിക്യൂട്ടീവ് യോഗത്തിൽ മണലൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച് എസ് വിഭാഗത്തിന് RMSA അനുവദിച്ച 5 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച 4 ലക്ഷം രൂപയും ഹയർ സെക്കണ്ടറി വിഭാഗത്തിലെ കെട്ടിടം പണി പൂർത്തീകരണത്തിനായി ഉപയോഗിക്കാൻ ഐകകണ്ഠേന തീരുമാനിച്ചിട്ടുണ്ട്. സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ലഭിച്ച തുക ഹയർ സെക്കണ്ടറി വിഭാഗത്തിനായി വിനിയോഗിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

കൂടാതെ Art & Cultural റൂം എന്ന പേരിൽ പണികഴിച്ച മുറി നിലവിൽ ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ സ്റ്റാഫ് റൂമായാണ് ഉപയോഗിച്ചുവരുന്നതെന്ന് കണ്ടു.

RMSA അനുവദിച്ച 5 ലക്ഷം രൂപ സെക്കണ്ടറി തലത്തിൽ Art & Cultural റൂം പണിയുന്നതിനാണോ ലഭിച്ചത്, അല്ലെങ്കിൽ എന്താവശ്യത്തിന്, എന്ന് ലഭിച്ചു എന്നീ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ 2021-22 വർഷത്തെ വാർഷികധനകാര്യപത്രിക, ഷെഡ്യൂൾ ബി 4 പ്രകാരം 31.3.2022ൽ RMSA ഫണ്ട് 3,25,62,029/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ഏതെല്ലാം പദ്ധതികൾക്കായി ലഭിച്ചു, ഈ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നീ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. മേൽ പറഞ്ഞ വിവരങ്ങൾക്കായി നൽകിയ ഓഡിറ്റ് അന്വേഷണം 35/13.2.2013 ന് ജില്ലാ പഞ്ചായത്തിൽ നിന്നും വിശദീകരണം ലഭിച്ചിട്ടില്ല.

B) DSR 2016 പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് . എസ്റ്റിമേറ്റിലെ ഇനം 2.13 എന്നത്

"11.42.2 - Providing And Laying Vitrified Floor Tile....600x600 Mm " എന്ന പ്രവൃത്തിയാണ്. അളവുപുസ്തകം 540/ 2019-20 പേജ് 48,49 പ്രകാരം ഈ ഇനത്തിൽ ചെയ്ത പണികളുടെ വിവരം താഴെ കൊടുക്കുന്നു

| | | |
|---|---|---|
| Class Room | 9.16 Mx 6.10m | 55.88m2 |
| Verandah | 9.21m X 1.65m | 15.20m2 |
| Door Extra | 1.20m X 0.20m | 0.24m2 |
| Deduct -Column | (-) 2x0.25x 0.25 | 0.13m2 |
| | Total | 71.19 M2 |

| | | |
|---|---|---|
| | | |

പുതിയതായി പണിത ആർട്ട് ആന്റ് കൾച്ചർ റൂമിലും അതിനുമുൻപിലെ വരാന്തയിലുമാണ് ടൈൽ വർക്ക് ചെയ്തിട്ടുള്ളത്. 8.2.2023 ന് പദ്ധതിപ്രദേശത്ത് ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ റൂമിലും വരാന്തയിലും വ്യത്യസ്ത ഇനത്തിലുള്ള ടൈലുകളാണ് ഉപയോഗിച്ചിരിക്കുന്നതെന്ന കണ്ടു. മുറിയിൽ 600x600 Mm ടൈലും, വരാന്തയിൽ മറ്റൊരു ഡിസൈനിലുള്ള 300x300 Mm ടൈലുമാണ് (റെക്ടിഫൈഡ് ടൈൽ) ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ മൊത്തം ടൈലിംഗിന് ഒരേ നിരക്ക്, അതായത് DSR 2016 ലെ 11.42.2 -വിട്രിഫൈഡ് ടൈലിന്റെ നിരക്കായ 1450.952രൂ/m2 ആണ് അനുവദിച്ചിട്ടുള്ളത്.

DSR 2016 ൽ 300x300 Mm റെക്ടിഫൈഡ് ടൈലിന് ഇനം 11.39 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്.
(Providing And Laying Rectified Glazed Ceramic Floor Tiles Of Size 300x300 Mm Or More (Thickness To Be Specified By The Manufacturer), Of 1st Quality Conforming To IS : 15622, Of Approved Make, In Colours White, Ivory, Grey, Fume Red Brown, ..............)

വരാന്തയിലെ 300x300 Mm റെക്ടിഫൈഡ് ടൈലിംഗിന് അനുവദനീയമായ നിരക്ക്, ഇനം 11.39 പ്രകാരമുള്ള 822.45 + 31.06% = 1077.90രൂ/m2 ആണ്.

അളവുപുസ്തകം 542/ 2019-20 പേജ് 24 പ്രകാരം വരാന്തയിലെ ടൈലിംഗ് പ്രവൃത്തിക്ക് അനുവദിച്ച നിരക്ക് 1450.952രൂ/m2 ആയതിനാൽ താഴെ പറയുംപ്രകാരം ഈയിനത്തിൽ അധികതുക അനുവദിച്ചു.

| | അളവ് | നിരക്ക് | തുക |
|---|---|---|---|
| അനുവദിച്ച തുക | 15.20m2 | 1450.952രൂ/m2 | 22054.47രൂപ |
| അനുവദനീയമായത് | 15.20m2 | 1077.90/m2 | 16384.08രൂപ |

അധികം അനുവദിച്ചത് = 5670.39 + 12%GST =6350.84= 6351/- രൂപ

മുകളിൽ വിവരിച്ച പ്രകാരം ടൈൽ ഇടുന്ന പണിക്കായി കരാറുകാരന് 6351/- രൂപ അധികം അനുവദിച്ചത് പരിശോധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറി 35/13.2.2013 ന് ലഭിച്ച മറുപടിയിൽ തുക അടവാക്കുന്നതിന് കരാറുകാരന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 6351/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

1-56 ഫീസിബിളില്ലാത്തതും ഉപയോഗിക്കാത്തതുമായ കെട്ടിടത്തിനോട് ചേർന്ന് ടോയ്‌ലെറ്റ് നിർമ്മിച്ചു

പ്രൊജക്റ്റ്- പട്ടികജാതി വനിതാ തൊഴിൽ പരിശീലനകേന്ദ്രവും സാംസ്കാരിക നിലയവും,ചാഴൂർ

പ്രൊജക്റ്റ്നം -705/22

നിർവ്വഹണം-അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, തസ്വഭവ

അടങ്കൽ- വികസനഫണ്ട് എസ്.സി.പി -20,00,000

ചെലവ്- 6,84,164/- രൂപ (ട്രഷറി ബില്ല് നം 286/21-22/തിയതി 31.3.2022)

കരാറുകാരൻ-പ്രദീപ് കുമാർ . വി

ചാഴൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വനിതാ തൊഴിൽ പരിശീലനകേന്ദ്രത്തിന് സൌകര്യങ്ങൾ ഒരുക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കിണർ നിർമ്മാണം, നിലവിലെ കെട്ടിടത്തിന്റെ മുൻപിലും പുറകിലും ഇന്റർലോക്ക് ടൈൽ ഇടൽ, ഇതേ ഭാഗങ്ങളിൽ ട്രസ്സ് വർക്ക്, കോമ്പൌണ്ടിന് ചുറ്റുമതിൽ, രണ്ട് ടോയ്‌ലെറ്റ് , ഒരു ചെറിയ മോട്ടോർ ഷെഡ് തുടങ്ങിയവയാണ്

ചെയ്യാനുദ്ദേശിച്ചിരുന്നത്. എസ്റ്റിമേറ്റ് തുക 16,10,000

ചാഴൂർ പഞ്ചായത്ത് ഭരണസമിതി തീരുമാനം1/19(23)/ 18.10.2019 പ്രകാരം ടി കെട്ടിടം ചാഴൂർ പഞ്ചായത്തിന്റെ സ്ഥലത്ത് അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചതാണ്, ആയത് പഞ്ചായത്ത് ആസ്തിയിൽ ചേർത്തിട്ടില്ല.

ചാഴൂർ പഞ്ചായത്ത് അസി.എഞ്ചിനീയർ 10.2.2021 ന് അന്തിക്കാട് ബ്ലോക്ക് അസി.എക്സി.എഞ്ചിനിയർക്ക് അയച്ച 24/AE/LSGD/CHZR/2020-21 കത്തിൽ നിലവിലെ കെട്ടിടം ഫീസിബിളല്ലാത്തിനാൽ ടസ്സ് വർക്ക് ചെയ്യാൻ സാധ്യമല്ലെന്നും ആയതിനാൽ ടി പ്രവൃത്തി ഒഴിവാക്കിക്കൊണ്ട് അടങ്കൽ തുകയിൽ മാറ്റം വരുത്താതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിവരം അന്തിക്കാട് ബ്ലോക്ക് അസി.എക്സി.എഞ്ചിനിയർ എക്സി.എഞ്ചിനീയറേയും എക്സി.എഞ്ചിനീയർ ജില്ലാപഞ്ചായത്ത് സെക്രട്ടറിയെയും അറിയിക്കുകയും ജില്ലാ പഞ്ചായത്ത് കമ്മറ്റിയുടെ 22.2.2021 തിയതിയിലെ 2(3) തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തു.

16,10,000- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് 28.2.2022 ന് 95963/2019-20 നമ്പറായി എക്സി.എഞ്ചിനീയർ സാങ്കേതിക അനുമതി നൽകി.

8.2.2023 ന് പദ്ധതിപ്രദേശത്ത് സ്ഥലപരിശോധന നടത്തുകയുണ്ടായി. കെട്ടിടത്തിന്മേലുള്ള ഫലകത്തിൽ രേഖപ്പെടുത്തിയതനുസരിച്ച് പ്രസ്തുത കെട്ടിടം സെപ്തംബർ/ 2010 ൽ ഉദ്ഘാടനം കഴിഞ്ഞതാണ്. ആയതനുസരിച്ച് 12 വർഷംമാത്രമേ ആയിട്ടുള്ളുവെങ്കിലും നിലവിൽ കെട്ടിടം തീർത്തും പഴകിയതായും ചുമരുകളിൽ വിള്ളലുകളുള്ളതായും കാണപ്പെട്ടു. കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമി പാടത്തിനോട് ചേർന്ന നികത്തുഭൂമിയാണ്. കെട്ടിടം പണിയുന്നതിനാവശ്യമായ ഉറപ്പിൽ അടിത്തറ ഇല്ലാത്തതുകൊണ്ട് അടിത്തറ താഴേക്ക് ഇരുന്നതിനാൽ ചുമരുകളിലും തറഭാഗത്തും വിള്ളലുകൾ ഉണ്ടായിട്ടുണ്ട്. കെട്ടിടത്തിന്റെ ഉൾഭാഗം പരിശോധിക്കാനായിട്ടില്ല. കെട്ടിടത്തിനുചുറ്റും കാടുപിടിച്ച് കിടക്കുന്നു. മേൽ പറഞ്ഞ പ്രൊജക്റ്റ് പ്രകാരം ചുറ്റുമതിൽ കെട്ടിയിട്ടുണ്ട്, കിണർ കുഴിച്ച് അരഭിത്തി പണിതിട്ടുണ്ട്. കെട്ടിടത്തിനു പുറകിലായി മൂന്ന് ടോയ്‌ലെറ്റുകൾ നിർമ്മിച്ചിട്ടുണ്ട്, പൈപ്പുകളും വാട്ടർ ടാങ്കും ക്ലോസറ്റ് മുതലായ സാനിട്ടറി ഫിറ്റിംഗ്സും ഉണ്ട്, (വെള്ളമില്ല). നിലവിൽ ടോയ്‌ലെറ്റുകളുടെ ചുറ്റും മാത്രമല്ല അകത്തുപോലും കാടുപിടിച്ച ചെടികൾ പടർന്നുകിടക്കുകയാണ്, വാതിലുകൾ ചേർത്തടക്കാൻ പറ്റാത്തവിധമായിക്കഴിഞ്ഞു.





ആകെ പ്രവൃത്തി മൂല്യം (ജിഎസ് ടി കൂടാതെ) 610860 രൂപയിൽ

287123.46 ടോയ് ലെറ്റ് നിർമ്മാണത്തിനും

61848.19 രൂപ കിണർ നിർമ്മാണത്തിനും

261888.64 രൂപ ചുറ്റുമതിൽ നിർമ്മാണത്തിനും വേണ്ടിയാണ് വിനിയോഗിച്ചിട്ടുള്ളത്.

കെട്ടിടം ഫീസിബിളല്ലാത്തിനാൽ പദ്ധതിയിൽ വിഭാവനം ചെയ്ത പല പണികളും ഉപേക്ഷിക്കേണ്ടതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഈ കെട്ടിടം ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കത്ത ഉറപ്പുള്ളതാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയതായി യാതൊരു രേഖയും ഫയലിലില്ല. ഫീസിബിൾ അല്ലാത്ത കെട്ടിടത്തിനാണ് ടോയ്‌ലെറ്റുകൾ പണികഴിപ്പിക്കാൻ ജില്ലാ പഞ്ചായത്ത് തീരുമാനമെടുത്ത് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ചെയ്തത്. ഓഡിറ്റ് എൻക്വയറി 35/13.2.2013 ന് ലഭിച്ച മറുപടിയിൽ പ്രസ്തുത

അൺഫിറ്റ് കെട്ടിടം പൊളിക്കേണ്ടി വന്നാലും പുതിതായി നിർമ്മിച്ച ശുചിമുറികൾ ടി സ്ഥലത്തെ തുടർനിർമ്മാണ പ്രവൃത്തികൾക്ക് ഉപകാരപ്രദമാകും എന്നും തുടർനിർമ്മാണത്തിൽ ശുചിമുറി നിർമ്മാണത്തിനുള്ള തുക ലാഭിക്കാമെന്നുള്ളതുകൊണ്ടുമാണ് ഇപ്രകാരം ചെയ്തതെന്നാണ് വിശദീകരിച്ചിരിക്കുന്നത്.

നിലവിലെ കെട്ടിടം പണിതതുതന്നെ വേണ്ടത്ര ആലോചനയില്ലാതെയാണ്. ഉറപ്പില്ലാത്ത സ്ഥലത്ത് പണിതതുകൊണ്ട് 12 വർഷം കൊണ്ട് ഈ കെട്ടിടം ഉപയോഗശൂന്യമായിക്കഴിഞ്ഞു, അതിലുപരി ഇത് നാളിതുവരെ ഉപയോഗിച്ചിട്ടേയില്ല എന്നാണ് തൊട്ടടുത്തുള്ള സ്ഥലവാസികളിൽ നിന്നും അറിയാനായത്. പുതിയ തൊഴിൽ പരിശീലനകേന്ദ്രം പണികഴിപ്പിക്കുകയാണെങ്കിൽ ആയതിന്റെ പ്ലാനിൽ ശുചിമുറികൾക്കുള്ള സ്ഥാനം ഉൾപ്പെടുത്തി തയ്യാറാക്കുകയാണ് വേണ്ടിയിരുന്നത്. അതിനുപകരം ശുചിമുറികൾക്കനുസരിച്ച് പുതിയ കെട്ടിടം പണിയേണ്ട അവസ്ഥയാണ് ഉണ്ടായിരിക്കുന്നത്. തുക ചെലവഴിക്കുക എന്നത് പ്രഥമ പരിഗണനയായി കണക്കാക്കി പ്രൊജക്റ്റുകൾ തയ്യാറാക്കി നടപ്പാക്കുന്നതു കൊണ്ടാണ് ഇപ്രകാരം അപാകതകളുണ്ടാകുന്നത്. പഞ്ചായത്തിന്റെ ആസ്തിയിൽ ചേർക്കാത്തതും ഉപയോഗിക്കാൻ പറ്റാത്തവിധം അപകടാവസ്ഥയിലുള്ളതുമായ കെട്ടിടമാണെന്ന് അറിഞ്ഞിട്ടും കെട്ടിടം ഉപയോഗയോഗ്യമാക്കാനാകുമോയെന്ന് പരിശോധിച്ച് ആയതിനുവേണ്ട നടപടികൾ സ്വീകരിക്കാതെ ശുചിമുറികൾ പണികഴിപ്പിച്ചത് ജില്ലാപഞ്ചായത്തിന്റെ തെറ്റായ തീരുമാനപ്രകാരമാണ് .

ടോയ്‌ലെറ്റ് നിർമ്മാണത്തിനായുള്ള ആകെ ചെലവ് ഇനം 1.1 മുതൽ1.55വരെയും എക്സ്ട്രാ 1,2,3,4 എന്നീ ഇനങ്ങളിലേയുമുള്ള തുക 287123.46 + GST 12% = 3,21,578.28/-രൂപയാണ്

ഫീസിബിളില്ലാത്ത കെട്ടിടത്തോട് ചേർന്ന് 3,21,578/- രൂപ എസ്.സി.പി ഫണ്ട് ഉപയോഗിച്ച് ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മിച്ചത് അനാവശ്യചെലവായി ഓഡിറ്റ് വിലയിരുത്തുന്നു.

1-57 കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി 2018-19 ൽആരംഭിച്ച പദ്ധതി പൂർത്തീകരിക്കാനായിട്ടില്ല

പ്രൊജക്റ്റിന്റെ പേര് - കടങ്ങോട് -കട്ടപ്ലാക്കൽ വാലിപ്പറമ്പ് കുടിവെള്ള പദ്ധതി , 553/22

നിർവ്വഹണം-അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി

അടങ്കൽ-എസ്.സി.പി- 10,00,000/-

ചെലവ്- 2,34,460/-

(2021-22 വർഷത്തെ ചെലവ്-ട്രഷറി ബില്ല് നം 158/21-22/തിയതി 14.3.2022 , തുക 153010/-)

കരാറുകാരൻ- ധർമ്മരാജൻ

കട്ടപ്ലാക്കൽ വാലിപ്പറമ്പ് എസ്.സി കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി 2018-19 ൽ ആരംഭിച്ച പദ്ധതിയാണിത്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ബോർവെല്ല്, 10000 ലിറ്റർ വാട്ടർ ടാങ്ക് 2 എണ്ണം, പമ്പ് ഹൌസ്, 500മീറ്റർ പമ്പിംഗ് ലൈൻ, 470 മീറ്റർ വിതരണം, 15 എസ്.സി കുടുംബങ്ങൾക്ക് ഹൌസ് കണക്ഷൻ എന്നീ പണികളാണ് ചെയ്യാനുദ്ദേശിച്ചിരുന്നത്.

26.3.2021 ന് ചൊവ്വന്നൂർ ബ്ലോക്ക് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡിപിടി/2021 നമ്പർ കത്തുപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ച റിവൈസ്ഡ് എസ്റ്റ്മേറ്റ് റിപ്പോർട്ടിൽ 2 തവണ കുഴൽകിണർ കുഴിച്ചതിൽ വെള്ളം ലഭിക്കാത്തതിനാൽ മൂന്നാമത് കുഴൽകിണർ കുഴിക്കേണ്ടിവന്നുഎന്നും, അതുമൂലം കിണറിന്റെ സ്ഥാനമാറ്റം വന്നതിനാൽ ആദ്യം നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുമ്പോൾ പമ്പിംഗ് മെയിൻ പൈപ്പിന് നീളം കൂടുതൽ വരുന്നതിനാൽ ടാങ്കിന് അനുയോജ്യമായ പുതിയ സ്ഥലം ലഭ്യമായശേഷം പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിക്കത്തക്കരീതിയിൽ പുതിയ പദ്ധതി നിർമ്മിക്കുന്നതാണ് അനുയോജ്യമെന്നും ആയതിനാൽ കുഴൽകിണർ നിർമ്മിച്ചത് മാത്രം ഉൾക്കൊള്ളിച്ച് ഫൈനൽ ബില്ല് സമർപ്പിക്കുന്നുവെന്ന് അറിയിച്ചിട്ടുണ്ട്. ആയതനുസരിച്ച് കുഴൽ കിണർ മാത്രം നിർമ്മിച്ച് ബാക്കി പണിപൂർത്തീകരിക്കാനാകാതെ പ്രൊജക്റ്റ് ഉപേക്ഷിച്ചു. പദ്ധതിച്ചെലവായ 2,34,460/- രൂപ മൂന്നുപ്രാവശ്യം കുഴൽകിണർ കുഴിക്കാൻ വേണ്ടി വന്നതുകയാണ്, മറ്റു പ്രവൃത്തികളൊന്നും തന്നെ

ചെയ്തിട്ടില്ല

കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ആരംഭിച്ച മേൽ പദ്ധതി പൂർത്തീകരിക്കുന്നതിന് പുതിയ പ്രൊജക്റ്റ് രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ തുടർ പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 29/30.1.2023 ന് ലഭിച്ച മറുപടിയിൽ മേൽ പദ്ധതി നടപ്പാക്കുന്നതിനായി ടാങ്ക് പണിയുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ലെന്നും അതുകൊണ്ട് തന്നെ ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി കടങ്ങോട് പഞ്ചായത്ത് തലത്തിൽ പുതിയ പ്രൊജക്റ്റുകൾ ഒന്നും തന്നെ രൂപീകരിച്ചിട്ടില്ലെന്നും അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറക്ക് പദ്ധതി പൂർത്തീകരണത്തിന് വേണ്ട നടപടികൾ സ്വീകരിക്കുമെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

മൂന്നാമത്തെ കുഴൽകിണറിന്റെ പണി പൂർത്തീകരിച്ച് 27.8.2020 – ന് യീൽഡ് ടെസ്റ്റ് നടത്തി ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. പദ്ധതിയുടെ തുടർനടത്തിപ്പിൽ മേൽ വിവരിച്ച പ്രായോഗികബുദ്ധിമുട്ടുകൾ ഉള്ളതായി കുഴൽകിണറിന്റെ പണി പൂർത്തീകരിച്ചപ്പോൾത്തന്നെ വ്യക്തമായെങ്കിലും ടാങ്കിന് അനുയോജ്യമായ പുതിയ സ്ഥലം കണ്ടെത്തുന്നതിനും പദ്ധതി പൂർത്തീകരണത്തിനു വേണ്ട ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിനും ഉചിതമായ നടപടികൾ നാളിതുവരെയായി സ്വീകരിക്കാനായിട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വ്യക്തമായ ആസൂത്രണമില്ലാതെ പൂർത്തീകരിക്കാനാകാതെ പദ്ധതികൾ ഉപേക്ഷിക്കേണ്ടിവരുന്നതും പദ്ധതിപ്പണത്തിന്റെ ദുരുപയോഗമാണ്.

1-58 കരാർ വയ്ക്കുന്നതിന് കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല, പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്റ്റിന്റെ പേര്-പരിയാരം കാഞ്ഞിരപ്പിള്ളി എൽ.ഐ, 537/22

നിർവ്വഹണം-അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി

അടങ്കൽ -വികസനഫണ്ട്- 10,00,000

ചെലവ്- 4,88,447

(2021-22വർഷത്തെ ചെലവ്-ട്രഷറി ബില്ല് നം 75/21-22/തിയതി 10.11.2021, തുക 31070/-)

കരാറുകാരൻ- കെ.പി.സാന്റ

കരാർ നം 114/എ.ഇ.ഇ/എൽ.എസ്.ജി.ഡി തൃശ്ശൂർ ഡിവിഷൻ/2018-19/26.10.2018

അളവുപുസ്തകം-466/2018-19

A) കരാറുകാരൻ 11.9.2018ന് സെലക്ഷൻ ലെറ്റർ കൈപ്പറ്റിയെങ്കിലും കരാർ വച്ചത് 26.10.18 നാണ്. 14 ദിവസത്തിനുള്ളിൽ കരാർ വക്കാത്തതിനാൽ ഫൈൻ ഈടാക്കുന്നതിന് പ്രൊജക്റ്റ് നോട്ട് ഫയലിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഫസ്റ്റ് പാർട്ട് ബില്ല് , ഫൈനൽ ബില്ല് എന്നിവ പ്രകാരം കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 29/30.1.2023 ന് ലഭിച്ച മറുപടിയിൽ Agreed PAC യുടെ 1% തുകയായ 6314/- രൂപ ഫൈൻ അടവാക്കാനാവശ്യപ്പെട്ട് കരാറുകാരന് നിർവ്വഹണ ഉദ്യോഗസ്ഥൻ 22.2.23 ന് കത്തയച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

B)26.10.18 ന് കരാർ വച്ച പ്രവൃത്തി 25.4.2019 ന് പൂർത്തീകരിക്കേണ്ടതായിരുന്നു എന്നാൽ ഫൈനൽ ബില്ലിന്റെ അവസാന അളവ് എടുത്തിട്ടുള്ളത് 26.7.2021 നാണ്. പദ്ധതിയുടെ ഭാഗമായി റോഡ് കട്ടിംഗ് ചെയ്യുന്നതിന് പിഡബ്ല്യു വകുപ്പിൽ നിന്നും NOC ലഭിക്കാൻ വൈകിയതിനാൽ ആണ് പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കാലതാമസം നേരിട്ടത്.

4.11.2019 ന് പരിയാരം പഞ്ചായത്തിൽ നിന്നും NOC ക്കായി പിഡബ്ല്യു വകുപ്പിലേക്ക് അയച്ച കത്ത് ഫയലിലുണ്ട്, അതായത് പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതിക്കുശേഷമാണ് NOC ക്കായി

അപേക്ഷിച്ചത്.

C) എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴവൻ പണികളും (15 എച്ച് പി മോട്ടോർ, ചേമ്പർ എന്നിവ)ചെയ്തിട്ടില്ല. വലിയ മോട്ടോർ സ്ഥാപിച്ച് അതിനനുസരിച്ചുള്ള ഷെഡ്ഡ് പണിയുന്നതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അപര്യാപ്തമായതിനാൽ ടി പ്രവൃത്തികൾ ചെയ്യാതെ ഫൈനൽ ബില്ല് അനുവദിച്ചു എന്നാണ് ഓഡിറ്റ് പരിശോധനയിൽ വ്യക്തമാകുന്നത്. നിലവിൽ മോട്ടോർ സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 29/30.1.2023 നി ലഭിച്ച മറുപടിയിൽ പുഴയോട് ചേർന്ന് നിർമ്മാണം ആവശ്യമുള്ളതിനാൽ ഇറിഗേഷൻ വകുപ്പിൽ നിന്നും നിരാക്ഷേപസാക്ഷ്യപത്രം നാളിതുവരെയായും ലഭ്യമായിട്ടില്ലാത്തതുകൊണ്ട് പദ്ധതി പൂർത്തീകരിക്കാനായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

2018-19 വർഷം ആരംഭിച്ച് 4,88,447 രൂപ ചെലഴിച്ചുവെങ്കിലും അഞ്ച് പദ്ധതി വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതി ലക്ഷ്യപ്രാപ്തി നേടിയിട്ടില്ല.
ഓരോ പദ്ധതികളും ആവിഷ്കരിക്കുമ്പോൾ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തേണ്ടതും മറ്റു വകുപ്പുകളിൽ നിന്നും നിരാക്ഷേപസാക്ഷ്യപത്രം ലഭിക്കേണ്ട പ്രവൃത്തികൾ ആരംഭിക്കുന്നതിനു മുൻപുതന്നെ ആയതിനു വേണ്ട നടപടികൾ സ്വീകരിച്ച് പദ്ധതി നടത്തിപ്പിൽ പ്രതിബന്ധങ്ങളില്ലെന്ന് ഉറപ്പു വരുത്തേണ്ടതും അനാവശ്യമായ കാലതാമസം ഒഴിവാക്കേണ്ടതുമാണ്.

1-59 വെണ്ണൂർത്തുറ നീർത്തടത്തിന്റെ സംരക്ഷണം നടത്തുന്ന പദ്ധതിയുടെ ഡിപിആർ തയ്യാറാക്കുന്നതിന് ചെലവ് 24.19ലക്ഷം രൂപ, കരാർ കാലാവധി കഴിഞ്ഞിട്ടും ഗവ.എഞ്ചിനീയറിംഗ്കോളേജിൽ നിന്നും ഡിപിആർ തയ്യാറാക്കി ലഭിച്ചിട്ടില്ല

വെണ്ണൂർത്തുറ സംരക്ഷണപ്രവൃത്തിയുടെ ഡിപിആർ തയ്യാറാക്കൽ, 846/22

അടങ്കൽ-തനത്ഫണ്ട്-24,19,000/-

നിർവ്വഹണം-അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി

അന്നമനട, കാടുകുറ്റി, കുഴൂർ, മാള പഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്ന 2370 ഹെക്ടർ വിസ്തൃതിയിലുള്ള വെണ്ണൂർത്തുറ നീർത്തടത്തിന്റെ സംരക്ഷണം നടത്തുന്നതിന് നീർത്തടത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും നീർത്തടത്തിന്റെ സംരക്ഷണത്തിനുമായി Desilting, Widening Of Streams, Strengthening Of Side Walls With Geotextiles, Measures For Soil Conservation എന്നീ പ്രവൃത്തികൾ നടത്തുന്നതിനുവേണ്ടി GIS Mapping Software ന്റെ സഹായത്തോടെ പഠനം നടത്തി Environmental Impact Assessment ഉൾപ്പെടെയുള്ള വിശദമായ പദ്ധതിരേഖയും (ഡിപിആർ) വൈഡനിംഗ് ആവശ്യമായ സ്ഥലങ്ങളിൽ ഏതെങ്കിലും റിവർ ക്രോസ്സിംഗ് സ്ട്രക്ചർ പുതുക്കിപണിയേണ്ടത് ആവശ്യമായി വരുന്നപക്ഷം അവയുടെ സോയിൽ ടെസ്റ്റ്, ഡിസൈൻ എന്നിവയും ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം, തൃശ്ശൂർ ഗവ.എഞ്ചിനീയറിംഗ് കോളേജ് കണ്ടിന്യൂയിംഗ് എജ്യുക്കേഷൻ സെന്റർ മാനേജർക്ക് 4.8.2021 ന് എക്സി.എഞ്ചിനീയർ കത്തയച്ചു. ഗവ.എഞ്ചിനീയറിംഗ് കോളേജിൽ നിന്നും നൽകിയ പ്രൊഫോർമ ഇൻവോയ്സ് 36/23.1.2022 പ്രകാരം 24,19,000/- രൂപ ചെലവുവരുമെന്ന് അറിയിച്ചതിനെത്തുടർന്ന് താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

ചെക്ക് നം 5883855/23.2.22, 500000 (അഡ്വാൻസ്)

ചെക്ക് നം 5883862/21.4.22, 1919000 (ചെക്ക് നം. 5100179/30.3.22 പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥന് നൽകിയിട്ടുണ്ട്)

ആകെ -24,19,000/-

ഗവ.എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് അസി.പ്രൊഫസർ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി എന്നിവർ തമ്മിൽ 190/എ.ഇ.ഇ /എൽ.എസ്.ജി.ഡി തൃശ്ശൂർ ഡിവിഷൻ /21-22 നമ്പറായി 3.3.2022 തിയതിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ കരാർ പ്രകാരം 60 ദിവസത്തിനകം ഡി.പി.ആർ തയ്യാറാക്കി ലഭ്യമാക്കണം. കരാർ കാലാവധിക്കുള്ളിൽ ഡിപിആർ പൂർത്തിയാക്കി ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടില്ല. 25.10.2022 തിയതിയിലെ വെണ്ണൂർതുറ നീർത്തട പദ്ധതി അവലോകന യോഗത്തിൽ ഒരുമാസത്തിനുള്ളിൽ ഡി.പി.ആർ പൂർത്തീകരിച്ച് സമർപ്പിക്കണമെന്ന് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എഞ്ചിനീയറിംഗ് കോളേജ് പ്രതിനിധികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. 24.11.2022 ന് ഈ കാലാവധിയും പൂർത്തിയായി. ഡി.പി.ആർ നാളിതുവരെയായി തയ്യാറാക്കി ലഭ്യമാക്കിയിട്ടില്ലെന്നാണ് ഓഡിറ്റ് എൻക്വയറി 32/3.2.2023 നുള്ള മറുപടിയിൽ അറിയിച്ചിരിക്കുന്നത്.

ഡി.പി.ആർ പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ 24,19,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-60 ജില്ലാ പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങളുടെ തുടർ നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല

ജില്ലാ പഞ്ചായത്ത് കമ്മറ്റി 2021-22 സാമ്പത്തിക വർഷത്തിൽ എടുത്ത ചില പ്രധാന തീരുമാനങ്ങളുടെ തുടർ നടപടികളുടെ വിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.34/04-02-2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം | തീരുമാന നമ്പർ, തിയതി | തീരുമാനം | ലഭ്യമാക്കേണ്ട വിവരം |
|---|---|---|---|
| 1 | തീരുമാന നം10(17)/ തിയതി- 24.6.2021 | ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഫാമുകൾ സന്ദർശിച്ച് വികസന പ്രവർത്തനത്തിനാവശ്യമായ രൂപരേഖയും മാസ്റ്റർ പ്ലാനും തയ്യാറാക്കുന്നതിന് വികസന സ്ഥിരം സമിതിയെ ചുമതല പ്പെടുത്തി. | ഫാമുകളുടെ വികസന പ്രവർത്തന ത്തിനായുള്ള രൂപരേഖയും മാസ്റ്റർ പ്ലാനും |
| 2 | തീരുമാന നം10(2)/ തിയതി 13.9.2021 | കൊടുങ്ങല്ലൂർ താലൂക്ക്, കൈപ്പമംഗലം വില്ലേജിലെ സർവ്വേ നം 452/1,452/2 ൽപ്പെട്ട 62 ആർ സ്ഥലം ജില്ലാ പഞ്ചായത്തിന് സംഭാവനയായി നൽകാൻ തയ്യാറാണെന്നുള്ള ശ്രീ അശോകൻ വെളമ്പത്ത് എന്നവരുടെ 9.9.2021. – ലെ കത്ത് യോഗം ചർച്ച ചെയ്ത് | സ്ഥലം ഏറ്റെടുക്ക ന്നതിനുള്ള തുടർ നടപടികളുടെ വിവരം |

| | | | |
|---|---|---|---|
| | | നിയമപരമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. | |
| 3 | തീരുമാനം നം4(2)/ തിയതി 26.11.2021 | ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള ഒല്ലൂർ ഇലക്ട്രോണിക്സ് പാർക്കിനുള്ളിൽ തൃശ്ശൂർ കോർപ്പറേഷന്റെ ഒരു അംഗൻവാടി ജില്ലാ പഞ്ചായത്തിന്റെ അനുമതി കൂടാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് കോർപ്പറേഷൻ സെക്രട്ടറിക്ക് നോട്ടീസ് നൽകാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി. | തുടർ നടപടികളുടെ വിവരം |
| 4 | തീരുമാനം നം6(2)/ തിയതി 19.1.2022 | 2019-20 വാർഷിക പദ്ധതിയിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള സിമന്റ് ബ്രിക്ക് നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം എന്ന പദ്ധതിയിൽ 3 ലക്ഷം രൂപ ധനസഹായം നൽകിയ കൃപ എന്ന യൂണിറ്റ് പ്രവൃത്തി ആരംഭിക്കാത്തതിനാൽ തുക സർക്കാരിലേക്ക് തിരിച്ചടക്കാൻ അനുമതി നൽകി തീരുമാനിച്ചു. | തുക സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ വിവരം |
| 5 | തീരുമാനം നം10(3)/ തിയതി 19.1.2022 | അളഗപ്പനഗർ ഡിവിഷനിലെ 2018-19 വർഷത്തെ ചേന്ദംകുളം കുടിവെള്ളപദ്ധതി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരനെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. | കരാറുകാരനെതിരെ നിയമാനുസൃത നടപടി സ്വീകരിച്ചതിന്റെ വിവരം |
| 6 | തീരുമാനം നം9(10)/ തിയതി 28.2.2022 | 2017-18 വർഷം സുശാന്തം വയോജനവിഭവകേന്ദ്രം എന്ന പദ്ധതിക്കായി ശേഖരിച്ച 70 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ബാങ്ക് അക്കൌണ്ടിലേക്ക് മാറ്റുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. | തുടർ നടപടികളുടെ വിവരം |

ജില്ലാ പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങളുടെ തുടർ നടപടികളുടെ വിവരം ഫയലുകൾ സഹിതം

ലഭ്യമാക്കേണ്ടതാണ്.

1-61 സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ സർക്കാർ നിർദ്ദേശപ്രകാരമുള്ള അക്കൗണ്ടിൽ വരവു വച്ചില്ല, 21ലക്ഷം രൂപ ചെലവഴിക്കാതെ മറ്റ് അക്കൗണ്ടുകളിൽ നിലനിൽക്കുന്നു

സുലേഖ ചെലവുപത്രിക പ്രകാരം സംയുക്ത പദ്ധതികൾക്കായി തൻ വർഷം ആകെ ചെലവ് 53,28,578/- രൂപയാണ്. ആയത് കാൻ പദ്ധതിക്കു ഓഡിറ്റ് വർഷം വേണ്ടിവന്ന ചെലവ് 5256116 രൂപയും ഡിസെബിലിറ്റി റീഹാബിലിറ്റേഷൻ സെന്റർ നിർമ്മാണത്തിനു വന്ന ചെലവ് 72462 രൂപയും ചേർന്ന തുകയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| പ്രൊജക്ടിന്റെ പേര് | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ക്യാൻ തൃശ്ശൂർ | മുനിസിപ്പാലിറ്റി | 550000 | 0 | 550000 |
| | ബ്ലോക്ക് പഞ്ചായത്ത് | 1282000 | 0 | 1282000 |
| | ഗ്രാമ പഞ്ചായത്ത് | 5525000 | 5256116 | 268884 |
| ഡിസെബിലിറ്റി റീഹാബിലിറ്റേഷൻ സെന്റർ നിർമ്മാണം, 716/22 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല | 72462 (BOI ചെക്ക് നം033969 /31.3.22 /172450/-) | വിവരം ലഭ്യമല്ല |
| ആകെ | | 7357000 | 53,28,578 | 2100884 |

ഓഡിറ്റ് വർഷം സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ മൂന്നുബാങ്കുകളിലായാണ് വരവുവച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം | അക്കൗണ്ട് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | ട്രഷറി TSB (799013100000535) | 5083666 | 5083666 | 0 |
| 2 | BOI,തനത്ഫണ്ട് (855610110008124) | 1313334 | 172450 | 1140884 |
| 3 | Code 450450101 Joint Venture Project ട്രഷറി TSB | 960000 | 0 | 960000 |

| | | | | |
|---|---|---|---|---|
| | (799011400000646) | | | |
| | ആകെ | 7357000 | 5256116 | 2100884 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ

1) Finance(Streamlining) Department ന്റെ സർക്കുലർ നം 86/2021/fin/30.9.2021ലെ നിർദ്ദേശപ്രകാരം സംയുക്ത പ്രോജക്റ്റുകൾക്കായി ട്രഷറിയിൽ ആരംഭിച്ച പ്രത്യേകം അക്കൗണ്ടാണ് പട്ടകയിലെ ക്രമ നം1 TSB അക്കൗണ്ട് (799013100000535). ഈ അക്കൗണ്ടിലേക്ക് തൻവർഷം മറ്റു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച മുഴുവൻ വിഹിതവും വരവുവച്ചിട്ടില്ല.

2) പട്ടകയിലെ ക്രമ നം.2, ബാങ്ക് ഓഫ് ഇൻഡ്യയിലെ അക്കൗണ്ട് (855610110008124) തനത് ഫണ്ട് അക്കൗണ്ടായാണ് നിലവിൽ ഉപയോഗിച്ചു വരുന്നത്. ഈ അക്കൗണ്ടിലേക്ക് തെറ്റായി വരവുവച്ച സംയുക്തപദ്ധതി തുക ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റിയിടാതെ ചെലവു ചെയ്യുകയും ബാക്കി തുക അതേ അക്കൗണ്ടിൽ തന്നെ സൂക്ഷിക്കുകയും ചെയ്തിരിക്കുന്നു.

3) പട്ടകയിലെ ക്രമ നം3 , Joint Venture Project ട്രഷറി TSB അക്കൌണ്ട് സംയുക്ത പ്രോജക്റ്റുകൾക്കായി മുൻപ് ആരംഭിച്ച അക്കൗണ്ടാണ്. ഈ അക്കൗണ്ടിൽ 2021-22ൽ മുനിസിപ്പാലിറ്റിയിൽനിന്നുമുള്ള 550000രൂപയും ഗ്രാമ പഞ്ചായത്തിൽ നിന്നുമുള്ള 410000 രൂപയും അടക്കം 960000 രൂപ സംയുക്തപദ്ധതിവിഹിതം വരവുവച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ നിന്നും സംയുക്തപ്രൊജക്റ്റുകൾക്കായി ചെലവില്ല എന്നാൽ 31.3.2022 ന് 28740348/- രൂപ സർക്കാരിലേക്ക് എടുത്തിട്ടുണ്ട്.(ഈ തുക 6.4.2022 ൽ ഇതേ അക്കൗണ്ടിൽ തിരികെ വന്നിട്ടുണ്ട്). ഈ തുകയും 31.3.2022 ലെ നീക്കിയിരിപ്പ് 10,57,675 രൂപയും കണക്കിലെടുക്കുമ്പോൾ 2021-22 സാമ്പത്തികവർഷം ഈ അക്കൗണ്ടിലെ യഥാർത്ഥ നീക്കിയിരിപ്പ് 2,97,98,023/- രൂപയാണ്. ഈ തുക എതെല്ലാം സംയുക്തപദ്ധതികൾക്ക് ഏതു വർഷങ്ങളിൽ ലഭിച്ച തുകകളാണെന്നത് സംബന്ധിച്ച് ജില്ലാ പഞ്ചായത്തിൽ കൃത്യമായ കണക്കുകളില്ല. സംയുക്തപദ്ധതി ഫണ്ടിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും ഇക്കാര്യം സൂചിപ്പിച്ചിരുന്നു.ഇപ്പോഴും കൃത്യമായ കണക്കുകൾ തയ്യാറാക്കിയിട്ടില്ല.

4) സർക്കാരിലേക്ക് തിരിച്ചടക്കേണ്ട 21,00,884 രൂപ തിരിച്ചടവാക്കിയിട്ടില്ല

Finance(Streamlining) Department ന്റെ സർക്കുലർ നം 86/2021/fin/30.9.2021ലെ നിർദ്ദേശപ്രകാരം സംയുക്ത പ്രോജക്റ്റുകൾക്കായി ട്രഷറിയിൽ പ്രത്യേകം അക്കൗണ്ട് ആരംഭിക്കേണ്ടതും ഈ അക്കൗണ്ടിൽ 31.3.2022ന് ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക ട്രഷറിയിൽ നിന്നും സർക്കാരിലേക്ക് തിരിച്ചെടുക്കുന്നതുമാണ്. ജില്ലാപഞ്ചായത്ത് സംയുക്ത പ്രോജക്റ്റുകൾക്കായി ലഭിച്ച തുക പൂർണ്ണമായും പുതിയതായി ആരംഭിച്ച അക്കൗണ്ടിൽ വരവുവക്കാതെ മറ്റ് രണ്ട് അക്കൗണ്ടുകളിൽ കൂടി വരവുവച്ചതിനാൽ 31.3.2022ന് 2100884 രൂപ നീക്കിയിരിപ്പുള്ളത് ഇപ്പോഴും സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല. മുകളിൽ പറഞ്ഞ സർക്കുലറിലെ 6-ാമത് നിർദ്ദേശം ഇപ്രകാരമാണ്, *‘At Any Instance, The Balance Will Not Be Carry Forwarded To The Next Financial Year. If Any Such Instance Happened, The Drawing And Disbursing Officer And Treasury Officer Concerned Would Be Held Responsible For The Lapse And Would Be Treated As Personal Liability Of Them’*

മറ്റ് രണ്ട് അക്കൗണ്ടുകളിലായി 31.3.2022ന് 2100884 രൂപ നീക്കിയിരിപ്പുള്ളത് സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി സർക്കാരിലേക്ക് തിരിച്ചടവാക്കാതെ ജില്ലാപഞ്ചായത്തിന്റെ നീക്കിയിരിപ്പ് തുകയായി കണക്കാക്കി വരും വർഷത്തേക്ക് ക്യാരിഓവർ ചെയ്തിരിക്കുന്നു. (ഓഡിറ്റ് എൻക്വയറി 44/27.3.2023) ഇക്കാര്യം ഗൗരവമായി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 എടത്തിരുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രം -പിരിച്ചെടുത്ത തുകകൾ ബാങ്കിൽ അടവാക്കുന്നതിൽ ഗുരുതരമായ ക്രമക്കേട്

2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 24-01-2023 - ന് എടത്തിരുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ ഓഡിറ്റ് ടീം നേരിട്ട് പരിശോധന നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ പണമിടപാടുകളിലും അക്കൗണ്ടിംഗ് സംവിധാനത്തിലും ഗുരുതരമായ ക്രമക്കേടുകളുള്ളതായും പ്രസ്തുത കാലയളവിലെ സ്ഥാപന മേധാവിയായ സീനിയർ കൃഷി ഓഫീസർ തന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുള്ളതായും കണ്ടെത്തി. രശീതി പുസ്തകങ്ങൾ പ്രകാരം പണമായി ലഭിച്ച തുക ഒന്നരവർഷത്തോളം കാലം ബാങ്കിൽ അടവാക്കിയിട്ടില്ല. ചെലവഴിക്കുന്ന തുകകൾക്ക് കൃത്യമായ കണക്കുകളും വൗച്ചറുകളും സൂക്ഷിച്ചിട്ടില്ല. തുടർന്ന് അന്നേ ദിവസം തന്നെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾക്ക് വിശദീകരണവും അനുബന്ധ രേഖകൾ ഹാജരാക്കുന്നതിനും ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് അന്വേഷണം (നം.30/24-01-2023) നൽകുകയും ചെയ്തു. ഓഡിറ്റ് അന്വേഷണത്തിന് നിലവിൽ ചുമതലയുള്ള സീനിയർ കൃഷി ഓഫീസർ മറുപടിയും ഓഡിറ്റിൽ ആവശ്യപ്പെട്ട വിവിധ രേഖകളും 27-01-2023 – ന് ഈ ഓഡിറ്റ് കാര്യാലയത്തിൽ ഹാജരാക്കിയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുമുള്ള വിവരങ്ങൾ ഈ ഓഫീസിലെ 31-01-2023 തീയതിയിലെ കെ.എസ്.എ.ടി.എസ്.ആർ.ഡി.പി.2-11/2023 നമ്പർ പ്രത്യേക കത്തു പ്രകാരം ബഹു:കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു:ഡയറക്ടറുടെ 27-02-2023 -ലെ ഡി.കെ.എസ്.എ 450/എസ്.എസ്.1/2023 നമ്പർ കത്തു പ്രകാരം മുൻ സീനിയർ കൃഷി ഓഫീസറുടെ എടത്തിരുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലെ സേവനകാലയളവ് പ്രത്യേക പരിശോധനയ്ക്കായി സ്പെഷൽ ഓഡിറ്റ് നടത്തുന്നതിന് നിർദ്ദേശിക്കുകയിൽ ആയതിന്റെ അടിസ്ഥാനത്തിൽ രസീതി പിരിവ് അവയുടെ ഒടുക്ക് എന്നിവയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ ഗുരുതരമായ ക്രമക്കേടുകളുടെ വിവരങ്ങൾ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുന്നു.

എ) രസീതി പ്രകാരം പണമായി പിരിച്ചെടുത്ത 386515.5 രൂപ ബാങ്കിൽ അടവാക്കിയില്ല

തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ നിന്നും എടത്തിരുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലേയ്ക്ക് അനുവദിച്ച രസീതി പുസ്തകങ്ങൾ, ജില്ലാ പഞ്ചായത്തിലേയ്ക്ക് തുകകൾ അടവാക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തിയ റെമിറ്റൻസ് രജിസ്റ്റർ, ഫാമിലെ പണമിടപാടുകൾക്കായി ഇരിഞ്ഞാലക്കുട എസ്.ബി.ഐ ബാങ്കിൽ സീനിയർ കൃഷി ഓഫീസറുടെ പേരിലുള്ള അക്കൗണ്ട് നം.67245515265 – ന്റെ പാസ്സ് ബുക്ക് എന്നിവ ഓഡിറ്റിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച രസീതി പുസ്തകം നം.417, 437, 36, 68, 813, 846, 854, 861, 872, 873 880, 881, 273 (രസീതി നം.75/19-09-2022 വരെ) എന്നിവ യഥാക്രമം 23-08-2018 മുതൽ 19-09-2022 വരെയുള്ള കാലയളവിൽ ഫാമിൽ ഉപയോഗിച്ചിട്ടുണ്ട്. ടി രസീതി പുസ്തകങ്ങൾ പ്രകാരമുള്ള വരവ്, അവയുടെ ഒടുക്ക് എന്നിവ ഓഡിറ്റിൽ പരിശോധിച്ചു.

പരിശോധനയിൽ 417, 437, 36, 68, 813 – ലെ രസീതി നം.86/11-08-2020 വരെയുള്ളവയിലെ രസീതി പുസ്തക വരവുകൾ കൃത്യമായി കണക്കാക്കി ഫാമിലെ പണമിടപാടുകൾക്കായി ഇരിഞ്ഞാലക്കുട എസ്.ബി.ഐ ബാങ്കിൽ സീനിയർ കൃഷി ഓഫീസറുടെ പേരിലുള്ള അക്കൗണ്ടിൽ (നം.67245515265) നിക്ഷേപിക്കുകയും തുടർന്ന് എസ്.ബി.ഐ ബാങ്ക് അക്കൗണ്ടിന്റെ ചെക്ക് മുഖേന ജില്ലാ പഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ കാലയളവിലെ രസീതി പുസ്തകങ്ങൾ പ്രകാരമുള്ള വരവിന്റെ വിശദാംശങ്ങൾ റെമിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക ബാങ്കിൽ അടവാക്കുന്നതിന്റെ യാതൊരു വിവരങ്ങളും റെമിറ്റൻസ് രജിസ്റ്ററിലോ കാഷ് ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല. ഓരോ രസീതി ലീഫുകളുടെയും പുറകിൽ മാത്രമാണ് തുകകൾ കണക്കാക്കി

ബാങ്കിൽ അടവാക്കിയതായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരാരും സാക്ഷ്യപ്പെടുത്താതെ രേഖപ്പെടുത്തിയിട്ടുള്ളത്. തുടർന്നുപയോഗിച്ച രസീതി പുസ്തകം നം.813 – ലെ രസീതി നം.87/11-08-2020 മുതൽ, 846, 854, 861, 872, 873 880, 881, 273 (രസീതി നം.75/19-09-2022 വരെ) - ലെ വരവുകൾ യഥാസമയം എസ്.ബി.ഐ അക്കൗണ്ടിൽ അടവാക്കിയിട്ടില്ലാത്തതായും അടവാക്കിയ തുകയിൽ 3,86,515.5 രൂപ കുറവുള്ളതായും കാണാൻ കഴിഞ്ഞു. രസീതി പ്രകാരം പിരിച്ച തുകയുടെയും ബാങ്കിൽ അടവാക്കിയതിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ഉപയോഗിച്ച രസീതി പുസ്തകങ്ങൾ | 813 – ലെ രസീതി നം.87/11-08-2020 മുതൽ രസീതി പുസ്തകം നം.846, 854, 861, 872, 873 880, 881, 273 (രസീതി നം.75/19-09-2022 വരെ) | കുറിപ്പ്: രസീതി പുസ്തകം നം.872 ലെ രസീതി നം.67 ന്റെ അസ്സലും ഡ്യൂപ്ലിക്കേറ്റും രസീതി പുസ്തകത്തിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രസീതി പ്രകാരം 20രൂപയുടെ കളക്ഷൻ ആണെന്ന് റെമിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീതിയുടെ അസ്സൽ സൂക്ഷിക്കാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. |
| മേൽ രസീതികൾ പ്രകാരം പണമായി പിരിച്ചെടുത്ത തുക** | ₹ 5,97,263.5 | കുറിപ്പ്: ഫാമുല്പന്നങ്ങൾ ക്രെഡിറ്റ് സെയിൽ ചെയ്ത വകയിൽ ബാങ്കിൽ NEFT ആയി ലഭിച്ചത് റസീപ്റ്റ് ചെയ്ത തുകകൾ, ഫാമിലെ തൊഴിലാളികൾക്ക് ഫാമുല്പന്നങ്ങൾ വിറ്റത് സാലറി കട്ടിംഗ് ആയി എഴുതി റസീപ്റ്റ് ചെയ്ത തുകകൾ എന്നിവ ഒഴികെ പണമായി പിരിച്ചെടുത്ത തുക |
| ബാങ്കിൽ അടവാക്കിയ ആകെ തുക* | ₹ 2,10,748 | കുറിപ്പ്: വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർത്തിട്ടുണ്ട് |
| ബാങ്കിൽ അടവാക്കിയതിൽ കുറവ് | ₹ 3,86,515.5 | കുറിപ്പ്:₹ 5,97,263.5 - ₹ 2,10,748 = ₹ 3,86,515.5 |

* അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചത് പ്രകാരം തുക ബാങ്കിൽ അടവാക്കിയതിന്റെ (Cash Deposit) വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | എസ്.ബി.ഐ അക്കൗണ്ട് നം. നം.67245515265 – ൽ അടവാക്കിയ തീയതി | തുക (₹) |
|---|---|---|
| 1 | 12-11-2020 | 18500 |
| 2 | 23-12-2020 | 96000 |
| 3 | 28-01-2021 | 49000 |
| 4 | 05-02-2021 | 13000 |
| 5 | 03-11-2022 | 34248 |
| | ആകെ അടവ് | 210748 |

ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചത് പ്രകാരം 05-02-2021 ന് ശേഷം 03-11-2022 വരെ ഒന്നര

വർഷത്തോളം പണമായി റസീപ്റ്റ് ചെയ്ത തുകകൾ ബാങ്കിൽ അടവാക്കിയിട്ടില്ല എന്ന ബോധ്യപ്പെട്ടു. കൂടാതെ ബാങ്കിൽ അടവാക്കിയതായി രേഖപ്പെടുത്തിയ തുകകൾ ഏതു രസീതി മുതൽ ഏതു രസീതികൾ വരെയുള്ള വരവാണെന്നതിന്റെ യാതൊരു രേഖപ്പെടുത്തലുകളും റെമിറ്റൻസ് രജിസ്റ്ററിലോ കാഷ്ബുക്കിലോ ഇല്ല. മുൻപ് 08/2020 വരെ ചെയ്തിരുന്നതു പോലെ രസീതി ലീഫിന്റെ പുറകിലും കണക്കു കൂട്ടിയിട്ടില്ല. നിശ്ചിത തീയതി മുതൽ നിശ്ചിത തീയതി വരെ അഥവാ നിശ്ചിത രസീതി മുതൽ നിശ്ചിത രസീതി വരെയുള്ള തുകകൾ കണക്കാക്കി അടവാക്കാതെ പട്ടികയിലെ ക്രമ നം.1 മുതൽ 4 വരെയുള്ള തുകകൾ ബാങ്കിൽ വിവിധ പൂർണ്ണസംഖ്യകളായി അടവാക്കുകയാണ് ചെയ്തിട്ടുള്ളത്. ക്രമ നം.5 പ്രകാരമുള്ള 34248 രൂപ ഏതു രസീതുകൾ പ്രകാരമുള്ള തുകയാണെന്നതും വ്യക്തമല്ല. ബാങ്ക് പാസ്സ് ബുക്ക് പ്രകാരം “CASH DEPOSIT SANJU S” എന്നാണ് Details കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കാഷ് ബുക്കിൽ 34248 രൂപ 03-11-2022 തീയതിയിൽ "Cash Receipt To Bank (By Sanju)" എന്ന രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും വിവിധ രശീതികൾ പ്രകാരം പിരിച്ചെടുത്ത 386515.5 രൂപ ബാങ്കിൽ അടവാക്കാതിരുന്നതിന്റെ വിശദീകരണവും ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (നം.5/17-03-2023) നൽകിയെങ്കിലും വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. 2022-23 വർഷാവസാനത്തിൽ തിരക്കിട്ട ജോലികളിൽ ഏർപ്പെട്ടിരിക്കുന്നത് കൊണ്ട് ഫാമിലെ രേഖകൾ പരിശോധിച്ച് മറുപടി നൽകുന്നതിന് 2 മാസത്തെ സമയം അനുവദിക്കണമെന്നാണ് 23-03-2023 ലെ കത്തു പ്രകാരം ശ്രീമതി സഞ്ജു സൂസൻ മാത്യു, മുൻ സീനിയർ കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ബി) രസീതികൾ പ്രകാരം പിരിച്ചെടുത്ത തുകകൾ ബാങ്കിൽ അടയ്ക്കാതെ ബാങ്കിലെ നീക്കിയിരിപ്പ തുകയിൽ നിന്നും ചെക്കു മുഖേന ജില്ലാ പഞ്ചായത്തിൽ അടവാക്കി

രശീതി പുസ്തകങ്ങൾ പ്രകാരം പിരിച്ചെടുത്ത മുഴുവൻ തുകയും ബാങ്കിൽ അടവാക്കിയിട്ടില്ലെങ്കിലും ഉപ ഖണ്ഡിക (1) – ൽ പരാമർശിച്ച നിശ്ചിത കാലയളവുകളിലെ രസീതി പ്രകാരമുള്ള വരവ് (പണമായും NEFT ആയും ലഭിച്ചത്) കണക്കാക്കി എസ്.ബി.ഐ അക്കൗണ്ടിൽ നിന്നും ജില്ലാ പഞ്ചായത്തിലേയ്ക്ക് ചെക്ക് മുഖേന അടവാക്കുകയും ആയത് റെമിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സീനിയർ കൃഷി ഓഫീസറുടെ ചെക്ക് മുഖേന ജില്ലാ പഞ്ചായത്തിൽ തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ :-

| ചെക്ക് നം./തീയതി | തുക | ജില്ലാ പഞ്ചായത്ത് സാംഖ്യ റസീപ്റ്റ് നം./തീയതി |
|---|---|---|
| 709674/17-02-2021 | 319624 | 120060500065/31-03-2021 |
| 709689/31-03-2021 | 1721294 | 120060500089/31-03-2021 |
| 709693/28-06-2021 | 65965 | 121060500018/11-08-2021 |
| 709699/16-08-2021 | 16166 | 121060500019/16-08-2021 |
| 709704/15-11-2021 | 15301 | 121060500049/16-11-2021 |
| 709709/17-12-2021 | 28113 | 121060500060/17-12-2021 |
| 707913/07-02-2022 | 24121 | 121060500082/07-02-2022 |
| 531095/31-03-2022 | 914304 | 122060100001/01-04-2022 |
| 531096/31-03-2022 | 82000 | 122060500009/23-04-2022 |
| 531097/22-04-2022 | 144981 | 122060500010/23-04-2022 |
| 531098/23-06-2022 | 10712 | 122060500027/23-06-2022 |
| 531101/23-06-2022 | 10757 | 122060500026/23-06-2022 |
| 531108/19-09-2022 | 55347 | 122060500057/27-10-2022 |
| | 3408685 | |


രശീതി പ്രകാരം പിരിച്ച തുക സീനിയർ കൃഷി ഓഫീസറുടെ പേരിലുള്ള എസ്.ബി.ഐ ബാങ്കിൽ കൃത്യമായും പൂർണ്ണമായും അടവാക്കാതെ ബാങ്ക് അക്കൗണ്ടിൽ വിവിധ കൃഷിഭവനുകൾ/മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് ഫാമുല്പന്നങ്ങൾ ക്രെഡിറ്റ് സെയിൽ ചെയ്ത വകയിൽ ബാങ്കിൽ നേരിട്ട് NEFT ആയി വന്ന തുകകളും ബാങ്ക് പലിശയും ചേർന്നുണ്ടായിരുന്ന നീക്കിയിരിപ്പ തുകയിൽ നിന്നും ചെക്കു മുഖേന

ജില്ലാ പഞ്ചായത്തിൽ അടവാക്കുകയുമാണ് ചെയ്തത്.

2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം കാഷ്, മണി ഓർഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500 രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ് . വിദൂര പ്രദേശങ്ങളായി സർക്കാർ നോട്ടിഫൈ ചെയ്യുന്ന പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ തുക അടയ്ക്കുന്നതിനുള്ള പരമാവധി സമയം ഒരാഴ്ച ആയിരിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട് . എന്നാൽ എടത്തിരുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ രശീതി പ്രകാരം പണമായി പിരിച്ചെടുത്ത തുകകൾ 05-02-2021 – ന ശേഷം 03-11-2022 വരെ ഒന്നര വർഷത്തോളം കാലം ബാങ്കിൽ അടവാക്കാതിരിക്കുകയും പിരിച്ചെടുത്ത തുകകൾ മുഴുവനായും ബാങ്കിൽ അടവാക്കാതെ വിവിധ പൂർണ്ണസംഖ്യകളായി മുൻപ് അടവാക്കിയതും ഗുരുതരമായ ക്രമക്കേടാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

<u>സി) ചെക്ക് ഇഷ്യൂ ചെയ്തതിന്റെ വിവരം ലഭ്യമല്ല</u>

സ്ഥാപനത്തിലെ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം 19-09-2022 – ന് 531109 നമ്പർ ചെക്ക് ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആർക്ക് നൽകിയതാണെന്നോ എത്ര തുകയാണെന്നോ ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ചെക്ക് ബുക്കിന്റെ റെക്കോർഡ് സ്ലിപ്പ് രേഖപ്പെടുത്തിയ പേജ് പരിശോധിച്ചപ്പോൾ തീയതി രേഖപ്പെടുത്താതെ താഴെ കാണുന്ന രീതിയിൽ മുൻ സീനിയർ കൃഷി ഓഫീസറുടെ പേര് പെൻസിൽ കൊണ്ട് രേഖപ്പെടുത്തിയതായും കണ്ടു.


अभिलेख पर्ची RECORD SLIP

| चैक क्र. CHEQUE NO. | दिनांक DATE | के पक्ष में IN FAVOUR OF | चैक राशि CHEQUE AMO |
|---|---|---|---|
| 531102 | 23-07-2022 | KSEB, Katoor | 657 |
| 531103 | 03-09-2022 | KSEB kattoor | 17101 |
| 531104 | 03-09-2022 | Senier Agricultral officer Mannuthy(NEFT) | 1200 |
| 531105 | 03-09-2022 | Kerala Water Authority | 1272 |
| 531106 | 03-09-2022 | kerala water Authority | 151 |
| 531107 | 13-09-2022 | SELF ONACHANDA 2022-23 | 50688 |
| 531108 | 19-09-2022 | Sec, Dist. Panchayath Tcr. | 55347 |
| 531109 | | Sunju Susan mathew | |
| 531110 | 19-11-22 | Sec, Dist. Panchyt-Tcr. | 361307 |
| 531111 | 19-12-22 | Sec, Dist. Panchyt-Tcr | 16259 |
| 531112 | 23-01-23 | Sec, Dist. Panchyt-Tcr. | 10025 |

ഓഡിറ്റ് അന്വേഷണം നം.30/24-01-2023 – ന്റെ മറുപടിയിൽ പ്രസ്തുത ചെക്ക് പ്രകാരം 14,137 രൂപ VFPCK – യ്ക്ക് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ചെക്ക് ലീഫിലെ തിയതി സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാലും നാളിതുവരെ പ്രസ്തുത ചെക്ക് പ്രകാരം തുക പിൻവലിച്ചിട്ടില്ലാത്തതിനാലും ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാലും നിർവ്വഹണോദ്യോഗസ്ഥയുടെ മറുപടി അംഗീകരിക്കാവുന്നതല്ല.

സ്ഥാപനത്തിൽ ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജിച്ച് നൽകിയിട്ടില്ലാത്തതിനാൽ സാമ്പത്തിക ക്രമക്കേടിന് ഉത്തരവാദി ആരെന്ന് നിർണ്ണയിക്കാൻ ഓഡിറ്റിന് സാധ്യമായിട്ടില്ല. രസീതികൾ പ്രകാരം പിരിച്ചെടുത്ത തുകകൾ ബാങ്കിൽ അടവാക്കുന്നുണ്ടോ എന്നുറപ്പ് വരുത്താതെയാണ് സീനിയർ കൃഷി ഓഫീസർ ചെക്കു മുഖേന ബാങ്കിലെ നീക്കിയിരിപ്പു തുകയിൽ നിന്നും ജില്ലാ പഞ്ചായത്തിൽ അടവാക്കിയിരുന്നത് . ആയതിനാൽ ബാങ്കിൽ അടവാക്കാതിരുന്ന ₹3,86,515.5 രൂപ പ്രസ്തുത കാലയളവിലെ സ്ഥാപന മേധാവിയായ സീനിയർ കൃഷി ഓഫീസറിൽ നിന്നും ഈടാക്കി ബാങ്കിൽ അടവാക്കേണ്ടതും ബാങ്കിൽ നേരിട്ട് NEFT ആയി വന്ന് റസീപ്റ്റ് ചെയ്യാത്തവ കണ്ടെത്തി ക്രമീകരിച്ച് ജില്ലാ പഞ്ചായത്തിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഫാമുകളിൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുന്നതിനും കൃഷിഫാമുകളുടെ കാര്യക്ഷമമായ നടത്തിപ്പിന് ഫാമുകളിലെ പ്രവർത്തനങ്ങൾ , ഉല്പാദനം, വില്പന മുതലായവയുൾപ്പെടെ ഏകീകരിച്ച്

പൊതുസംവിധാനം ഏർപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

..

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക നിരക്ക് നൽകി സ്കൂളുകൾക്ക് അലമാരകൾ കാഡ്കോയിൽ നിന്നും വാങ്ങി നൽകി. ജില്ലാ പഞ്ചായത്തിന് നഷ്ടം 3,61,578/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ . വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ.

ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകൾക്ക് സ്റ്റീൽ അലമാരകൾ വാങ്ങുന്നതിന് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ നടപ്പാക്കിയ 1131/22 പദ്ധതി പ്രകാരം 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 28.9.2021ലെ സ.ഉ (ആർ.ടി) 20/2021 എസ്.പി.ഡി ഉത്തരവ് പ്രകാരം കാഡ്കോയിൽ നിന്നും സ്റ്റീൽ അലമാരകൾ ടെണ്ടർ കൂടാതെ വാങ്ങുന്നതിന് 26.11.2021 ലെ ജില്ലാ പഞ്ചായത്ത് ഭരണ സമിതി 9(1) തീരുമാനമെടുക്കുകയും 201 സ്റ്റീൽ അലമാരകൾ വിവിധ സ്കൂളുകൾക്ക് വിതരണം ചെയ്തതിന് വിദ്യാഭ്യാസ ഉപഡയറക്ടർ ബിൽ തയ്യാറാക്കി ജില്ലാ പഞ്ചായത്തിന് നൽകുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 14.03.2022 ന് 24,92,399 രൂപ സെക്രട്ടറി കാഡ്കോയ്ക്ക് നൽകുകയും ചെയ്തു.

മേൽ ഉത്തരവിലെ സൂചന 2 ആയി കാണിച്ചിട്ടുള്ള 20.10.2017ലെ സർക്കാർ ഉത്തരവ്(ആർ.ടി) നം.59/2017 എസ്.പി.ഡി. നിരക്കിൽ ഫർണീച്ചറുകൾ വിതരണം ചെയ്യണമെന്ന വ്യവസ്ഥയിലാണ് സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 പ്രകാരം ഇളവ് അനുവദിച്ച് ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കി നേരിട്ട് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് കാഡ്കോയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഇത് മേൽ ഉത്തരവ് ഖണ്ഡിക 3 ൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതു പ്രകാരം 20.10.2017ലെ സ.ഉ (ആർ.ടി) 59/17എസ്.പി.ഡി ഉത്തരവ് പേജ് 6 ക്രമ നമ്പർ 9 പ്രകാരം 78"x36"x19"(22G) നാല് തട്ടുകൾ ഉള്ള സ്റ്റീൽ കാബിനറ്റിന് (190x90x48cm അളവ്) നികുതി കൂടാതെ നൽകാവുന്ന നിരക്ക് 8,984 രൂപയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 18% GST നിരക്കായ 1617 രൂപ കൂടി ചേർത്ത് നൽകാവുന്ന സർക്കാർ നിശ്ചയിച്ച പരമാവധി വില 10,601 രൂപയാണ്. (ട്രാൻസ്പോർട്ടേഷൻ ഒഴികെ) എന്നാൽ ഇതേ അളവിലുള്ള സ്റ്റീൽ അലമാരകൾ (190x90x48cm) (22G) 201 എണ്ണം സ്കൂളുകൾക്ക് വിതരണം ചെയ്തതിന് 18% GST ഉൾപ്പെടെ ഒന്നിന് 12,399.9 രൂപ പ്രകാരം ആകെ 24,92,399 രൂപ 2.2.2022 ലെ കാഡ്കോയുടെ ഇൻവോയ്സ് നം.NRA/Sales/506 അനുസരിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ആർട്കോയ്ക്ക് നൽകിയിട്ടുണ്ട്.



സർക്കാർ നിശ്ചയിച്ച നിരക്കിനെ അപേക്ഷിച്ച് ഓരോ അലമാരയ്ക്കും അധികമായി 1798.9രൂപ നൽകിയതിനാൽ സ്കൂളുകൾക്കായി സ്റ്റീൽ അലമാരകൾ വാങ്ങിയ ഇനത്തിൽ 3,61,578.9രൂപ (1798.9 X201=3,61,578.9) ജില്ലാ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 19/30.11.2022) ആയതിനാൽ ജില്ലാ പഞ്ചായത്തിനുണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി അധികം നൽകിയ തുക

കാഡ്കോയിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും അല്ലാത്തപക്ഷം തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതുമാണ്. അധികമായി നൽകിയ 3,61,578/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 ഓഫീസ് ടേബിളുകൾ വാങ്ങിയതിന് അധിക നിരക്ക് നൽകിയതു മൂലം ജില്ലാ പഞ്ചായത്തിന് നഷ്ടം 3,87,335/-രൂപ.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ.

ജില്ലാ പഞ്ചായത്തിന്റെ വിവിധ സ്കൂളുകളിലേക്ക് 328 ഓഫീസ് ടേബിളുകൾ 7599.9 രൂപാ നിരക്കിൽ വിതരണം ചെയ്തതിന് 02.02.2022ലെ ഇൻവോയ്സ് നം.NRO/SALES/507 അനുസരിച്ച് 24,92,797/-രൂപയും ബോർഡുകൾ വിതരണം ചെയ്തതിന് 3,96,298 രൂപയും കൂടി ആകെ 28,89,277രൂപയുടെ ബിൽ വിദ്യാഭ്യാസ ഉപഡയറക്ടർ തയ്യാറാക്കി നൽകുകയും 14.03.2022 ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ടി തുക കാഡ്കോയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

20.10.2017ലെ സ.ഉ.(ആർ.ടി) നം.59/2017 എസ്.പി.ഡി. ഉത്തരവിലെ സ്പെസിഫിക്കേഷനിലും, നിരക്കിലും സ്റ്റീൽ ഫർണിച്ചറുകൾ വിതരണം ചെയ്യുന്ന പക്ഷം സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 പ്രകാരം ടെണ്ടർ നടപടികളിൽ ഇളവ് നൽകികൊണ്ട് കാഡ്കോയിൽ നിന്നും സ്റ്റീൽ ഫർണിച്ചറുകൾ നേരിട്ട് വാങ്ങാവുന്നതാണ് എന്ന് 28.9.2021ലെ സ.ഉ(ആർ.ടി)20/2021 എസ്.പി.ഡി ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു.

ഇതു പ്രകാരം അക്രഡിറ്റഡ് ഏജൻസികളുമായി നെഗോഷ്യേറ്റ് ചെയ്ത് ടെണ്ടർ കൂടാതെ ടേബിളുകൾ വാങ്ങുന്ന കാര്യം പഠിച്ച് നിർദ്ദേശം സമർപ്പിക്കാൻ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയെ ഭരണ സമിതി ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് ടേബിളുകൾ വിതരണം ചെയ്യുന്നതിന് മൂന്ന് അക്രഡിറ്റഡ് ഏജൻസികൾ ജില്ലാ പഞ്ചായത്തിൽ സമർപ്പിച്ച ക്വട്ടേഷനുകളിൽ L2 നിരക്കായ 7599.9 രൂപ രേഖപെടുത്തിയ ടേബിൾ വാങ്ങുന്നതിന് ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി നൽകിയ ശുപാർശ 26.11.2021 ലെ ജില്ലാ പഞ്ചായത്ത് ഭരണ സമിതി 9(1) തീരുമാനപ്രകാരം അംഗീകരിച്ചു.

എന്നാൽ ജില്ലാ പഞ്ചായത്ത് പ്രോക്യൂർമെന്റ് കമ്മിറ്റിയും, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും കാഡ്കോ സമർപ്പിച്ച ക്വട്ടേഷൻ മേൽ ഉത്തരവിൽ അനുബന്ധമായി ചേർത്ത പ്രൈസ് ലിസ്റ്റിലുൾപ്പെട്ട സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവ പ്രകാരമുള്ളതാണോ എന്ന പരിശോധിക്കാതെ കാഡ്കോയിൽ നിന്നും ടേബിൾ വാങ്ങുന്നതിനുള്ള ശുപാർശ ഭരണ സമിതിക്ക് സമർപ്പിക്കുകയാണുണ്ടായത്. തുടർന്ന് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാഡ്കോ സമർപ്പിച്ച "Office Table For Higher Secondary And High School Size 50x30 Inch With Wooden/equivalent Table Top Supported On Structural Steel Frame Work Make Up Tubular Hollow Section And Bracing"എന്ന സ്പെസിഫിക്കേഷനിലുള്ള 328 ടേബിളുകൾ സ്കൂളുകളിൽ വിതരണം ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ സപ്ലൈ ഓർഡർ നൽകി. ടെണ്ടർ കൂടാതെ വാങ്ങൽ നടത്തുന്നതിന് മുൻപായി അക്രഡിറ്റഡ് ഏജൻസിയുടെ അംഗീകാരം, സർക്കാർ



അംഗീകരിച്ച നിരക്ക് എന്നിവ പരിശോധിച്ചുറപ്പാക്കി വേണം പർച്ചേയ്സിംഗ് ഓഫീസർ വാങ്ങൽ നടത്തേണ്ടത് എന്ന് 20.10.2017ലെ സ.ഉ.(ആർ.ടി) നം.59/2017 എസ്.പി.ഡി. ഉത്തരവിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ടായിരുന്നുവെങ്കിലും ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിക്കുകയോ

നിരക്കിലും, സ്പെസിഫിക്കേഷനിലുമുള്ള വ്യത്യാസം ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുകയോ ചെയ്തിരുന്നില്ല.

സ.ഉ. (ആർ.ടി) 59/17എസ്.പി.ഡി ഉത്തരവ് പേജ് 4 ക്രമ നമ്പർ 9 പ്രൈസ് ലിസ്റ്റ് പ്രകാരം കാഡ്കോയ്ക്ക് വിതരണം ചെയ്യാൻ കഴിയുമായിരുന്ന 120x60x75cmഅളവിലുള്ള Steel Table With 3 Drawer On Right Side Or One Drawer And One Cupboard With 18 Mm Novapan Top 48" X 24" X 30" (20 G) എന്ന സ്പെസിഫിക്കേഷനുള്ള ടേബിളിന് 18% GST ഉൾപ്പെടെ ട്രാൻസ്പോർട്ടേഷൻ കൂടാതെയുള്ള സർക്കാർ അംഗീകരിച്ച നിരക്ക് 6419/- രൂപയാണ്. ഈ നിരക്കിൽ മേൽ സ്പെസിഫിക്കേഷൻ പ്രകാരം സ്റ്റീൽ ടേബിളുകൾ ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിനാണ് യഥാർത്ഥത്തിൽ കാഡ്കോയ്ക്ക് അനുമതിയുണ്ടായിരുന്നത്.

എന്നാൽ ഇതിനു വിപരീതമായി 7599.9 രൂപ നിരക്കിൽ 328 Pre Laminated Particle Board ടേബിളുകൾ സ്റ്റോർ പർച്ചെയ്സ് മാന്വൽ ഖണ്ഡിക 9.23 പ്രകാരമുള്ള ഇളവ് നൽകി ടെണ്ടർ കൂടാതെ കാഡ്കോയിൽ നിന്നും വാങ്ങിയത് മൂലം ജില്ലാ പഞ്ചായത്തിന് 3,87,335/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് നിയമാനുസൃതമല്ല.

കാഡ്കോ വിതരണം ചെയ്ത ടേബിളിന്റെ വില 7599.9x328=24,92,767 (-)

സർക്കാർ അംഗീകരിച്ച ടേബിളിന്റെ വില 6419x328=21,05,432

അധികമായി നൽകിയത് 3,87,335/- രൂപ

ആയതിനാൽ നിലവിൽ വിതരണം ചെയ്ത Pre Laminated Particle Board ടേബിളുകൾക്ക് പകരമായി സർക്കാർ അംഗീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരം ഉള്ള ഉപകരണങ്ങൾ മാറ്റി വാങ്ങുകയും അധികമായി നൽകിയ തുക കാഡ്കോയിൽ നിന്നും ഈടാക്കി ആയത് തിരികെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം അധികരിച്ച് നൽകിയ 3,87,335/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ 3,87,335/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

അപാകതകൾ

1.തദ്ദേശ സ്ഥാപനങ്ങൾക്ക് ബാധകമായ 8.11.10 ലെ സ.ഉ(പി)259/10 ത.സ്വ.ഭ.വ. മാർഗ്ഗരേഖ പ്രകാരം അഞ്ച് ലക്ഷത്തിലധികരിക്കുന്ന വാങ്ങലുകൾ റേറ്റ് കോൺട്രാക്ട് മുഖേന വാങ്ങാൻ പാടില്ല. മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടുന്ന ഇനങ്ങൾ മാത്രമാണ് സ്റ്റോർ പർച്ചേയ്സ് മാന്വൽ ഖണ്ഡിക 9.23 പ്രകാരം ടെണ്ടർ നടപടി കൂടാതെ കാഡ്കോയിൽ നിന്നും വാങ്ങാൻ സാധിക്കുമായിരുന്നത്. ഇതിനു വിരുദ്ധമായി വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല.

2.പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങളാണ് തദ്ദേശ സ്ഥാപനത്തിന് വാങ്ങേണ്ടതെങ്കിൽ അവ വാങ്ങുന്നതിന് GeM മുഖേന നടപടി സ്വീകരിക്കുകയും ആവശ്യമായ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങൾ GeMൽ ലഭ്യമല്ലെങ്കിൽ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ക്വട്ടേഷൻ/ടെണ്ടർ നടപടികളുമാണ് സ്വീകരിക്കേണ്ടത് എന്ന് 6.4.2019ലെ സ.ഉ.(പി) 7/2019 എസ്.പി.ഡി. ഉത്തരവിലൂടെയും, അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് നിർബന്ധമായും ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണം എന്ന് 12.05.2015 ലെ സ.ഉ(എം.എസ്) 13/2015ഐ.ടി.ഡി ഉത്തരവിലൂടെയും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ GeMവഴി/ ടെണ്ടർ/ഇ-ടെണ്ടർ വഴി ഫർണീച്ചറുകൾ വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നത് അംഗീകരിക്കാനാവില്ല.

3.സ്റ്റോർ പർച്ചേയ്സ് മാന്വൽ ഖണ്ഡിക 9.23 പ്രകാരം കാഡ്കോയ്ക്ക് ടെണ്ടർ നടപടി കൂടാതെ ഉപകരണങ്ങൾ വിതരണം ചെയ്യാൻ സാധിക്കുന്നത് GeM (Government E-market Place) പ്രാബല്യത്തിൽ വരുന്നതിന് മുൻപ് 2017ൽ സർക്കാർ നിശ്ചയിച്ച പ്രൈസ് ലിസ്റ്റിലെ നിരക്കുകളും, സ്പെസിഫിക്കേഷനും പ്രകാരമുള്ള ഉപകരണങ്ങളുമാണ്. എന്നാൽ ഇത് പരിശോധിക്കാതെ ടെണ്ടർ കൂടാതെ കാഡ്കോയിൽ

നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുത്തത് നിയമാനുസൃതമല്ല. വാങ്ങലുകൾക്ക് ബാധകമായ സർക്കാർ നിർദ്ദേശങ്ങൾ തീരുമാനമെടുക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി/ഭരണ സമിതി യോഗങ്ങളിൽ ആരും തന്നെ ചൂണ്ടിക്കാട്ടാതിരുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തീരുമാനമെടുക്കുന്നതിന് കാരണമായിട്ടുണ്ട്. ഇക്കാര്യം മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ടെങ്കിലും അപാകതകൾ ആവർത്തിച്ച് വരുന്നു.

4.സിഡ്കോ, കാഡ്കോ, മീനച്ചിൽ എന്നിങ്ങനെ മൂന്ന് അക്രഡിറ്റഡ് ഏജൻസികൾ സമർപ്പിച്ച ടേബിളുകളുടെ ക്വട്ടേഷൻ നിരക്കുകൾ ഫയലിലുണ്ട്. ഇതിൽ സിഡ്കോ, കാഡ്കോ എന്നിവരുടെ നിരക്ക്, സ്പെസിഫിക്കേഷൻ എന്നിവ താഴെ ചേർക്കുന്നു.

| SIDCOയുടെ നിരക്ക് Rs.5678 | KADCOയുടെ നിരക്ക് Rs.7599 |
|---|---|
| Steel Table With A Drawer On Both Sides 135x75x75 Cm, Top With 18mm Prelaminated Particle Board Frames With 3.2 Cm Square Tube And Drawers With 20G CR Sheet | Office Table For Higher Secondary And High School Size 50x30 Inch With Wooden/equivalent Table Top Supported On Structural Steel Frame Work Make Up Tubular Hollow Section And Bracing |

ജി.എസ്.ടി ഉൾപെടെ 5678/- രൂപ രേഖപ്പെടുത്തിയ സിഡ്കോയുടെ ക്വട്ടേഷൻ ആയിരുന്നു ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപെടുത്തിയിരുന്നത്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 135 (Ii) പ്രകാരം മത്സരാധിഷ്ഠിത ടെണ്ടറുകൾക്ക് ലഭിക്കുന്ന നിരക്കുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് സ്വീകരിക്കാമെന്നും, അത് ഒഴിവാക്കുന്നുവെങ്കിൽ ആയതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം രേഖപ്പെടുത്തലുകളോ, ടേബിളുകളുടെ സ്പെസിഫിക്കേഷൻ, ഗുണനിലവാരം സംബന്ധിച്ച സാങ്കേതിക പരിശോധനാ റിപ്പോർട്ടോ ഇല്ലാതെയാണ് സിഡ്കോയുടെ നിരക്കിനേക്കാൾ 1921 രൂപ അധിക നിരക്കിലുള്ള 120x60x75cmവലുപ്പത്തിലുള്ള Prelaminated Particle Boardടേബിളുകൾ കാഡ്കോയിൽ നിന്നും വാങ്ങിയത്. കുറഞ്ഞ നിരക്ക് അംഗീകരിക്കുകയും, നിരക്കുകളിലെ വ്യത്യാസം കണക്കിലെടുക്കുകയും ചെയ്താൽ ജില്ലാ പഞ്ചായത്തിനുണ്ടായ ആകെ നഷ്ടം 6,30,088 രൂപയാണ്.

5. ക്വട്ടേഷനിൽ രേഖപെടുത്തിയതു പ്രകാരം 50x30 Inch With Wooden/equivalent Table Top Supported On Structural Steel Frame Work Made Up Tubular Hollow Section And Bracing എന്ന സ്പെസിഫിക്കേഷനുള്ള ടേബിളുകൾ വിതരണം ചെയ്യുന്നതിനാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ സപ്ളൈ ഓർഡർ നൽകിയിട്ടുള്ളത്. ഇതേ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയ ബിൽ/ടാക്സ് ഇൻവോയ്സുകളാണ് കാഡ്കോ നൽകിയിട്ടുള്ളതും. എന്നാൽ പർച്ചേയ്സ് ബില്ലിലെ സ്പെസിഫിക്കേഷനു പകരമായി സ്കൂളുകളിൽ വിതരണം ചെയ്ത ടേബിളുകളുടെ Acceptance Certificate Of Suppliers ൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷൻ Supply Of Office Table Higher Secondary School And High School Class Room Of Size: 120x60x75cm Prelaminated Particle Board/Equivalent Table Top One Drawer And Cupboard എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും സപ്ളൈ ഓർഡറിലുള്ള സ്പെസിഫിക്കേഷനിലുള്ള ടേബിളുകളല്ല വിതരണം ചെയ്തത് എന്ന് വ്യക്തമാണ്. ഇത്തരത്തിൽ വ്യത്യാസം വരാനിടയായ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ സാമ്പിളുകൾ പ്രകാരമുള്ളതല്ലാത്ത തെറ്റായ ഇനങ്ങൾ വിതരണം ചെയ്തത് സ്ഥാപനത്തിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തിയിട്ടുണ്ട്. വിതരണം ചെയ്ത ഇനങ്ങൾ മാറ്റി വാങ്ങുന്നതിനും സപ്ളൈ ഓർഡറിനു വിരുദ്ധമായി ഫർണിച്ചറുകൾ വിതരണം ചെയ്തതിന് നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതുതാണ്.

6. കാഡ്കോ ക്വട്ടേഷൻ സമർപ്പിച്ചതും, വിതരണം ചെയ്തതുമായ രണ്ട് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളും 20.10.2017ലെ സ.ഉ (ആർ.ടി) 59/2017ഉത്തരവ് പ്രൈസ് ലിസ്റ്റിൽ ഉൾപെട്ടിട്ടില്ല. എന്നതിനാൽ ടെണ്ടർ നടപടി കൂടാതെ കാഡ്കോ സമർപ്പിച്ച ക്വട്ടേഷൻ പ്രകാരമുള്ള ടേബിളുകൾ വിതരണം ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവ് നൽകിയതും, സപ്ളൈ ഓർഡർ നൽകിയ

ഇനത്തിന്റെ (സ്റ്റീൽ ടേബിളുകളുടെ) ബില്ലുകൾ ജില്ലാ പഞ്ചായത്തിന് നൽകി ബിൽ പ്രകാരമല്ലാത്ത സ്പെസിഫിക്കേഷനിലുള്ള (Prelaminated Particle Board) ടേബിളുകൾ വിതരണം ചെയ്യുകയും ചെയ്ത കാഡ്കോയുടെ നടപടിയും സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. കരാർ വ്യവസ്ഥകളിലെ ലംഘനത്തിന് കരിമ്പട്ടികയിൽ പെടുത്തുന്നതുൾപ്പെടെയുള്ള നിയമാനുസൃത തുടർ നടപടി സ്വീകരിക്കണം.

7. 30.12.2021ലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ DDETSR/5100/2021/H3കത്തിന്റെ അടിസ്ഥാനത്തിലാണ് കാഡ്കോയിൽ നിന്നും സ്റ്റീൽ ടേബിൾ വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതെന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ കത്തിൽ കാഡ്കോയുടെ സ്റ്റീൽ ടേബിളിന്റെ ഉയർന്ന വിലയോ, ഗുണനിലവാരത്തിലുള്ള വ്യത്യാസമോ സംബന്ധിച്ച പരാമർശങ്ങൾ ഇല്ല. രണ്ട് അക്രഡിറ്റഡ് ഏജൻസികളുടേയും ഉൽപന്ന ഗുണനിലവാരം, നിരക്കുകൾ എന്നിവ സർക്കാർ അംഗീകരിച്ചിട്ടുള്ളതിനാൽ ഇത്തരത്തിൽ അധിക തുക ചെലവഴിച്ചതിന് മറുപടി നൽകിയിട്ടില്ല.

8. വിവിധ സ്കൂൾ അധികാരികൾ സമർപ്പിച്ച ടേബിളുകളുടെ ഫോട്ടോ, കൈപറ്റ്/സ്റ്റോക്ക് എൻട്രി വിവരങ്ങൾ നിർവ്വഹണഉദ്യോഗസ്ഥന്റെ കൈവശമുള്ള ഫയലുകളിൽ സൂക്ഷിച്ചിട്ടുണ്ട്. വിതരണം ചെയ്ത സാമഗ്രികൾ പർച്ചേസ് ഓർഡർ പ്രകാരമുള്ളതാണോ/സർക്കാർ ഉത്തരവ് പ്രകാരമുള്ള ഇനങ്ങളാണോ പർച്ചേസ് ഓർഡർ നൽകിയത്/ഇവ തന്നെയാണോ വിതരണം ചെയ്തത്/ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കിയ ഗുണനിലവാരം വിതരണം ചെയ്ത സാമഗ്രികൾക്കുണ്ടോ എന്നിങ്ങനെയുള്ള കാര്യങ്ങൾ ആരും തന്നെ പരിശോധിച്ചിട്ടില്ല. പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

## 3-3 ടൈൽ ഇടുന്ന പണിക്ക് കരാറുകാരന് അധികം തുക അനുവദിച്ചു

പ്രൊജക്റ്റിന്റെ പേര്-മണലൂർ ജി.എച്ച്.എസ്.എസ് അറ്റകുറ്റപ്പണികൾ

പ്രൊജക്റ്റ് നം,597/22

നിർവ്വഹണം- അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, തസ്വഭവ

കരാറുകാരൻ-കെ.കെ.ഇസ്മയിൽ

| | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | RMSA FUND | വികസന ഫണ്ട് | ആകെ |
|---|---|---|---|---|
| അടങ്കൽ | 10,00,000 | 5,00,000 | 4,10,000 | 19,10,000/- |
| ചെലവ് | 607590 | 5,00,000 | 106292 | 12,13,882/- |

2021-22 വർഷത്തെ ചെലവ്-

| ട്രഷറി ബില്ല് നം,തിയതി | ഫണ്ടിനം | തുക |
|---|---|---|
| 127/21-22/10.2.2022 | മെയിന്റനൻസ് നോൺ റോഡ് | 386381 |
| 217/21-22/25.3.2022 | മെയിന്റനൻസ് നോൺ റോഡ് | 221209 |

| | | |
|---|---|---|
| 218/21-22/25.3.2022 | വികസനഫണ്ട്- | 106292 |

DSR 2016 പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. എസ്റ്റിമേറ്റിലെ ഇനം 2.13 എന്നത്

"11.42.2 - Providing And Laying Vitrified Floor Tile....600x600 Mm " എന്ന പ്രവൃത്തിയാണ്. അളവുപുസ്തകം 540/ 2019-20 പേജ് 48,49 പ്രകാരം ഈ ഇനത്തിൽ ചെയ്ത പണികളുടെ വിവരം താഴെ കൊടുക്കുന്നു

| | | |
|---|---|---|
| Class Room | 9.16 Mx 6.10m | 55.88m2 |
| Verandah | 9.21m X 1.65m | 15.20m2 |
| Door Extra | 1.20m X 0.20m | 0.24m2 |
| Deduct -Column | (-) 2x0.25x 0.25 | 0.13m2 |
| | Total | 71.19 M2 |

പുതിയതായി പണിത ആർട്ട് ആന്റ് കൾച്ചർ റൂമിലും അതിനുമുൻപിലെ വരാന്തയിലുമാണ് ടൈൽ വർക്ക് ചെയ്തിട്ടുള്ളത്. 8.2.2023 ന് പദ്ധതിപ്രദേശത്ത് ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ റൂമിലും വരാന്തയിലും വ്യത്യസ്ത ഇനത്തിലുള്ള ടൈലുകളാണ് ഉപയോഗിച്ചിരിക്കുന്നതെന്ന കണ്ടു. മുറിയിൽ 600x600 Mm ടൈലും, വരാന്തയിൽ മറ്റൊരു ഡിസൈനിലുള്ള 300x300 Mm ടൈലുമാണ് (റെക്റ്റിഫൈഡ് ടൈൽ) ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ മൊത്തം ടൈലിംഗിന് ഒരേ നിരക്ക്, അതായത് DSR 2016 ലെ 11.42.2 -വിട്രിഫൈഡ് ടൈലിന്റെ നിരക്കായ 1450.952രൂ/m2 ആണ് അനുവദിച്ചിട്ടുള്ളത്.

DSR 2016 ൽ 300x300 Mm റെക്റ്റിഫൈഡ് ടൈലിന് ഇനം 11.39 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്.
(Providing And Laying Rectified Glazed Ceramic Floor Tiles Of Size 300x300 Mm Or More (Thickness To Be Specified By The Manufacturer), Of 1st Quality Conforming To IS : 15622, Of Approved Make, In Colours White, Ivory, Grey, Fume Red Brown, ..............)

വരാന്തയിലെ 300x300 Mm റെക്റ്റിഫൈഡ് ടൈലിംഗിന് അനുവദനീയമായ നിരക്ക്, ഇനം 11.39 പ്രകാരമുള്ള 822.45 + 31.06% = 1077.90രൂ/m2 ആണ്.

അളവുപുസ്തകം 542/ 2019-20 പേജ് 24 പ്രകാരം വരാന്തയിലെ ടൈലിംഗ് പ്രവൃത്തിക്ക് അനുവദിച്ച നിരക്ക് 1450.952രൂ/m2 ആയതിനാൽ താഴെ പറയുംപ്രകാരം ഈയിനത്തിൽ അധികതുക അനുവദിച്ചു.

| | അളവ് | നിരക്ക് | തുക |
|---|---|---|---|
| അനുവദിച്ച തുക | 15.20m2 | 1450.952രൂ/m2 | 22054.47രൂപ |

| | | | |
|---|---|---|---|
| അനുവദനീയമായത് | 15.20m2 | 1077.90/m2 | 16384.08രൂപ |

അധികം അനുവദിച്ചത് = 5670.39 + 12%GST =6350.84= 6351/- രൂപ

മുകളിൽ വിവരിച്ച പ്രകാരം ടൈൽ ഇടുന്ന പണിക്കായി കരാറുകാരന് 6351/- രൂപ അധികം അനുവദിച്ചത് പരിശോധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടനൽകിയ ഓഡിറ്റ് എൻക്വയറി 35/13.2.2013 ന് ലഭിച്ച മറുപടിയിൽ തുക അടവാക്കുന്നതിന് കരാറുകാരന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 6351/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

3-4 പഴയന്നൂർ സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തിനു ചുറ്റും കമ്പിവേലി നിർമ്മാണം- അധികം തുക അനുവദിച്ചു

നിർവ്വഹണം- കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

അടങ്കൽ - വികസനഫണ്ട് - 15,00,000

ചെലവ്- 10,41,357/- (ട്രഷറി ബില്ല് നം CB No.6/2021-22 /8.2.2022 )

കരാറുകാരൻ - അസ്കർ അലി വി.ടി.എം

മേൽ പ്രവൃത്തിയിൽ ഇനം 2 ആയി 538 മീറ്റർ നീളത്തിൽ 0.15 M X 0.15m അളവിൽ Bottom Concrete ന് മണ്ണെടുക്കുകയും അതോടൊപ്പം Concrete Post സ്ഥാപിക്കുന്നതിന്

0.3m X 0.3m X 0.5m അളവിൽ 273 (265 + 8) കുഴികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. അളവുപുസ്തകം 396 പേജ് 16 പ്രകാരം മണ്ണെടുത്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അടിത്തറക്കുള്ള തോട് ,<br>538 X 0.15 X 0.15 | 12.105 M3 |
| (-) അടിത്തറക്കുള്ള തോടിൽ 273 കുഴികളുടെ ഭാഗം<br>273 X 0.3 X 0.15 X 0.15 | 1.842 M3 |
| (+) 273 കുഴികൾക്കായി മണ്ണെടുത്തത്<br>273 X 0.3 X 0.3 X 0.5 | 12.285 M3 |
| ആകെ | 22.548m3 |

ഇനം 3 പ്രവൃത്തിയിൽ മണ്ണെടുത്ത ഈ ഭാഗത്ത് കോൺക്രീറ്റ് ചെയ്തിരിക്കുന്നു(അളവുപുസ്തകം 396 പേജ് 17 പ്രകാരം )

| | |
|---|---|
| അടിത്തറ,<br>538 X 0.15 X 0.3 (0.15m മണ്ണിനു മുകളിലേക്ക്) | 24.21 M3 |
| (-) 273 കുഴികളുടെ ഭാഗം<br>273 X 0.3 X 0.15 X 0.15 | 1.84275 M3 |
| (+) 273 കുഴികളുടെ കോൺക്രീറ്റിംഗ്<br>273 X 0.3 X 0.3 X 0.5 | 12.285 M3 |
| ആകെ കോൺക്രീറ്റ് ചെയ്തത് | 34.65225m3 |

ഇതേ പ്രവൃത്തിയുടെ ഇനം 5 ൽ 2m ഉയരവും 0.12m നീളം X 0.12m വീതിയിലുമുള്ള 265 എണ്ണം കോൺക്രീറ്റ് പോസ്റ്റുകൾ ഇനം 2 പ്രകാരമുള്ള കുഴികളിൽ സ്ഥാപിച്ചിട്ടുണ്ട്. 2m ഉയരമുള്ള പോസ്റ്റുകൾ 0.5

M ആഴമുള്ള കുഴികളിലാണ് സ്ഥാപിച്ചത്. കുഴികളിൽ 265 എണ്ണം പോസ്റ്റുകൾ സ്ഥാപിച്ചിട്ടുള്ളതിനാൽ (ഗേറ്റിനായുള്ള 8 കുഴികളുടെ കാര്യത്തിൽ വ്യക്തതയില്ല) അത്രയും അളവ് അതായത് , 0.12 X0.12 X 0.5 M3 കുറവായാണ് ഓരോ കുഴികളിലും കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ടാവുക.

എന്നാൽ 0.3 X 0.3 X 0.5 അളവിലുള്ള കുഴികൾ മൊത്തമായി കോൺക്രീറ്റ് ചെയ്തതായാണ് അളവെടുത്ത് തുക കണക്കാക്കിയിട്ടുള്ളത്(രണ്ടു പട്ടികകളിലെയും 3-ാം വരികൾ കാണുക). ആയതിനാൽ കോൺക്രീറ്റിംഗ് ഇനത്തിൽ താഴെ പറയും പ്രകാരം കൂടുതൽ തുക കരാറുകാരന് അനുവദിക്കപ്പെട്ടിട്ടുണ്ട്,

| | |
|---|---|
| അധികമായി കണക്കാക്കിയ കോൺക്രീറ്റിംഗ്- | 265 X 0.12 M X 0.12 M X 0.5 M = 1.908 M3 |
| നിരക്ക് - | 6200രൂപ / M3 |
| അധികം അനുവദിച്ച തുക | = 1.908 X 6200 = 11829.6<br>+ 12% GST =1419.552 |
| ആകെ | = 13,249 /- രൂപ |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 7/27.10.2022 ന് ലഭിച്ച വിശദീകരണത്തിൽ കരാറുകാരന് അധികം തുക അനുവദിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
അധികം അനുവദിച്ച തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 13,249 /- രൂപയുടെ ചെലവ് നിരാകരിക്കുന്നു

## 3-5 താമര വെള്ളച്ചാൽ കോളനിയിൽ സ്ഥാപിച്ച ഇന്റർ നെറ്റ് കണക്ഷന് ബി.എസ്.എൻ.എൽ രണ്ടു തവണ വാർഷിക വാടക ഈടാക്കി. 15,811 രൂപ നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്.
പദ്ധതി നം. 367/22 പ്രകാരം താമരവെള്ളച്ചാൽ കോളനി അംഗൻവാടി, പീച്ചി ചെന്നായ്പ്പാറ എന്ന സ്ഥലത്ത് 13.8.21 ന് സ്ഥാപിച്ച കണക്ഷൻ നം. 04272998011ന് 03.09.2021 ലെ ഇൻവോയ്സ് നം. SDCKL0061498626 പ്രകാരം 13.08.2021 മുതൽ 12.08.2022 വരെ കാലയളവിലെ വാർഷിക വാടകയിനത്തിൽ 15,811 രൂപ ബി.എസ്.എൻ.എൽ ഡിമാന്റ് ചെയ്യുകയും ബിൽ റഫ. നം. 71668 പ്രകാരം 01.10.2021 ന് 15,811 രൂപ സെക്രട്ടറിയുടെ സി.4-2906/21 ഉത്തരവ് പ്രകാരം ബി.എസ്.എൻ.എല്ലിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 03.03.2022 ലെ ഇൻവോയ്സ് നം. SDCKL0066450112പ്രകാരം ഇതേ നമ്പറിന് 15,811 രൂപ വീണ്ടും വാർഷിക വാടകയായി ആവശ്യപ്പെടുകയും ബിൽ റഫ. നം. 55633 പ്രകാരം 15,811 രൂപ 17.03.2022 ന് സി.43385/21 ഉത്തരവ് പ്രകാരം വീണ്ടും അടവാക്കുകയും ചെയ്തിട്ടുണ്ട്. (മേൽ രണ്ട് ഇടപാടുകളുടേയും സാംഖ്യ പെയ്ഡ് റിപ്പോർട്ട്/യു.ടി.ആർ സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.) ഒരു വർഷത്തിനുള്ളിൽ തന്നെ രണ്ട് തവണ ഒരു കണക്ഷന് വാർഷിക വാടക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. അധികം നൽകിയ 15,811 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി നൽകിയില്ല. (ഓഡിറ്റ് എൻക്വയറി നം.12/01.11.2022)

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 30.7.2022, 31.7.2022 | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

സുലേഖ ചെലവുപത്രിക പ്രകാരം സംയുക്ത പദ്ധതികൾക്കായി തൻ വർഷം ആകെ ചെലവ് 53,28,578/- രൂപയാണ്. ആയത് കാൻ പദ്ധതിക്ക ഓഡിറ്റ് വർഷം വേണ്ടിവന്ന ചെലവ് 5256116 രൂപയും ഡിസെബിലിറ്റി റീഹാബിലിറ്റേഷൻ സെന്റർ നിർമ്മാണത്തിനു വന്ന ചെലവ് 72462 രൂപയും ചേർന്ന തുകയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മുനിസിപ്പാലിറ്റി | 2021-22 | 550000 | ക്യാൻ തൃശ്ശൂർ | 0 | 550000 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1282000 | ക്യാൻ തൃശ്ശൂർ | 0 | 1282000 |
| ഗ്രാമ പഞ്ചായത്ത് | 2021-22 | 5525000 | ക്യാൻ തൃശ്ശൂർ | 5256116 | 268884 |
| ആകെ | | 7357000 | | 5256116 | 2100884 |
| വിവരം ലഭ്യമല്ല | -- | -- | ഡിസെബിലിറ്റി റീഹാബിലിറ്റേഷൻ സെന്റർ നിർമ്മാണം, 716/22 | 72462 (BOI ചെക്ക് നം033969 /31.3.22 /172450/-) | -- |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്റ്റ് നം 1118/22 മഹാത്മാ കുടിവെള്ള പദ്ധതി, കൈപ്പറമ്പ് | 22102510 22.3.2022 | 72,00,000 | വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെല | |

| | | | | |
|---|---|---|---|---|
| | | | | വഴിച്ചതും ബാക്കിയുള്ളതുമായ തുകയുടെ വിവരം ലഭ്യമല്ല |
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്റ്റ് നം 1035/22 അവിണിശ്ശേരി വടക്കേ പ്പാടം പുളിക്കന്തറ പൈപ്പ് ലൈൻ | 22102796 19.2.2022 | 10,00,000 | ,, ,, |
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്റ്റ് നം 1209/22 വേളൂക്കര ഗ്രാമ പഞ്ചായത്ത് നടവരമ്പ് കോളനിയിൽ 100 വാട്ടർ കണക്ഷൻ | | 15,00,000 | ,, ,, |

ഓഡിറ്റ് വർഷത്തിൽ വാർഷിക ധനകാര്യപത്രിക-ബി18 ഷെഡ്യൂൾ, ആയതിന്റെ ലെഡ്ജർ എന്നിവ പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ക്രമ നമ്പർ 1,2 പദ്ധതികളിൽ മുൻകൂർ നൽകിയിട്ടുള്ള 82,00,000 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ (വാർഷികകണക്കിലെ 280200401 Prior Period Income - Other Incomes എന്ന വരവിനത്തിന്റെ ലെഡ്ജർ പ്രകാരം)താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-12 | 55,800 | ശ്രീമതി ഗിരിജ, പ്രിൻസിപ്പാൾ (റിട്ടയേർഡ്) | 121060100237/ 21.3.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3.1 | 1999-2000 | 2(21) | ആശീർവാദ് റൈസ് പാർക്ക് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ സിറ്റിംഗ് കഴിഞ്ഞു -അന്തിമ തീരുമാനം ആയിട്ടില്ല. |
| | 3.50.1 | 1999-2000 മുതൽ 2000-01 കാല ഘട്ടത്തിൽ പൂർത്തീ കരിച്ച മരാമത്ത് പണികൾ | - | കൺവീനറുടെ സ്വന്തം മണ്ണുപയോഗിച്ച് ഫില്ലിംഗ് നടപ്പാക്കുമ്പോൾ അധിക നിരക്ക് അനുവദിച്ചത്. | ടി |
| | 3.50.2 | 1999-2000 | 2(18) | തഴപ്പായ നെയ്ത്ത്-കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, കോസ്റ്റ് ഫോർഡിന് 7 ലക്ഷം രൂപ നൽകി - പ്രോജക്ട് ഉപേക്ഷിച്ചു | ടി |

| | | | | | |
|---|---|---|---|---|---|
| | 3.50.3 | 2000-2001 | 2(10) | സ്വാഭിമാൻ പാർപ്പിട പദ്ധതി - കോസ്റ്റ് ഫോർഡിന് 85 ലക്ഷം രൂപ വായ്പ നൽകി - തുക തിരികെ ലഭ്യമായിട്ടില്ല | ടി |
| | 3.50.4 | 2000-2001 | 2(20) | കൊയ്ത്തു മെതിയന്ത്രം ലീസിന് എടുത്തവർ വാടക കുടിശ്ശിക വരുത്തിയത് - പ്രവർത്തന ക്ഷമമല്ലാതെ തിരിച്ചേൽപ്പിച്ചു. | ടി |
| 2009-10 | 2.10 | 2001-02 | 16 | പദ്ധതി വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച | മറുപടി സർക്കാരിനു സമർപ്പിച്ചു |
| | 3.8.19(i) | 2001-02 | 34 | പാരാമെഡിക്കൽ രംഗത്ത് തൊഴിൽ നൽകൽ പദ്ധതി - ഉദ്ദേശ ലക്ഷ്യം പൂർത്തീകരിച്ചില്ല | ടി |
| | 3.8.19 (ii) | 2003-2004 | 2-7 | കൈത്തറി കോമൺ ഫെസിലിറ്റി സെന്റർ, തിരുവില്വാമല | ടി |
| | 3.8.19 (iii) | 2003-2004 | 2-8 | ഈറ്റ, മുള, കോമൺ ഫെസിലിറ്റി സെന്റർ | ടി |
| 2010-11 | 5.2.18 (I) | 2005-2006 | 2-53 | വാങ്ങി നൽകിയ ടാറിന്റെ വില ഈടാക്കിയില്ല – നഷ്ടം 93,498 രൂപ | ടി |
| | 5.3.9(1) | 2006-2007 | 2-17 | സെറികൾച്ചർ വികസനം - പദ്ധതി ലക്ഷ്യം നേടിയില്ല. | ടി |
| | 5.3.9 (2) | 2006-2007 | 2-46 | വൃദ്ധ സദനം ലക്ഷ്യം കൈവരിച്ചില്ല | ടി |
| | 5.3.9 (3) | 2006-2007 | 2-47 | വൈദ്യുതി കണക്ഷൻ കിട്ടിയില്ല – വനിത കലാകേന്ദ്രം നിഷ്ക്രിയ ആസ്തി | ടി |
| 2012-13 | 3.2.6 | - | - | ഫാമുകളുടെ പ്രവർത്തനാ | ടി |

| | | | | | |
|---|---|---|---|---|---|
| | | | | വലോകനം | |
| 2013-14 | 5.2 (19) | - | - | പരാജയപ്പെട്ട നൂതനാശയ പ്രവർത്തനങ്ങൾ - വിജ്ഞാൻ സാഗർ | ടി |
| 2014-15 | 5.എ (4) | - | - | പന്നി വളർത്തൽ കേന്ദ്രങ്ങൾ | ടി |
| 2017-18 | 2.5 (4)(C) | 2015-16 പ്രൊജക്ട് നം.138/16 | - | റോഡുകളുടെ ചുമതലാ വിഭജനം | ടി |
| | അനുബന്ധം 1 | - | - | വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനക്ഷമത – ആശീർവാദ് റൈസ്പാർക്ക് | ടി |
| | അനുബന്ധം 2 | - | - | പദ്ധതിയുടെ ഫീസിബിലിറ്റി പഠനം നടത്താത്തത് - ഡോ.അംബേദ്കർ കുടിവെള്ള പദ്ധതി | ടി |
| 2018-19 | തൃശ്ശൂർ ജില്ല - 4 | 2016-17 | 2-1 | ഫാമുകൾക്ക് കുടിശ്ശികയായി ലഭിക്കാനുള്ളത് വൻതുക | ടി |
| | തൃശ്ശൂർ ജില്ല - 5 | 2016-17 | 3-43 | ഷീ പാഡ് പദ്ധതി - നടത്തിപ്പിലെ ന്യൂനതകൾ | ടി |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | | 27214358 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 1192656266 |
| ആകെ | | 1219870624 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 1086446906 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 3,86,515.5 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത | : | 7,84,324 |

| | | |
|---|---|---|
| തുക | | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 28,14,43,294 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3,86,515.5 | | ശ്രീമതി.സഞ്ജു സൂസൻ മാത്യു, സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, എടത്തിരുത്തി |
| 3-1 | | 361578 | ശ്രീ.ടി.വി.മദനമോഹനൻ, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം |
| 3-2 | | 387335 | ശ്രീ.ടി.വി.മദനമോഹനൻ, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം |
| 3-3 | | 6351 | ശ്രീമതി.ആൻസി ജോസഫ് അസി.എക്സി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-4 | | 13249 | ശ്രീ.സൂരജ് കണ്ണൻ.പി.വി, കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5 | | 15811 | ശ്രീ.കെ.ജി.തിലകൻ സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12-2 | 150262 | ശ്രീമതി.സഞ്ജു സൂസൻ മാത്യു, സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, എടത്തിരുത്തി |
| 1-13-4 | 20794 | ശ്രീമതി.അനിത.എം.കെ സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പഴയന്നൂർ |
| 1-18 | 219347633 | ശ്രീ.കെ.ജി.തിലകൻ സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |
| 1-19 | 3821859 | ശ്രീ.കെ.ജി.തിലകൻ സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |

| | | |
|---|---|---|
| 1-20 | 47013 | ശ്രീ.കെ.ജി.തിലകൻ സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |
| 1-22 | 2500000 | ശ്രീ.കെ.ജി.തിലകൻ സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |
| 1-23 | 7200000 | ശ്രീ.കെ.ജി.തിലകൻ സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |
| 1-24 | 1700000 | ശ്രീ.കെ.ജി.തിലകൻ സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |
| 1-25 | 2200000 | ശ്രീ.കെ.ജി.തിലകൻ സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |
| 1-28 | 28116545 | ശ്രീ.കെ.ജി.തിലകൻ സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |
| 1-32 | 6808306 | ശ്രീ.കെ.ജി.തിലകൻ സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |
| 1-35 | 83780 | ശ്രീ.കെ.ജി.തിലകൻ സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |
| 1-36 | 28806 | ശ്രീ.കെ.ജി.തിലകൻ സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |
| 1-44(1) | 23399 | ഡോ.ടി.പി.ശ്രീദേവി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) |
| 1-49(i),(ii) | 277730 | ശ്രീമതി.ജെഷി.പി, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി) |
| 1-49(iii),(iv) | 5842688 | ശ്രീമതി.സന്ധ്യ.വി കൃഷി ഡെപ്യൂട്ടി ഡയറക്ടർ(W.M) |
| 1-50 | 855479 | ശ്രീ.സൂരജ് കണ്ണൻ.പി.വി, കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-59 | 2419000 | ശ്രീമതി.ആൻസി ജോസഫ് അസി.എക്സി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി.സഞ്ജു സൂസൻ മാത്യു, സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, എടത്തിരുത്തി | ഡെപ്യൂട്ടി ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസ്, മലപ്പുറം | 60/പനോരമ റസിഡൻസി, കുമാരനാശാൻ റോഡ്, കൊച്ചി |
| ശ്രീ.ടി.വി.മദനമോഹനൻ, ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം, | ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം, തൃശ്ശൂർ | പാലങ്ങാട്ട് സദനം റോഡ്, സിവിൽ സ്റ്റേഷൻ പോസ്റ്റ്, കോഴിക്കോട് – 673020 |
| ശ്രീ.കെ.ജി.തിലകൻ -ജില്ലാ പഞ്ചായത്ത് സെക്രട്ടറി | വിരമിച്ചു | കല്ലംപുറം ഹൗസ്, മാമ്പ്ര, എരയാംകുടി.പി.ഒ, കല്ലൂർ, തെക്കുംമുറി തൃശ്ശൂർ - 680308 |
| ശ്രീ.സൂരജ് കണ്ണൻ.പി.വി അസി.എക്സി. എഞ്ചിനീയർ, കൃഷി | കൃഷി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ | കൊച്ചുപുരയ്ക്കൽ അപാർട്മെന്റ്സ്, പുതുപ്പള്ളി പി.ഒ, കോട്ടയം |
| ശ്രീമതി.ആൻസി ജോസഫ് അസി.എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി | കോഴിക്കോട് കോർപ്പറേഷൻ ഓഫീസ് | പോഴോലിപ്പറമ്പിൽ വീട്, അവിട്ടത്തൂർ, തൃശ്ശൂർ – 680683 |
| ഡോ.ടി.പി.ശ്രീദേവി, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ | വടക്കേടത്ത് ഹൗസ്, വിയ്യൂർ.പി.ഒ, തൃശ്ശൂർ |
| ശ്രീമതി.അനിത.എം.കെ സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പഴയന്നൂർ | ഡെപ്യൂട്ടി ഡയറക്ടർ (YP) പ്രിൻസിപ്പൽ കൃഷി ഓഫീസ്, തൃശ്ശൂർ | പൂക്കാട്ട് ഹൗസ്. വെളുത്തൂർ, പി.ഒ, അരിമ്പൂർ, തൃശ്ശൂർ |
| ശ്രീമതി.ജെഷി.പി, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി) | വിരമിച്ചു | F2,ഓക്ക്ഗാർഡൻ, ഹൈലൈഫ് അപ്പാർട്ട്മെന്റ്, കട്ടത്ത് ലെയ്ൻ, കുർക്കഞ്ചേരി തൃശ്ശൂർ,680007 |
| ശ്രീമതി.സന്ധ്യ.വി കൃഷി ഡെപ്യൂട്ടി ഡയറക്ടർ(W.M) | വിരമിച്ചു | 3/1573, പണിക്കവീട്ടിൽ, പെരിങ്ങാവ്, തൃശ്ശൂർ,680008 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-1996 1996-1997 | എൽ.എഫ്.ടി.5-349/1999 തിയ്യതി. 09.04.1999 |
| 1997-1998 ചെലവ് | എൽ.എഫ്.ടി.5- 1489/2002 തിയ്യതി. 04.12.2002 |
| 1998-1999 ചെലവ് | എൽ.എഫ്.ടി.5-1087/2003 തിയ്യതി. 10.03.2004 |
| 1998-1999 വരവ് | എൽ.എഫ്.ടി.21-46/2009 തിയ്യതി. 15.09.2010 |
| 1999-2000 ചെലവ് | എൽ.എഫ്.ടി.21-2226/2006 തിയ്യതി. 05.05.2007/ 02.08.2007 |
| 1999-2000 വരവ് | എൽ.എഫ്.ടി.21-47/2009 തിയ്യതി. 15.09.2010/05.10.2010 |
| 2000-2001 ചെലവ് | എൽ.എഫ്.ടി.21-733/2007 തിയ്യതി.11.01.2008/ 14.03.2008 |
| 2001-2002 ചെലവ് | എൽ.എഫ്.ടി.21-1839/2007 തിയ്യതി.26.12.2009/ 06.02.2010 |
| 2002-2003 ചെലവ് | എൽ.എഫ്.ടി.21-2575/2007 തിയ്യതി.26.12.2009/ 06.02.2010 |
| 2003-2004 ചെലവ് | എൽ.എഫ്.ടി.21-864/2008 തിയ്യതി. 31.08.2009/ 06.02.2010 |
| 2004-2005 ചെലവ് | എൽ.എഫ്.ടി.21-779/2008 തിയ്യതി. 11.08.2010/ 12.10.2010 |
| 2005-2006 ചെലവ് | എൽ.എഫ്.ടി.21-817/2008 തിയ്യതി.07.08.2010/ 12.10.2010 |
| 2006-2007 ചെലവ് | എൽ.എഫ്.ടി.21-2560/2008 തിയ്യതി.02.09.2010/ 24.11.2010 |
| 2000-2001 വരവ് | എൽ.എഫ്.ടി.(ഡി.പി.)112/2011 തിയ്യതി.08.02.2011 |

| | |
|---|---|
| 2001-2002 വരവ് | എൽ.എഫ്.ടി.(ഡി.പി)111/2011 തിയ്യതി.08.02.2011 |
| 2002-2003 വരവ് | എൽ.എഫ്.ടി.(ഡി.പി)359/2011 തിയ്യതി.17.06.2011 |
| 2003-2004 വരവ് | എൽ.എഫ്.ടി.(ഡി.പി)360/2011 തിയ്യതി.17.06.2011 |
| 2004-2005 വരവ് | എൽ.എഫ്.ടി(ഡി.പി)1908/2011 തിയ്യതി.09.07.2011 |
| 2005-2006 വരവ് | എൽ.എഫ്.ടി(ഡി.പി.)1109/2012 തിയ്യതി.25.07.2012 |
| 2006-2007 വരവ് | എൽ.എഫ്.ടി.(ഡി.പി) 1164/2012 തിയ്യതി. 25.07.2012 |
| 2007-2008 വരവ് | എൽ.എഫ്.ടി(ഡി.പി)1165/2012 തിയ്യതി.25.07.2012 |
| 2008-2009 വരവ് | എൽ.എഫ്.ടി.(ഡി.പി)6/2011 തിയ്യതി.23.11.2012 |
| 2009-2010 വരവ് ചെലവ് | എൽ.എഫ്.ടി.(ഡി.പി)780/12 തിയ്യതി.04.05.13/02.08.13 |
| 2010-2011 വരവ്വ ചെലവ് | എൽ.എഫ്.ടി. (ഡി.പി)1894/2012 തിയ്യതി.04.01.2014 |
| 2011-2012 | എൽ.എഫ്.ടി.(ഡി.പി) 984/13 തിയ്യതി.2.4.14/17.5.14 |
| 2012-13 | എൽ.എഫ്.ടി.(ഡി.പി)1118/14 തിയ്യതി.02/05/15/ |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി)1281/15 തിയ്യതി 16.11.15/4.01.2016 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 235/16, തിയ്യതി 18.5.2016/17.8.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 755/17, തിയ്യതി 17.07.2017/17.08.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 1790/17, തീയതി 08-01-2018. |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 892/19 തീയതി |

| | |
|---|---|
| | 21-10-2019. |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ. (ഡി.പി) 400/20 തീയതി 11-06-2020. |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ-ഡിപി1/1650/2021 തീയതി - 29-11-2021 |
| 2020-21 | കെ.എസ്.എ.ടി.എസ്.ആർ-ഡിപി2/66/2022 തീയതി - 30-06-2022 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ്
കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ്
കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്